


# ജനകീയാസൂത്രണം

## പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട്


കേരളം
കർണ്ണാടക
വയനാട്
തമിഴ്നാട്
അറബിക്കടൽ

139-7

പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് വാർഡുകൾ കാണിക്കുന്ന മാപ്പ്




# ജനകീയാസൂത്രണം
# പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്
## വികസന റിപ്പോർട്ട്

# വിഷയവിവരം


| | | |
|---|---|---|
| ❏ | ആമുഖം | 2 |
| ❏ | പഞ്ചായത്ത് പൊതുവിവരങ്ങൾ | 4 |
| ❏ | സാമൂഹികസാംസ്കാരികചരിത്രം | 5 |
| ❏ | ഭൂപ്രകൃതി | 9 |
| ❏ | കൃഷിയുംജലസേചനവും | 13 |
| ❏ | മൃഗസംരക്ഷണവുംമത്സ്യബന്ധനവും | 28 |
| ❏ | വ്യവസായം | 34 |
| ❏ | വിദ്യാഭ്യാസം | 39 |
| ❏ | കുടിവെള്ളവും പൊതുജനാരോഗ്യവും | 48 |
| ❏ | വനിത | 60 |
| ❏ | പാർപ്പിടവും സാമൂഹികക്ഷേമവും | 65 |
| ❏ | സംസ്കാരം | 70 |
| ❏ | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 74 |
| ❏ | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 88 |
| ❏ | സഹകരണം | 101 |
| ❏ | വിഭവസമാഹരണം | 107 |
| ❏ | ടൂറിസം | 110 |
| ❏ | ഉപസംഹാരം | 111 |



കവർ ഡിസൈൻ & ലേഔട്ട് : *Thampi Master,*
ജി.എച്ച്. എസ്. എസ്., തരിയോട്

D.T.P. at : I.C. Soft DTP Centre, Calicut-1
Printed at: Mangalam Offset Press, Calicut.3.




# ആമുഖം

ഭൂപരിഷ്ക്കരണ നിയമങ്ങൾ പ്രാവർത്തികമാക്കുക വഴി കാർഷികരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയും സാക്ഷരതാ യജ്ഞത്തിലൂടെ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുകയും ചെയ്ത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായ കേരളം വീണ്ടുമിതാ ജനകീയാസൂത്രണ പരിപാടിയിലൂടെ മൂന്നാമത്തെ ചുവടും ഉറപ്പിക്കുന്നു. പുരോഗമനാശയങ്ങൾക്ക് എളുപ്പത്തിൽ വേരുറപ്പിക്കാൻ കഴിയുന്ന ഒരു സംസ്കാരമാണ് നമ്മുടേത്. കേന്ദ്രീകൃതവും വിദഗ്ദ്ധരാൽ തയ്യാറാക്കപ്പെട്ടവയുമായ വികസന പ്രവർത്തനങ്ങൾ താഴെ തലങ്ങളിലേക്ക് അടിച്ചേല്പിക്കപെടുന്ന ഒരു സമ്പ്രദായമായിരുന്നു ആസൂത്രണ രംഗത്ത് നമ്മൾ ഇതുവരെ സ്വീകരിച്ചിരുന്നത്. ജനകീയ ആസൂത്രണത്തിൽ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിന്നും പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും ജനങ്ങൾക്ക് ഗ്രാമസഭകളിലൂടെ കഴിയുന്നു.

1994 ലെ പഞ്ചായത്തീരാജ് നിയമഭേദഗതിയിലൂടെ രൂപം കൊണ്ട ത്രിതല പഞ്ചായത്ത് സംവിധാനം പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ ലഭിക്കുന്നതിന് കാരണമായി. 1997 ഏപ്രിൽ ഒന്നുമുതൽ ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതി

യുടെ വിഹിതത്തിൽ നിന്നും 40% തുക വികസന പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകൾക്ക് ലഭിക്കും എന്നത് മറ്റൊരു പ്രത്യേകതയാണ്. പഞ്ചായത്തുകളുടെ വിഭവ സമാഹരണത്തിനു പുറമെ വിവിധ സ്കീമുകളിലൂടെ ലഭിക്കുന്ന സാമ്പത്തിക വിഹിതവും, പ്രാദേശിക വിഭവങ്ങളും, മാനവശേഷിയും ചേർത്ത് വികസന പ്രവർത്തനങ്ങൾ കൂടുതൽ ഫലവത്താക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.

ആസൂത്രണത്തിൻെറ വൈകല്യങ്ങൾ കാരണം സ്വത്വം നഷ്ടപ്പെട്ട് നഗരവല്ക്കരണത്തിൻെറ പിടിയിലമർന്ന ഗ്രാമങ്ങളാണ് ഇന്ത്യയിൽ ഇന്നവശേഷിക്കുന്നത്. മഹാത്മാഗാന്ധി വിഭാവന ചെയ്ത ഗ്രാമസ്വരാജിലൂടെ 'സ്വയം പര്യാപ്തമായ ' ഗ്രാമങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ഒരു തുടക്കമായി ജനകീയ ആസൂത്രണത്തെ വിലയിരുത്താം.

പടിഞ്ഞാറത്തറ പഞ്ചായത്തതിൽ ജനകീയ ആസൂത്രണത്തിൻെറ ഭാഗമായി നടന്ന പ്രാരംഭ പ്രവർത്തനങ്ങൾ പ്രതീക്ഷിച്ചതിലും കുടുതൽ ജനപങ്കാളിത്തമുള്ളവയായിരുന്നു. പഞ്ചായത്തിൽ ഒരു കീ-റിസോഴ്സ് പേഴ്സണും,പതിനൊന്ന് ജില്ലാറിസോഴ്സ് പേഴ്സൺസും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. 14.9.96 ന് നടന്ന ഒന്നാംഘട്ട പഞ്ചായത്തുതല പരിശീലനത്തിൽ 90 ഓളം പേർ വിവിധ സാമൂഹിക തുറകളിൽ നിന്നുമായി പങ്കെടുത്തു. രണ്ടാംഘട്ട പരിശീലനം 4.11.96 നായിരുന്നു.ഇതിൽ 160 ഓളം പേർ പങ്കാളികളായി.8.11.96 ന് പഞ്ചായത്തിൽ നടന്ന പഠന പര്യടനങ്ങളിൽ 22 അംഗങ്ങൾ സജീവമായി പങ്കെടുത്ത് വിവരങ്ങൾ ശേഖരിച്ചു. സെപ്തംബർ 21 മുതൽ 30 വരെ നടന്ന വാർഡുതല ഗ്രാമസഭകൾ വൻവിജയമായിരുന്നു. 2440 ഓളം പേർ പങ്കെടുക്കുകയും പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും, അവരുടെ അറിവിൻെറ പരിമിതകളിൽ നിന്നുകൊണ്ട് വിലപെട്ട പലനിർദ്ദേശങ്ങളും നൽകുകയും ചെയ്തു. ആവിശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന്നും റിപ്പോർട്ടുകൾ എഴുതി തയ്യാറാക്കുന്നതിന്നും ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട യുവതീയുവാക്കൾ കഠിനാധ്വാനം ചെയ്തിട്ടുണ്ട് ആസൂത്രണരംഗത്ത് ജനങ്ങൾ പ്രകടിപ്പിച്ച ആവേശവും ആത്മാർത്ഥയും തീർച്ചയായും പദ്ധതി പ്രാവർത്തികമാക്കുന്നതിലും ഉണ്ടായിരിക്കും. ഗ്രാമസഭകൾ നിർദ്ദേശിച്ച വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പിലാക്കാനുള്ള തുടർ പ്രവർത്തനങ്ങളും നല്ല രീതിയിൽ പ്രാവർത്തികമാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം. ഒരു നല്ലനാളെയ്ക്കുവേണ്ടിയുള്ള ഈ കൂട്ടായ യത്നത്തിൽ ജാതിമത വർഗ്ഗഭേദമെന്യേ നമുക്ക് ഓരോരുത്തർക്കും പങ്കാളികളാകാം.

## ഭരണ സമിതി അംഗങ്ങൾ

1. ശ്രീ.എം.വി. ജോണി - പ്രസിഡൻറ്
2. ശ്രീ. കെ.ജി. ജോൺസൺ - വൈ .പ്രസിഡൻറ്
3. കുമാരി.പി.ഒ. ഷീജ - സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൺ
4. ശ്രീ. സണ്ണി ജോസഫ്
5. ശ്രീമതി. ശാന്തകുമാരി ഉണ്ണികൃഷ്ണൻ
6. ശ്രീമതി. പി.എസ്. ശോഭന
7. ശ്രീ. കെ.എ. രാമൻകുട്ടി
8. ശ്രീ.പുത്തൻമിറ്റത്ത്ചന്തു
9. ശ്രീ. യു.സി.അബ്ദുൾ അസീസ്ഹാജി
10. ശ്രീമതി. മറിയക്കുട്ടി തോമസ്സ്

## പഞ്ചായത്ത് ജീവനക്കാർ

| | | | |
|---|---|---|---|
| ശ്രീ .പി. കുഞ്ഞിരാമൻ | -സെക്രട്ടറി | ശ്രീ. കെ.വി. മാത്യു | എൽ.ഡി.സി |
| ശ്രീ. സി. ഭാസ്കരൻ. | -യു.ഡി.സി | ശ്രീമതി . സി.കെ. സൗമിനി | പ്യൂൺ |
| ശ്രീ. ടി.ജെ.ജോയ് | -യു.ഡി.സി | ശ്രീ. സുരേന്ദ്രൻ ആചാരി | പി.ടി.ലൈബ്രേറിയൻ |

## പഞ്ചായത്ത് :പൊതുവിവരണം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | പടിഞ്ഞാറത്തറ, കുപ്പാടിത്തറ |
| ബ്ലോക്ക് പഞ്ചായത്ത് | കല്പറ്റ |
| താലൂക്ക് | വൈത്തിരി |
| അസംബ്ലി മണ്ഡലം | കല്പറ്റ |
| വിസ്തീർണ്ണം | 55.18 ച .കി.മീ |
| അതിരുകൾ | വടക്ക് : വെള്ളമുണ്ടഗ്രാമപഞ്ചായത്തും<br>പനമരം ഗ്രാമപഞ്ചായത്തും<br>കിഴക്ക്: കോട്ടത്തറ ഗ്രാമപഞ്ചായത്തും<br>തരിയോട് ഗ്രാമപഞ്ചായത്തും<br>പടിഞ്ഞാറ്: വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്<br>തെക്ക്: ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത് (കൊയിലാണ്ടി താലൂക്ക്) |

| | | |
|---|---|---|
| ജനസംഖ്യ | (1991 ലെ സെൻസസ് പ്രകാരം ) | 21398 |
| കുടുംബങ്ങളുടെ എണ്ണം | | 3939 |
| പുരുഷൻമാർ | | 10820 |
| സ്ത്രീകൾ | | 10578 |
| പട്ടികജാതി | | 1228 |
| പട്ടികവർഗ്ഗം | | 2493 |
| ജനസാന്ദ്രത | ച.കി.മീറ്ററിന് | 388 |
| വാർഡുകൾ | | 10 |
| റേഷൻകടകൾ | | 10 |
| ലോവർ പ്രൈമറി വിദ്യാലയങ്ങൾ | | 7 |
| അപ്പർ പ്രൈമറി വിദ്യാലയങ്ങൾ | | 2 |
| ഹൈസ്ക്കൂൾ | | 1 |
| കൃഷിഭവനുകൾ | | 1 |
| പ്രൈമറി ഹെൽത്ത് സെൻററുകൾ | | 1 |
| ആയുർവ്വേദ ആശുപത്രി | | 1 |
| സ്വകാര്യ ആശുപത്രികൾ | | 2 |
| ധനകാര്യ സ്ഥാപനങ്ങൾ | | 3 |
| പൊതുമരാമത്ത് വകുപ്പ് ഓഫീസുകൾ | | 1 |
| പോലീസ് സ്റ്റേഷൻ | | 1 |
| പോസ്റ്റ്ഓഫീസുകൾ | | 7 |
| ബാണാസുരസാഗർ പ്രോജക്റ്റ് ഡിവിഷൻ ഓഫീസുകൾ | | 3 |
| കുറ്റ്യാടി ഓഗ്മെൻേറഷൻ ഡിവിഷൻ ഓഫീസുകൾ | | 2 |
| ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിൻെറ പേര് | | ശ്രീ. എം.വി. ജോണി. |
| " വൈ : പ്രസിഡണ്ടിൻെറ പേര് | | ശ്രീ.കെ.ജി. ജോൺസൺ |
| " സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ | | കുമാരി ഷീജ P.O. |
| ജില്ലാ പഞ്ചായത്ത് മെമ്പർ | | ശ്രീ. P. കുഞ്ഞിക്കണ്ണൻ |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | | കെ.സി. അഗസ്റ്റിൻ |



# സാമൂഹിക സാംസ്കാരിക ചരിത്രം

നൂറ്റാണ്ടുകൾക്ക് മുൻപ് കുമ്പള രാജാവിന്റെ ചതിയിൽപ്പെട്ട് വീരാഹുതി നടത്തിയ വേട രാജാവിന്റെ വീരസ്മരണകൾ തുടിക്കുന്ന തൃക്കുടക്കടവ് ക്ഷേത്രവും, മതഭേദമന്യേ വിശ്വാസികൾക്ക് അനുഗ്രഹ വർഷം ചൊരിയുന്ന തങ്ങളുപ്പാപ്പയുടെ ഖബറിടവും പൗരാണിക സങ്കല്പങ്ങളിൽ ദേശിയോദ്ഗ്രഥനത്തിന്റെ ശുഭസന്ദേശങ്ങൾ നിശബ്ദം പ്രചരിപ്പിച്ച് വയനാടിന്റെ ഒരു മുത്തച്ഛന്റെ ലാളന നിറഞ്ഞ മിഴികളോടെ സദാ വീക്ഷിക്കുന്ന ബാണാസുരൻ കോട്ടയും ഈ പഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലത്തെ ധന്യമാക്കുന്നു.

പടിഞ്ഞാറത്തറ എന്ന സ്ഥലനാമത്തെക്കുറിച്ചുള്ള വിശ്വാസം! കുറുമ്പാലക്കോട്ടയിലുണ്ടായിരുന്ന പ്രസിദ്ധമായ ഭഗവതി ക്ഷേത്രത്തിന്റെ ചുറ്റും നില്ക്കുന്ന ക്ഷേത്രങ്ങൾ ദിക്കിന്റെ പേരിനോട് ചേർന്നു അറിയപ്പെട്ടിരുന്നു. തെക്കുഭാഗത്ത് നില്ക്കുന്നത് തെക്കുംതറ, കുറുമ്പാലകോട്ട നിൽക്കുന്നത് കോട്ടത്തറ പടിഞ്ഞാറെ വീട് ഭഗവതീ ക്ഷേത്രത്തെക്കുറിക്കാൻ പടിഞ്ഞാറത്തറ എന്നിങ്ങനെയാണ് അറിയപ്പെടുന്നത്. പടിഞ്ഞാറെ വീട് ക്ഷേത്രത്തിൽ തിറയുത്സവവും ഉണ്ടായിരുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലെ ബാണാസുരൻ കോട്ട പുരാണങ്ങളിൽ പ്രതിപാദിക്കുന്ന ഒന്നാണ്. മഹാബലിയുടെ മകനും ഉഗ്രപ്രതാപിയുമായ ഈ അസുരൻശിവനെ തപസ്സ് ചെയ്ത് വരം നേടിയെന്നും പർവ്വതങ്ങളുടേയും മറ്റും മറവിൽ നിന്നും ദേവന്മാരെ ആക്രമിച്ചിരുന്നു എന്നും പുരാണങ്ങളിൽ പറയുന്നുണ്ട്. അദ്ദേഹത്തിന്റെ കോട്ടയുടെ നഷ്ടാവശിഷ്ടങ്ങളും കുളവും മറ്റും ഇന്നും ബാണാസുരൻ കോട്ടയിലുണ്ട്. കന്യാകുമാരിയുടെ പൂർവ്വാവതാരമായിരുന്ന പുണ്യകാശിയോട് താല്പര്യം തോന്നിയ ബാണൻമൂന്ന് ലോകങ്ങളും ജയിച്ചടക്കി ദുർഭരണം നടത്തിയിരുന്ന കാലത്ത് പുണ്യകാശിയോട് വിവാഹാഭ്യർത്ഥന നടത്തി, അവൾ വഴങ്ങാതായപ്പോൾ യുദ്ധമുണ്ടായെന്നും യുദ്ധത്തിൽ ദേവിയുടെ ചക്രായുധം ഏറ്റ് ബാണൻ നിലം പതിച്ചു. ആ പ്രദേശത്താണ് കന്യാകുമാരിയിലെ ചക്രതീർത്ഥം ഇപ്പോൾ സ്ഥിതി ചെയ്യുന്നത്. ഇവിടെയാണ് ബാണന്റെ ചരിത്രം നമ്മുടെ ഗ്രാമത്തിന്റെ ചരിത്രം കൂടിയാവുന്നത്.

മൈസൂർ രാജാവിൻെറ പടയോട്ടവുമായി ബന്ധപ്പെട്ട് ചരിത്ര സംഭവങ്ങൾ ഈ ഗ്രാമത്തിലുണ്ട്. മൈസൂരിൽ നിന്നും ബത്തേരിയിലെത്തില ടിപ്പുവിൻെറ സൈന്യം പനമരം തരുവണ വഴി കോഴിക്കോട് സാമൂതിരി രാജാവിൻെറ അടുക്കലേക്കുള്ള യാത്രയ്ക്കായി ഉണ്ടാക്കിയതാണ് ഈ ഗ്രാമത്തിലെ പ്രധാന റോഡായ കുതിപ്പാണ്ടി റോഡ്. കുതിര വണ്ടികളായിരിയ്ക്കാം അന്നത്തെയാത്ര മാർഗ്ഗം. പുതിയതായി ഉണ്ടാക്കിയ റോഡ് എന്ന അർത്ഥത്തിൽ പുതിയ നിരത്ത് എന്ന് പഴയ ആളുകൾ പടിഞ്ഞാറത്തറ ടൗണിനെ വിളിക്കാറുണ്ട്.

വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൽ ആദ്യത്തെ സംരംഭം ഞാറ്റാലയിലാരംഭിച്ച എഴുത്ത് പള്ളിക്കൂടമായിരുന്നു. ഐക്യനാണയ സംഘം ഗ്രാമീണ വായനശാല എന്നിവയും കലാസമിതികളും നമ്മുടെ ഗ്രാമത്തിൻെറ പൗരാണിക സാംസ്കാരത്തെ കുറിയ്ക്കുന്നു. 1955 ന്മുൻപ് തന്നെ പടിഞ്ഞാറത്തറയിൽ ആയുർവേദ ഡിസ്പൻസറിയും, വെറ്റിനറി ക്ലിനിക്കും ഉണ്ടായിരുന്നു. വൈദ്യശാസ്ത്ര രംഗത്ത് ഏറെ സേവനങ്ങൾ ചെയ്ത ശ്രീ പാപ്പച്ചൻ വൈദ്യർക്ക് പഴമക്കാരുടെയിടയിൽ വലിയസ്ഥാനമാണുള്ളത്.

വിവിധ മതവിഭാഗങ്ങളും മതാചാരങ്ങളും നിലനില്ക്കുന്ന ഈ പഞ്ചായത്തിൽ കൗതുക കരമായ ഒട്ടനവധി വിശ്വാങ്ങൾ നിലനിർത്തുന്ന ഉത്സവാഘോഷങ്ങൾ നടന്നു വരുന്നു.

## *കല്ലുവട്ടംതാഴ ഭഗവതീക്ഷേത്രം*

ഉയർന്ന സമുദായത്തിൽ പിറന്ന സഹോദരിമാരിൽ അനുജത്തി യാത്രമധ്യേ പുലയക്കുടിൽ നിന്നും വെള്ളം കുടിച്ചതിനാൽ ഭ്രഷ്ട് കല്പിക്കപ്പെട്ട് നീച ഭഗവതിയായി തീർന്നെന്നും അഞ്ഞൂറ്വാര അകലെ ജേഷ്ഠത്തി ശുദ്ധ ഭഗവതിയായി നില കൊള്ളുന്നു എന്നാണ് വിശ്വസം. ഇവിടുത്തെ ഉത്സവം എല്ലാ കുംഭമാസവും 18ാം തിയതി ആരംഭിക്കും എട്ട് ദിവസം കഴിഞ്ഞേ കൊടിയിറക്കു. നീച ഭഗവതിയുടെ നിവേദ്യം കോഴിയും മദ്യവുമാണ്. പുലയരുടെ ദേവിയായി നീചഭഗവതിയെ നീചഭഗവതിയെ കാണക്കാക്കുന്നു. മധ്യമത്തിലാണ് പൂജാകർമ്മങ്ങൾ. നീച പ്രവർത്തയോട് കൂടി മാത്രമെ ഉത്സവാദി കർമ്മങ്ങൾ ആരംഭിക്കുകയുള്ളു. ഇതിന് 'കലം കമത്തൽ' എന്നും പറയാറുണ്ട്. കർമ്മംചെയ്യുന്ന ആളെ 'മരുത്തൻ' എന്നാണ് വിളിക്കാറ്. തൊട്ടടുത്ത ദിവസത്തിൽ നടത്തുന്ന ശുദ്ധദേവി പൂജ ഉത്തമത്തിലാണ്. ഇത് ജേഷ്ഠത്തിയുടേത് എന്ന് കരുതുന്ന തൊട്ടടുത്ത ക്ഷേത്രത്തിലാണ്. ഇവിടെ പ്രത്യേക പരിപാടികൾ ഇല്ല. പിന്നീട് ഈ ക്ഷേത്ര ഭഗവതിയേയും 21പുലയ കുടുംബങ്ങളേയും തൊട്ടടുത്ത തൊണ്ടുറു നമ്പ്യാർ വിലയ്ക്ക് വാങ്ങി ഇപ്പോൾ നമ്പ്യാർമാരുടെ നേതൃത്വത്തിലാണീക്ഷേത്രം.

ഇരുപത്തൊന്ന് പണവും കോഴിയുമായിരുന്നു ക്ഷേത്രദേവിയ്ക്ക് പഴയ കാലത്ത് അർപ്പിച്ചിരുന്നതെങ്കിൽ ഇന്ന് കേരളത്തിൻെറ നാനാ ദിക്കുകളിൽ നിന്നുമെത്തുന്ന വിശ്വാസികൾ ആയിരക്കണക്കിന് രൂപ ദേവിക്ക് സമർപ്പിക്കുന്നു. കേരളത്തിലെ ജോത്സ്യൻമാർക്കിടയിൽ പ്രസിദ്ധമാണീക്ഷേത്രം. കേരളത്തിൽ ജാതി വ്യവസ്ഥ കൊടികുത്തി വാണ കാലത്തും പുലയരും നമ്പ്യാർമാരും സംയുക്തമായി നടത്തി വരുന്ന ഉത്സവം നമ്മുടെ പഞ്ചായത്തിന് ഒരഭിമാനമാണെന്ന് പറയേണ്ടതില്ലല്ലോ.

മുറിപ്പുഴ - പാണ്ഡവരുടെ വനവാസക്കാലത്ത് ദ്രൗപതിയുടെ ദാഹം തീർക്കാൻ ഭീമൻ തീർത്ത നീർചാലുകളാണ് മുറിപ്പുഴ എന്നൊരു വിശ്വാസമുണ്ട്. 1962 കാലത്തെ വെള്ളപ്പൊക്കത്തിൽ പുഴമാറിയൊഴുകിയതാവാം ഇത് എന്നും കണക്കാക്കപ്പെടുന്നു.

ബാണാസുരൻെറ ഇഷ്ടദൈവമായ ശിവനെ പൂജിയ്ക്കാൻ ബാണാസുരൻ കോട്ടയിൽ പോകാറുള്ള ബ്രാഹ്മണർ വെള്ളപ്പൊക്കം കാരണം പുഴകടക്കാൻ കഴിയാതായപ്പോൾ ശിവനെ മനസ്സിൽ ധ്യാനിച്ചു എന്നും, ഇനി പുഴയരികിലുള്ള കൂവളമരത്തിൻെറ ചുവട്ടിൽ ഞാനുണ്ടാകും,അവിടെ പൂജിച്ചാൽ മതി എന്ന് ശിവൻെറ അശരീതിയുണ്ടായെന്നുമുള്ള വിശ്വാസത്തെ തുടർന്നാണത്രേ തൃക്കടകാവ് എന്ന ക്ഷേത്രമുണ്ടായത്. കൂവളം നില്ക്കുന്നതിനാൽ ആ പ്രദേശത്തെ കൂവളത്തോട് എന്ന് വിളിച്ചിരുന്നു.

വരാമ്പറ്റ നേർച്ച! വയനാട് ജില്ലയിലെ അറിയപ്പെടുന്ന ചരിത്ര പ്രധാനമായ ഒരു മഖാമാണ്. പഞ്ചായത്ത് അതിർത്തിയിലുള്ള വാരാമ്പറ്റ ദില്ലക്കോയ തങ്ങൾ മഖാം. ഡൽഹിയിൽ നിന്നും ഇസ്ലാമിക മിഷനറി പ്രവർത്തനവുമായി കേരളത്തിൽ വന്ന അലിഅക്ബർ എന്നയാളുടേതാണ് പ്രസ്തുത മഖാം. ഡൽഹിയിൽ നിന്നും വന്ന ആളാ

യത് കൊണ്ടാണ് ദില്ലിക്കോയ തങ്ങൾ എന്നറിയപ്പെട്ടത്. ജനനത്തീയതി കൃത്യമായി അറിയില്ലെങ്കിലും 1850 കാലഘട്ടത്തിൽ ന്യൂഡൽഹിക്കടുത്താണ് ജനിച്ചതെന്ന് കരുതപ്പെടുന്നു. പിന്നീട് 1880 കാലഘട്ടത്തിൽ ഇസ്ലാമിക മിഷനറി പ്രവർത്തനവുമായി ബന്ധപ്പെട്ട് കേരളത്തിലെത്തി വിവിധ പ്രദേശങ്ങളും പള്ളികളും സന്ദർശിക്കുകയും പ്രബോധനം നടത്തുകയും ചെയ്ത അദ്ദേഹം കോറോം എന്ന സ്ഥലത്ത് കുറച്ച് കാലമുണ്ടായിരുന്നതായി പറയപ്പെടുന്നു. ബാണാസുരൻ മലയുടെ താഴ്വരയിൽ സ്ഥിതിചെയ്യുന്ന കേരളത്തിലെ പുരാതന പള്ളികളിലൊന്നായ വാരാമ്പറ്റ പള്ളി പ്രദേശത്ത് വരുകയും അവിടെ വെച്ച് അന്ത്യം സംഭവിയ്ക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി എല്ലാ വർഷവും മീനം 14-ാം തിയ്യതി നടത്തപ്പെടുന്ന ആണ്ട് നേർച്ചയിൽ ആയിരക്കണക്കിനാളുകൾ പങ്കെടുക്കാറുണ്ട്.

ഞേറലേരി മഖ്ബറ - ഞേർളേരി പള്ളി മൈതാനത്തിലുള്ള മഖ്ബറയിൽ അന്ത്യവിശ്രമംകൊള്ളുന്ന ആളുടെ വ്യക്തമായ വിവരങ്ങൾ ഇല്ല. ഈ മഖ്ബറയെക്കുറിച്ചുള്ള ഐതിഹ്യം. ഇവിടെയടുത്തുള്ള നടുവട്ടം കൊല്ലിയിൽ ഒരാൾ മരിച്ചു കിടക്കുന്ന വിവരം അംശം അധികാരിയെ ആരോ വിവരമറിയിച്ചു. അദ്ദേഹം ഏതാനം പണിയരെ ശവം മറവുചെയ്യാൻ അയച്ചു. കുഴിയെടുത്ത പണിയർ എത്ര ശ്രമിച്ചിട്ടും ശവശരീരം ഒന്നനക്കാൻ പോലും സാധിച്ചില്ല. വിവരമറിച്ച് സ്ഥലത്തെത്തിയ അധികാരി ഒരു മുസ്ലീമിനെ വിളിച്ച് ശവശരീരം പൊക്കുവാനാവശ്യപ്പെട്ടു. അപ്പോൾ ശവശരീരത്തിന്റെ നെറ്റിയിൽ നിന്നും രക്തം വാർന്നൊലിച്ചു, അയാൾ നിഷ്പ്രയാസം ആ ശവശരീരം പൊക്കിയെടുത്തു. ഞേറളേരി മില്ല്മുക്കിന് സമീപം മറവ് ചെയ്തു. ഇതേ തുടർന്ന് മുസ്ലീംങ്ങൾക്ക് ശ്മശാനമായി അധികാരയുടെവക ഒരേക്കർ ഭൂമി ദാനമായി നല്കി. അക്കാലത്ത് ഇവടെ മൂന്നോ നാലോ മുസ്ലീം കുടുംബങ്ങളേ ഉണ്ടായിരുന്നുള്ളൂ.

ഇവിടെ വിവിധ സമുദായത്തിൽപ്പെട്ട ആളുകൾ നേർച്ചക്കാഴ്ചകൾ സമർപ്പിക്കുന്നു. വർഷംതോറും അന്നദാനം നടത്തി നേർച്ച കഴിച്ചു വരുന്നു. ഞേറലേരി ഹിദായത്തുൽ ഇസ്ലാം കമ്മറ്റിയാണ് ഇതിന് നേതൃത്വം നല്കുന്നത്. ബാവലിയിൽ മരണപ്പെട്ട ബാവ അലി എന്നയാളുടെ കുടുംബത്തിൽപ്പെട്ടയാളായിരുന്നു ഇത് എന്ന് ഇവിടുത്തുകാർ വിശ്വസിക്കുന്നു.

ഈ പഞ്ചായത്തിലെ കൃസ്ത്യൻ മതവിഭാഗത്തിൽപ്പെട്ടവരുടെ ആദ്യത്തെ ദേവലയമായ അരമ്പറ്റക്കുന്ന സെൻറ് ജോസഫ് പള്ളി കോട്ടത്തറ പഞ്ചായത്തിലാണ്. ഇവിടുത്തെ പ്രധാനകൃസ്ത്യൻ പള്ളികൾ സെൻറ് പീറ്റർ ആൻറ് പോൾ ചർച്ച് മഞ്ഞൂറ, ഗുഡ്ഷപ്പേർഡ് കുറ്റ്യാവയൽ, ക്രൈസ്റ്റ്കിംഗ് ചർച്ച് പുതുശ്ശേരിക്കടവ്, സെൻറ് ആൻറണീസ് ചർച്ച് കുറുമണി, യാക്കോബിറ്റ്പള്ളി പുതുശ്ശേരിക്കടവ് എന്നിവയാണ്. കൃസ്ത്യൻ മതവിഭാഗങ്ങളുടെ വരവോടെയാണ് കാർഷിക മേഖലയിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിയ്ക്കാൻ കഴിഞ്ഞത്. കോട്ടയം, ചങ്ങനാശ്ശേരി, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ നിന്നും കുടിയേറിയവരാണ് ഇവർ.

മുസ്ലിം ജനവിഭാഗങ്ങൾ നാദാപുരം, വടകര ഭാഗത്ത് നിന്നും വന്നവരാണെന്നത് വിശ്വസിക്കാൻ തക്കതായി ആ പ്രദേശങ്ങളിലെ സ്ഥലനാമങ്ങൾ പലതും ഇവിടുത്തെ കുടുംബ പേരുകളായി തീർന്നിട്ടുണ്ട്. പേര്യ, കല്ലാച്ചി എന്നിവ ഉദാഹരണങ്ങളാണ്. ആയാർ, പുനത്തിൽ തുടങ്ങിയ കുടുംബ പേരുകൾ നാട്ടിലും വയനാട്ടിലും കാണാം.

ആദിവാസികലാരുപങ്ങളും ദൈവവിശ്വാസങ്ങളും ഗ്രാമത്തിന്റെ ശ്രദ്ധേയമായ സവിശേഷതയാണ്. കുറത്തിനാടകം, പുലികളി, കുളിക്കാവ്, തിറ, തുലാപത്ത് എന്നിവ ഇതിൽ ചിലതാണ്. കൃഷിയുമായി ബന്ധപ്പെട്ട കാപ്പിക്കളം, പുഞ്ചവയൽ, ഞാറ്റാല, പേരാൽ എന്നീ സ്ഥലപ്പേരുകൾ ഈ ഗ്രാമത്തിന്റെ ഒരു പ്രത്യേകതയാണ്. കമ്പളം - കാർഷിക രംഗത്ത് കൂട്ടായ്മയുടെ പ്രതീകമാണ് കമ്പളം നാടൻ പാട്ടുകൾക്കൊണ്ട് താളാൽ മകമായി ചുവടുറപ്പിച്ച്ആടിയും പാടിയും ഞാറ് പറിക്കുകയും നടുകയും ചെയ്യുന്ന ആദിവാസി വിഭാഗങ്ങളായ പണിയരും പുലയരുമാണ് ഇത് സംഘടിപ്പിക്കാറ്. തുടി, ചീനി എന്നറിയപ്പെടുന്ന കുഴൽ എന്നിവ ഉപയോഗിച്ച് താളവാദ്യങ്ങളുമുണ്ടാകും. ഭൂവുടമയുടെ ചൂഷണത്തിന്റെ മേഖലകളാണ്, കമ്പളം, കുത്തുക എന്നീ കാർഷിക വൃത്തികൾ. കർഷകത്തൊഴിലാളി സമരം! : കൂലിക്ക് വേണ്ടിയും ജാതീയതക്കെതിരായും 1960 കാലഘട്ടത്തിലുണ്ടായ ഈ സമരം പഞ്ചായത്തിലെ ആദ്യത്തെ അവകാശ സമരമാണ്. "പാളക്കഞ്ഞികുടിയ്ക്കില്ല. ഉള്ളിത്തോലും മല്ലിയും ഞങ്ങൾക്ക് വേണ്ട തമ്പ്രാനേ". എന്നീ മുദ്രാവാക്യമു

യർത്തിക്കൊണ്ട് നടന്ന സമരത്തെ അടിച്ചമർത്താൻ ഭൂവുടമകളും പോലീസും കൂടി നരനായാട്ട് നടത്തിയതിൽ കൃഷ്ണൻ, വാസു എന്നിവരുൾപ്പടെ പർക്കും പീഡനമേൽക്കേണ്ടിവന്നു. സമരത്തിൻെറ അന്ത്യത്തിൽ തൊഴിലാളികൾ തമ്പുരാക്കന്മാരുടെ വീട്ടിൽ കയറി ഭക്ഷണം പാകം ചെയ്യുകയും തമ്പ്രാൻെറ പാത്രത്തിൽ കഴിയ്ക്കുകുകയും ചെയ്തു. ആക്രമം ഭയന്ന് ഒളിച്ചോടിയ തമ്പുരാക്കന്മാർ തിരിച്ച് വന്ന് ശുദ്ധികലശം നടത്തിയതിന് ശേഷമാണ് വീടുകളിൽ പ്രവേശിച്ചത്. കൂലിക്ക് പകരം 'വല്ലി' നല്കുന്നതവസാനിപ്പിക്കാനും, തൊഴിലാളികളിൽ അവകാശ ബോധമുണ്ടാക്കാനും ഈ സമരം ഉപകരിച്ചു.

പഞ്ചായത്തിൻെറ രൂപീകരണം: കേരള സർക്കാറിൻെറ 11-12-1958 ലെ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം വൈത്തിരി പഞ്ചായത്ത് ഭരണ സമിതി, വൈത്തിരി പഞ്ചായത്തിനെ നാല് പഞ്ചായത്തുകളായി വിഭജിയ്ക്കാൻ തീരുമാനിച്ചെങ്കിലും തരിയോട് പഞ്ചായത്തിൻെറ ഭാഗമായിതീർന്ന പടിഞ്ഞാറത്തറ പിന്നീട് ഒരു പതീറ്റാണ്ടിന് ശേഷമാണ് പഞ്ചായത്തായി രൂപം കൊണ്ടത്. 1971-ൽ കോട്ടത്തറ പഞ്ചായത്തിൻെറ ഭാഗമായിരുന്ന കുപ്പാടിത്തറ വില്ലേജ്ജും തരിയോട് പഞ്ചായത്തിൻെറ ഭാഗമായിരുന്ന പടിഞ്ഞാറത്തറ വില്ലേജും ഉൾപ്പെടുത്തി പടിഞ്ഞാറത്തറ പഞ്ചായത്ത് രൂപീകരിച്ചു.

ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി. ജെ. ജോസഫ് ആയിരുന്നു. എൻ.ടി. കുഞ്ഞിരാമൻ നായർ, ബീസി അഹമ്മത് കുട്ടി, കാവരകുഞ്ഞിരാമൻ നായർ, എൻ.ടി. രാഘവൻ നായർ കെ. എസ്സ് ജോസഫ്, കെ. അയമ്മത് കുട്ടി, എം ഗൗരി എന്നിവരായിരുന്നു ആദ്യഭരണ സമിതി യംഗങ്ങൾ. ഈ ഭരണ സമിതി 16 വർഷത്തോളം നിലനിന്നിരുന്നു. പിന്നീട് നടന്നതിരഞ്ഞെടുപ്പിൽ ശ്രീ കെ.പി. അബു പ്രസിഡൻറായി - ഈ കാലയളവിൽ പ്രസിഡൻറ്സ്ഥാനം വഹിച്ചവരാണ്. ശ്രീ. കെ. പി. തോമസ്, കെ.കെ. മമ്മുട്ടി എന്നിവർ.

അടുത്ത പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ശ്രീ. സി. മുഹമ്മത് പഞ്ചായത്ത് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ. C.T. ജോൺ, ശ്രീമതി ശകുന്തളാ ഷൺമുഖൻ എന്നിവരും ഈ കാലയളവിൽ പ്രസിഡൻറ് സ്ഥാനം വഹിച്ചവരാണ്. എ.കെ.അന്ത്രു, പി.കെ.കുട്ടപ്പൻ, കെ.മമ്മു, കെ.പി.കുര്യാക്കോസ്, കെ.രവീന്ദ്രൻ, കാവനാൽ മേരി എന്നിവർ മെമ്പർമാരുമായിരുന്നു.

ഇപ്പോഴത്തെ ഭരണ സമിതിയിൽ ശ്രീ. എം. വി. ജോണിയാണ് പ്രസിഡൻറ് കെ. ജി. ജോൺസൻ വൈസ് പ്രസിഡൻറും ഷീജാ പദ്മനാഭൻ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർ പേഴ്സണുമാണ്.

കുറ്റ്യാടി ഓഗ്മെൻേറഷൻ സ്കീം: 1981-ൽ പ്രവർത്തനമാരംഭിച്ച കുറ്റ്യാടി ഓഗ്മെൻേറഷൻ സ്കീം പണി ഏകദേശം പൂർത്തിയായി. ഇനി സ്പിൻവേയുടെ പണി മാത്രമേ ബാക്കിയുള്ളൂ.

കുറ്റ്യാടിയിൽ നിലവിലുള്ള വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുകയാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം കൂടാതെ പടിഞ്ഞാറത്തറ, കോട്ടത്തറ പ്രദേശങ്ങളിൽ കൃഷിക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

അതിന് വേണ്ടി ജലസേചന വകുപ്പ് ബാണാസുര സാഗർ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക്രൂപം നല്കുകയും അതിൻെറ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്.

K.S.E.Bയുടെ ഈ പദ്ധതിയിൽ പടിഞ്ഞാറത്തറയിൽ ഒരു പ്രധാന മണ്ണ് അണക്കെട്ടും, തരിയോട് പ്രദേശത്ത് അഞ്ച് ഉപമണ്ണ് അണക്കെട്ടുകളും ഒരു കോൺക്രീറ്റ് അണക്കെട്ടും ഉൾപ്പെടുന്നു. പടിഞ്ഞാറത്തറ, തരിയോടു പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്ന റിസർവ്വോയറിൽ നിന്നും കോൺക്രീറ്റ് തുരങ്കം വഴി കക്കയം റിസർവോയറിലേക്ക്, വേനൽക്കാലത്ത് വെള്ളമെത്തിക്കുകയാണ് പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഇതിനു വേണ്ട തുരങ്കത്തിൻെറ പണി പൂർത്തിയാവുകയും അത് കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്

കൂടാതെ കുറ്റ്യാടി സാഡിൽ ഡാം എന്ന ഉപ അണക്കെട്ടിനോടനുബന്ധിച്ചു പടിഞ്ഞാറത്തറ പ്രധാന അണക്കെട്ടിനോടനുബന്ധിച്ചും മിനി പവ്വർ ഹൗസും നിർമ്മിക്കുവാനുള്ള പരിപാടിയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുനുണ്ട്.

സ്പിൽ വേയുടെ പണി പൂർത്തിയാകുന്നതോടുകൂടി രൂപപ്പെടുന്ന റിസർവോയറിൽ ഉള്ള ഒറ്റപ്പെട്ട കുന്നുകൾ ഈ റിസർവ്വോയറിനെ മനോഹരമാക്കുന്നു. കൂടാതെ റിസർവ്വോയറിനോട്ചേർന്ന് കിടക്കുന്ന വനങ്ങൾ ഒരു വന്യജീവി സംരക്ഷണ കേന്ദ്രമാവാനും റിസർവ്വോയറിലൂടെബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തി ഇവിടം ഒരു മികച്ച വിനോദ സഞ്ചാരകേന്ദ്രമാക്കാനുള്ള സാധ്യതകൾ ഏറെയാണ്.




# ഭൂപ്രകൃതിയും കാലാവസ്ഥയും

പശ്ചിമഘട്ട മലനിരകളിൽ ഒന്നായ ബാണാസുരൻമലയുടെ കിഴക്ക് നിത്യഹരിതവനങ്ങളാൽ സുന്ദരമായ, വയനാട് ജില്ലയുടെ പടിഞ്ഞാറുഭാഗത്തായി അക്ഷാംശം 11$^0$, 40" 10" N ന്നും 11$^0$, 50" 15" N നും രേഖാംശം 75$^0$, 57' 20" E ക്കും 75$^0$, 59' 35" N ന്നും ഇടയിൽ കിഴക്കുഭാഗം വെണ്ണിയോട് പുഴയാലും വടക്കുഭാഗം പുതുശ്ശേരി പുഴ [കരമാൻതോട്] യാലും അതിർത്തി തിരിഞ്ഞ് പനമരം പുഴയായി മാറുന്നതും സമുദ്രനിരപ്പിൽ നിന്നും 700 മീറ്റർ ഉയരത്തിലുള്ള ചേര്യം കൊല്ലി എന്നസ്ഥലം മുതൽ 2000 മീറ്റർ ഉയരം വരുന്ന ബാണാസുരൻ മലശൃംഗം വരെ കിഴക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ഒരു ഭൂവിഭാഗമാണ് പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്. വയനാടിൻെറ പടിഞ്ഞാറു ഭാഗത്തായിക്കിടക്കുന്ന തറ [ഗ്രാമം] ആയതിനാൽ ആയിരുന്നിരിക്കണംഈ ഭൂവിഭാഗത്തിന്ന് പടിഞ്ഞാറത്തറ എന്ന പേർ ലഭിക്കുവാനുള്ള കാരണം.

മലമുകളിൽ നിന്നും ഒഴുകി വരുന്ന ബപ്പനം തോടിൻെറ മദ്ധ്യഭാഗത്ത് (910 മീറ്റർ ഉയരം) മീൻമുട്ടി ജലപാതം [വെള്ളച്ചാട്ടം]നു താഴെവരെ ജനവാസമുള്ള ഈ ഗ്രാമത്തിൻെറ ഭൂവിസ്തൃതി 55.18 ചതുരശ്ര കിലോമീറ്ററും ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന്ന് 388 എന്ന തോതിലുമാണ്.

ഭൂപ്രകൃതിയനുസരിച്ച് ഈ ഗ്രാമത്തെ അഞ്ചു മേഖലകളായി തരം തിരിക്കാം.

(1) **മലമ്പ്രദേശം:-** ധാരാളം വന്യമൃഗങ്ങൾ വിഹരിക്കുന്നതും ഇടതൂർന്ന വൻകാടുകളും പുൽമേടുകളും ഉള്ള ഈ വനമേഖല സംരക്ഷിത വനമായി സർക്കാർ സംരക്ഷിക്കുന്നു.

(2) **ചെങ്കുത്തായ മലമ്പ്രദേശം:-** ഇവിടെ ചെങ്കല്ലുകളും പാറയും കൂടുതലായുള്ളതിനാൽ ജനവാസം വളരെ കുറവും കാർഷികവിളകൾ നാമമാത്രമായി കൃഷി ചെയ്യപ്പെടുന്നതുമായ പ്രദേശമാണ്.

(3) **മലയടിവാരം:-** ചെങ്കുത്തായ മലമ്പ്രദേശത്തിനും സമതല പ്രദേശത്തിനും ഇടയിൽ നിർവാർച്ചയുള്ളതും പശിമരാശികലർന്ന മണ്ണോടുകൂടിയതുമായ ഈ പ്രദേശത്തെ നാണ്യവിളകളുടെ കലവറയാണെന്നു പറയാം. കാപ്പി, കുരുമുളക് എന്നീ നാണ്യവിളകൾഇവിടെ സമൃദ്ധമായി വളരുകയും വിളയുകയും




ചെയ്യുന്നു.

**(4) സമതല പ്രദേശം:-** സാമാന്യം ഒരേ തരത്തിലുള്ള വലുതും ചെറുതുമായ കുന്നുകൾ, അവയ്ക്ക് ഇടയിൽ ഫലഭൂയിഷ്ഠമായ നെൽപാടങ്ങൾ. ഈ പ്രദേശത്ത് നെൽക്കൃഷിയും വാഴയും,കാപ്പി, കുരുമുളക്, തെങ്ങ്, കവുങ്ങ് തുടങ്ങിയ നാണ്യവിളകളും കൃഷി ചെയ്യുന്നു.

**(5) വെള്ളം കയറുന്ന താഴ്ന്ന പ്രദേശം:-** കണ്ണെത്താദൂരത്തിൽ പരന്നു കിടക്കുന നെല്പാടങ്ങളുള്ളഈ പ്രദേശത്ത് അപൂർവ്വമായി ചെറിയ കുന്നുകൾ കാണാം. ഏറ്റവും അധികം നെൽക്കൃഷി നടത്തുന്നത് ഈ ഭാഗത്താണ്.

**ഭൂപ്രകൃതിയനുസരിച്ചുള്ള മേഖലകളും അവിടെയുള്ള മണ്ണിൻെറ തരം, പ്രധാനകൃഷി, മുതലായവ താഴെ കൊടുക്കുന്നു.**

| നമ്പർ | മേഖലയുടെ പേർ | മണ്ണിൻെറ തരം | കൃഷി ചെയ്യുന്ന വിളകൾ |
|---|---|---|---|
| 1 | മലമ്പ്രദേശം | പാറകളും ചരൽമണ്ണും | സർക്കാർ സംരക്ഷിത വനം |
| 2 | ചെങ്കുത്തായ മലമ്പ്രദേശം | ചെങ്കല്ലും, ചരൽമണ്ണും ചില സ്ഥലങ്ങളിൽ പാറയും | യൂക്കാലിപ്റ്റസ് കൃഷി. [മുൻകാലങ്ങളിൽ ഇഞ്ചിപ്പുൽ (പുൽതൈലം) കൃഷി ചെയ്തിരുന്നു. |
| 3 | മലയടിവാരം | പശിമരാശി മണ്ണ്, ഇടക്കിടെ വളക്കൂറുള്ളചരൽ മണ്ണും | കുരുമുളക്, കാപ്പി, റബ്ബർ മുതലായവകൃഷി ചെയ്യുന്നു. |
| 4 | സമതല പ്രദേശം | പശിമരാശി മണ്ണ്, മണൽ കലർന്ന മണ്ണ് | കാപ്പി, കുരുമുളക്, നെല്ല്,തെങ്ങ്, വാഴ, ഇഞ്ചി മുതലായവ കൃഷി ചെയ്യുന്നു. |
| 5 | വെള്ളം കയറുന്ന താഴ്ന്ന പ്രദേശം | എക്കൽധാതുള്ളമുള്ള പശിമരാശി മണ്ണ് | നെല്ല്, കവുങ്ങ്, വാഴ തുടങ്ങിയവ കൃഷി ചെയ്യുന്നു. |




## ജനപ്രകൃതി

1991 ലെ ജനസംഖ്യാസെൻസസ് പ്രകാരം ഈ ഗ്രാമപഞ്ചായത്തിൽ 10820 പുരുഷൻ മാരും 10578 സ്ത്രീകളും ഉണ്ട്. ഇതിൽ 1228 പട്ടി കജാതിവിഭാഗത്തിൽപെട്ട ജനങ്ങളും 2493 പട്ടിക വർഗ്ഗവിഭാഗക്കാരുമാണ്. ഇവരിൽ ഭൂരിഭാഗവും കർ ഷകത്തൊഴിലാളികൾ ആണ്.ചുരുക്കം ചിലർ കൃഷിക്കാരുമാണ്. ഈ ഗ്രാമവാസികളുടെ മുഖ്യമായ ഉപജീവനമാർഗ്ഗം കൃഷിയാണ്. അദ്ധ്വാനശീലരായ കുടിയേറ്റ കർഷകസമൂഹത്തിൻെറ, 50 വർഷം മുമ്പു മുതലുള്ള വരവാണ്; ഈ ഗ്രാമത്തിൻെറ നാനാതു റകളിലുമുള്ള ഇന്നത്തെ വളർച്ചയുടെ നിദാനം. വിദ്യാ ഭ്യാസ മേഖലയിൽ ഒരു ഹൈസ്കൂൾ, രണ്ട് യു.പി.സ് കൂൾ, ഏഴ് എൽ.പി.സ്കൂളുകൾ, രണ്ടു നേഴ്സറി സ്കു ളുകൾ, ഒരു പാരലൽ കോളേജ് എന്നിവയും പൊതു ജനാരോഗ്യമേഖലയിൽ ഒരുപ്രൈമറി ഹെൽത്ത് സെൻറർ, ഒരു ആയുർവ്വേദാശുപത്രി, രണ്ടു സ്വകാര്യ ആശുപത്രികൾ എന്നിവയും സേവനരംഗത്തുണ്ട്.

പ്രത്യേകം പ്രത്യേകം സങ്കേതങ്ങളില ല്ലാതെ ഇടകലർന്ന് നാനാജാതിമതസ്ഥരായ ജനങ്ങൾ പരസ്പരസ്നേഹത്തോടെയും സാഹോദ ര്യത്തോടെയും ഈ ഗ്രാമത്തിൽ ജീവിക്കുന്നു. കലു ഷമായ വർഗ്ഗീയതയുടേയോ, തീവ്രവാദത്തിൻെറയോ അന്ധമായ രാഷ്ട്രീയത്തിൻെറയോ, അക്രമവാസന യുടേയോ അതിപ്രസരം തൊട്ടുതീണ്ടാത്ത ഒരു ജന സമൂഹമാണ് ഈ ഗ്രാമത്തിൻെറ സവിശേഷത.

## ജലപ്രകൃതി

ജലത്തിൻെറ കാര്യത്തിൽ അനുഗ്രഹീത മാണ് ഈ കൊച്ചുഗ്രാമം. കിഴക്കും പടിഞ്ഞാറും ഒരിക്കലും വറ്റാത്തപുഴകൾ, ഈ പുഴകളിലേക്ക് ചെന്നുചേരുന്ന ചെറുതും വലുതുമായഅനേകം തോടുകൾ എന്നിവ ഈ ഗ്രാമത്തിലെ ജലസമ്പുഷ് ടമാക്കുന്നു. ഗ്രാമവാസികളിൽ തൊണ്ണൂറ്റിയഞ്ചുശത മാനവും കുടിവെള്ളത്തിനും നിത്യോപയോ ഗങ്ങൾക്കുമായി കിണറുകളിൽനിന്നു ലഭിക്കുന്ന ജലത്തെയാണ് ആശ്രയിക്കുന്നത്. മലയടിവാ രത്തുള്ള കാപ്പിക്കളം, വാരാമ്പറ്റഎന്നീ നിയോജക മണ്ഡല (വാർഡുകൾ) ങ്ങളിലെ ജനങ്ങൾ, പ്രകൃതി ദത്തമായ മീൻമുട്ടി ജലസ്രോതസ്സിൽനിന്നും പൈപ്പുകൾ സ്ഥാപിച്ച് ജലമെത്തിച്ച് നിത്യോപ യോഗം നടത്തിവരുന്നു.

പ്രകൃതിദത്തമായ ഈ ജലസ്രോതസ്സിനു

ചുറ്റുമുള്ള വനത്തിലുള്ള യൂക്കാലിപ്റ്റസ് കൃഷി ഒഴിവാക്കി പ്രകൃതിദത്തമായ വനങ്ങൾ വെച്ചുപിടിപ്പിച്ച് വനനശീകരണം പാടെ ഒഴിവാക്കുകയാണെങ്കിൽ, പമ്പിങ്ങോ മറ്റുയന്ത്രസാമഗ്രികളുടെ ഉപയോഗമോ കൂടാതെ ഈ ഗ്രാമത്തിന്റെ വലിയ ഒരു ഭാഗം മുഴുവൻ കുടിവെള്ള വിതരണം നടത്തുന്നതിനും മിനിഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ടുകൾ സ്ഥാപിച്ച് വമ്പിച്ച മുതൽ മുടക്കു കൂടാതെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും കഴിയും.

അയൽപ്രദേശമായ തരിയോട് ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഒഴുകി ഈ ഗ്രാമത്തിൽ വന്നുചേരുന്ന കരമാൻ തോടിൽ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് നിർമ്മിക്കുന്ന 38.5 മീറ്ററോളം ഉയരമുള്ള ബാണാസുര സാഗർ അണക്കെട്ടിന്റെ പ്രവൃത്തി വളരെ മന്ദഗതിയിൽ നീങ്ങുന്നതിനാൽ പൊതു ഖജനാവ് കൊള്ളയടിക്കപെടുകയല്ലാതെ മറ്റൊന്നും നേടുവാൻ സാധിച്ചിട്ടില്ല. നിശ്ചിത സമയത്തു തന്നെ ഈ അണക്കെട്ടിന്റെ നിർമ്മാണപ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ അയൽഗ്രാമങ്ങളിലൊക്കെത്തന്നെ കൃഷിക്കാവശ്യമായജലം ലഭ്യമാക്കുന്നതിനും പെരുന്തടയിൽ നിർമ്മിച്ച പവർഹൗസിൽ നിന്നുള്ള വൈദ്യുതി ഈരണ്ടു ഗ്രാമങ്ങളുടെയും ആവശ്യത്തിന് ലഭിക്കുന്നതിനും സാധ്യമാകുമായിരുന്നു. പക്ഷെ ഈരണ്ടു കാര്യങ്ങളും ഇനി എത്ര നാൾ കാത്തിരുന്നാലാണ് സഫലീകരിക്കുക എന്നത് കണ്ടറിയേണ്ട കാര്യമാണ്.

## കാലാവസ്ഥ

ഈ ഗ്രാമത്തിന്റെ പടിഞ്ഞാറും തെക്കും ഭാഗങ്ങളിൽ പശ്ചിമഘട്ടമലനിരകളും കിഴക്ക് ഭാഗം കുറുമ്പാലക്കോട്ട എന്ന ഇടത്തരം ഉയരമുള്ള ഒറ്റപ്പെട്ട മലയും സ്ഥിതിചെയ്യുന്നതു കൊണ്ട്സാമാന്യം നല്ല മഴ എല്ലാ വർഷവും ലഭിക്കുന്നു. കൊടും വേനലിലും മിതശീതോഷ്ണാവസ്ഥഇവിടെ നിലനിൽക്കുകയും ചെയ്യുന്നു. ഡിസമ്പർ, ജനുവരി മാസങ്ങൾ കൊടും തണുപ്പിന്റെ കാലമാണ്. ജൂൺ മാസത്തോടെ തെക്കുപടിഞ്ഞാറൻ മൺസൂൺ കാലവർഷം തുടങ്ങുന്നു. പ്രസ്തുത മഴക്കാലം ഏതാണ്ട് നവംബർമാസം അന്ത്യം വരെയുണ്ടാകും. വേനൽക്കാലങ്ങളിലും ഇടക്കൊക്കെ മഴ ലഭിക്കുന്നുണ്ട്. മഴയുടെ അളവ് ഓരോ വർഷവും കുറഞ്ഞു വരുന്നതായാണ് കണക്കുകൾ വെളിവാക്കുന്നത്.

**മഴയുടെ അളവുസംബന്ധിച്ച കണക്ക്**

| വർഷം | 1992 | 1994 | 1994 | 1995 | 1996 |
|---|---|---|---|---|---|
| മഴയുടെ അളവ് | 4730.7mm | 3385 mm | 4626.3 mm | 3074.9 mm | 3025:4 mm |




ഭക്ഷ്യ ആവിശ്യങ്ങൾക്കായി വനവിഭവങ്ങൾ ശേഖരിച്ച് ജീവിച്ചിരുന്ന പ്രാകൃത മനുഷ്യൻ കൃഷി ആരംഭിച്ചതോടെ ഒരു സ്ഥലത്ത് സ്ഥിരതാമസമാക്കുകയും, കൃഷിയ്ക്കും വേട്ടയ്ക്കും വേണ്ട ആയുധങ്ങളുടെ നിർമ്മാണത്തിലൂടെ മനുഷ്യനിർമ്മിതമായ ഒരു ലോകത്തിന് തുടക്കം കുറിയ്ക്കുകയും ചെയ്തു. ഇന്ന് നമുക്കാവിശ്യമായ എല്ലാ സസ്യജാലങ്ങളും കൃഷിചെയ്യുന്ന സമ്പ്രദായത്തിലേക്ക് നാം വളർന്നു കഴിഞ്ഞു. പാരമ്പര്യമായി കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന ഒരു വലിയ ജനതയാണ് ഇന്ത്യയുടെ നട്ടെല്ല് സ്വതന്ത്രഭാരതത്തിലെ വികസന പദ്ധതികൾ പ്രധാനമായും കൃഷിയെ അടിസ്ഥാനമാക്കിയുള്ളവയാണെന്ന് കാണാം. ഭക്ഷ്യവസ്തുക്കൾ കൂടാതെ വ്യവസായ പ്രധാനമായ പല ഉല്പന്നങ്ങളും വിളയിക്കുന്നവയാണ്നമ്മുടെ കൃഷിയിടങ്ങൾ. ജനസംഖ്യയിൽ ലോകത്ത് രണ്ടാം സ്ഥാനത്തെത്തി നിൽക്കുന്ന നമുക്ക്കൃഷിയെ ഉപേക്ഷിച്ചുകൊണ്ടുള്ള ഒരു മുന്നേറ്റത്തിന് സാധ്യമല്ല. അതുകൊണ്ട് ഫലപ്രദമായ ആസൂത്രണത്തിലൂടെ കാർഷിക രംഗത്തെ അഭിവൃദ്ധിപ്പെടുത്താനുള്ള പദ്ധതികൾ പ്രാധാന്യമർഹിക്കുന്നു.

നദീകളാൽ സമ്പന്നമായ കൊച്ചു കേരളത്തിലെ കാർഷിക ജില്ലയായ വയനാട്ടിൽ 55.18 ച. കി. വിസ്തീർണ്ണമുള്ള ബാണാസുരൻ മലയുടെ കിഴക്കൻ താഴ്വാരമായ പടിഞ്ഞാറത്തറ ഭൂപ്രകൃതിയും കാലാവസ്ഥയുമനുസരിച്ച് കാർഷിക പ്രധാനമായ ഒരു പഞ്ചായത്താണ്. 1991-ലെ സെൻസസ് വിവരമനുസരിച്ച് 21398 ജനങ്ങൾ അധിവസിക്കുന്ന ഈ പ്രദേശം കാർഷികാഭിവൃത്തിയ്ക്കായുള്ള ഒട്ടേറെ പദ്ധതികൾക്കായി കാത്തുകിടക്കയാണ്.

ആദ്യകാലങ്ങളിൽ കുരുമുളക്, കാപ്പി, ഓറഞ്ച്, മഞ്ഞൾ തുടങ്ങിയ കൃഷികൾ വ്യാപകമായി ചെയ്തു വന്നിരുന്നതായി കാണാം. അനുയോജ്യമായ കാലാവസ്ഥയും വളകൂറുള്ള മണ്ണും ഈ കൃഷികൾ തഴച്ചു വളരുന്നതിന് കാരണമായി. കാലാവസ്ഥയിൽ വന്ന മാറ്റം ഓറഞ്ച് കൃഷി നാമാവശേഷമാക്കി. 1940 കളോടെ ആരംഭിച്ച കുടിയേറ്റവും മാറിയ കാലാവസ്ഥയും കൃഷിമേഖലയിലും മാറ്റങ്ങൾക്ക് കാരണമാക്കി. തെരുവപുല്ല്, രാമച്ചം, തെങ്ങ്, കമുക്, റബ്ബർ, മരച്ചീനി തുടങ്ങിയവയും കൃഷി ചെയ്യുവാൻ ആരംഭിച്ചു. വ്യാപകമായ വനനശീകരണവും, അശാത്രീയമായ കൃഷി രീതികളും മണ്ണിൻെറ ഫലപൂയിഷ്ടത നഷ്ടപ്പെടുത്തുന്നതിടയാക്കി. ആയിരക്കണക്കിന് വർഷങ്ങൾ കൊണ്ട് രൂപപ്പെടുന്ന മേൽമണ്ണ് അശാസ്ത്രീയമായ കൃഷിയിലൂടെ നഷ്ടപ്പെടുവാനിടയായി.

പരമ്പരാഗതമായ കൃഷിരീതികൾ സാദ്ധ്യമല്ലാതാവുകയും പുതിയ കൃഷി രീതികൾക്കാവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭ്യമല്ലാതാവുകയും ചെയ്യുന്ന സാഹചര്യത്തിൽ കൃഷിയെ മാത്രം ആശ്രയിച്ചു ജീവിച്ചിരുന്നവർ വ്യവസായ മേഖലകളിലേക്കു ശ്രദ്ധ ചെലുത്തുകയാണ്. മറ്റു മേഖലകളിലുണ്ടായിട്ടുള്ള സാമ്പത്തിക വളർച്ചയ്ക്കൊപ്പം കാർഷികമേഖല ഉയർന്നിട്ടില്ല, എന്നതും കൃഷി ഉപേക്ഷിക്കാനുള്ള പ്രേരണയായിമാറുന്നുണ്ട്. കൃഷിയെ ബാധിയ്ക്കുന്ന രോഗങ്ങളും, വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും വേണ്ടത്ര മാർക്കറ്റിങ്ങ് സൗകര്യങ്ങൾ ലഭ്യമല്ലാത്തതും കൃഷിയുവതലമുറക്ക് ആകർഷണീയമല്ലാത്ത ഒന്നാക്കി മാറ്റിയിട്ടുണ്ട്. പൂർണ്ണമായും പ്രകൃതിയെ ആശ്രയിക്കുന്നതിനാൽ ഉൽപ്പാദനവും സുനിശ്ചിതമല്ലാതാകുന്നു. കൃഷിക്കാരന് പരാതികൾ ഏറെയുണ്ടെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

4185 ഹെക്ടർ വരുന്ന പഞ്ചായത്തിലെ കൃഷിഭൂമിയിൽ ചെയ്യുന്ന വിളകൾ താഴെ പറയും പ്രകാരമാണ്.

**പട്ടിക I**

**പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് - ഭൂമി സംബന്ധിച്ച വിവരങ്ങൾ**

| വില്ലേജിന്റെ പേര് | പുരയിടം (ഏക്കർ) | നിലം (ഏക്കർ) | റോഡ് (ഏക്കർ) | തോട് (ഏക്കർ) | പുഴ (ഏക്കർ) | ആകെ (ഏക്കർ) |
|---|---|---|---|---|---|---|
| പടിഞ്ഞാറത്തറ | 5070.91 | 994.15 | 101.47 | 70.00 | 127.82 | 6364.35 |
| കുപ്പാടിത്തറ | 2274.52 | 1323.08 | 46.70 | 24.87 | 166.98 | 3836.15 |
| ആകെ | 7345.43 | 2317.23 | 148.17 | 94.87 | 294.80 | 10200.50 |

| പട്ടിക II | |
|---|---|
| നെല്ല് | 814 ഹെക്ടർ |
| തെങ്ങ് | 95 ഹെക്ടർ |
| കാപ്പി | 1762 ഹെക്ടർ |
| കുരുമുളക് | 813 ഹെക്ടർ |
| റബ്ബർ | 258 ഹെക്ടർ |
| മരച്ചീനി | 93 ഹെക്ടർ |
| മറ്റു വിളകൾ | 350 ഹെക്ടർ |
| ആകെ | 4185 ഹെക്ടർ |

## നെല്ല്:

വിശാലമായ നെൽവയലുകൾ പഞ്ചായത്തിന്റെ പ്രത്യേകതയാണ്. പണ്ടുകാലങ്ങളിൽ കന്നുകാലി വളർത്തലും, നെൽകൃഷിയും മുഖ്യതൊഴിലുകളായിരുന്നു. തൊണ്ടി, വെളിയൻ, ചോമാല, ചെന്നെല്ല്, ഗന്ധകശാല, ജീരകശാല തുടങ്ങിയ നെല്ലിനങ്ങൾ കൃഷി ചെയ്തിരുന്ന നെല്പാടങ്ങൾ ഭൂരിഭാഗവും ഒരുപ്പൂ കൃഷി ചെയ്യുന്നവയാണ്. സുലഭമായി ലഭിച്ചിരുന്ന കാലവർഷവും ചാണകവും നെൽകൃഷി ആദായകരമാക്കിയിരുന്നു. ഇന്ന് അത്യുൽപ്പാദനശേഷിയുള്ള ജയ, പവിഴം, ഭാരതി, ജ്യോതി, എച്ച്-4 എന്നീ നെൽവിത്തുകളും, രാസവള, കീടനാശിനികളും കൃഷിക്കാർ ഉപയോഗിച്ചു വരുന്നു. പണ്ടു കീടനിയന്ത്രണത്തിനായി ഉപയോഗിച്ചിരുന്ന കർപ്പൂര ചെടി പോലുള്ള ഔഷധ സസ്യങ്ങളും, മുറം വീശലുമൊക്കെപുത്തൻ തലമുറക്ക് അപരിചിതമായി തീർന്നിട്ടുണ്ട്. കന്നുകാലി വളർത്തുവാൻ ഉള്ള സാഹചര്യക്കുറവ്, കാലാവസ്ഥയിലുണ്ടായ വ്യതിയാനം, കൂലി വർദ്ധനവ്, മറ്റു തൊഴിൽ മേഖലകൾ വർദ്ധിച്ചതിനാൽ തൊഴിലാളികളുടെ ലഭ്യതക്കുറവ് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അവഗണന, മറ്റു നാണ്യവിളകളുടെ കടന്നുകയറ്റം, യന്ത്രവൽക്കരണത്തിന്റെ പോരായ്മ, ഇവയൊക്കെ നെൽകൃഷി കുറയുന്നതിന് കാരണമായി തീർന്നിട്ടുണ്ട്. കൃഷിഭവന്റെ കീഴിൽ 30 പാടശേഖര സമിതികൾ കർഷകരെ സഹായിക്കുവാനായി പ്രവർത്തിയ്ക്കുന്നുണ്ട്.

## കാപ്പി:

1762 ഹെക്ടറിൽ കാപ്പികൃഷി ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നിലവിലുള്ളവയിൽ ഭൂരിഭാഗവും പഴയ തോട്ടങ്ങ

ളാണ്. കർഷകന്റെ അജ്ഞത കൊണ്ടുണ്ടായിട്ടുള്ള അശാസ്ത്രീയമായ കൃഷിരീതികൾ, കോഫീ ബോർഡിന്റെ കർശന നിയന്ത്രണം, വിലക്കുറവ്, മണ്ണിന്റെ ഗുണക്കുറവ്, കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം എന്നിവ കാപ്പി കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ ആവശ്യമായ മഴ ലഭിച്ചെങ്കിൽ മാത്രമെ ശരാശരി വിളവ് ലഭിയ്ക്കുകയുള്ളൂ. റോബസ്റ്റയാണ് പ്രധാന കൃഷി ഇനം. കർഷരുടെ മേൽകോഫീ ബോർഡിനുണ്ടായിരുന്ന നിയന്ത്രണം നീക്കം ചെയ്തതോടെ കാപ്പിയുടെ വില വർദ്ധിക്കുകയും കർഷകർ കൃഷിയുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തുവരുന്നു, എങ്കിലും കൃഷി വികസനത്തിനായി കോഫി ബോർഡും, ബാങ്കുകളും നല്കിയിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ സാമ്പത്തിക കുരുക്കിൽ അകപ്പെട്ടിട്ടുള്ളവരാണ് ഭൂരിഭാഗം കൃഷിക്കാരും.

## കുരുമുളക്

കറുത്ത പൊന്നെന്നറിയപ്പെടുന്ന കുരുമുളക് വൻതോതിൽ ഉല്പ്പാദിപ്പിച്ചിരുന്ന ഒരു പഞ്ചായത്താണ് പടിഞ്ഞാറത്തറ. കാലവസ്ഥാമാറ്റവും മഹാളി എന്ന പേരിലറിയപ്പെടുന്ന ദ്രുതവാട്ടവും കുരുമുളക് കൃഷിയെ തറപറ്റിച്ചു എന്നു തന്നെ പറയാം. ഈ നാടിന്റെ മാത്രം പ്രത്യേകതയായിരുന്ന 'ചേട്ടൻ' **(extrabolt)** ഇനം കുരുമുളക് ഇന്ന് ഏറെക്കുറെ അപ്രത്യക്ഷമായിട്ടുണ്ട്. ഇന്ന് പുതിയ ഇനങ്ങളായ പന്നിയൂർ ഐബിരീയൻ തുടങ്ങിയവ പരീക്ഷിക്കപ്പെടുന്നു. പഴയ ഇനങ്ങളായ ബാലൻകോട്ട, കരിമുണ്ട, താണ്ടീയോടൻ, ഉതീരൻ,കുറ്റ്യാടി എന്നിവയും നിലവിലുണ്ട്. കുരുമുളക് കൃഷിയുടെ തകർച്ച ഈ ഗ്രാമത്തിന്റെ സമ്പദ്ഘടനയെ തകിടം മറിച്ചു എന്നുതന്നെ പറയാം. കർഷകരുടെ നേതൃത്വത്തിൽ 30 കുരുമുളക് സമിതികൾ പ്രവർത്തിക്കുന്നു.

## തെങ്ങ്

95 ഹെക്ടറോളം തെങ്ങ് കൃഷിയുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അടുത്തകാലത്ത് മാത്രമാണ് കർഷകർ തെങ്ങു കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു തുടങ്ങിയത്. കനത്ത കാലവർഷം, മണ്ണിന്റെ ഘടന എന്നിവയിൽ വന്ന മാറ്റമാണ് തെങ്ങുകൃഷി പരീക്ഷിക്കാൻ പ്രേരണയായത്. പഴയതോട്ടങ്ങളിൽ പലതിലും ഉല്പ്പാദനശേഷി കുറഞ്ഞ ഇനങ്ങളാണ് കാണപ്പെടുന്നത്. ഇന്ന് ശാസ്ത്രീയമായ കൃഷിരീതികൾ സ്വീകരിച്ച് നല്ല ഉല്പ്പാദനം ഉണ്ടാകുന കർഷകർ ധാരാളമുണ്ട്. തെങ്ങിൽനിന്നുള്ള വിറകിന്റെയും, തടിയുടെയും ലഭ്യത തെങ്ങിന് കൃഷിയിടത്തിൽ സ്ഥാനം വർദ്ധിക്കുവാൻ കാരണമായിട്ടുണ്ട്. തെങ്ങിന്റെ കൂമ്പുചീയൽ രോഗവും, തെങ്ങിനെ ആക്രമിച്ചു നശിപ്പിക്കുന്ന വണ്ടും ഈ കൃഷിയ്ക്ക് കാര്യമായ ദോഷം വരുത്തിവെയ്ക്കുന്നതായി കാണാം. പഞ്ചായത്തിൽ ഒരു കേരകർഷക സമിതി പ്രവർത്തിയ്ക്കുന്നുണ്ട്.

**പട്ടിക III**

**പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് - തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ**

| വിസ്തീർണ്ണം | തെങ്ങ് - എണ്ണം | | | രോഗം ബാധിച്ചത് | | | | | |
|---|---|---|---|---|---|---|---|---|---|
| (ഹെക്ടർ) | കായ്ക്കുന്നത് | കായ്ക്കാത്തത് | ആകെ | റൂട്ട് വിൽട്ട് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റംബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 250 | 31100 | 18700 | 49800 | 125 | 5500 | 1800 | 3000 | 38375 | 48800 |

## റബ്ബർ

പഞ്ചായത്തിൽ 258 ഹെക്ടറോളം സ്ഥലത്ത് റബ്ബർ കൃഷി ചെയ്തതായി കണക്കുകളിൽ കാണുന്നുണ്ട്. നാടൻ ഇനങ്ങൾ വെച്ചു പിടിപ്പിച്ചിട്ടുള്ള പഴയ തോട്ടങ്ങളിൽ ഉല്പ്പാദനം കുറവാണ്. റബ്ബറിന്റെ മാർക്കറ്റ് വില കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നുണ്ട്. മഴക്കാലത്ത്ടാപ്പ് ചെയ്യുന്ന സംവിധാനം വ്യാപകമായിട്ടില്ല. ശരിയായ വള പ്രയോഗങ്ങളും, രോഗപ്രതിരോധ മാർഗ്ഗങ്ങളും വേണ്ടത്ര സ്വീകരിക്കപ്പെട്ടിട്ടില്ല. പൊടികുമിൾ രോഗമാണ് പ്രധാന ശത്രു. റബ്ബർ കർഷകരുടെ സഹകരണ സംഘവും, റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പടിഞ്ഞാറത്തറയിൽ പ്രവർത്തിക്കുന്നുണ്ട്.

## കവുങ്ങ്

തോട്ടങ്ങളിൽ വ്യാപകമായി കമുക് വളർത്തിയിരിക്കുന്നത് കാണാം. വലിയ മുതൽ മുടക്കില്ലാതെആദായം ലഭിയ്ക്കുന്ന വിളയായതിനാലാവാമിത്, കമുക് മാത്രമായി കൃഷി ചെയ്തിരിക്കുന്ന തോട്ടങ്ങളും പഞ്ചായത്തിലുണ്ട്. കാസറഗോടൻ, മംഗലാപുരം, മംഗളം, കുറ്റ്യാടി, കാട്ടകാമ്പൻ എന്നീങ്ങനെ പല ഇനങ്ങളും കൃഷി ചെയ്യുന്നുണ്ട്. അടയ്ക്ക പാകമാകാതെ കൊഴിഞ്ഞുപോകുന്ന 'മാഹാളി' എന്ന പേരിലറിയപ്പെടുന്ന രോഗമാണ് പ്രധാനഭീഷണി. കൃത്യസമയത്തുള്ള ബോർഡോ മിശ്രിത പ്രയോഗം ഒരു പരിധിവരെ രോഗത്തെ തടഞ്ഞു നിറുത്തുന്നുണ്ട്.

## വാഴ

പഞ്ചായത്തിലെ വയലേലകൾ ഇന്ന് വാഴ കൃഷിയുടെ താവളങ്ങളായി മാറിയിരിക്കുന്നു. നെൽ കൃഷിയിൽനിന്നും, വാഴകൃഷിയിലേക്കുള്ള ചുവടു മാറ്റം, കാർഷീക സമ്പദ് വ്യവസ്ഥയിൽ ഉണർവ്വുണ്ടാകുവാൻ കാരണമായിട്ടുണ്ട്. നേന്ത്രവാഴയാണ് പ്രധാന കൃഷി ഇനം. നാടൻ നേന്ത്രവാഴ ഇനങ്ങളുടെ ഗുണമേന്മ അവകാശപ്പെടാനില്ലെങ്കിലും വമ്പിച്ച വാണിജ്യ പ്രാധാന്യം വാഴകൃഷി വ്യാപകമാകുന്നതിന് പ്രേരണയായിട്ടുണ്ട്. രാസവളങ്ങളുടെ താങ്ങാനാവാത്ത വില,ജല ദൗർലഭ്യം, രോഗങ്ങൾ, കീടങ്ങളുടെ ആക്രമണം എന്നിവയും പ്രകൃതിക്ഷോഭങ്ങളും കർഷകനെ വിഷമ വൃത്തത്തിലാകുന്നുണ്ട്. കൃഷി ഭവൻ മുഖേന ലഭിയ്ക്കുന്ന നഷ്ട പരിഹാരംതികച്ചും അപര്യാപ്തമാണ്. ഈ സാമ്പത്തിക വർഷം പതിനായിരക്കണക്കിന് വാഴ കാലവർഷകെടുതിയിൽ നശിച്ചുപോയിട്ടും, ഇൻഷൂർ ചെയ്ത കർഷകർക്കുപോലും നഷ്ടപരിഹാരം നൽകാത്തത് അധികൃതർ കർഷകരോട് കാണിയ്ക്കുന്ന അവഗണയ്ക്കുത്തമ ഉദാഹരണമാണ്.

## മരച്ചീനി :

പടിഞ്ഞാറത്തറ പഞ്ചായത്തിൽ 93 ഹെക്ടറോളം കപ്പ (മരച്ചീനി) കൃഷിയുണ്ട്. അരിക്കുപകരമുള്ള ഒരു പ്രധാന ആഹാരമായി മരച്ചീനി ഉപയോഗിക്കപ്പെടുന്നു. ചില പ്രധാന ഇനങ്ങളായ അമ്പക്കാടൻ, ക്വിൻറൽ, എച്ച് 4-ഐ.ആർ-8., എന്നിവ ഇവിടെ വിളയിക്കുന്നു. കുടിയേറ്റ കർഷകരായിരുന്നു ഇതിൻെറ പ്രധാന ഉല്പാദകർ. കപ്പയും മത്തിയും സ്വീകാര്യമായഒരു ഭക്ഷണമായി മാറിയിട്ടുണ്ട്. ഇപ്പോൾ സാമാന്യം നല്ലവില കപ്പയ്ക്ക് ലഭിക്കുന്നുണ്ട്. എലിശല്യം കപ്പകൃഷിക്കുള്ള ഭീഷണിയാണ്.

## ഇഞ്ചി :

ഏകദേശം 45 ഹെട്ടറിൽ കൃഷി ചെയ്യുന്നു. കാർഷിക സമ്പദ്ഘടനയിൽ കാര്യമായ ചലനങ്ങളുണ്ടാക്കാൻ ഇഞ്ചികൃഷിക്കു കഴിഞ്ഞിട്ടുണ്ട്. നല്ല വിളവുള്ള ഹ്രസ്വകാല കൃഷിയായതിനാൽ കർഷകന് ഇഞ്ചി കൃഷിയിൽ താല്പര്യം വർദ്ധിച്ചിട്ടുണ്ട്. വയലുകളും കരഭൂമികളും ഇഞ്ചികൃഷിക്കനുയോജ്യമാണ്. ഈയ്യിടെ രോഗബാധകൾകൊണ്ടും വിലയിലുണ്ടായിട്ടുള്ള ഏറ്റക്കുറച്ചിലുകൾ കൊണ്ടും ഇഞ്ചി കർഷകർ വിഷമത്തിലാണ്. ഹിമാചൽ, ചുക്കുമാരൻ,റിയോഡി എന്നിവ പ്രധാന ഇനങ്ങളാണ്. വ്യാപകമായ 'മഹാളി ' രോഗം നമ്മുടെ നാട്ടിൽ ഇഞ്ചി കൃഷി കുറയ്ക്കുന്നതിനും കർഷകർ കുടക് ,ഷിമോഗ തുടങ്ങിയ അയൽനാടുകളിലേക്ക് കൃഷി മാറ്റി സ്ഥാപിക്കുന്നതിനും കാരണമായിട്ടുണ്ട്.

## മറ്റുവിളകൾ :

പ്രധാനകൃഷികൾ കൂടാതെ ഏലം, മഞ്ഞൾ, മൾബറി ചേന,ചേമ്പ്, നാടൻ വാഴകൾ, കച്ചോലം ഓഷധ സസ്യങ്ങൾ തുടങ്ങി വളരുന്ന തെന്തും കൃഷിയിടത്തിൽ നട്ടുവളർത്തുന്ന ശീലം കൃഷിക്കാർക്കുണ്ട്. വൈവിധ്യമുള്ള വൃക്ഷങ്ങൾ എല്ലാതോട്ടങ്ങളിലും കാണാം. പ്ലാവ്, മാവ്, വെൺതേക്ക്, ആഞ്ഞിലി, തേക്ക്,വീട്ടി, ഞാവൽ തുടങ്ങി വൈവിധ്യമുള്ള സസ്യസമ്പത്ത് പൂർണ്ണമായും അപ്രത്യക്ഷമായിട്ടുല്ല.

കാർഷീകരംഗത്തെ പ്രധാന പ്രശ്നങ്ങൾ : പഠനവിധേയമാക്കേണ്ട ധാരാളം പ്രശ്നങ്ങൾ കാർഷീകമേഖല നേരിടുന്നുണ്ട്.

1. കൃഷിരീതികളെക്കുറിച്ചുള്ള ശാസ്ത്രീയമായതും പരമ്പരാഗതവുമായ അറിവ് കൃഷിക്കാർക്ക് ലഭിക്കാനുള്ള അസൗകര്യം.

2. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ
3. വെള്ളപ്പൊക്കം, വരൾച്ച
4. കീടങ്ങളും രോഗങ്ങളും
5. രാസ, ജൈവ വളങ്ങളുടെ ലഭ്യതകുറവ്
6. കൃഷിപരിപാലനത്തിലുള്ള പരിചയക്കുറവ്
7. മണ്ണുപരിശോധന സൗകര്യം ഇല്ലായ്ക.
8. ജലസേചനത്തിനാവശ്യമായ ഊർജ്ജം ലഭിക്കാത്തത്.
9. കാലാവസ്ഥ, ഭൂപ്രകൃതി, മണ്ണിന്റെ ഗുണം എന്നിവക്കനുസരിച്ച് വിളകൾ തിരഞ്ഞെടുക്കാനുള്ള അറിവില്ലായ്മ.
10. സാമ്പത്തികപരാധീനത
11. പരിചയസമ്പന്നരായ തൊഴിലാളികളുടെ കുറവ്.
12. ആവശ്യമായ യന്ത്രവൽക്കരണം നടപ്പിലാക്കാത്തത്.
13. ഉല്പനങ്ങൾക്ക് വില നിശ്ചയിക്കാൻ കർഷകന് കഴിയാത്തത്.
14. ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും സൗകര്യമില്ലായ്മ
15. രോഗങ്ങളെക്കുറിച്ച് യഥാസമയം പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമുള്ള സംവിധാനം ഇല്ലാത്തത്.
16. കാർഷിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും കൂട്ടായ്മ രൂപപ്പെടുത്തുന്നതിനും ആവശ്യമായ നേതൃത്വമില്ലായ്മ.
17. ആവശ്യമായ സഹായങ്ങൾ യഥാസമയം ലഭിക്കാത്തത്.
18. കർഷകസമിതികളും കൃഷിഭവനും ഫലപ്രദമാകാത്തത്.
19. വിദ്യാസമ്പന്നരായ യുവാക്കൾ കാർഷീക രംഗത്തേക്ക് വരാത്തത്.
20. കൃഷിഭൂമികൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗ്യമാക്കുന്നത്.

## *പഞ്ചായത്തിലെ സാധ്യതകൾ :-*

**1. പച്ചക്കറികൃഷി :** വാണിജ്യവിളകളുടെ അതിപ്രസരം ആദായം കുറഞ്ഞ പച്ചക്കറി കൃഷികളിൽനിന്നും കർഷകനെ പിൻതിരിപ്പിച്ചിട്ടുണ്ട്. വീട്ടാവശ്യത്തിനുള്ള പച്ചക്കറി മാർക്കറ്റിൽ നിന്നുംവാങ്ങുന്ന ശീലം വർദ്ധിച്ചിരിക്കയാണ്.ഓരോ ദിവസവും വൻതുകക്കുള്ള പച്ചക്കറികൾ ഇവിടെ വിറ്റഴിക്കപ്പെടുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഗുണം കുറഞ്ഞ പച്ചക്കറികൾക്കുപകരം രാസവള കീടനാശിനി പ്രയോഗമില്ലാത്ത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് വിത്തുകളും മറ്റു സാമ്പത്തീക സഹായങ്ങളും പഞ്ചായത്തിലെ കൃഷിക്കാർക്ക് ലഭ്യമാക്കുകയാണ് പ്രാദേശിക ഉല്പാദനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗം. സഹകരണാടിസ്ഥാനത്തിൽ വിപണന കേന്ദ്രങ്ങളും ആവശ്യമാണ്.

**2. പുഷ്പക്കൃഷി :** ഇന്ന് വിദേശനാണ്യം നേടിത്തരുന്ന പുഷ്പക്കയറ്റുമതി കാർഷീകമേഖലയിൽ വൻസാധ്യതകൾ ഉളവാക്കിയിട്ടുണ്ട്. അഭ്യസ്തവിദ്യർ വനിതകൾ എന്നിവർക്ക് കുറഞ്ഞ മുതൽ മുടക്കിൽ പുഷ്പക്കൃഷി ചെയ്യാവുന്നതാണ്. പരിശീലനം, സാമ്പത്തീക സഹായം എന്നിവ ഹോർട്ടികൾച്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ലഭിക്കും സന്നദ്ധരായവരെ തിരഞ്ഞെടുത്ത് പരിശീലനം നൽകണം. ഓർക്കിഡുകൾ, കുറ്റിമുല്ല,ആന്തൂറിയം, റോസ് എന്നിങ്ങനെവ്യാപാര പ്രധാന്യമുള്ള ഇനങ്ങൾ വ്യാപകമായി കൃഷി ചെയ്യുകയും ശേഖരിച്ച് വില്പന കേന്ദ്രങ്ങളിൽ എത്തിക്കുകയും ചെയ്യണം.

**3. കൂൺകൃഷി :** വളരെ കുറഞ്ഞ ചിലവിൽ വീട്ടുവളപ്പിൽ സാധാരണക്കാർക്ക് ചെയ്യാവുന്ന കൃഷിയാണ്. ചെറിയ പരിശീലനം ലഭിച്ചാൽ മതിയാകുന്നതാണ്.

**4. വാനിലകൃഷി :** താങ്ങുമരങ്ങൾ ആവശ്യമായിട്ടുള്ളതും വീടിന് സമീപം ചെയ്യാവുന്നതുമായ വാനിലകൃഷി പഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. പരിശീലനവും സാമ്പത്തീകസഹായവും നൽകിവാനില കൃഷി വ്യാപകമാക്കേണ്ടതാണ്. കൃത്രിമപരാഗണം നടത്തേണ്ടതിനാൽ ശാസ്ത്രീയമായ പരിശീലനം അത്യാവശ്യമാണ്.

**5.ഔഷധസസ്യകൃഷി :** ഔഷധ സസ്യങ്ങളുടെ ലഭ്യത സ്വാഭാവികവനങ്ങൾ കുറയുന്നതിനാൽ പ്രതിസന്ധിയിലാണ്. ഔഷധ സസ്യങ്ങൾ

കൃഷിചെയ്യുന്നതിന് ആദായകരമാണ്. ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്. ഭൂരിഭാഗം ചെറുകിട കർഷകർക്കും ആദായം വർദ്ധിപ്പിക്കുന്നതിന് ഇത് സഹായകരമായിരിക്കും.

**6. എണ്ണക്കുരുക്കൾ :** കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ എള്ള്, നിലക്കടല, സുര്യകാന്തി എന്നീ വിളകൾ കൃഷി ചെയ്യാവുന്നതാണ്. എണ്ണ ആട്ടിയെടുക്കുന്നതിനുള്ള സംവിധാനവും വിത്ത് കൃഷിക്കാരന് നൽകുന്നതിനുള്ള സൗകര്യങ്ങളും ആരായേണ്ടതാണ്.

**7. തേയില, കശുമാവ് :** പഞ്ചായത്തിലെ 9,10 വാർഡുകളിലെ തരിശുഭൂമികളിൽ തേയിലകൃഷിക്ക് വൻ സാധ്യതയുണ്ട്. വയനാട്ടിൽ കാലാവസ്ഥയ്ക്കനുയോജ്യമായ കശുമാവിനങ്ങൾ തിരഞ്ഞെടുത്ത് പരീക്ഷിക്കാവുന്നതാണ്.

ഗ്രാമ്പു,ജാതി, കറുവപ്പട്ട എന്നിവയുടേയും ഫല വൃക്ഷങ്ങളായ സപ്പോട്ട, ബട്ടർ ഫ്രൂട്ട്, പപ്പായ, നല്ലയിനം മാവുകൾ, ഓറഞ്ച് എന്നിവയും നട്ടുവളർത്തുന്നതിന് പ്രോത്സാഹനം ലഭിക്കേണ്ടതാണ്.

**8. കൈതച്ചക്ക കൃഷി :** വയലിലും കരയിലും ലാഭകരമായി ചെയ്യാവുന്ന ഒന്നാണ് കൈതച്ചക്കകൃഷി. വേനൽക്കാലങ്ങളിൽ മാർക്കറ്റ് ലഭിക്കുന്നതും പഴസംസ്ക്കരണ യൂണിററുകൾ അനുബന്ധ വ്യവസായമായി തുടങ്ങാവുന്നതുമായ ഒന്നാണിത്. നല്ലയിനങ്ങൾ തിരഞ്ഞെടുക്കുന്നതിനും വളപ്രയോഗം, ജലസേചനം എന്നിവ ശാസ്ത്രീയമായി ചെയ്യുന്നതിനും കൃഷിഭവനുകൾ മുഖേന പരിശീലനം നൽകേണ്ടതാണ്. കുറഞ്ഞ മുതൽ മുടക്കിലൂടെ ആദായം ലഭിക്കുന്നതും ഇടവിളയായി ചെയ്യാവുന്നതുമായ ഒന്നാണ് കൈതച്ചക്കകൃഷി. ഒരു പ്രാവശ്യം കൃഷിയിറക്കിയാൽ നാലുവർഷം തുടർച്ചയായി വിളവെടുക്കാം എന്ന ഗുണവുമുണ്ട്.

## *കൃഷിഭവനുകൾ:*

കൃഷി ആവശ്യങ്ങൾക്കുള്ള ധനസഹായങ്ങൾ മുഖ്യമായും കൃഷിഭവൻ മുഖേനയാണ് കർഷകർക്ക് ലഭിക്കുന്നത്. കൃഷിഭവനിൽ കർഷകരുടെ പാടശേഖര സമിതി, കേരകർഷകസമിതി , കുരുമുളക് സമിതി എന്നിങ്ങനെ കർഷകർ അംഗങ്ങളായുള്ള ഘടകങ്ങൾമുഖേന സബ്സിഡികളും വിത്ത്, വളം യന്ത്രോപകരണങ്ങൾ എന്നിവയും വിതരണം ചെയ്തുവരുന്നു. കൃഷിഭവനിൽ നിന്നും നൽകുന്ന ആനുകൂല്യങ്ങൾ യഥാർത്ഥത്തിൽ കർഷകരിൽ എത്തുന്നില്ല എന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ഇടത്തട്ടുകാർ മുഖേന നടക്കുന്ന ഈ അഴിമതി അവസാനിപ്പിക്കുവാൻ ജനപ്രതിനിധികളും ജനങ്ങളും കൂടുതൽ ബോധവാന്മാരാകേണ്ടതാണ്. കർഷകർക്കു വേണ്ടി ആത്മാർത്ഥയോടെ പ്രവർത്തിക്കുവാൻ തയ്യാറുള്ളവരായിരിക്കണം, വിവിധ സമിതികളുടെ ഭാരവാഹികൾ ആകേണ്ടത്. കൃഷിഭവൻേറ പരിധിയിൽ വരുന്ന മുഴുവൻ കർഷകരേയും രജിസ്റ്റർ ചെയ്യുകയും അവർക്ക് നൽകുന്ന രജിസ്ട്രേഷൻ കാർഡിൽ കർഷകന് നൽകുന്ന മുഴുവൻ ആനുകൂല്യങ്ങളും രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അതോടൊപ്പം ഒരു കോപ്പി കൃഷിഭവനിൽ സൂക്ഷിക്കുകയും ചെയ്താൽ യഥാർത്ഥ ഗുണഭോക്താക്കളേയും ആനുകുല്യം കൈപ്പറ്റുന്ന ഗുണഭോക്താവിനേയും തിരിച്ചറിയുന്നതിന് സാധിക്കുന്നു.

### പട്ടിക IV

| നാമമാത്രകർഷകർ 1 ഹെക്ടറിൽ താഴെ | ചെറുകിട കർഷകർ (1-2ഹെക്ടർ) | വൻകിട കർഷകർ 2 ഹെക്ടറിന് മുകളിൽ | ആകെ |
|---|---|---|---|
| 3453 | 2350 | 44 | 5847 |

### പട്ടിക V
### വിതരണം ചെയ്ത കാർഷീക ഉപകരണങ്ങൾ

| ഉഴവു ഉപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതിയെന്ത്രം | തെങ്ങുകയറ്റ യന്ത്രം | ഹേർട്ടബിൾ പമ്പുസെറ്റുകൾ |
|---|---|---|---|---|---|---|---|---|
| ട്രാക്ടർ | ടില്ലർ | നാടൻകലപ്പ | റോക്ക്സ്പ്രയർ | നാപ്സ്റ്റാക്ക് സ്പ്രയർ | മറ്റുള്ളവ | | | |
| 9 | 7 | 3816 | 1415 | 950 | - | 2 | 10 | 428 |

## പട്ടിക VI പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് രാസവള കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനം | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം | |
| 1 | സഹകരണ ബാങ്ക് | 4MT | 36ലി. | 8 kg | 3MT | 15ലി | 2kg | - | - | - |
| 2 | സ്വകാര്യം | 6MT | 161ലി | 41kg | 14MT | 183ലി | 66kg | 18.5 MT | 208ലി | 86 kg |
| | ആകെ | 10M.T. | 197ലി | 49kg | 17MT | 198ലി. | 68 kg | 18.5 MT | 208ലി | 86 kg |

## പട്ടിക VII
### പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് നടീൽ വസ്തുക്കൾ വിതരണം

| | ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1. | തെങ്ങ് | 6860 | 4955 | 9478 |
| 2. | കുരുമുളക് | 32500 | 19200 | 50 |
| 3. | കവുങ്ങ് | 2500 | 4500 | 240 |
| 4. | മാവ് | 125 | 159 | 200 |
| 5. | ഗുവ | 20 | 88 | - |
| 6. | സപ്പോട്ട | 20 | 53 | 50 |
| 7. | കൊക്കോ | - | - | 330 |
| 8. | നട്മഗ് | - | 18 | - |
| 9. | മാതളം | 35 | - | - |
| 10. | നെല്ലി | 25 | - | - |
| 11. | കൊടംപുളി | 150 | - | |
| 12. | റംബൂട്ടാൻ | - | 75 | - |
| 13. | പേര | - | 60 | - |
| 14. | ചെറി | - | 200 | |
| 15. | ചാമ്പ | - | 25 | - |

## പട്ടിക VIII
### പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നം | വിതരണം ചെയ്ത തുക | നാശംസംഭവിച്ച കൃഷിയിനം | ധനസഹായം ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|
| 1994-95 | കൊടുംകാറ്റ് | 222234 | വാഴ (9001 എണ്ണം) | 48 |

## പഞ്ചായത്തിൽ നിലവിലുള്ള കുരുമുളക് സമിതികൾ

| | | |
|---|---|---|
| 1. കാപ്പിക്കളം | 11. പേരാൽ | 21. സമദശിനി |
| 2. പന്തിപ്പൊയിൽ | 12. തെങ്ങും മുണ്ട | 22. മാങ്ങോട്ടുവാടി |
| 3. ബപ്പനം | 13. കുവലത്തോട് | 23. ഭാവന |
| 4. കുറ്റിയാം വയൽ | 14 മാതോത്തുകൊല്ലി | 24. ജയഭാരതി |
| 5. വെണ്ടലേരി | 15. ആലഞ്ചേരി | 25. കേഴയാട്ടുകുന്ന് |
| 6. പ്രസര | 16. കണ്ണോത്ത്കുന്ന് | 26. കുന്നേരി കുന്ന് |
| 7. മഞ്ഞൂറ | 17. പുതുശ്ശേരിക്കടവ് | 27. ചെമ്പകമൂല |
| 8. നാഗത്തിങ്കൽ | 18. വീട്ടിക്കാമൂല | 28. നവചൈതന്യ |
| 9. അരമ്പറ്റക്കുന്ന് | 19. ചേരിയം കൊല്ലി | 29. കുറുമണി |
| 10. വെളിയർണ | 20. പടിഞ്ഞാറത്തറ ടൗൺ | 30. പന്തിപ്പൊയിൽ |

## പഞ്ചായത്തിലെ പാടശേഖര സമിതികൾ

| | | |
|---|---|---|
| 1.കുറുമണി | 11. രമ്യത | 21. അരമ്പറ്റക്കുന്ന് |
| 2. മാതോത്ത്കൊല്ലി | 12. വീട്ടിക്കാമൂല | 22. പള്ളിത്താഴെ |
| 3. ചാന്നാലത്ത് | 13. പേരാൽ | 23.ചൈതന്യ- A |
| 4. ചുള്ളിയാണ | 14. മുരിക്കിലാംപറ്റ | 24. ചൈതന്യ - B |
| 5. കല്ലുവെട്ടുംതാഴെ | 15. ചെമ്പകമൂല | 25. എടത്തറ |
| 6. ചേര്യംകൊല്ലി | 16. കൂവലത്തോട് | 26. കണ്ണോത്തഭാഗം |
| 7. മാങ്കോട്ടുപടി | 17. പെരിഞ്ചോല | 27. ഉദയ |
| 8. ഞാറ്റാല | 18. മഞ്ഞൂറ | 28.പൊലിയറ്റ |
| 9. തെങ്ങുംമുണ്ട | 19. ചോലയിൽ | 29. സമദർശിനി |
| 10.ചാളപ്പടി | 20. തുമ്പോട് | 30. പന്തിപ്പൊയിൽ |

കൃഷിഭവൻെറ കീഴിൽ ഒരുകേര കർഷക സമിതിയും പ്രവർത്തിക്കുന്നുണ്ട്. കാർഷികരംഗത്തെ പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ വാർഡു തിരിച്ച്

**വാർഡ് I:** നിലവിലുള്ള കല്ലുവെട്ടുംതാഴെ, മങ്ങോട്ടു പദ്ധതി എന്നീ ലിഫ്ട് ഇറിഗേഷൻ പദ്ധതികൾ പണി പൂർത്തിയായിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. 2500 മീറ്റർപൈപ്പ് ലൈൻ കൂടി സ്ഥാപിച്ചാൽ 150 ഹെക്ടർ സ്ഥലത്തുകൂടി രണ്ടാം വിള കൃഷി ചെയ്യാൻ കഴിയുന്നതാണ്.

**വാർഡ് II:** മാതോത്തുകൊല്ലി, ചെമ്പകച്ചാൽ എന്നീ പാടശേഖര സമിതികൾക്ക് പവ്വർടില്ലർ, ട്രാക്ടർ എന്നിവ അനുവദിക്കുകയും ആവശ്യമായ വഴി സൗകര്യങ്ങൾ നൽകുകയും വേണം.

**വാർഡ് III:** ഉക്കിനി വയിലിൽ നിലവിലുള്ള കുളം വിപുലീകരിക്കുക.

**വാർഡ് IV:** വെങ്ങേരികുന്ന് ഭാഗത്ത് പുഴയരികിൽ 10HPയുടെ ഒരു മോട്ടോർ സ്ഥാപിച്ച് 10 ഹെക്ടറോളം സ്ഥലം ജലസേചന യോഗ്യമാക്കിയാൽ പച്ചക്കറിയും മറ്റു ഹ്രസ്വകാലവിളകളുംകൃഷി ചെയ്യാവുന്നതാണ്.അയ്യപ്പൻകാവിന് താഴെയുള്ള കുളം പുതുക്കിപ്പണിയണം.

**വാർഡ് V:** പാടശേഖര സമിതികൾക്ക് മെതിയന്ത്രം നൽകുക. കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുക. തിരുമംഗലം തോടിൻെറ ഇരുവശങ്ങളും കല്ലുകെട്ടി കവിഞ്ഞൊഴാക്കു നിയന്ത്രിക്കുക.

**വാർഡ് VI:** മണ്ണൊലിപ്പ് തടയാനുള്ള പദ്ധതികൾ അടിയന്തരിമായി നടപ്പിലാക്കുക.

**വാർഡ് VII:** നിർമ്മാണത്തിലിരിക്കുന്ന മുരിക്കില്ലാം പറ്റ പദ്ധതി ഉടൻ പൂർത്തിയാക്കുക.വൈദ്യുതി കണക്ഷൻ കാർഷീകാവശ്യങ്ങൾക്ക് നൽകുകയും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക. ചെമ്പകമുല പാടശേഖരത്തിന് ഒരു പവ്വർടില്ലറും മുരിക്കിലാം പറ്റ പാടശേഖരത്തിന് ഒരു മെതിയെന്ത്രവും കേഴയാട്ടുകുന്ന് പാടശേഖരണ സമിതിക്ക് ഒരു ട്രാക്ടറും അനുവദിക്കുക.

**വാർഡ് VIII:** രമ്യത, ഉദയ പാടശേഖരങ്ങളിലേക്കായുള്ളതും നിർമ്മാണം നടന്നുവരുന്നതുമായലിഫ്ട് ഇറിഗേഷൻ പദ്ധതി എത്രയും പെട്ടെന്ന് പണിപൂർത്തിയാക്കി ജലസേചന യോഗ്യമാക്കുക. ഇതുവഴി25 ഹെക്ടർ സ്ഥലത്ത് രണ്ടാംവിള കൃഷി ചെയ്യാവുന്നതാണ്.

**വാർഡ് IX:** നരിപ്പാറ, ബപ്പനംമല, ആലക്കണ്ടി എന്നിവിടങ്ങളിൽ ധാരാളമുള്ള തരിശുഭൂമിയിൽ തേയില, കശുമാവ് എന്നിവ കൃഷി ചെയ്യുന്നതിനാവശ്യമായ സാങ്കേതികവും സാമ്പത്തീകവുമായ സഹായങ്ങൾ നൽകണം. ഓണിമൽ, പെരിഞ്ചോല പാടശേഖര സമിതികൾക്ക് പവ്വർ ടില്ലറോ, ട്രാക്ടറോ അനുവദിക്കണം.

8,9,10 വാർഡുകളിൽ വ്യാപകമായി കാട്ടുമൃഗശല്യം ഉണ്ട്. ഇതു തടയുന്നതിനുവേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കൃഷി വൻതോതിൽ മൃഗങ്ങൾ നശിപ്പിക്കുന്നുണ്ട്.

## *പൊതുനിർദ്ദേശങ്ങൾ :*

1. മണ്ണൊലിപ്പുതടയൽ : ഇപ്പോൾ തുടർന്നു വരുന്ന അശാസ്ത്രീയ കൃഷി രീതികൾ കൊണ്ട് രൂക്ഷമായ മണ്ണൊലിപ്പുണ്ടാകുന്നുണ്ട് കരഭൂമികൾ കുന്നിൻ പ്രദേശങ്ങളാകയാൽ ഇഞ്ചി, കപ്പ, തുടങ്ങിയവ വ്യാപകമായി കൃഷി ചെയ്യുന്നതും തോട്ടങ്ങൾ കിളയ്ക്കുന്നതുമൂലവും ഫലഭൂയിഷ്ടമായ മേൽമണ്ണ് നഷ്ടപ്പെട്ടു പോകുന്നുണ്ട്. ജൈവാംശം കൂടുതലുള്ള മേൽ മണ്ണാണ്കൃഷിക്ക് ഏറ്റവും ആവശ്യമായിട്ടുള്ളത്. അതിനാൽ ചെങ്കുത്തായ പ്രദേശങ്ങൾ കയ്യാലകൾ നിർമ്മിച്ചും തട്ടുകളായി തിരിച്ചും കോണ്ടൂർ നിരകളിലുള്ള കൃഷിരീതികൾ കൊണ്ടും പയർവർഗ്ഗങ്ങൾ തീറ്റപ്പുല്ല് എന്നിവ കൃഷി ചെയ്തും മണ്ണിൻെറ ഗുണമേന്മ വർദ്ധിപ്പിക്കുന്നത്മറ്റു കൃഷികൾക്ക് സഹായകരമായി തീരുകയും ചെയ്യും. ഇതിനായി പ്യൂറേറിയ, മ്യുക്കുണ, സുബാബുൾ എന്നീ പയർവർഗ്ഗങ്ങൾ അനുയോജ്യമാണ്. കന്നുകാലിതീറ്റപ്പുല്ല് കൃഷി ചെയ്യുന്നത് ആദായം വർദ്ധിപ്പിക്കുന്നു. വൻവൃക്ഷങ്ങൾ വളർത്തുന്നത് മണ്ണിൻെറ ജലസംഭരണശേഷി വർദ്ധിപ്പിക്കുകയും മണ്ണൊലിപ്പ് തടയുകയും ചെയ്യുന്നു. ഇവയുടെ ഇലകൾ മണ്ണിൽ പുതയായി മാറുകയും മണ്ണിരയുടേയും സൂക്ഷ്മ ജീവികളുടേയും വർദ്ധനവിന് കാരണമാവുകയും ചെയ്യുന്നു. മണ്ണസംരക്ഷണ നടപടികൾ വഴി മണ്ണിൻെറ ഗുണം വർദ്ധിക്കുകയും സസ്യങ്ങളുടെആരോഗ്യം പുഷ്ടിപ്പെടുകയും ചെയ്യുന്നു. 6,8,10 വാർഡുകളിൽ മണ്ണൊലിപ്പ് രൂക്ഷമാണ്.

2, കുരുമുളക് പുനരുദ്ധാരണം : രോഗംബാധിച്ച കുരുമുളക് വള്ളികൾ കൃഷിഭവൻെറ നേതൃത്വത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒന്നിച്ച് നശിപ്പിക്കണം.തുരിശും കുമ്മയായവും കർഷകർക്ക് നൽകാതെ തോട്ടങ്ങളിൽ കൃഷിഭവൻെറ നേതൃത്വത്തിൽ ബോർഡോ മിശ്രിതം ഉണ്ടാക്കി തളിക്കുകയും ചിലവ് കർഷകരിൽ നിന്നും ഈടാക്കുകയും ചെയ്യേണ്ടതാണ്. അത്യുൽപ്പാദനശേഷിയുള്ള നല്ലയിനം വള്ളികൾ വിതരണം നടത്തണം.

മണ്ണുപരിശോധന : മണ്ണിൻെറ ഘടന മനസ്സിലാക്കാതെയുള്ള കൃഷി പാഴ്വേലയാണ്. പ്രത്യേകിച്ചും രാസവളം ചേർക്കുന്ന മണ്ണിൽ ആവശ്യമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് നിശ്ചയിക്കുന്നതിന് മണ്ണുപരിശോധന കൂടിയേതീരൂ. ഒരു മൊബൈൽ മണ്ണ്പരിശോധനായൂണിറ്റ് പഞ്ചായത്തിൽ ഉണ്ടായിരിക്കണം.

**സീഡ്ഫാം :** കർഷകനാവശ്യമായ വിളകളുടെ വിത്ത് ലഭിക്കുന്നതിനുള്ള സംവിധാനം ഇന്നു മിക്ക പഞ്ചായത്തുകളിലും ഇല്ല. കർഷകൻെറ ആവശ്യമനുസരിച്ച് നല്ലയിനം വിത്ത് സംഭരിച്ച് വിതരണം ചെയ്യാൻ ഒരു സീഡ്ഫാം പഞ്ചായത്തിൽ ആരംഭിക്കണം. കർഷകർക്ക് പരിശീലനവും വിദഗ്ധ ഉപദേശവും നൽകുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും സൗകര്യമുള്ള കേന്ദ്രമായിസീഡ്ഫാം പ്രയോജനപ്പെടണം. എല്ലാവിധ വിളകളുടെയും വിത്ത് സംഭരണ വിതരണ കേന്ദ്രമായി കാർഷീക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒന്നായിരിക്കണം സീഡ്ഫാം.

മൃഗാശുപത്രിയുടെ സേവനം : പഞ്ചായത്തിൽ 7ാം വാർഡിലാണ് വെറ്റിനറി ക്ലിനിക്ക് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ദൂരസ്ഥലങ്ങളിൽ നിന്നും മൃഗങ്ങളെ ക്ലിനിക്കൽ കൊണ്ടുവന്നു ചികിത്സിക്കാൻ പ്രയാസമാണ്. കുപ്പിടാത്തറ വില്ലേജിൽ ഒരു വെറ്റിനറി ക്ലിനിക് ആരംഭിക്കുകയും സ്ഥിരം ഡോക്ടറുടെയും ലൈവ് സ്റ്റോക്ക് അസിസ്റ്റൻറിനേയും നിയമിക്കുകയും ചെയ്യണം. ക്ലിനിക്കൽ ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കണം. കൃഷിക്കാരൻെറ സമയം ദുർവ്യയം ചെയ്യുന്ന സമ്പ്രദായം ഒഴിവാക്കാൻ കഴിയണം.

**ബാങ്ക് വായ്പകൾ :** കൃഷിയിൽ നിന്നും ആദായം ലഭിക്കുന്നതുവരെ കർഷകൻ വലിയ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ബാങ്ക്വായ്പകൾ ഒരു പരിധിവരെ ആശ്വാസകരമാണെങ്കിലും ലോൺ ലഭിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ, പലിശയുടെ വർദ്ധനവ്, വേണ്ട സമയങ്ങളിൽ ലഭിക്കായ്ക എന്നിങ്ങനെ കർഷകർ അനുഭവിക്കുന്ന പ്രയാസം ഏറെയാണ്.ഇപ്പോൾ നിലവിലുള്ള 12 1/2 % പലിശ നൽകാൻ സാധാരണക്കാരന് പ്രയാസമാണ്. നെൽകൃഷിക്കാർക്ക് പലിശയില്ലാത്ത വായ്പയും മറ്റുള്ളവയ്ക്ക് പലിശ സബ്സിഡിയും നൽകി കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. സാങ്കേതികത്വം ലഘൂകരിക്കുകയും ആവശ്യമായഎല്ലാ സമയത്തും വായ്പ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. പടിഞ്ഞാറത്തറ കാനറാ ബാങ്ക് ഈ സാമ്പത്തിക വർഷം 1542 പേർക്കായി 78,95954.00 രൂപ വിതരണം നടത്തുകയുണ്ടായി.

വിള ഇൻഷ്വറൻസ് പദ്ധതികൾ : തെങ്ങ്, റബ്ബർ, വാഴ, ഇഞ്ചി, പച്ചക്കറി എന്നീ വിളകൾക്ക് ഇന്ന് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾ (വരൾച്ച,കാറ്റ്, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായവ) മൂലമുണ്ടാകുന്ന കൃഷിനാശത്തിന് ഈ പദ്ധതികൾ പ്രയോജനകരമാണ്. ആനുകൂല്യങ്ങൾ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്. സർക്കാർനേരിട്ട് പ്രീമിയം നൽകി എല്ലാ വിളകൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തിയും കൃഷി ഒരു തൊഴിലായി സ്വീകരിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കും കുറഞ്ഞത് ഒരുലക്ഷം രൂപയുടെ വ്യക്തിഗത ഇൻഷ്വറൻസ് സംരക്ഷണം നൽക്കുകയും ചെയ്യേണ്ടതാണ്.

വൻമൃഗങ്ങളേയും കീടങ്ങളേയും നിയന്ത്രിക്കൽ : പഞ്ചായത്തിൽ 8,9,10 വാർഡുകളിൽ (കുറ്റ്യാടി ഓഗ്മെൻറ്റേഷൻ പദ്ധതി പ്രദേശം ) പദ്ധതിയുടെ കാച്ച്മെൻറ് ഏരിയായിൽ നിന്നും വന്യമൃഗങ്ങൾവന്ന് വ്യാപകമായി കൃഷി നശിപ്പിക്കുന്നുണ്ട്. വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ പന്നിയും തെങ്ങ്, കാപ്പി എന്നിവ ആനയും നശിപ്പിക്കുന്നു. വൈദ്യുത കമ്പിവേലി സ്ഥാപിക്കുന്നതിനും, എയർഗൺ ഉപയോഗിക്കുന്നതിന് കർഷകരെ അനുവദിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ഉടൻ ആസൂത്രണം ചെയ്യേണ്ടതാണ്. കൃഷിയിടങ്ങളിലെ കീട നിയന്ത്രണത്തിന് കൃഷിഭവൻെറ നിയന്ത്രണത്തിലും ഉത്തരവാദിത്വത്തിലും പദ്ധതികൾ ആവിഷ്കരിക്കുകയും കൃഷിക്കാരൻെറകൈയിൽ നിന്നും ചിലവ് ഈടാക്കിക്കൊണ്ട് മരുന്നുതളിക്കൽ, നടത്തേണ്ടതുമാണ്. കൃഷിഭവൻമുഖേന നൽകുന്ന തുരിശ്, കോപ്പർ ഓക്സിക്ലോറൈഡ് എന്നിവ യഥാസമയത്തും കൃത്യ അളവിലും പ്രയോഗിക്കുന്നതിന് കർഷകന് കഴിയുന്നില്ല. കൃഷിഭവൻ നേരിട്ടുതന്നെ ഇത്തരം പദ്ധതികൾ നടപ്പിലാക്കണം. എലികളെ നിയന്ത്രിക്കുന്നതിനും, തവളകളേയും പക്ഷികളേയും പാമ്പുകളേയും സംരക്ഷിക്കുന്നതിനും ഉള്ള ബോധവൽക്കരണം കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ ചെയ്യേണ്ടതാണ്. പക്ഷികളുടേയും മൃഗങ്ങളുടേയും ആവാസ വ്യവസ്ഥകൾ നശിക്കുന്നതിനാൽ അവ വളരെ വേഗത്തിൽ അപ്രത്യക്ഷമാവുകയാണ്. നമ്മുടെ പഞ്ചായത്തിലെ പക്ഷിമൃഗാദികളെ സംരക്ഷിക്കുന്നതിന് കർഷകരേയും ബഹുജനങ്ങളേയും ബോധവൽക്കരിക്കേണ്ടതുണ്ട്. ജൈവവൈവിധ്യം സംരക്ഷിക്കേണ്ടത് ഒരു പ്രധാനചുമതലയായിതന്നെ ജനങ്ങൾ കരുതണം. പ്രകൃതിക്ക് ക്ഷതം ഏല്പിക്കാത്ത കൃഷിരീതികൾ കർഷകരെ പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

**ജൈവവള ഉല്പാദനം:** പ്രകൃതിയുടെ സ്വാഭാവികതകിടംമറിക്കുന്ന ഒന്നാണ് കൃഷി എന്നതിൽ സംശയമില്ല. അനേകലക്ഷം സസ്യങ്ങളേയും ജന്തുക്കളേയും കൃഷികൊണ്ട്നാം എന്നന്നേക്കുമായി വംശഹത്യ ചെയ്തിട്ടുണ്ട്. ഏകവിളതോട്ടങ്ങളും രാസവളകീടനാശിനി പ്രയോഗവും ഗുണത്തേക്കാളേറെ ദോഷകരമായി

തീർന്നിട്ടുണ്ട്. കീടങ്ങൾ കീടനാശിനികളെ അതിജീവിക്കുകയും ചെയ്യുന്നു. ജലവും മണ്ണും വിഷമായി മാറുന്നു. ആരോഗ്യം നശിച്ച മണ്ണിൽ വളരുന്ന സസ്യങ്ങളും ആരോഗ്യമില്ലാത്തവയാണ്. അവ ഭക്ഷിക്കുന്ന ജീവജാലങ്ങളും രോഗാതുരത്വരായി മാറുന്നു. മണ്ണിൻെറ ഘടനയിൽ വന്ന മാറ്റം ജലസംഭരണശേഷികുറയാനും സുക്ഷ്മാണുക്കളുടെ പ്രവർത്തനം നഷ്ടപ്പെട്ടതായി തീരാനും കാരണമായി.

ജൈവവളപ്രയോഗത്തിലൂടെ മണ്ണിൻെറ ആരോഗ്യം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ഇന്ന് എല്ലാ രാജ്യങ്ങളിലും നടന്നുവരുന്നുണ്ട്. പയർവർഗ്ഗത്തിൽപ്പെട്ട ചെടികൾ വ്യാപകമായി കൃഷിചെയ്യുക, വേനൽ കാലാരംഭത്തിൽ പുതയിടുക, മണ്ണ് ഇളക്കിമറിച്ച് മണ്ണൊലിപ്പുണ്ടാക്കാതിരിക്കുക, മണ്ണിര കമ്പോസ്റ്റ്, ചാണകം, കാർഷികാവശിഷ്ടങ്ങൾ എന്നിവ തിരിച്ച് കൃഷിയിടങ്ങളിൽ നിക്ഷേപിക്കുക,നാടൻ വൃക്ഷങ്ങൾ നട്ടുവളർത്തുക, രോഗങ്ങൾ കുറഞ്ഞ നാടൻവിത്തിനങ്ങൾ കൃഷിചെയ്യുക, ജൈവകീടനാശിനികൾ ഉല്പാദിപ്പിച്ച് പ്രയോഗിക്കുക എന്നിങ്ങനെയുള്ള കാർഷിക പ്രവർത്തികളിലൂടെ ക്രമത്തിൽ മണ്ണിൻെറ ഗുണം വർദ്ധിപ്പിക്കാനും ആദായം വർദ്ധിപ്പിക്കുന്നതിനും കാർഷികച്ചിലവുകൾ കുറച്ചുകൊണ്ടുവരുന്നതിനും സാധ്യമാണ്.

**ജീവാണുവളം:** മണ്ണിൻെറ സ്വാഭാവികമായ ആരോഗ്യം നിലനിർത്തുന്നതിന് ജൈവവളങ്ങളോടൊപ്പം ജീവാണുക്കളുടെ പ്രവർത്തനവും ആവശ്യമാണ്. മണ്ണിൽ കാണപ്പെടുന്ന നൈട്രിഫൈയിംഗ് ബാക്ടീരിയ ഒരു ഉദാഹരണമാണ്. ഇന്ന് വിത്തിനോടൊപ്പം ജീവാണുക്കളും ലഭ്യമാണ്. ഇവ മണ്ണിൽ നൽകിയാൽ ഈർപ്പവും ഹ്യൂമസും ഉണ്ടെങ്കിൽ സസ്യങ്ങൾക്കാവശ്യമായ പോഷകങ്ങൾ വളരെ പെട്ടെന്ന് വർദ്ധിക്കുന്നതായി കണ്ടിട്ടുണ്ട്. ഇത്തരം ജീവാണുവളങ്ങൾ കൃഷിഭവൻ മുഖേന കർഷകരിലെത്തിക്കാൻ സംവിധാനം ഉണ്ടാക്കണം.

**കർഷകശ്രീ:** എല്ലാ വർഷവും പഞ്ചായത്തിലെ കർഷകരെ ആദരിക്കുന്നതിന് 'കർഷകദിനം' വിപുലമായ പരിപാടികളോടെ നടത്തേണ്ടതാണ്. തനതായ ശൈലിയിലുടെ കാർഷികരംഗത്ത് നേട്ടങ്ങളുണ്ടക്കുന്ന കൃഷിക്കാരെ കണ്ടെത്തി ഗ്രാമപഞ്ചായത്തിൻെറ 'കർഷകശ്രീ' ബഹുമാനങ്ങളും സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകാവുന്നതാണ്. ഓരോ വിളകൾക്കും പ്രത്യേകം പ്രോൽസാഹന സമ്മാനങ്ങൾ നൽകേണ്ടതാണ്. കർഷകമേളകളും പ്രദർശനങ്ങളും മൽസരങ്ങളും ഇതോടൊപ്പം പഞ്ചായത്തിൽ നടത്തേണ്ടതാണ്.

**പ്രസിദ്ധീകരണങ്ങൾ:** കർഷകരെ സഹായിക്കുന്നതിനുള്ള ധാരാളം പ്രസിദ്ധീകരണങ്ങൾ ലഭ്യമാണ്. പഞ്ചായത്തിലെ എല്ലാ വായനശാലകളിലും ക്ളബ്ബുകളിലും ഇത്തരം പ്രസിദ്ധീകരണങ്ങൾ നൽകണം. സീഡ്ഫാമിനോടനുബന്ധിച്ച് ഒരു റഫറൻസ് ലൈബ്രറി കൃഷിക്കാർക്ക് മാത്രമായി ഏർപ്പെടുത്തണം. ഇന്ന് മിക്കവായനശാലകളിലും ടെലിവിഷൻ ഉണ്ടല്ലോ. കൃഷിയെ സംബന്ധിക്കുന്ന ടെലിഫിലിമുകൾ ഇത്തരം കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കാൻ മാർഗ്ഗങ്ങൾ ആരായണം.

**കൃഷിഭവൻെറ ഉപകേന്ദ്രങ്ങൾ:** രണ്ടാം വാർഡിലും ഒമ്പതാം വാർഡിലും കൃഷിഭവൻെറ ആവശ്യാർത്ഥം നിർമ്മിച്ച കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുകയാണ്. ഇവ കൃഷിഭവൻെറ ഉപകേന്ദ്രങ്ങളാക്കി മാറ്റുകയും ഈ പ്രദേശങ്ങളിൽ താമസിക്കുന്ന കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കുകയും ചെയ്യേണ്ടതാണ്.

**അനുബന്ധ വ്യവസായങ്ങൾ:** കൃഷിയുടെ അനുബന്ധവ്യവസായങ്ങൾ പഞ്ചായത്തിൽ ഒന്നും തന്നെ ഇല്ല. വിദേശത്ത് നല്ല ഡിമാൻറുള്ള വെള്ളക്കുരുമുളക് നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നത് കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കാൻ സഹായകരമാകും. സ്പൈസസ്ബോർഡ് ഇതിനുള്ള പരിശീലനം നൽകാറുണ്ട് സബ്സിഡി ലഭിക്കുന്ന വെള്ളക്കുരുമുളക് നിർമ്മാണം ഒരു കുടിൽ വ്യവസായമായോ ചെറുകിട വ്യവസായമോ മാറ്റാവുന്നതാണ്.

നേന്ത്രക്കായ, ചേന എന്നിവ ഉപയോഗിച്ചുള്ള ചിപ്സ്, ബേബിഫുഡ് തുടങ്ങിയവയുടെ നിർമ്മാണയൂണിറ്റുകൾ ആരംഭിക്കാനാവശ്യമായ പരിശീലനവും സാമ്പത്തികസഹായവും ഏതാനും പേർക്ക് നൽകിയാൽ തൊഴിൽ സാധ്യതയും വരുമാനവും വർദ്ധിക്കുന്നതാണ്.

കൈതച്ചക്ക, ചക്ക എന്നിവ ഉപയോഗിച്ചുള്ള പഴസംസ്കരണ യൂണിറ്റുകൾ, വിപണസാധ്യതയുള്ളതിനാൽ വിജയകരമായി പ്രവർത്തിക്കാൻ സാധ്യതയുള്ളവയാണ്.

പുഴക്കരകളിലും മറ്റ് ജലലഭ്യത കൂടുതലുള്ള പ്രദേശങ്ങളിലും കരിമ്പുകൃഷി പരീക്ഷിക്കാവുന്നതാണ്. ശർക്കരയുടേയും പഞ്ചസാരയുടേയും വർദ്ധിച്ചുവരുന്ന ആവശ്യം കരിമ്പുകൃഷി ലാഭകരമാക്കാൻ സഹായിക്കും.

മൾബറി കൃഷിയും പട്ടുനൂൽപുഴു വളർത്തലും സഹകരണാടിസ്ഥാനത്തിൽ വിജയിക്കാൻ സാധ്യതയുള്ള തൊഴിലാണ്. ഇതിൻെറ സാധ്യതകൾ ആരായേണ്ടതാണ്.

കൃഷിയിടങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് കർശനമായി തടയേണ്ടതാണ്. അത്യാവശ്യമില്ലാത്ത റോഡുകൾ നിർമ്മിക്കുന്നതിനും കെട്ടിടങ്ങൾ പണിയുന്നതിനും നല്ലകൃഷിഭൂമികൾ ഉപയോഗിക്കുന്നത് നിയമനിർമ്മാണം നടത്തി നിരുത്സാഹപ്പെടുത്തേണ്ടതാണ്.

രാസവളങ്ങൾ ആവശ്യമായ അളവിലും ആവശ്യമായ സമയത്തും നൽകുന്നതിന് കർഷകരെ പരിശീലിപ്പിക്കേണ്ടതാണ്. കൃഷിഭവൻെറ കീഴിൽ ഇതിനായി പരിശീലനക്ലാസ്സുകൾ നടത്തണം. അമിതവും അനാവശ്യവുമായ രാസവള, കീടനാശിനി പ്രയോഗം തടയുന്നതിന് ഇത് സഹായകരമായിരിക്കും.

കാപ്പികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നിരക്കിൽ സ്പ്രിംഗളർ സെറ്റുകൾ നൽകുകയും കുളങ്ങൾ കുഴിക്കുന്നതിന് വായ്പ നൽകുകയും വേണം.

പാടശേഖരസമിതികൾ, കുരുമുളക് സമിതികൾ എന്നിവയിൽ മുഴുവൻ കർഷകരേയും അംഗങ്ങളാക്കുകയും കൃഷിയുമായി ബന്ധപ്പെട്ട ചർച്ചകളും സെമിനാറുകളും നടത്തുന്നതിന് സമിതികൾക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകേണ്ടതുമാണ്.

കുട്ടനാട്ടിലും മറ്റും വിജയപ്രദമായ ജൈവകീടനിയന്ത്രണം പാടശേഖരസമിതികൾ മുഖേന കൃഷിക്കാരെ പരിചയപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുക. കർഷകത്തൊഴിലാളികളുടെ കുട്ടികൾക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയും പഠനോപകരണങ്ങൾ വിതരണം ചെയ്യുകയും സൗജന്യകാർഷിക തൊഴിൽ പരിശീലനം നൽകുകയും ചെയ്യുക.

കർഷകതൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും പെൻഷന് അർഹരായവർക്ക് കാലതാമസമില്ലാതെ പെൻഷൻ നൽകുകയും ചെയ്യുക. കർഷകതൊഴിലാളികൾക്കും നാമമാത്രകർഷകർക്കും വീട് വെയ്ക്കുന്നതിനും കുടിൽവ്യവസായങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം ആനുപാതികമായ കൂലി ഉറപ്പുവരുത്തുക.

സ്ത്രീതൊഴിലാളികളുടേയും, കുട്ടികളുടേയും ആരോഗ്യസംരക്ഷണത്തിന് മാതൃശിശുസംരക്ഷണകേന്ദ്രങ്ങൾ, അംഗൺവാടികൾ എന്നിവയുടെ പ്രവർത്തനം വിപുലീകരിക്കുക.

പഞ്ചായത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വിൽക്കുന്നതിന് ഒരു മാർക്കറ്റ് സ്ഥാപിക്കണം. ആഴ്ചയിൽ ഒന്നോരണ്ടോ ദിവസവും ഉത്സവകാലങ്ങളിലും ചന്ത നടത്താനുള്ള സൗകര്യം ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണ്.

കൃഷിഭവൻമുഖേന നൽകുന്ന സബ്സിഡികൾ വളമായും മറ്റ് വസ്തുക്കളായും നൽകാതെ അർഹത പരിഗണിച്ച് പണമായിതന്നെ നൽകേണ്ടതാണ്.

റബ്ബർകൃഷിയിൽ പഠനങ്ങളും ഗവേഷണങ്ങളും നടത്താനുള്ള ഒരു ഗവേഷണകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം. റബ്ബർ ബോർഡിൽ ഇതിന്നായി സമ്മർദ്ദം ചെലുത്തണം.

ഭൂമിയുടെ അളവിലും ഉടമസ്ഥതയിലും റീസർവ്വേയുടെ ഫലമായി ഉണ്ടായിട്ടുള്ള അപാകതകൾ ഇനിയും പരിഹരിക്കപ്പെടാതെ കിടക്കുന്നത് കർഷകനെ വിഷമിപ്പിക്കുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ വീണ്ടും സർവ്വേ നടത്തുകയും പട്ടയമില്ലാത്ത ഭൂമികൾക്ക് പട്ടയം നൽകാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

പൂച്ചെടികളുടേയും ഔഷധസസ്യങ്ങളുടേയും, ഫലവൃക്ഷങ്ങളുടേയും ലഭ്യതവർദ്ധിപ്പിക്കുന്നതിന് നഴ്സറി ആരംഭിക്കുകയും ഗുണനിലവാരമുള്ള തൈകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുകയും ചെയ്യുന്നതിന് ധനസഹായം താല്പര്യമുള്ള യുവാക്കൾക്ക് നൽകി ഈ രംഗത്ത് അംഗീകാരമില്ലാത്ത നഴ്സറികൾ നടത്തുന്ന വ്യാജവില്പന നിയന്ത്രിക്കേണ്ടതാണ്. കുപ്പാടിത്തറ വില്ലേജിൽ ഒരു വളം ഡിപ്പോ ആരംഭിക്കേണ്ടതാണ്. കിലോമീറ്ററുകൾ സഞ്ചരിച്ച് പടിഞ്ഞാറത്തറയിൽ നിന്നാണ് കർഷകർ രാസവളങ്ങൾ വാങ്ങുന്നത്.

പഞ്ചായത്തിൽ അവശേഷിക്കുന്ന കാവുകളും നീർച്ചോലകളും സംരക്ഷിക്കണം. ജൈവവൈവിധ്യം തുടച്ചുമാറ്റപ്പെടാതിരിക്കാൻ ഇവ സഹായിച്ചേക്കും.

**ജലസംരക്ഷണവും ജലസേചനവും:** മഴയുടെ ലഭ്യതയുടെ കാര്യത്തിൽ കുറവ് ഉണ്ടായിട്ടുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അതനുസരിച്ച് ജലക്ഷാമം ഓരോ വർഷം കഴിയുന്തോറും രൂക്ഷമാവുന്നതായിട്ടാണ് കാണുന്നത്. പുഴകളും തോടുകളും കുളങ്ങളും എളുപ്പത്തിൽ വറ്റിവരളുന്നു.മണ്ണുറച്ച് കട്ടിയാകുന്നു. മഴ ശക്തി പ്രാപിക്കുമ്പോൾ പ്രളയമാണ്. ഉരുൾപൊട്ടലും മണ്ണിടിച്ചിലും വ്യാപകം. മഴയെ തടഞ്ഞു നിർത്തുകയും മഴവെള്ളത്തെ സാവധാനത്തിൽ മണ്ണിലെത്തിക്കുകയും ചെയ്ത വൻമരങ്ങൾ അപ്രത്യക്ഷമായതാണ് ഇതിൻെറ അടിസ്ഥാനകാരണമെന്ന് സ്പഷ്ടമാണ്. 'മഴയൊന്ന് പെയ്താൽ മരം പത്ത് പെയ്യും' എന്ന പഴഞ്ചൊല്ല് പതിരില്ലാത്തതുതന്നെ. മണ്ണിൽ കിനിഞ്ഞിറങ്ങുന്ന ജലത്തിൻെറ അളവ് കുറയുന്നത് കിണറുകളിലേയും പുഴകളിലേയും ഉറവ എളുപ്പം വറ്റി പോകുനനതിന് കാരണമാവുകയും ചെയ്യുന്നു. ഫലപ്രദമായ ജലസംരക്ഷണപദ്ധതികൾ ആസൂത്രണം ചെയ്യുകയാണ് ജലലഭ്യത വർദ്ധിപ്പിക്കാനുള്ള മാർഗ്ഗം.മണ്ണിനെ നഗ്നമാക്കാതെ പുതയിടുകയും കാലവർഷാരംഭത്തിൽ മണ്ണിളക്കിയുള്ള കൃഷിജോലികൾ നിരുത്സാഹപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പുഴകളുടെ ഉത്ഭവസ്ഥാനങ്ങളിലും ഇരുവശങ്ങളിലും വനവൽക്കരണം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക. പുഴകളിൽ പലസ്ഥലങ്ങളിലായി തടയണകൾ നിർമ്മിക്കുക. റബ്ബർ, കാപ്പി എന്നിവ കൃഷിചെയ്യുന്ന തോട്ടങ്ങളിൽ ആഴത്തിൽ ചാലുകൾ കീറി ജലം സംഭരിക്കുക. വയലുകളിൽ പരമാവധി ജലം സംഭരിച്ച് കൃഷിനടത്തുക. രാസവളങ്ങളുടെ ഉപയോഗം കുറച്ച് മണ്ണിൻെറ ഘടന സംരക്ഷിക്കുകയും ജൈവവളപ്രയോഗം കാര്യക്ഷമമാക്കുകയും ചെയ്യുക. ജലാംശം കൂടുതൽ ബാഷ്പീകരിച്ചുകളയുന്ന യൂക്കാലി, അക്കേഷ്യ വൃക്ഷങ്ങൾ വ്യാപകമായി കൃഷിചെയ്യാതിരിക്കുക ഇവ ശ്രദ്ധിക്കേണ്ടതാണ്.

ജലസേചനസൗകര്യം വർദ്ധിപ്പിക്കേണ്ടത് കർഷകരുടെ പൊതുവായ ആവശ്യമാണ്. ജലസേചനംകൊണ്ട് വിളവ് പതിൻമടങ്ങ് വർദ്ധിക്കുന്നതായാണ് അനുഭവം. പടിഞ്ഞാറത്തറ പഞ്ചായത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന കുറ്റ്യാടി ഓഗ്മെൻേറഷൻെറ ജലവിതരണപദ്ധതിയായ ബാണാസുരസാഗർ ജലസേചനപദ്ധതി കൃഷിക്കാരുടെ സ്വപ്ന സാക്ഷാത്ക്കാരത്തിന് ഉതകുന്ന ഒന്നാണ്. കേരള സംസ്ഥാന വൈദ്യുതബോർഡ് കരമാൻതോടിൽ നിർമ്മിക്കുന്ന അണക്കെട്ടിൽനിന്നും ജലസേചനത്തിനുവേണ്ടി 1.7 ടി.എം.സി. ജലം ലഭിക്കുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.പടിഞ്ഞാറത്തറ, പനമരം, വെള്ളമുണ്ട കോട്ടത്തറ എന്നീ 4 പഞ്ചായത്തുകളിൽപ്പെട്ട 2800 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം പ്രദാനം ചെയ്യുന്നതാണ് ഈ പദ്ധതി. ഇതിനുവേണ്ടി 2.73 കി.മീ നീളത്തിൽ മെയിൻകനാലും 69 കി.മീ. നീളത്തിൽ 14 ഡിസ്ട്രിബ്യൂട്ടറുകളും നിർമ്മിക്കുന്നതാണ്. പടിഞ്ഞാറത്തറ പഞ്ചായത്തിൽ മാത്രം 1470 ഹെക്ടർ ഭൂമിയിൽ ജലസേചനം ഇതുവഴി ലഭിക്കും.

ഇതു കൂടാതെ വെണ്ണിയോട് ബ്രാഞ്ച് കനാലിൽനിന്നും നേരിട്ട് 730 ഹെക്ടർ സ്ഥലത്തും ജലസേചനം ലഭിക്കും.

മെയിൻ കനാലിൻെറ സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞു. ബ്രാഞ്ച് കനാലിൻേറയും ഡിസ്ട്രിബ്യൂട്ടറുകളുടേയും സർവ്വേ ജോലികൾ നടന്നുവരുന്നു. ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ ജോലികൾ തടസ്സപ്പെട്ടിരിക്കയാണ്. ആവശ്യമായ ഫണ്ടും ജീവനക്കാരും ഉണ്ടെങ്കിൽ 1997-ൽ കനാലിൻെറപണി ആരംഭിക്കുന്നതിനും 2000-ാം മാണ്ടിൽ പൂർത്തിയാക്കാൻ കഴിയുകയും ചെയ്യും. 1999-ൽ തന്നെ പദ്ധതി ഭാഗീകമായി കമ്മീഷൻ ചെയ്യാവുന്നതാണ്.

**പടിഞ്ഞാറത്തറ പഞ്ചായത്തിലെ ജലവിതരണം**

| | കനാലിൻെറ പേര് | നീളം | ജലസേചനം ലഭിക്കുന്ന ഭൂമിയുടെ അളവ് |
|---|---|---|---|
| 1 | കാപ്പാംകുന്ന് വിതരണ കനാൽ | 4.3 കി.മീ | 70 ഹെക്ടർ |
| 2 | പേരാൽ " " | 1.6 കി.മീ | 90 " |
| 3 | കുപ്പാടിത്തറ " " | 4.70 കി.മീ | 280 " |
| 4 | കുറുമ്പാല " " | 2.30 കി.മീ. | 200 " |
| 5 | വീട്ടിക്കാമൂല " " | 1.10 കി.മീ. | 30 " |
| 6 | വാരാമ്പറ്റ സൗത്ത് " " | 2300 കി.മീ | 70 " |
| | ആകെ | 16.3 കി.മീ | 740 " |

ബാണാസുരസാഗർ പദ്ധതി ഉദ്ദേശിച്ച കാലയളവിൽതന്നെ പൂർത്തിയാക്കുകയാണ് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിൽ ചെയ്യാവുന്ന ഏറ്റവും ഫലപ്രദമായ മാർഗ്ഗം. അതോടൊപ്പം കർഷകർക്കാവശ്യമായ രണ്ടാംവിളസമയത്ത് ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തിയാൽ മാത്രമേ ഈ പദ്ധതികൊണ്ടുള്ള യഥാർത്ഥ ഗുണം കർഷകർക്ക് ലഭിക്കുകയുള്ളു. ഇതിന് സംസ്ഥാന, കേന്ദ്ര സർക്കാർ സഹായങ്ങൾ സാധിതമാക്കുകയാണ് ജനപ്രതിനിധികൾക്ക് ചെയ്യാവുന്നത്.

പടിഞ്ഞാറത്തറ പഞ്ചായത്തിന്റെ കാർഷിക വളർച്ചക്ക് ഉതകുന്ന അനേകം നിർദ്ദേശങ്ങൾ

**അണക്കെട്ടിൽനിന്നും ഓരോ മാസവും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ജലത്തിന്റെ അളവ്**

**പട്ടിക X**

| മാസം | അളവ് (മില്യൻ ക്യുബിക് മീറ്റർ) | മാസം | അളവ് (മില്യൻ ക്യുബിക് മീറ്റർ) |
|---|---|---|---|
| ജനുവരി | 9.47 | ജൂലായ് | - |
| ഫിബ്രവരി | 9.99 | ആഗസ്ത് | 0.21 |
| മാർച്ച് | 13.64 | സെപ്തംബർ | 0.61 |
| ഏപ്രിൽ | 6.46 | ഒക്ടോബർ | 0.89 |
| മെയ് | 0.91 | നവംബർ | - - |
| ജൂൺ | 0.92 | ഡിസംബർ | 6.74 |



റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവ വിശദമായി ചർച്ചചെയ്യുകയും സാധ്യതകൾ പഠിക്കുകയും ചെയ്ത 9-ാം പഞ്ചവത്സരപദ്ധതിയിലൂടെ പഞ്ചായത്തിലെ കാർഷികമേഖലയ്ക്കും അതുവഴി പഞ്ചായത്തിന്റെ മൊത്തം സാമ്പത്തികവികസനത്തിനും അനുയോജ്യമായ രീതിയിൽ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ജനപങ്കാളിത്തത്തോടെ വികസനപദ്ധതികൾ നടപ്പിലാക്കിയാൽ ഭാവിതലമുറയുടെ മുന്നിലുള്ള പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരമായിരിക്കും ഈ ആസൂത്രണം വഴി ലഭിക്കുന്നത്.

| വാർഡ് | കുളങ്ങളുടെ എണ്ണം | ആവശ്യമായ സ്ഥലങ്ങൾ | ലിഫ്റ്റ് ഇറിഗേഷന്റെ എണ്ണം | ആവശ്യമായ സ്ഥലങ്ങൾ | ചെക്ക് ഡാമിന്റെ എണ്ണം | ആവശ്യമായ സ്ഥലങ്ങൾ |
|---|---|---|---|---|---|---|
| I | | | | | 3 | കൂടൽക്കടവ് അയ്യപ്പൻ കയം, മാങ്ങോട്ട്പടി |
| II | 3 | കുന്നത്തുംകര ചാലിൽമൂല മാന്തോട്ടംഭാഗം | 2 | കുറുമണിപുഴ മുറിപുഴ മിനിപ്രദേശം | 1 | കുന്നത്തുംകര തോട് |
| III | 3 | ചെറുവേരിവയൽ മാനിയിൽ ചുണ്ടക്കണ്ടി | 2 | പുതുശ്ശേരിപുഴയിലെ മാങ്കോട്ട് തേർത്തുകുന്ന് | | |
| IV | 3 | മുണ്ടകുറ്റി പള്ളിതാഴ കാട്ട് പാലായനകുന്ന് കോളനിയുടെ സമീപം അയ്യപ്പൻ കാവിന് താഴെ | 2 | കക്കടവ്, പാലായണക്കടവ്, | 4 | തേർത്തോട് കക്കടവ് പാലായണക്കടവ് കൂടൽക്കടവ് |
| V | 11 | വീട്ടിക്കാമൂല - 3, ഞേർലേരി -2 ആനപ്പാറ, തിരുമംഗലം, അരമ്പറ്റകുന്ന്, ഞാറ്റാല-3. | | | 2 | തിരുമംഗലം തോടിന് രണ്ട്സ്ഥലങ്ങളിൽ |
| VI | 9 | പിലാച്ചേരി, നസിയാമൂല, നായിമൂല, തേനമാക്കിൽ, മണ്ണൂർണൂല, ചോലവയൽ, വട്ടിയൻമൂല, അമ്പാമൂല, 13-ാം മൈൽ | | | 4 | പേരാൽതോടിന് രണ്ടുസ്ഥലങ്ങളിൽ കാട്ടാർമൂല മഞ്ഞൂറ |
| VII | 9 | ചെമ്പകമൂല, അയ്യപ്പക്ഷേത്രകുളം, ചേരട്ടമ്മൽകുളം, ഞാറ്റാലക്കുളം, വടക്കാംപടിവയൽ, പുലിക്കാട്ടുംവയൽ, പാറയ്ക്കൽകുളം, ഊരാക്കുനി വയൽ, | | | 2 | പുതുശ്ശേരിക്കടവ് തൊറ്റാലതോട് |
| VIII | 4 | കൂവലത്തോട്, കാസരപനക്കാക്കൈനി, പുഞ്ചവയൽ | 1 | മാടത്തുംപാറ | 2 | മാടത്തുംപാറ പുഞ്ചവയൽ |
| IX | 6 | പെരിഞ്ചോല, കോറിച്ചിറ, പന്തിപ്പൊയിൽ, കല്ലേരിപടിക്കൽചിറ, താന്നിയോട്ചിറ, ചേരിക്കൊല്ലി, നരിപ്പാറ അംബേദ്കർ | 1 | വാരറമ്പറ്റപുഴ | 2 | ബപ്പനാംതോട്, ആലക്കണ്ടി |
| X | | | | | 4 | മീൻമുട്ടി, മൈലാടി കുട്ടൻകടവ് അരീക്കുളം |
| | 48 | | 8 | | 22 | |

"ഹേ ഭൂമി, ഞാൻ നിന്നിൽനിന്ന് വെട്ടിയും കുഴിച്ചും എന്തുതന്നെ എടുക്കുന്നുവോ, അവയെല്ലാം വളരെ വേഗത്തിൽതന്നെ തഴച്ചുവളരുമാറാകട്ടെ. ഞാൻ അവിടുത്തെ മർമ്മങ്ങളെ പിളർക്കാതിരിക്കട്ടെ ഹൃദയത്തെ മുറിപ്പെടുത്താതിരിക്കട്ടെ".

അഥർവ്വവേദം



# മൃഗസംരക്ഷണം

പശ്ചിമഘട്ടത്തിന്റെ ഭാഗമായ ബാണാസുരൻ മലയുടെ താഴ്‌വരകളും മനോഹരമായ മലമേടുകളും പച്ചപ്പട്ടണിഞ്ഞ നെൽപ്പാടങ്ങളും ഇടകലർന്ന കുപ്പാടിത്തറ, പടാഞ്ഞാറത്തറ വില്ലേജുകൾ ഉൾക്കൊള്ളുന്ന 55.18 $K.M^2$.വിസ്തൃതിയുള്ള പ്രദേശമാണ് പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്.ബാണാസുര താഴ്‌വരയും പ്രകൃതി രമണീയങ്ങളായ മലനിരകളും കൊണ്ട് വശ്യഭംഗിയാർന്ന പടിഞ്ഞാറത്തറ വില്ലേജിൽ 3962.08 ഹെക്ടറും നെൽപ്പാടങ്ങളും ചെറുകുന്നുകളും നിറഞ്ഞ് മുന്നതിരുകളും പുഴകളൊഴുകുന്ന അർദ്ധദ്വീപായി കിടക്കുന്ന കുപ്പാടിത്തറ വില്ലേജിന് 1556.45 ഹെക്ടറും വിസ്തീർണ്ണമുണ്ട്.കോട്ടത്തറ പഞ്ചായത്തിന്റെ ഭാഗമായിരുന്ന കുപ്പാടിത്തറയും തരിയോട് പഞ്ചായത്തിന്റെ ഭാഗമായിരുന്ന പടിഞ്ഞാറത്തറയും കൂട്ടിചേർന്ന് 1971 ലാണ് പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്.

വയനാടിന്റെ മുഖമുദ്രയായ മരം കോച്ചുന്ന തണുപ്പും മറനെയ്യുന്ന കോടയും പെയ്തൊഴിയാത്ത അധിവർഷവും ഏറ്റുവാങ്ങിയിരുന്ന വനനിബഡമായ ഈ പ്രദേശം നാലഞ്ചു പതിറ്റാണ്ടുകൾക്ക് മുമ്പ് പശു, കാള, എരുമ, പോത്ത് തുടങ്ങിയ കന്നുകാലികളുടെ മേച്ചിൽപ്പുറങ്ങളായിരുന്നു. വളർത്തു മൃഗങ്ങളുടെ എണ്ണത്തെ സമ്പത്തിന്റേ അളവുകോലായി പരിഗണിച്ചിരുന്ന അക്കാലത്ത് കരപ്രമാണിമാരും, ആദിവാസികളിലെ കുറിച്യരും ധാരാളം കന്നുകാലികളെ വളർത്തിയിരുന്നു. ഇക്കൂട്ടരിൽ ഓരോ കുടുംബത്തിലും 100 മും 150നും ഇടയിൽ കന്നുകാലികൾ ഉണ്ടായിരുന്നു. വളച്ചുകെട്ടും വേലിയും ഇല്ലാതിരുന്ന അന്ന് ഈ മൃഗങ്ങൾ യഥേഷ്ടം അലഞ്ഞു മേഞ്ഞു നടന്നു. കന്നുകാലികളെ കൊല്ലുകയോ,കൈമാറ്റം ചെയ്യുകയോ ഉണ്ടായിരുന്നില്ല. കന്നുകാലി പരിപാലനം വരുമാനത്തിനുള്ള ഒരു മാർഗ്ഗമായിരുന്നില്ല. പാലും പാലുൽപ്പനങ്ങളും സാധാരണക്കാരുടെ ഭക്ഷ്യ, പാനീയ വിഭവമായ പ്രചരിച്ചിരുന്നില്ല. കന്നുകാലി സംരക്ഷണത്തിൽ ഇന്നത്തേതുപോലെ പ്രത്യേക ശ്രദ്ധയുണ്ടായിരുന്നില്ല. രോഗങ്ങളെ കണ്ടെത്താനോ മരുന്നുകൾനൽകി പ്രതിരോധിക്കാനോ വേണ്ട സാങ്കേതിക പരിജ്ഞാനം അന്നുണ്ടായിരുന്നില്ല. വേനൽക്കാലത്ത് മുളകണ്ട് വട്ടത്തിൽ നിർമ്മിക്കുന്ന 'പിടാവ്'നുള്ളിലും വർഷകാലത്ത് വലിയ തൊഴുത്തിലുമാണ് കന്നുകാലികളെ തളച്ചിരുന്നത്. കാള, പോത്ത് എന്നിവയെ ഉഴവിനും, ഭാരം കയറ്റിയ വണ്ടി വലിക്കുന്നതിനും ഉപയോഗിച്ചു വന്നു. വില്ലുവെച്ച കാളവണ്ടിയായിരുന്നുയാത്രക്ക് സർവ്വസാധാരണമായി ഉപയോഗിച്ചിരുന്നത്.

1950 ന് ശേഷം വ്യാപകമായ കുടിയേറ്റം ആരംഭിച്ചു. വനങ്ങൾ വെട്ടിമാറ്റി കൃഷിനിലങ്ങളാക്കി കർഷകരിലേക്കുള്ള മൃഗങ്ങളുടെ കൈമാറ്റം വർദ്ധിച്ചു. പാലിൻേറയും മാംസത്തിൻേറയും ഉപയോഗം പ്രചരിച്ചു. ഉഴവിന് കൂടുതൽ മൃഗങ്ങൾ ആവശ്യമായി വന്നു. കന്നാകാലി കൂട്ടങ്ങളിൽ എണ്ണത്തിൽ കുറവുവന്നതോടെ ആളുകളെ അയച്ചു മേയിക്കുന്നരീതി നിലവിൽ വന്നു.

1970-ഓടെ കൂട്ടുകുടുംബ വ്യവസ്ഥിതി ഇല്ലാതായി. ഭാഗംവെക്കലിന്റെ ഫലമായി ഓരോ തറവാടിൻേ

റയും ഭൂവിസ്തൃതി കുറഞ്ഞു. നെൽപ്പാടങ്ങൾ കുടിയാന്മാരുടെ കൈവശമായി കാർഷീകരംഗത്തെ യന്ത്രവൽക്കരണം മൂലം ട്രാക്ടറുകളും ടില്ലറുകളും വയലുകൾ കീഴടക്കി. ഉഴവുമാടുകൾ സ്ഥാനഭ്രഷ്ടരാക്കപ്പെട്ടു. രാസവളത്തിന്റെ കടന്നുകയറ്റത്തിൽ കാലിവളത്തിന്റെ പ്രാധാന്യം കർഷകർ മറന്നു. കാലിവളർത്തൽ അത്യാവശ്യമോ,ലാഭകരമോ അല്ലാത്ത സ്ഥിതി വന്നു.

പശു, കാള, പോത്ത്, എരുമ, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രാധാന വളർത്തു മൃഗങ്ങൾ. പന്നി, മുയൽ എന്നിവയുംചെറിയ തോതിൽ വളർത്തപ്പെടുന്നു. ജനസംഖ്യാ വർദ്ധനവ് ജനങ്ങളുടെ മനോഭാവത്തിലുണ്ടായ മാറ്റം, ചുരുങ്ങി വരുന്നമേച്ചിൽ സ്ഥലം, പാലിന്റെ ഉപഭോഗത്തിലുണ്ടായ വർദ്ധനവ് എന്നിവമൂലം കർഷകർക്ക് സങ്കരവർഗ്ഗം കന്നുകാലികളോട് കൂടുതൽ അഭികാമ്യം ഉണ്ടായിട്ടുണ്ട്.

നാടൻ കന്നുകാലികൾക്ക് രോഗപ്രതിരോധശേഷി കൂടുതലായി ഉണ്ടായിരുന്നുവെങ്കിലും അവയുടെ പാലുൽപ്പാദനം കുറവാണ്. നാടൻ കന്നുകാലികളുടെ ശരാശരി ഉല്പാദനം 3 (മൂന്ന്) ലിറ്റർ ആകുമ്പോൾ സങ്കരവർഗ്ഗം കന്നുകാലികളുടേത്5 (അഞ്ച്) ലിറ്ററിന് മുകളിലാണ്. ഉൽപ്പാദനശേഷി കൂടുതലാണെങ്കിലും സങ്കരവർഗ്ഗത്തിന് രോഗം വരാനുള്ള സാധ്യത കൂടുതലാണ്. ചിട്ടയായ പരിചരണവും മരുന്നുകളും അവയ്ക്ക് കിട്ടാത്തതിനാൽ പഞ്ചായത്തിലെ സങ്കരയിനം കന്നുകാലികളുടെ പൊതുവായ ആരോഗ്യനില മോശമാണ്. 70% ത്തോളം സങ്കരയിന പശുക്കളും ബാക്കിനാടൻ പശുക്കളുമാണുള്ളത്. സങ്കരയിനത്തിൽ 20%-ത്തോളം അത്യുൽപ്പാദനശേഷി ഉള്ളവയാണ്.

## *നിർദ്ദേശങ്ങൾ*

കാലിത്തൊഴുത്തുകളിൽ ഭൂരിഭാഗവും തറയിൽ പാത്തിപാകി നിർമ്മിച്ചതാണ്. നല്ലയിനം തൊഴുത്തുകൾ 80%ൽ താഴെ മാത്രമാണ്. ഉൽപ്പാദനശേഷി കൂടിയ പശുക്കൾക്ക് നല്ല തൊഴുത്തില്ലെങ്കിൽ അകിടുവീക്കം വരാൻ സാധ്യത കൂടുതലായതുകണ്ട് നല്ല തൊഴുത്തു നിർമ്മിക്കാനുള്ള സാമ്പത്തീക സഹായം നൽകേണ്ടതാണ്.

കൃത്രിമബീജാദാനത്തിനുള്ള വിമുഖത പല കർഷകർക്കും ഇപ്പോഴും കാണിക്കുന്നുണ്ട്. ബീജദാന പ്രവർത്തനങ്ങൾഇപ്പോഴും കാണിക്കുന്നുണ്ട് ബീജദാന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും പഞ്ചായത്തിലുള്ള നാടൻമൂരികളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തേണ്ടതുമാണ്.

ആകെയുള്ളതിൽ 60% കുടുംബങ്ങൾ പശുവളർത്തുന്നവരാണ്. ചുരുങ്ങിയ കാലയളവിൽ ലാഭം കിട്ടുന്ന ഒരു തൊഴിലാണ് മൃഗ സംരക്ഷണം. ഗ്രാമീണ സമ്പദ്ഘടന മൃഗസമ്പത്തിനെ ആശ്രയിച്ചിരിക്കുന്നു. ഈ മേഖലയിൽ ഇനിയുംതൊഴിൽ സാധ്യതകൾ ഉണ്ട്.

കന്നുകാലി വളർത്തുന്നവർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം നിലവാരമുള്ള കാലിത്തീറ്റയുടെ അഭാവമാണ്. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ മിക്സിംഗ് യൂണിറ്റ് ആരംഭിക്കുകയാണെങ്കിൽ കൃഷിക്കാർക്ക് നല്ലയിനം കാലിത്തീറ്റ ലഭ്യമാക്കുകയും അതൊരു തൊഴിൽ സംരംഭമാകുകയും ചെയ്യും. പ്രാദേശീകമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളായ തവിട്, കപ്പ, കാപ്പിത്തൊണ്ട് എന്നിവ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ നിലവാരമുള്ള കാലിത്തീറ്റ നിർമ്മിക്കാൻ കഴിയും.

പുൽക്കൃഷി വ്യാപകമായി കാണപ്പെടുന്നില്ല. ഇതു നടപ്പിലാക്കുക വഴി തീറ്റച്ചെലവ് ഗണ്യമായി കുറയ്ക്കാനും പാലുൽപ്പാദനം കൂട്ടുവാനും കഴിയും. ഇടവിളയായി തീറ്റപ്പുല്ല് കൃഷി ചെയ്യാൻ പ്രോത്സാഹനം നൽകുകയും നല്ലയിനംനടീൽ വസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്യേണ്ടതാണ്.

കൃത്രിമബീജ സങ്കലനത്തിനുള്ള സൗകര്യങ്ങൾ എല്ലാ വാർഡിലുമെത്തിക്കുക. അത്യാവശ്യമുള്ള സ്ഥലങ്ങളിൽ മാത്രംപുതിയ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

തെരഞ്ഞെടുക്കപ്പെടുന്ന പശുക്കളിൽ അത്യുൽപ്പാദനശേഷിയുള്ള ഭ്രൂണമാറ്റത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ഗർഭംധരിക്കാൻ ബുദ്ധിമുട്ടുള്ള പശുക്കളെ പോറ്റുന്നതിലെ നഷ്ടം ഒഴിവാക്കുന്നതിനായി അവയെ ഇറച്ചിക്ക് കൊടുക്കാനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുക. നെൽകൃഷിയുള്ള പ്രദേശങ്ങളിൽ ലഭ്യമാകുന്ന വൈക്കോൽ, യൂറിയ നിശ്ചിത അളവിൽ ചേർന്ന് സംപുഷ്ടിപ്പെടുത്തി ഗുണമേൻമയുള്ള തീറ്റയാക്കി മാറ്റാം. ഇതിന്നാവശ്യമുള്ള സാങ്കേതികഅറിവ് കർഷകർക്ക് പകർന്ന് കൊടുക്കുക.

മൃഗസംരക്ഷണ വകുപ്പിൽ നിലവിലുള്ള കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്നതു വഴി പഞ്ചായത്തിലെ ഉയർന്ന ജനിതക ഗുണമുള്ള കന്നുകുട്ടികളെ കണ്ടെത്തി പരിരക്ഷിക്കാൻ കഴിയും. നല്ലയിനം പശുക്കൾ ഉണ്ടായി വരുന്നതിന് പുറമെ സബ്സിഡി ഉള്ളതുകൊണ്ട് പരിപാലന ചെലവ് കുറയുകയും ചെയ്യും.

പഞ്ചായത്തിൽ കൂടുതൽ ബയോഗ്യാസ് പ്ലാന്റുകൾക്ക് സഹായം അനുവദിക്കുക. ചെറുകിട കർഷകർക്ക് തുടർന്നും ബാങ്കുലോണുകളും സാമ്പത്തീക സഹായവും ലഭ്യമാക്കുക വനിതാ സംരംഭകർക്കായി

3 (മൂന്ന്) പശുവെങ്കിലുമുള്ള മിനിഡയറിയൂണിറ്റുകൾ എല്ലാ വാർഡുകളിലും നടപ്പിലാക്കുക. എല്ലാ വാർഡിലും വനിത സഹകരണ സംഘങ്ങൾ ഉണ്ടാക്കുക. പ്രസ്തുത സംഘങ്ങൾ വഴി അടുക്കള മുറ്റത്തെ കോഴി വളർത്തൽ നടപ്പാക്കുകയും വേണം . ഈ സംഘങ്ങൾ വഴി രണ്ടുമാസം പ്രായമുള്ള 10 മുതൽ 15വരെ കുഞ്ഞുങ്ങളെ ഓരോ വീട്ടമ്മയ്ക്കും നൽകുകയും മുട്ടകൾ ശേഖരിച്ചു വിതരമം ചെയ്യുകയും വേണം. എഗ്ഗ് നഴ്സറി പഞ്ചായത്തിൽ തുടങ്ങിയാൽ സ്ഥിരമായി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാൻ കഴിയും.

മാംസഭുക്കുകൾ കൂടുതലുള്ള ഈ പ്രദേശത്തെ മാംസോൽപാദന സഹകരണരംഗം ആസൂത്രിതമല്ല. അന്യ നാടുകളിൽനിന്നാണ് ഈ പഞ്ചായത്തിലേക്ക് ഇറച്ചിക്കുള്ള മൃഗങ്ങളെ കൊണ്ടുവരുന്നത്. കൃത്രിമബീജ സങ്കലനം വഴി ഉണ്ടാകുന്ന 50% കാളക്കുട്ടികൾ ശരിയായ പരിചരണം ലഭിക്കാതെ വളർച്ച മുരടിച്ചു പോകുകയോ നശിക്കുകയോ ആണ് ചെയ്യുന്നത്. ഈ കുട്ടികളെ രണ്ടുമാസം പ്രായമാകുമ്പോൾ തിരഞ്ഞെടുത്ത് 6 മാസം പ്രായമാകുമ്പോൾ വരിയടച്ച് '12'മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിന് ഉപയോഗിക്കാം. ഇവയ്ക്ക് വേണ്ട വിരമരുന്നും ധാതുലവണ മിശ്രിതങ്ങളും സൗജന്യമായി നൽകുന്നതോടൊപ്പം വിപണന സൗകര്യവും ചെയ്തു കൊടുക്കേണ്ടതാണ്.

വളരെ വേഗത്തിൽ വളർച്ചയെത്തുന്ന ഒരു മാംസ ശ്രോതസ്സാണ് ആട്.ആട് വളർത്തലിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്. നല്ലയിനം ആടുകളെ '5' പെണ്ണാടും ഒരുമുട്ടനാടും ചേർന്ന യൂണിറ്റുകളാക്കി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വിതരണം ചെയ്യുക. വനിതാസംരഭകർക്കായി '50' ആടുകൾ ഉൾകൊള്ളുന്ന യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ സാധ്യതയുള്ള വാർഡിൽ സ്ഥാപിക്കുക.

പഞ്ചായത്തിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ പന്നിവളർത്തൽ തുടങ്ങിയാൽ, അറവുശാല, ഹോട്ടലുകൾ, പച്ചക്കറി സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ ഉപയോഗപ്പെടുത്തുവാൻ കഴിയും. വർദ്ധിച്ച വളർച്ചാ നിരക്കും ഉയർന്ന തീറ്റ പരിവർത്തന ശേഷിയും ഉള്ള ഇവ ചുരുങ്ങിയ കാലയളവിൽ കൂടുതൽ ലാഭം തരുന്ന ഒരു പദ്ധതിയാണ്. ഇതിനായി സങ്കരയിനം പന്നിക്കുഞ്ഞുങ്ങളെ ചുരുങ്ങിയ നിരക്കിൽ ലഭ്യമാക്കുക.

ഇറച്ചിക്കോഴി വളർത്തൽ ലാഭകരമായി നടത്താൻ കഴിയുന്ന ഒരു പദ്ധതിയാണ്. ഇതിന് താൽപര്യമുള്ളവർക്ക് സാമ്പത്തീകസഹായം ബാങ്കുകൾ വഴി എത്തിക്കാൻ നടപടി ഉണ്ടാക്കുക.

ഈ പഞ്ചായത്തിൽ ഇപ്പോഴുള്ള മൃഗാശുപത്രി വാടക കെട്ടിത്തിലാണ് പ്രവർത്തിക്കുന്നത്. പ്രാഥമീക സൗകര്യങ്ങൾ എല്ലാംഉള്ള ഒരു മൃഗാശുപത്രി ഈ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്. ഡോക്ടർമാർക്ക് താമസത്തിനുള്ള സൗകര്യം കൂടി ഉണ്ടാക്കുകയാണെങ്കിൽ സ്ഥിരമായ സേവനം പ്രതീക്ഷിക്കാവുന്നതാണ്. ആധുനിക ചികിത്സയ്ക്കും പരിശോധനയ്ക്കും വേണ്ട സൗകര്യങ്ങൾ കൂട്ടുക, പരിശോധനാ ലാബുകളും പ്രവർത്തനത്തിനായുള്ള ഉപകരണങ്ങളും രാസവസ്തുക്കളും മൈക്രോസ്കോപ്പും ലഭ്യമാക്കുക. പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി ഒരു ആശുപത്രി വികസന സമിതി രൂപീകരിക്കുക. ആശുപത്രിയുടെ വികസനവും വികസന പ്രകിയകളും വ്യാപിപ്പിക്കുന്നതിനായി കർഷകരുടെ കർഷക സൊസൈറ്റികൾ രൂപീകരിക്കുക. ഇവയുടെ സുഖമമായ നടത്തിപ്പിനായി പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി വെറ്റിനറിസർജൻ, എന്നിവരെ എക്സ്ഒഫീഷ്യാ മെമ്പർമാരായി നിയമിക്കണം.

മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ സഹായം നൽകുകയും ഭരണപരമായ കാര്യങ്ങളിൽ സഹായിക്കുവാൻ മൃഗാശുപത്രിയിൽ ഒരു ക്ലാർക്കിനെ നിയമിക്കുകയും ചെയ്യണം. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക്പ്രത്യേക ഊന്നൽ നൽകുക.

മൃഗങ്ങളുടെ ആരോഗ്യം ജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുക. പഞ്ചായത്തിലെ ഗുണമേൻമയുള്ള എല്ലാ കന്നുകാലികളേയും ഇൻഷുറൻസ് പദ്ധതിയിൽ കൊണ്ടുവരികയും ക്ഷീര കർഷകർക്ക് ഒരു ക്ഷേമനിധി ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

പഞ്ചായത്തിൽ അലഞ്ഞുനടക്കും നായ്ക്കളുടെ ശല്യം കൂടുതലാണ്.ഇതുമൂലം ഇടക്കിടെ പേപ്പടിയുടെ ശല്യം ഉണ്ടാകുന്നു. ഇതൊഴിവാക്കാൻ പഞ്ചായത്തിലെ വീട്ടിൽ വളർത്തുന്ന എല്ലാ നായ്ക്കൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തുക. അവയ്ക്ക് പേവിഷബാധക്കെതിരെ നിർബന്ധിത വാക്സിനേഷൻ ഏർപ്പെടുത്തുകയും വേണം. രജിസ്ട്രേഷൻ ഇല്ലാത്ത എല്ലാ നായ്ക്കളേയും പഞ്ചായത്തിൽ നിന്ന് ആളെ നിയമിച്ച് നശിപ്പിക്കേണ്ടതാണ്.

മാംസത്തിൻെറ ഉപയോഗം കൂടുതലാണെങ്കിലും ശുചിയായ അറവുശാല പഞ്ചായത്തിൽ ഇല്ല. ശാസ്ത്രീയമായ ഒരു അറവുശാല പഞ്ചായത്തിൽ സ്ഥാപിക്കാൻ വേണ്ട നടപടികൾ എത്രയും വേഗം കൈക്കൊള്ളേണ്ടതാണ്. മാംസോൽപ്പാദന വിപണരംഗത്ത് ഒരു സഹകരണ സംഘം രൂപീകരിക്കുന്നതുവഴി ഇതിലേക്കുള്ള ഉരുക്കളെ സംഭരിക്കാൻ കഴിയും.ആഭ്യന്തര തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൻ

ഇതിടയാക്കും. റോഡരികിൽവെച്ചുള്ള കശാപ്പും മാംസ വിൽപ്പനയും നിരോധിക്കേണ്ടതാണ്.

പഞ്ചായത്തിൽ പടിഞ്ഞാറത്തറ, കുപ്പാടിത്തറ, കാപ്പിക്കളം എന്നീ മൂന്നു ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തന മേഖലയിൽ ഓരോ വാർഡിലും പാൽ സംഭരണ ഡിപ്പോ സ്ഥാപിക്കുകയുംഇവിടെ രണ്ടു നേരവും പാൽ അളക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം. സംഘം വഴി കർഷകർക്ക് മിതമായ നിരക്കിൽ കാലിത്തീറ്റ,മിശ്രിത ലവണങ്ങൾ.മുതലായവ കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. ക്ഷീര സഹകരണ സംഘം ഭരണ സമിതിയിൽ പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, വെറ്ററിനറി സർജൻ എന്നിവരെ എക്സ് ഒഫീഷ്യോ മെമ്പർമാരാക്കി ഭരണസമിതി രൂപീകരിക്കുക. കർഷകർക്ക് പശുക്കളുടെ ചികിത്സാ ചെലവ് ലഘൂകരിക്കുന്നതിനായി ഓരോ സംഘത്തിലും പാലിൽ നിന്നുംകുറഞ്ഞ തോതിൽ പൈസ പിടിച്ച് ഒരു ഫണ്ട് ഉണ്ടാക്കുകയും അതിൽ നിന്ന് കർഷകർക്ക് ചികിത്സാ ചെലവിൻെറ ചെറിയൊരു ശതമാനമെങ്കിലും നൽകാനുള്ള വഴിയുണ്ടാക്കുകയും ചെയ്യുക.

**പട്ടിക 1 ക്ഷീര വികസനം :- പദ്ധതി വിവരങ്ങൾ (സംഘം പ്രവർത്തനം വഴി)**

| | ഇനം | നടത്തിപ്പ് രീതി | 1996 അളവ് നമ്പർ കർഷകർ | സാധ്യത 5 വർഷം |
|---|---|---|---|---|
| 1 | പച്ച പുൽകൃഷി, നേപ്പിയർ, ഗിനി, പുൽ,കോംഗോസ് etc | ചെറുതും, വലുതും പ്ലോട്ടുകൾ,ഇടവിള ,കയ്യാലപുറത്ത് | 215 കർഷകർ (സബ്സിഡി നിരക്കിൽ ) | 500 കർഷകർ (സബ്സിഡി നിരക്കിൽ ) |
| 2 | പശുതൊഴുത്ത് നിർമ്മാണം | തറഫ്ലോറിംഗ് ,പുൽ, കൂട്, മൂത്രടാങ്ക് ചാണക്കുഴി നന്നാക്കൽ | 161തൊഴുത്ത് (സബ്സിഡി നിരക്കിൽ ) | 500 തൊഴുത്ത് (സബ്സിഡി നിരക്കിൽ ) |
| 3 | പാൽ അളക്കുന്ന കർഷകർ | ദിനം പ്രതി ശരാശരി | 340 കർഷകർക്ക് | 660കർഷകർ |
| 4 | കറവുമാടിൻെറ ഉല്പാദനക്ഷമത | ശരാശരിം ഉല്പാദന പശു ഒന്നിന് | 3ലിറ്റർ | 5ലിറ്റർ |
| 5 | സങ്കരയിനം പശുക്കൾ | കൃത്രിമ ബീജാധാനംവഴി | 488 എണ്ണം | 3000 എണ്ണം |
| 6 | പശുകുട്ടി പാലനം | വിരമരുന്ന്,കാലിതീറ്റ,മിനറൽസ്, ഇൻഷ്യൂറൻസ്, സെമിനാറുകൾ | 136 (സബ്സിഡി നിരക്കിൽ ) | 500 പശുകുട്ടികൾ (സബ്സിഡി സഹായം) |
| | പാൽ സംഭരണം | മൊത്തം ശരാശരി ഒരുദിവസം | 1105 ലിറ്റർ | 5000 ലിറ്റർ |

## *മത്സ്യബന്ധനം*

മത്സ്യബന്ധനത്തിന് പറ്റിയ തടാകങ്ങൾ പടിഞ്ഞാറത്തറ പഞ്ചായത്തിൽ ഇല്ല എന്നുതന്നെ പറയാം. എന്നാലും ചുരുക്കം ചിലസ്വാകര്യ കുളങ്ങളിൽ മീൻ വളർത്തൽ ചെറിയതോതിൽ നടത്താവുന്നതാണ്. ഇതിനുവേണ്ടി മത്സ്യകുഞ്ഞുങ്ങളെ ലഭിക്കാനുള്ള സാധ്യത പഞ്ചായത്തിൽ ഇല്ല. ഇവർക്ക് നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുകയാണെങ്കിൽ ചെറിയതോതി മത്സ്യ കൃഷി ഈ പഞ്ചായത്തിലും നടത്താവുന്നതാണ്.

പടിഞ്ഞാറത്തറ ബാണാസുരസാഗർ പദ്ധതി തുടങ്ങി കഴിഞ്ഞാൽ വലിയ തോതിൽ മീൻ വളർത്തൽ ജലാശയത്തിൽ നടത്താവുന്നതാണ്. പഞ്ചായത്തിൽ വിതരണം ചെയ്യുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടികൾ എടുക്കേണ്ടതാണ്.

## പട്ടിക 2പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്-സാമൂഹ്യ സർവ്വേ-
## വളർത്തു മൃഗങ്ങളും പക്ഷികളും

| മൃഗങ്ങളുടെ ഇനം | മൃഗങ്ങളുടെ എണ്ണം 1976 | സെൻസസ് എണ്ണം 1987 | നിലവിൽ വിവരം 1996 | വളർത്തുന്ന വീടുകൾ | ചികിത്സാ രേഖപ്പെട്ടി വിവരം ബീജ ദാനം | രോഗ ചികിത്സ | വിഷ ചികിത്സ |
|---|---|---|---|---|---|---|---|
| **കന്നുകാലികൾ :-നാടൻ** | | | | | | | |
| മൂരികൾ | 744 | 771 | 578 | | | | |
| പശുക്കൾ | 1529 | 1799 | 1349 | | | | |
| കിടാക്കൾ | 915 | 1077 | 808 | | | | |
| ആകെ | 3188 | 3647 | 2735 | 54% | | | |
| **സങ്കരയിനം** | | | | | | | |
| മൂരികൾ | 8 | 171 | 196 | | | | |
| പശുക്കൾ | 15 | 823 | 1047 | | | | |
| കിടാക്കൾ | - | 512 | 488 | | | | |
| ആകെ | 23 | 1506 | 1731 | 36% | | | |
| പോത്തുകാലികൾ :- | | | | | | | |
| പോത്ത് | 377 | 444 | 303 | 10% | | | |
| എരുമ | 225 | 196 | 147 | | | | |
| കിടാക്കൾ | 103 | 122 | 91 | (61%) | | | |
| ആകെ | 705 | 762 | 541 | 2848 | 625 | 430 | |
| ആടുകൾ: | | | | | | | |
| നാടൻ ലബാറിമുട്ടൻ | 201 | 358 | 237 | 358 | 1034 | | |
| പെണ്ണാട് | 748 | 880 | 1158 | (25%) | | | |
| ആകെ | 949 | 1117 | 1516 | | | | |
| **കോഴികൾ:** | | | | | | | |
| നാടൻ | 8081 | 10775 | 13468 | | | | |
| സങ്കരം | - | 43 | 2142 | | | | |
| പന്നി | 17 | 92 | 74 | 27(0.6%) | | | |
| താറാവ് | 236 | 48 | 148 | 37(.08%) | | | |
| മുയൽ | 48 | - | 52 | - | | | |
| ടർക്കികോഴി | 10 | - | - | | | | |
| ഗിനി | 12 | - | - | | | | |
| പ്രാവ് | - | - | 12 | | | | |
| പട്ടി (നായ) | 578 | 1206 | 1386 | 993(24%) | | | 95 |
| പൂച്ച | 450 | - | 1074 | (26%) | | | |

2848 കർഷകരുടെ ശരാശരി ഉല്പാദന ക്ഷമത 1.6 litre per day = 5690 litre നിലവിലുള്ള സങ്കരം 70% നാടൻ 30%.

## പട്ടിക 2 പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് സാമൂഹ്യ സർവ്വേ
## ക്ഷീര വികസന വിവരങ്ങൾ

| സഹകരണ പാൽ സൊസൈറ്റികൾ | സ്ഥാപിതം പാൽ വർഷം | അംഗങ്ങൾ നിലവിൽ | പു | സ്ത്രീ | SC/ST | OBC | പാൽസംഭരണം (Average) | | | | ഉല്പാദന ക്ഷമത ലിറ്റർ | | | അംഗങ്ങൾ പാൽ അളക്കുന്നവ | അംഗങ്ങൾ അല്ലാത്തവ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | 1982 | 1992 | 1994 | 1996 | 1-5 | 5-10 | 10+ | | |
| പടിഞ്ഞാറത്തറ ക്ഷീരോല്പാദക സഹകരണ സംഘം(Apcos) | 1983<br>1989 | 513 | 393 | 60 | 45 | 15 | 40 | 179 | 565 | 409 | 115 | 30 | - | 50 | 95 |
| കുപ്പാടിത്തറ ക്ഷീരോല്പാദക സഹകരണ സംഘം(Apcos) | 1983<br>1989 | 369 | 220 | 94 | 28 | 27 | 38 | 167 | 386 | 294 | 80 | 15 | 5 | 45 | 70 |
| കാപ്പിക്കളം ക്ഷീരോല്പാദക സഹകരണ സംഘം Apcos | 1990 | 82 | 66 | 14 | 2 | - | - | 222 | 433 | 402 | 66 | 14 | 2 | 82 | - |

## പട്ടിക 4
## പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത് സാമൂഹ്യ സർവ്വേ
## ക്ഷീര വികസനം - വാർഡ് കണക്കിൽ വിവരങ്ങൾ

| ഇനവിവരം | വാർഡ് 1 | വാർഡ് 2 | വാർഡ് 3 | വാർഡ് 4 | വാർഡ് 5 | വാർഡ് 6 | വാർഡ് 7 | വാർഡ് 8 | വാർഡ് 9 | വാർഡ് 10 |
|---|---|---|---|---|---|---|---|---|---|---|
| 1. വീടുകളുടെ എണ്ണം | 375 | 421 | 370 | 397 | 298 | 497 | 470 | 407 | 356 | 432 |
| 2 പാൽ സൊസൈറ്റികൾ | - | 1 | - | - | - | - | 1 | - | - | 1 |
| 3 പാൽ കലക്ഷൻ സെൻറർ | 2 | 1 | - | - | 1 | 2 | 1 | – | – | 1 |
| 4 ബീജാധാന കേന്ദ്രം | 1 | 1 | - | | | - | 1 | - | - | 1 |
| 5 മൃഗാശുപത്രി | - | - | - | - | - | - | 1 | - | – | – |
| 6 മോഡൽ ഡയറികൾ | 1 | 1 | - | - | - | - | – | - | – | 3 |
| 7 പച്ചപുൽകൃഷിപ്ലോട്ടുകൾ | ഉണ്ട് | ഉണ്ട് | - | - | ഉണ്ട് | – | - | - | | ഉണ്ട് |
| 8 സങ്കരയിനം ശതമാനം | 65% | 60% | 80% | 60% | 85% | 60% | 70% | 60 | 60% | 80% |
| 9 ബയോഗ്യാസ് പ്ലാൻറുകൾ | 18 | 5 | 2 | - | 1 | – | 1 | 1 | - | 1 |
| 10 പുഴഒഴുകുന്നത് | ✓ | ✓ | - | ✓ | - | - | ✓ | ✓ | ✓ | ✓ |
| 11 തോടുകൾ ഒഴുകുന്നത് | - | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 12 ജലാശയങ്ങൾ കുളങ്ങൾ | 1 | 3 | 3 | 2 | 2 | 1 | 3 | - | 3 | - |



# വ്യവസായം

മഹാത്മാഗാന്ധി വിഭാവനം ചെയ്തിട്ടുള്ളതായ സ്വയം പര്യാപ്ത ഗ്രാമങ്ങൾ എന്ന ലക്ഷ്യംസാക്ഷാത് കരിക്കുന്നതിന് ചെറുകിട വ്യവസായ യൂനിറ്റുകളും കുടിൽ വ്യാവസായങ്ങളും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. കാർഷികാധിഷ്ഠിതവും ജനസാന്ദ്രത കൂടിയതുമായ കേരളീയഗ്രാമങ്ങൾക്കനുയോജ്യമായ ചെറുകിട വ്യവസായ യൂനിറ്റുകൾ, അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും വിപണിയും പരിഗണിച്ച് ആരംഭിക്കുകയാണ് ഒമ്പതാം ജനകീയാസൂത്രണ പദ്ധതിയിലൂടെ നമുക്ക് ചെയ്യാനുള്ളത്.

പടിഞ്ഞാറത്തറ പഞ്ചായത്ത് നിലവിൽ വന്നിട്ട് സുദീർഘമായ ഇരുപത്തിയഞ്ചു വർഷങ്ങൾ പിന്നിട്ടുവെങ്കിലും കാര്യമായ വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ഈ അടുത്ത കാലത്തായി പഞ്ചായത്ത് വ്യവസായ രംഗത്ത്ചെറിയ ചുവടുവെയ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നു. ഒരു വർഷം മുൻപം ആരംഭിച്ച ഹാൻടെക്സ് കോർപ്പറേഷൻെറ കീഴിലുള്ള വസ്ത്രനിർമ്മാണയൂനിറ്റ്, ഖാദിയൂനിറ്റ്, സ്വകാര്യ ഉടമസ്ഥതയിലുള്ള പാക്കിംഗ്കെയ്സ് യുനിറ്റ്, കറിപൊടികളുടെ നിർമ്മാണം, ഇഷ്ടിക നിർമ്മാണം മെറ്റൽ നിർമ്മാണം എന്നിവയും ഈ വർഷം ആരംഭിച്ച സഹകരണമേഖലയിലുള്ള സോപ്പുനിർമ്മാണയുനിറ്റും കൂടാതെ പരമ്പരാഗത വ്യവസായങ്ങളായ തഴപ്പായ, കൊട്ട, കളിമൺപാത്ര നിർമ്മാണ് എന്നിവയും ആയിരത്തിലധികം പേർക്ക് പ്രത്യക്ഷമായും ധാരാളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നവയാണ്.

പ്ലാസ്റ്റിക് വസ്തുക്കളുടെ അരങ്ങേറ്റം പല പരമ്പരാഗത വ്യവസായങ്ങളുടേയും തകർച്ചക്ക് കാരണമായിട്ടുണ്ട്. പ്ായ, കൊട്ട എന്നിവയുടേയും കളിമൺപാത്രങ്ങളുടേയും നിർമ്മാണവും നാമാവിശേഷമാകുന്ന കുടിൽ വ്യവസായങ്ങളാണ്. ഈ മേഖലയിൽ പ്രവർത്തിച്ചിരുന്ന ആദിവാസികൾ മറ്റുപല തൊഴിൽ രംഗങ്ങളിലേക്കും മാറിക്കൊണ്ടിരിക്കുകയാണ്. ഓട,മുള തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഈ കുടിൽ വ്യവസായങ്ങളെ ബാധിച്ചിട്ടുണ്ട്. നാടൻ കാർഷികോപകരണങ്ങളുടെ നിർമ്മാണവും മുരടിച്ചിരിക്കുന്നു. പരമ്പരാഗത തൊഴിലുകൾ മിക്കവാറും അപ്രത്യക്ഷമായി വരികയാണ്. ഉപഭോഗ

ആവശ്യങ്ങൾ വർദ്ധിച്ചുവരികയും ഉല്പാദനം മുരടിച്ചിരിക്കുകയും ചെയ്യുന്ന ഗ്രാമങ്ങളിൽ നിന്നും വൻ നഗരങ്ങളിലേക്ക് ജോലിതേടി ചെല്ലുന്ന യുവാക്കളുടെ എണ്ണം വർദ്ധിച്ചിരിക്കയാണ്. അന്യ സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ മാർക്കറ്റായി നമ്മുടെ ഗ്രാമങ്ങൾ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്രീയമായ വ്യവസായവൽക്കരണം നടപ്പിലാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ് ഏകപോം വഴി.

## തടസ്സങ്ങൾ.

1. വ്യവസായങ്ങൾ തുടങ്ങാനാവശ്യമായിട്ടുള്ള സാങ്കേതിക പരിജ്ഞാനം ഇല്ലായ്മ.
2. വ്യവസായങ്ങൾ തുടങ്ങാനാവശ്യമായ സാമ്പത്തിക സഹായത്തിൻെറ അപര്യാപ്തത.
3. ഗ്രൂപ്പടിസ്ഥാനത്തിലോ, സഹകരണാടിസ്ഥാനത്തിലോ വ്യവസായങ്ങൾ തുടങ്ങാൻ ആവശ്യമായ നേതൃത്വമില്ലായ്മ.
4. ലഭ്യമായ അസംസ്കൃത വസ്തുക്കളെക്കുറിച്ചുള്ള അറിവില്ലായ്
5. ധനസഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
6. വിപണന സാദ്ധ്യതക്കുറവ്.
7. പരമ്പരാഗതമായ വ്യവസായങ്ങൾ പരിശീലിപ്പിക്കുന്നതിനുള്ള സാഹചര്യമില്ലായ്മ.
8. വനിതകൾക്കുള്ള തൊഴിൽ അവസരക്കുറവ്.
9. മാനസികമായ തയ്യാറെടുപ്പിൻെറ പ്രേരണക്കുറവ്.
10. വ്യാവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവൽക്കരണത്തിൻെറ കുറവ്.
11. വളരെ കുറഞ്ഞ കൂലിനിരക്ക്.
12. വിദ്യാഭ്യാസം ലഭിച്ചവർക്ക് നഗര ജീവിതത്തോടുള്ള ആഭിമുഖ്യം.
13. വൈദ്യുതിയുടെ അഭാവം/ലഭ്യതകുറവ്.
14. പരസ്യങ്ങളിലൂടെയും മറ്റും വൻകിടവ്യവസായങ്ങൾ നടത്തുന്ന തള്ളിക്കയറ്റം. ചെറുകിയ വ്യവസായങ്ങളുടെ വിപണി നഷ്ടപ്പെടുത്തുന്നു. ഗുണമേന്മയുള്ള ഉല്പന്നങ്ങൾ പോലും പുറന്തള്ളപ്പെടുന്നു.
15. സർക്കാറിൻെറ ഭാഗത്തു നിന്നുള്ള പ്രോത്സാഹനക്കുറവ്.

### പടിഞ്ഞാറത്തറ പഞ്ചായത്തിൽ നിലവിലുള്ള വ്യവസായങ്ങൾ

| ക്രമ നമ്പർ | വിഭാഗം | എണ്ണം | വാർഡ് | തൊഴിലാളികളുടെ എണ്ണം | | ആകെ | കൂലിനിരക്ക് | |
|---|---|---|---|---|---|---|---|---|
| | | | | പുരുഷൻ | സ്ത്രീ | | പുരുഷൻ | സ്ത്രീ |
| 1. | പരമ്പരാഗത കുടിൽ വ്യവസായങ്ങൾ | | | | | | രൂപ | രൂപ |
| | (a) തഴപ്പായ നിർമ്മാണം | | VI | 50 | 50 | 100 | 35/ | 35/ |
| | (b) കളിമൺ പാത്ര നിർമ്മാണം | 1 | IX | 20 | 15 | 35 | - | - |
| 2. | ചെറുകിടവ്യവസായങ്ങൾ | | | | | | | |
| | (a) ഇഷ്ടിക നിർമ്മാണം | 25 | I,IV,VII, VIII,IX | 225 | 420 | 645 | | |
| | (b) പാക്കിംഗ് കെയ്സ് യൂനിറ്റ് | 1 | VII | 10 | – | 10 | | |
| | (c) ബുക്ക്ബൈൻറിംഗ് | 1 | V | - | 15 | 15 | | |
| | (d) കറിപൊടികൾ നിർമ്മിക്കൽ | 1 | V | - | 5 | 5 | | |
| | (e) എണ്ണയാട്ടുമിൽ | 1 | II | 4 | - | 5 | 70/ | 40/ |
| | (f) ഫ്ലോർമിൽ | 3 | II,V,VI | 6 | - | 6 | 70/ | 40/ |
| | (g) മെറ്റൽനിർമ്മാണം | 2 | VIII,IX | 15 | - | 15 | - | - |
| | (h) റെഡിമെയ്ഡ് യൂനിറ്റ്[ഹാൻടെക്സ്] | 1 | VII | 3 | 53 | 56 | 100 | 40/- |
| | (i) സോപ്പുനിർമ്മാണം | 1 | X | - | 12 | 12 | - | - |
| 3 | ഖാദിയൂനിറ്റ് [സെറികൾച്ചർ] | 2 | III | 8 | | 8 | | |
| 4 | തടിവ്യവസായം | 1 | V | 12 | - | 12 | 100/ | - |
| | ആകെ | 40 | | 370 | 505 | 855 | | |

അവലംബം: സെക്കൻഡറി ഡാറ്റാ കലക്ഷൻ, ഗ്രാമസഭാറിപ്പോർട്ട്

### വ്യാവസായ സഹകരണ സംഘങ്ങൾ

| ഇനം | വാർഡ് | മെമ്പർമാരുടെ എണ്ണം |
|---|---|---|
| കൊറ്റുകുളം ഹരിജൻ വീവേഴ്സ് സൊസൈറ്റി [ഹാൻറ്ലൂം] | I | 56 |
| തഴപ്പായ നിർമ്മാണ യൂനിറ്റ് | I | 42 |

### കുറഞ്ഞചെലവിൽ ആരംഭിക്കാവുന്ന വ്യവസായങ്ങൾ

| | |
|---|---|
| 1. | നേന്ത്രക്കായ, കപ്പ എന്നിവ ഉപയോഗിച്ചുള്ള ചിപ്സ്, ബേബിഫുഡ് നിർമ്മാണ യൂനിറ്റുകൾ |
| 2. | ജൈവ വള നിർമ്മാണം |
| 3. | ഇഷ്ടിക, ഹോളോബ്രിക്സ്, ഷൊടൈൽസ് നിർമ്മാണം. |
| 4. | പപ്പട നിർമ്മാണം. |
| 5. | വാഴനാര്, കൈതനാര് എന്നിവ ഉപയോഗിച്ചുള്ള ഫാൻസി ഫൈബർ നിർമ്മാണം. |
| 6. | സ്കൂൾ ബാഗുകൾ, നോട്ടുപുസ്തകങ്ങൾ ഇവയുടെ നിർമ്മാണം |
| 7. | ഹവായ് ചെരുപ്പു നിർമ്മാണം. |
| 8. | ക്ലീനിംഗ് പൗഡർ നിർമ്മാണം. |
| 9. | സ്വിച്ച് ബോർഡുകളുടെ നിർമ്മാണം. |
| 10 | എമർജൻസി ലാംബുകളുടെ നിർമ്മാണം. |
| 11. | മരം, ഫർണിച്ചർ |
| 12. | സോപ്പുപൊടിപാക്കിംഗ് യൂനിറ്റ്. |
| 13. | ഇലക്ട്രോണിക് ചോക്കുകൾ, ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ എന്നിവ നിർമ്മാണം. |
| 14. | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| 15. | പേപ്പർ കവർ നിർമ്മാണം. |
| 16. | കൂൺ കൃഷി. |
| 17. | തേനീച്ച വളർത്തൽ. |
| 18. | കൈതറിനെയ്ത്ത്. |
| 19. | ജൈവ കീടനാശിനി നിർമ്മാണം. |
| 20. | കാലിത്തീറ്റ - മിക്സിംഗ് ആൻറ് പാക്കിംഗ് |
| 21. | ശീതളപാനീയങ്ങൾ, ജാംസ് ആൻറ് ജെല്ലി. |
| 22. | കറിപൊടികളുടെ നിർമ്മാണം |
| 23. | പട്ടുനൂൽ പുഴു വളർത്തൽ. |
| 24. | റബ്ബർ ബാൻറുകൾ, ബലൂൺ നിർമ്മാണം. |
| 25. | കാർഷികോപകരണങ്ങളുടെ നിർമ്മാണം |

## *സാധ്യതകൾ*

കാർഷിക ജോലികൾ മാത്രം ലഭ്യമായിട്ടുള്ള പടിഞ്ഞാറത്തറ പഞ്ചായത്തിൽ നിന്നും വിദ്യാഭ്യാസം ലഭിച്ചവരും കായികാധ്വാനശേഷിയുള്ളവരും കൂടുതൽ വരുമാനം ലഭിക്കുന്ന സമീപ പട്ടണങ്ങളിലെ വ്യവസായ ബെൽറ്റുകളിലേക്ക് ജോലി തേടിപ്പോവുകയാണ്. കാർഷിക മേഖലയുടെ പുനരുജ്ജീവനം കൊണ്ടു തന്നെ തൊഴിൽലഭ്യത വർദ്ധിപ്പിക്കാം. കാർഷിക മേഖലയിലെ യന്ത്രവൽക്കരണം കൊണ്ട് തൊഴിൽ നഷ്ടപ്പെടുന്നത് കൂടുതലും സ്ത്രീകൾക്കാണ്. കാർഷിക മേഖലയിൽ ഭാഗികമായെങ്കിലും ലഭിക്കുന്ന തൊഴിൽ നഷ്ടപ്പെടുന്ന ഇവർക്ക് ചെറുകിട വ്യവസായ മേഖലകളിൽതൊഴിൽ ലഭ്യമാക്കണം. വനിത സഹകരണ സംഘങ്ങൾ രൂപീകരിച്ച് അച്ചാർ നിർമ്മാണം; എംബ്രോയ്ഡറി; പായനെയ്ത്ത്; ചിപ്സ് നിർമ്മാണം; കരകൗശല വസ്ത്തുകളുടെ നിർമ്മാണം, ചെരിപ്പു നിർമ്മാണം, പഴസംസ്ക്കരണം; പാൽ ഉപയോഗിച്ചുള്ള മധുരപലഹാരങ്ങളുടെ നിർമ്മാണം; പശു വളർത്തൽ, ഡ്രൈവിംഗ് , കോഴിവളർത്തൽ. പന്നിവളർത്തൽ എന്നിവ പരിശീലിപ്പിച്ചാൽ വരുമാനമുള്ള സ്വയം തൊഴിലുകൾ വീട്ടുജോലികളോടൊപ്പം ചെയ്യാവുന്നതാണ്. സഹകരണ സംഘങ്ങൾ മുഖേനയുള്ള വിപണനവും തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കും.

ഒമ്പത്, പത്ത് എന്നീ വാർഡുകളിൽ പശു, ആട് എന്നിവയുടെ ഫാമുകൾ ആരംഭിക്കാവുന്നതാണ്. ധാരാളം പേർക്ക് തൊഴിലും വരുമാനവും ഇതുമൂലം ലഭ്യമാകുന്നതാണ്. കാപ്പിത്തൊണ്ട് ഉപയോഗിച്ചു കൊണ്ടുള്ള ജൈവവളനിർമ്മാണം പഞ്ചായത്തിൽ സാധ്യതകളുള്ള ഒരു വ്യവസായമാണ്.

അടക്കാസംസ്ക്കരണം; ഇഞ്ചിസംസ്ക്കരണം, പട്ടുനൂൽ പഴുവളർത്താൽ; കൂൺകൃഷി, ഹോളോബ്രിക്സ്; സിമൻറ് ബ്ലോക്കുകൾ എന്നിവയുടെ നിർമ്മാണം, മെറ്റൽ യൂനിറ്റ് എന്നിവയും

തൊഴിൽ സാധ്യതയും വിപണന സാധ്യതയും ഉള്ള വ്യവസായങ്ങളാണ്. അസംസ്കൃത വസ്തുക്കൾ പഞ്ചായത്തിൽ ലഭ്യമായതിനാൽ ഇവ എപ്പോഴും പ്രവർത്തനക്ഷമമായിരിക്കും.

1984ൽ 3-ാം വാർഡിൽ ഖാദിബോർഡ് വാങ്ങിയ 1/2 ഏക്കർ സ്ഥലം ഉദ്ദേശിച്ച സ്പിന്നിംഗ്അൻറ് വീവിംഗ് യൂനിറ്റ് തുടങ്ങാതെ കിടക്കുകയാണ്. ഖാദിബോർഡിനു തന്നെ തൊഴിൽ സാധ്യതയുള്ള ഏതെങ്കിലും സംരംഭം ഇവിടെ തുടങ്ങാവുന്നതാണ്.

ധാരാളം റബ്ബർതോട്ടങ്ങളുള്ള പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ തേനുല്പാദനത്തിനും വിപണനത്തിലുമുള്ള സാധ്യതകൾ ആരായാവുന്നതാണ്. ജൈവവളങ്ങളോടൊപ്പം തന്നെ ജൈവകീടനാശിനി നിർമ്മാണവും സാധ്യതകളുള്ള സംരംഭമാണ്.

### പഞ്ചായത്തിൽ ആരംഭിക്കാവുന്ന വൻ വ്യവസായങ്ങൾ

1. തുകൽ ഉല്പന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായം
2. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു അടക്കസംസ്കരണയൂനിറ്റ്
3. ഇഞ്ചി സംസ്ക്കരണം.
4. പാൽ സംസ്ക്കരണത്തിനുള്ള ചില്ലിംഗ് പ്ലാൻറ്
5. റബ്ബർ അധിഷ്ഠിത വ്യവസായം
6. കാലിത്തീറ്റ നിർമ്മാണ ഫാക്ടറി.

### *നിർദ്ദേശങ്ങൾ*

1. ചെറുകിട വ്യവസായ യൂനിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.
2. വില്പനശാലകൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ചുരുങ്ങിയ വാടകക്ക് മുറികൾ അനുവദിക്കണം.
3. കുടിൽ വ്യവസായങ്ങളായി ആരംഭിക്കാവുന്നവയിൽ സ്ത്രീകൾക്ക് പ്രത്യേകിച്ചും വീട്ടമ്മമാർക്ക് പരിശീലനം നൽകാനുള്ള സംവിധാനം ഉണ്ടാകണം.
4. കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിൻെറ കീഴിൽ വസ്ത്രനിർമ്മാണത്തിന്നുപുറമെ നെയ്ത്തുശാലയും ആരംഭിക്കണം. വസ്ത്രങ്ങളുടെ വിപണനത്തിനും പഞ്ചായത്തിൽ സാഹചര്യം ഉണ്ടാക്കണം.
5. നിലവിലുള്ള 25ഓളം ഇഷ്ടിക നിർമ്മാണയൂനിറ്റുകൾ സ്വകാര്യവ്യക്തികളിൽ നിന്നും സഹകരണമേഖലയിലെക്കു കൊണ്ടു വരികയും ഉപയോഗശൂന്യമായ ഭൂപ്രദേശങ്ങൾമാത്രം ഇഷ്ടിക നിർമ്മാണത്തിന് ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
6. സ്ത്രീ തൊഴിലാളികൾക്ക് നിർമ്മാണ പ്രവർത്തനങ്ങളിൽ അർഹമായ കൂലി ഉറപ്പുവരുത്തുക.
7. വ്യവസായ സംരംഭകർക്ക് ധനസഹായം ലഭിക്കുന്നതിനും പരിശീലനം നൽകുന്നതിന്നും ജില്ലാ വ്യവസായ കേന്ദ്രത്തിൻെറ ഒരു സെൽ പഞ്ചായത്തിൽ ആരംഭിക്കുക.
8. കരകൗശലവസ്തുക്കളുടെ നിർമ്മാണത്തിനും വിപണനത്തിനും പരിശീലനം നൽകുന്നതിനായി ഒരു കരകൗശല വികസന കേന്ദ്രം ആരംഭിക്കുക. ഡെപ്യൂട്ടി കമ്മീഷണർ, മിനിസ്ട്രി ഓഫ് ഹാൻറ്ലൂം അൻറ് ടെക്സ്റ്റയിൽസ് തൃശൂർ എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് ഇതു ചെയ്യാവുന്നതാണ്.
9. കാപ്പിത്തൊണ്ട്, ചകിരിച്ചോറ് എന്നിവ ജൈവവളമാക്കി മാറ്റുന്നതിന്ന് ആവശ്യമായ വിദഗ്ദ്ധോപദേശവും പരിശീലനവും ലക്ഷ്യമാക്കി സഹകരണ മേഖലയിൽ ജൈവവള യൂനിറ്റുകൾ ആരംഭിക്കണം.
10. "വ്യവസായ കേരള"വും അതുപോലുള്ള പ്രസിദ്ധീകരണങ്ങളും എല്ലാ വായനശാലകളിലും എത്തിക്കുക.
11. സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനു പകരമം സഹകരണ മേഖലയിൽ വ്യവസായങ്ങൾ ആരംഭിക്കുകു. അടക്ക സംസ്ക്കരണം; ഇഞ്ചിസംസ്ക്കരണം എന്നിവയും റബ്ബറിനെ ആസ്പദമാക്കിയുള്ള വ്യവസായ യൂണിറ്റുകളും ഈ തരത്തിൽ ആരംഭിക്കേണ്ടതാണ്.
12. പഞ്ചായത്തിൽ പണിതുവരുന്ന കുറ്റ്യാടി ഓഗ്മെൻേറഷൻ പദ്ധതി ഉടൻ പൂർത്തിയാക്കുകയും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നല്ലൊരു ഭാഗം പഞ്ചായത്തിലെ വ്യവസായ വികസനത്തിനു ഉപയുക്തമാക്കുകയും ചെയ്യണം.

13. വ്യവസായ മലിനീകരണം കർശനമായി നിയന്ത്രിച്ചു കൊണ്ടുമാത്രം പുതിയ വ്യവസായങ്ങൾ ആരംഭിക്കുക.
14. പഞ്ചായത്തിലെ പൗരന്മാർക്ക് തന്നെ തൊഴിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക
15. വിദ്യാലയങ്ങൾക്കാവശ്യമായ നോട്ടുപുസ്തകങ്ങൾ നിർമ്മിക്കുന്നതിന് അരമ്പറ്റയിൽ പ്രവർത്തിക്കുന്ന ബുക്ക് ബൈൻറിംഗ് യൂനിറ്റിന് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുക.
16. ചെറുകിട ഇലക്ട്രോണിക്സ് യൂനിറ്റുകൾ ആരംഭിക്കുക. ഇലക്ട്രോണിക് ചോക്ക്, ഫാൻ, റഗുലെറ്റർ; വോൾജ് സ്റ്റെബിലൈസർ, എമർജൻസി ലൈറ്റ്, സ്വിച്ചുബോർഡുകൾ എന്നിവ നിർമ്മിക്കുന്ന യൂനിറ്റുകൾ ആരംഭിക്കണം.
17. കളിക്കോപ്പു നിർമാണം; സോപ്പുനിർമ്മാണം, പ്രിൻറിംഗ് പ്രസ്സ്, സ്കൂൾ ബാഗുകൾ നിർമ്മിക്കൽ എന്നിവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.
18. ഡ്രൈവിംഗ് പരിശീലന കേന്ദ്രം ആരംഭിക്കാനുള്ള സാമ്പത്തിക സഹായങ്ങളും സൗകര്യവും ലഭ്യമാക്കുക.
19. പഞ്ചായത്തിൻെറ പുഴ പുറംപോക്കിൽ കൈത, ഈറ്റ, മുള എന്നിവ വെച്ചു പിടിപ്പിച്ചാൽ ആദിവാസികളുടെ പരമ്പരാഗത വ്യവസായങ്ങളായ പായ നെയ്ത്ത്, കുട്ട നിർമ്മാണം തുടങ്ങിയവക്കുള്ള അസംസ്ക്കൃതവസ്തുക്കൾ ലഭ്യമാകുന്നതാണ്. അതുവഴി പരിസ്ഥിതി സംരക്ഷണം എന്ന ലക്ഷ്യം നേടുകയും ആവാം.
20. നിർദ്ധനരായ പട്ടികവർഗ്ഗയുവതികൾ അടക്കം നിരവധിയാളുകൾക്ക് തൊഴിൽ നൽകുന്ന ഹാൻടെക്സിൻെറ കീഴിലുള്ള വസ്ത്ര നിർമ്മാണയൂനിറ്റിന് ആവശ്യമായകെട്ടിടം (സ്ഥിരമായുള്ളത്) നിർമ്മിക്കുകുയം ആവശ്യങ്ങൾ ആധുനിക യന്ത്രോപകരണങ്ങൾ നൽകി വികസിപ്പിക്കുകുയം ചെയ്യേണ്ടതാണ്.
21. വ്യവസായങ്ങൾ തുടങ്ങുന്നതിനും നല്ലനിലയിൽ പ്രവൃത്തിക്കുന്നതിന്നും ആവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് വരുന്ന അഞ്ചുവർഷം കൊണ്ടു പൂർത്തിയാക്കിയാൽ സ്വയം പര്യാപതതയിലേക്കുള്ള മുന്നേറ്റമായി പദ്ധതികൾ രൂപപ്പെടുമെന്ന് പ്രതീക്ഷിക്കാം. കാർഷികഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നത് തടയുകയും കൃഷിയും വ്യവസായവും പരസ്പരപൂരിതമാകുന്ന ഒരു വ്യവസ്ഥിതി ഉയർന്നുവരികയും ചെയ്യുന്നതിനുതകുന്ന നിർദ്ദേശങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഗ്രാമങ്ങളെ നഗരങ്ങളാക്കി മാറ്റുന്നതിന്നുപകരം ശുദ്ധവായുവും ശുദ്ധജലവും മാനസികസ്വാസ്ഥതയും ലഭിക്കുന്ന സ്വയം പര്യാപ്തഗ്രാമങ്ങളാക്കി ശക്തിപ്പെടുന്നുന്ന ദീർഘവീക്ഷണം ഉള്ള ആസൂത്രണം ആവശ്യമായ സാഹചര്യത്തിൽ ഗുണകരവും മൗലികവുമായ ജീവിത ശൈലികൾ വളർത്തിയെടുക്കാനുള്ള സംരംഭങ്ങൾ രൂപപ്പെടുത്തുകയാണ് നമ്മുടെ ലക്ഷ്യം.



# വിദ്യാഭ്യാസം

അടിസ്ഥാന സേവനമേഖലയാണ് വിദ്യാഭ്യാസ രംഗം. ഇത് ഒരു സാമൂഹിക ഉത്തരവാദിത്വമായി കണ്ടുകൊണ്ട് ഈ മേഖലയിലെ സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് ഈ വിദ്യാഭ്യാസ റിപ്പോർട്ട് കൊണ്ടുദ്ദേശിക്കുന്നത്.

സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ വിദ്യാഭ്യാസ സൗകര്യത്തിൻെറ കാര്യത്തിലും കേരളം ഭാരതത്തിൻെറ ഇതരദേശങ്ങളേക്കാൾ മുമ്പിലായിരുന്നു. സാമൂഹിക പരിഷ്ക്കർത്താക്കളും മിഷണറിമാരും സ്വകാര്യ സംരംഭകരും വിദ്യാഭ്യാസം വ്യാപകമാക്കി ഐക്യകേരള രൂപീകരണത്തിനു ശേഷം, വിദ്യാഭ്യാസത്തെ ഒരു സാമൂഹ്യ ബാധ്യതയായി സർക്കാർ ഏറ്റെടുത്തു. സംസ്ഥാന ബഡ്ജറ്റിൻെറ31% തുകയും ഈ മേഖലയിലാണ് വിനിയോഗിക്കപ്പെടുന്നത്. പക്ഷേ ഭാരതത്തിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, പതിനെട്ടാം സ്ഥാനത്താണ് ഗുണമേന്മയുടെ കാര്യത്തിൽ കേരളം. സാമൂഹ്യപങ്കാളിത്തം ഏറ്റവും കുറവുള്ള മേഖലയായി ഈ രംഗം അധഃപതിച്ചതാണ് ഇതിന് കാരണം.

പഴയകോട്ടത്തറ പഞ്ചായത്തിൻെറയും തരിയോട് പഞ്ചായത്തിൻെറയും ഭാഗമായിരുന്ന പടിഞ്ഞാറത്തറ പഞ്ചായത്ത് 1971 ലാണ് രൂപം കൊണ്ടത്. പതിറ്റാണ്ടുകളായി കുടിയേറ്റ ജനതയ്ക്ക് അഭയവും അത്താണിയുമായ ഒരു പ്രദേശമായതിനാൽ കേരളത്തിൻെറ ഉത്തരദക്ഷിണ മാനവികത അതിൻെറ എല്ലാ ആചാരവിശേഷണങ്ങളുമായി നില നില്ക്കുന്ന ഈ പഞ്ചായത്തിന് പ്രകൃതിയും അതിൻെറ എല്ലാ മനോഹാരിതയും സമ്മാനിച്ചിട്ടുണ്ട്. വിജ്ഞാനത്തിൻെറയും സംസ്കാരത്തിൻെറയും മൺചിരാതുകൾ പ്രകാശിച്ചിരുന്നത് ഇത്തരത്തിൽ മാനവികതയുംപ്രകൃതിയും ഒന്നിച്ചിരുന്നെടുത്തായിരുന്നു എന്നത് ചരിത്രപാഠം, എന്നാൽ സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ മേഖലകളിൽ എടുത്തു പറയത്തക്ക ഉണർവ്വുണ്ടാക്കാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം വിസ്മരിച്ചിട്ട് കാര്യമില്ല.

ജനപങ്കാളിത്തത്തോടെ, സൃഷ്ടിപരമായും ബോധപൂർവ്വവുമായ ഇടപെടലുണ്ടെങ്കിൽ ഈ മേഖലകളിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും. ഭാരതം സ്വതന്ത്രമാകുന്നതിന് ഏറെമുമ്പ്, പതിനെട്ടാം നൂറ്റാണ്ടിൻെറ അവസാനഘട്ടത്തിൽ പടിഞ്ഞാറത്തറയിലെ "ഞാറ്റാല" വീട്ടിൽ ആരംഭിച്ച എഴുത്തുപള്ളിക്കൂടമാണ്, ആദ്യത്തെ വിദ്യാഭ്യാസകേന്ദ്രം. പിന്നീട് ഇത് ആദ്യത്തെ എലിമെൻററി സ്ക്കൂൾ

ആയിത്തീർന്നു. 1911 ൽ കുപ്പാടിത്തറയിലെ ചില വ്യക്തികളുടെ ശ്രമഫലമായി തുടങ്ങിയ സ്ക്കൂൾ ബ്രിട്ടീഷ് ഗവൺമെൻറിൻെറ കാലത്ത്, പൗരപ്രമുഖനായ ശ്രീ ഒതയോത്ത് മാരാർ നിർമ്മിച്ച് കൊടുത്ത കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. ഇന്ന് സർക്കാർ മേഖലകയിൽ പ്രവർത്തിയ്ക്കുന്ന ഈ രണ്ട് സ്ക്കൂളുകളിലും ഭൗതിക സാഹചര്യങ്ങൾ വേണ്ടത്രഇല്ല എന്നത് തീർത്തും ഖേദകരമാണ്. ഈ പഞ്ചായത്തിൽ ആകെ ഏഴ് എൽ.പി. സ്ക്കൂളുകളും രണ്ട് യു.പി. സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളുമാണുള്ളത്. മുൺലൈറ്റ് എൽ.പി.സ്ക്കൂൾ മുണ്ടകുറ്റി, വിവേകോദയംഎൽ.പി.സ്ക്കൂൾ. 16-ാം മൈൽ, ജി.എൽ.പി സ്ക്കൂൾ പടിഞ്ഞാറത്തറ, ജി.എൽ.പി. സ്കൂൾ തെങ്ങുംമുണ്ട, എസ്.എ.എൻ.പി.എസ്, കുപ്പാടിത്തറ, ഗവ.എൽ.പി.സ്ക്കൂൾ മഞ്ചൂറ, സെൻറ് തോമസ്സ് ഇവാഞ്ചലിയ്ക്കൽ എൽ.പി.സ്ക്കൂൾ പടിഞ്ഞാറത്തറ, എ.യു.പി സ്ക്കൂൾ പടിഞ്ഞാറത്തറ, ജി.യു.പി സ്ക്കൂൾ കുപ്പാടിത്തറ, ഗവ. ഹൈസ്ക്കൂൾ പടിഞ്ഞാറത്തറ എന്നിവയാണ് അവ.

ഉൾപ്രദേശങ്ങളിലേയ്ക്ക് വേണ്ടത്ര ഗതാഗത സൗകര്യങ്ങളില്ലാത്ത ഈ പഞ്ചായത്തിൽ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം, ഗൗരവമായി ശ്രദ്ധപതിയേണ്ട ഒന്നാണ്. ഭൂരിഭാഗം വിദ്യാർത്ഥികളും കാൽനടയായാണ് അതാത് സ്ക്കൂളുകളിൽ എത്തിച്ചേരുന്നത്. എൽ.പി. സ്ക്കൂളുകളിൽ പഠിക്കുന്ന പിഞ്ചുകുഞ്ഞുങ്ങൾ പോലും നിത്യവും ഒന്ന് മുതൽ മുന്ന് കി.മി. വരെ കാൽനടയായി യാത്രചെയ്യേണ്ടിവരുന്നു. പഞ്ചായത്തിൽ രണ്ട് യു.പി. സ്ക്കൂളുകൾ മാത്രമായതിനാൽ ചില പ്രദേശത്തെ കുട്ടികൾക്ക് ആ സ്ക്കൂളുകളിലെത്താൻ ദുർഘടമായ വഴികളിലൂടെ അഞ്ച് കിലോമീറ്റർ ദൂരം വരെ നടക്കണം. പഞ്ചായത്താസ്ഥാനത്തുളള ഏക ഗവൺമെൻറ് ഹൈസ്ക്കൂളിലെത്താൻ എട്ട് കിലോമീറ്റർ നിത്യവും നടക്കേണ്ടിവരുന്ന വിദ്യാർത്ഥികളുടെ എണ്ണം 50%ത്തിലും കൂടുതലാണ്. പ്രയാസകരമായ ഈ നിത്യയാത്ര കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉന്മേഷത്തെ നശിപ്പിക്കുകയും പഠനനിലവാരത്തെ പ്രതികൂലമായി ബാധിയ്ക്കുകയും ചെയ്യുന്നു. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനും ഇത്ഒരു സുപ്രധാന കാരണമാണ്.

വിദ്യാഭ്യാസ തൽപരമായ ചില വ്യക്തികളുടെ നേതൃത്വത്തിൽ നാട്ടുകാർ നടത്തിയ നിരന്തരമായ പരിശ്രമത്തിൻെറ ഫലമായി 1976 ൽ പഞ്ചായത്താസ്ഥാനമായ പടിഞ്ഞാറത്തറയിൽ ഒരു ഗവ. ഹൈസ്ക്കൂൾ അനുവദിച്ചു. ആദ്യകാലങ്ങളിൽ ഈ ഹൈസ്ക്കൂൾ പ്രവർത്തിച്ചിരുന്നത് പടിഞ്ഞാറത്തറ മഹല്ല് കമ്മറ്റിയുടേയും പടിഞ്ഞാറത്തറ സർവ്വീസ്സ് സഹകരണബേങ്കിൻെറയും കെട്ടിടങ്ങളിലാണ്. 1980 കാലഘട്ടത്തിൽ പണിത ഇരുനില കോൺക്രിറ്റ് കെട്ടിടത്തിലേയ്ക്ക് ഹൈസ്ക്കൂളിൻെറ പ്രവർത്തനം മാറ്റി. അതോടെ ക്ലാസ്സ്മുറികൾ ആവശ്യത്തിന് മതിയായെങ്കിലുംകുന്നിൻ മുകളിലുള്ള സ്ക്കൂളിലേയ്ക്ക് എത്തിപ്പെടുന്നതിന് ഗതാഗത യോഗ്യമായ റോഡോ, കുടിവെള്ള ലഭ്യതയോ ഇല്ല. നിലവിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ലാബ്, ഓഡിയോ, വീഡിയോ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തി അധ്യയനം കാര്യക്ഷമമാക്കാൻ സാധിക്കാതെ വരുന്നു.

*"അക്ഷരജ്ഞാനം വിദ്യാഭ്യാസത്തിൻെറ ലക്ഷ്യമല്ല. ആരംഭവുമല്ല. സ്ത്രീയെയും പുരുഷനെയും വിദ്യാഭ്യാസം ചെയ്യിക്കാനുള്ള ഒരു മാർഗ്ഗം മാത്രമാണ് അക്ഷരജ്ഞാനം. തനിച്ചെടുത്താൽ വിദ്യാഭ്യാസമേ അല്ല, അതുകൊണ്ടെന്തെങ്കിലും ഉപയോഗപ്രദമായ കൈത്തൊഴിൽ പഠിപ്പിച്ചു കൊണ്ടായിരിയ്ക്കും, ഞാനൊരു കുട്ടിയുടെ വിദ്യാഭ്യാസം ആരംഭിക്കുക"*

*- ഗാന്ധിജി.*

## പട്ടിക 1 A

### പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ ആകെ വിദ്യാർത്ഥികൾ അധ്യാപകർ

| നമ്പർ | സ്ക്കൂളിൻെറ പേര് | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ ആകെ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1 | ജി.എൽ.പി. സ്കൂൾ പടിഞ്ഞാറത്തറ | ഗവൺമെൻറ് | 244 | 197 | 441 | 14 |
| 2 | ജി.എൽ.പി.സ്കൂൾ തെങ്ങുമുണ്ട | ഗവൺമെൻറ് | 62 | 45 | 107 | 6 |
| 3 | വിവേകോദയം എൽ.പി.സ്കൂൾ പുതുശ്ശേരിക്കടവ് | എയ്ഡഡ് | 122 | 114 | 236 | 8 |
| 4 | മൂൺലൈറ്റ് എൽ.പി.സ്കൂൾ മുണ്ടക്കുറ്റി | എയ്ഡഡ് | 120 | 146 | 266 | 9 |
| 5 | എസ്.എ.എൽ.പി.സ്കൂൾ കുപ്പാടിത്തറ | എയ്ഡഡ് | 76 | 99 | 175 | 5 |
| 6 | ഗവ.എൽ.പി.സ്കൂൾ മാഞ്ഞൂറ | ഗവൺമെൻറ് | 25 | 26 | 51 | 3 |
| 7 | സെൻറ്തോമസ് ഇവാഞ്ചലിക്കൽ പടിഞ്ഞാറത്തറ | എയ്ഡഡ് | 97 | 104 | 201 | 5 |
| 8 | ഗവ.യു.പി.സ്കൂൾ കുപ്പാടിത്തറ | ഗവൺമെൻറ് | 282 | 308 | 590 | 12 |
| 9 | എ.യു.പി.സ്കൂൾ പടിഞ്ഞാറത്തറ | എയ്ഡഡ് | 458 | 378 | 836 | 23 |
| 10 | ഗവ.ഹൈസ്കൂൾ പടിഞ്ഞാറത്തറ | ഗവൺമെൻറ് | 437 | 537 | 974 | 34 |

## പട്ടിക 1B

### എൽ.പി,യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | L.P | | U.P | | H.S | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 3877 | 883 | 858 | 644 | 518 | 437 | 537 |

## പട്ടിക 1C

### പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം (1996-97)

| എൽ.പി.സ്ക്കൂൾ ആകെ SC/ST | യു.പി.സ്ക്കൂൾ ആകെSC/ST | ഹൈസ്ക്കൂൾ ആകെ SC/ST |
|---|---|---|
| 306 | 192 | 113 |

## പട്ടിക 1 D

### പഠനം നിർത്തിയവരുടെ കണക്ക്

| | എൽ.പി.സ്ക്കൂൾ | | | യു.പി. സ്ക്കൂൾ | | | ഹൈസ്ക്കൂൾ | | |
|---|---|---|---|---|---|---|---|---|---|
| | SC/ST | മറ്റുള്ളവർ | ആകെ | SC/ST | മറ്റുള്ളവർ | ആകെ | SC/ST | മറ്റുള്ളവർ | ആകെ |
| ആൺ | 10 | 8 | 18 | 6 | 8 | 14 | 3 | 21 | 24 |
| പെൺ | 13 | 5 | 18 | 9 | 1 | 10 | 2 | 15 | 17 |

## പട്ടിക 1D

### ഗവ.സ്ക്കൂളുകളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടേയും എണ്ണം.

| ആകെ അധ്യാപകർ | ഗവ.സ്ക്കൂൾ അധ്യാപകർ | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ.സ്ക്കൂളിലെ വിദ്യാർത്ഥികൾ |
|---|---|---|---|
| 119 | 69 | 3877 | 2163 |

ആകെയുള്ള പത്ത് സ്ക്കൂളുകളിൽ അഞ്ചെണ്ണം സർക്കാർ മേഖലയിലാണ് മൊത്തം 119 അദ്ധ്യാപകരിൽ 69 പേരും വിദ്യാർത്ഥികളിൽ 2163 പേരും സർക്കാർ സ്ഥാപനങ്ങളിലാണ് പഞ്ചായത്തിലെ യു.പി. സ്ക്കൂളുകളിൽ നിന്നും പാസ്സാകുന്ന മികച്ച വിദ്യാർത്ഥികളിൽ ഏറിയ ശതമാനവും ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി അടുത്തുള്ള സ്വകാര്യ സ്ക്കുളുകളെ ആശ്രയിയ്ക്കുന്നു. ഇവിടുത്തെ ഹൈസ്ക്കൂളിലെ താഴ്ന്ന S.S.L.Cവിജയശതമാണ് ഇതിനുകാരണം. സർക്കാർ വിദ്യാലയങ്ങളോടുള്ള സമീപനത്തിൽ ക്രിയാത്മക നിലപാട് സ്വീകരിയ്ക്കുകയും ഒപ്പം അദ്ധ്യാപകരും രക്ഷാകർത്താക്കളും, വിദ്യാർത്ഥികളും, ഔദ്യോഗിക സംവിധാനങ്ങളും കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിയ്ക്കുകയും ചെയ്താൽ വിജയശതമാനവും സ്ക്കൂളിൻെറ യശസ്സും പൂർവ്വാധികം വർദ്ധിപ്പിക്കാൻ സാധിക്കും.

ഒരു പാരലൽ കോളേജ് ഒഴിച്ച് നിർത്തിയാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ, പഞ്ചായത്തിലില്ല. ഹയർസെക്കൻററി സ്ക്കൂൾ തരിയോട്, സെൻെറ് മേരീസ് കോളേജ് ബത്തേരി, മാനന്തവാടി കല്പറ്റ ഗവൺമെൻറ് കോളേജുകൾ, കല്പറ്റ ഐ.ടി.ഐ. എന്നിവിടങ്ങളിലാണ് ഉന്നത വിദ്യാഭ്യാസത്തിനായി കുട്ടികളെ അയക്കുന്നത്.

## ഉന്നത വിദ്യാഭ്യാസത്തിനായി മറ്റ് സ്ഥലങ്ങളിലേയ്ക്ക് പോകുന്നവരുടെ കണക്ക്

| | |
|---|---|
| പ്രിഡിഗ്രി, പ്ലസ്ടു | 108 |
| ഡിഗ്രി | 120 |
| ഐ.ടി.ഐ | 18 |
| എൻജിനിയറിംഗ് | 3 |
| കമ്പ്യൂട്ടർ | 32 |
| മെഡിസിൻ | 2 |
| മറ്റുള്ളവ | 62 |

പഞ്ചായത്തിൻെറ ഗവ.ഹൈസ്ക്കൂളിലെ വിജയശതമാനം വളരെ കുറവാണ്. വിജയിക്കുന്നവർക്ക് തന്നെ മാർക്ക് കുറവായതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം ലഭിക്കുന്നില്ല. ആയതിനാൽ ഇക്കൂട്ടർക്ക് പാരലൽ കോളേജുകളെ ആശ്രയിക്കേണ്ടിവരുന്നു. പഞ്ചായത്തിൽ ഒരു പാരലൽ കോളേജ് മാത്രമേ നിലവിലുള്ളു. ഇവിടെ S.S.L.Cപരീക്ഷയിൽ പരാജയപ്പെട്ടവർക്ക് ട്യൂഷൻ കൊടുക്കുന്നതിനാണ് പ്രാമുഖ്യം നല്ക്കുന്നത്. നാമമാത്രമായ തോതിൽ പ്രിഡിഗ്രി. കോഴ്സുമുണ്ട്.

രണ്ട് ടൈപ്പ്റൈറ്റിംഗ് പരിശീലന സ്ഥാപനങ്ങൾ ഇവിടെയുണ്ട്. ഷോർട്ട്ഹാൻറ് പരിശീലനം ഗൗരവമായി നടക്കുന്നില്ല. കമ്പ്യൂട്ടർ ട്രെയ്നിംഗ് അടക്കമുള്ള സാങ്കേതിക പരിശീലന കേന്ദ്രങ്ങളൊന്നും പഞ്ചായത്തിലില്ല.

മൂന്ന് നഴ്സറി സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിയ്ക്കുന്നുണ്ട്. രണ്ടെണ്ണം ഇംഗ്ലീഷ് മീഡിയമാണ്.മൂന്ന് വയസ്സിനും, അഞ്ച് വയസ്സിനുമിടയിലുള്ള കുട്ടികളധികവും സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിലുള്ള അങ്കൺവാടികളിൽ പോകുന്നതിനാൽ പ്രി. പ്രൈമറി നഴ്സറി സ്ഥാപനങ്ങളുടെവ്യാപനം കുറവാണ്. പല വാർഡുകളിലും അങ്കൺവാടികളില്ല. പതിമൂന്ന് അങ്കൺവാടികളെങ്കിലും ഇനിയും അടിയന്തിരമായി അനുവദിച്ച് കിട്ടേണ്ടതുണ്ട്. ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത ഭൂമിശാസ്ത്രപരമായ പ്രത്യേക പരിതസ്ഥിതികൾ കുട്ടികളുടെ അഭാവം എന്നിവകൊണ്ട് അങ്കൺവാടികളുടെ പ്രവർത്തനം ലക്ഷ്യത്തിലെത്തുന്നില്ല.

### *പ്രി-പ്രൈമറി മേഖലയിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ:*

ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിയ്ക്കുക, ഫർണ്ണിച്ചർ നല്ക്കുക, കളിപ്പാട്ടങ്ങളും പഠനോപകരണങ്ങളും നല്കുക. പ്രി.പ്രൈമറി രംഗത്തെ പ്രധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക. സ്ക്കൂൾ പി.ടി.എ.യുടെ മാതൃകയിൽ സമിതി രൂപീകരിയ്ക്കുക. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് ഉതകും വിധം ഭക്ഷണത്തിൻെറ നിലവാരം ഉയർത്തുക സൗജന്യമെഡിക്കൽ പരിശോധന ഉറപ്പ് വരുത്തുക, അംഗൻവാടി ജീവനക്കാർക്ക് നഴ്സറി ടീച്ചർ ട്രെയ്നിംഗ് നിർബന്ധമാക്കുക ജീവനക്കാരടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് ഗ്രാമപഞ്ചാത്തിൻെറ കീഴിൽ കൊണ്ടുവരിക, എന്നീ കാര്യങ്ങൾ ഈരംഗത്തെ കാര്യക്ഷമത വർധിപ്പിയ്ക്കാൻ സഹായിയ്ക്കും.

ഈ പഞ്ചായത്തിൽ പുതുതായി ആരംഭിക്കേണ്ടുന്ന അങ്കൻവാടികൾ പട്ടികയായി ചുവടെ കൊടുക്കുന്നു.

| വാർഡ് നമ്പർ | അങ്കൺവാടികളുടെ എണ്ണം. |
|---|---|
| 1 | അരിവയൽ 1 |
| 2 | 4 എണ്ണം |
| 3 | 0 |
| 4 | എടത്തറ, വേങ്ങേരിക്കുന്ന്, കുടൽക്കടവ് |
| 5 | തിരുമംഗലം |
| 6 | പിലാശ്ശേരിക്കുന്ന് |
| 7 | ചോലയിൽകുന്ന് |
| 8 | 2 എണ്ണം |
| 9 | ബംഗ്നം, നരിപ്പാറ(2) |
| 10 | 2 |

## ഔപചാരിക വിദ്യാഭ്യാസ മേഖല

അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത സ്ക്കൂളിന്റെ ചുറ്റുപാടിൽ അധ്യായനം നടത്താൻ നിർബന്ധിയ്ക്കപ്പെടുന്ന വിദ്യാർത്ഥികൾ എല്ലാ രംഗങ്ങളിലും പിന്തള്ളപ്പെട്ടുപോകുന്നു.

പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കുന്നത് ലക്ഷ്യമാക്കിയുള്ള ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി, ലോകബാങ്കിന്റെ സാഹയത്തോട് കൂടിയുള്ള DPEPഎന്നിവ ഈ ജില്ലയിൽനടപ്പാക്കിയെങ്കിലും ഇന്നും മിക്ക സ്ക്കൂളുകളിലുംലക്ഷ്യം സാക്ഷാത്ക്കരിയ്ക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ സ്കൂളുകളിലെ, പ്രധാനമായും ഹൈസ്ക്കൂളിലെ ഭൗതിക സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാനത്ത് നടപ്പിലാക്കിയ സ്ക്കൂൾ കോംപ്ലക്സ് സംവിധാനം ഈ പഞ്ചായത്തിലും രൂപീകരിച്ചുവെങ്കിലും ഇപ്പോൾ നിശ്ചലാവസ്ഥയിലാണ്.

രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ ചെറുകിടക്കാർക്കും കൂലിപ്പണിക്കാർക്കും വിദ്യാഭ്യാസം താങ്ങാനാവാത്ത ബാധ്യതയാക്കിയിരിക്കുന്നു. രക്ഷിതാക്കളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ, ആദിവാസി വിഭാഗങ്ങളുടെ അജ്ഞത, കാര്യക്ഷമമായ പി.ടി.എ കളുടെ അഭാവം, എന്നിവ പ്രധാന പ്രശ്നങ്ങളാണ്. പരീക്ഷകളുടെ നടത്തിപ്പ്, പാഠ്യേതര പ്രവർത്തനങ്ങൾ, സ്പോർട്സ്, യുവജനോത്സവും, വാർഷികാഘോഷം ദേശീയോത്സവങ്ങൾ, സ്ക്കൂൾ ക്ലബ്ബുകൾ, സ്കൗട്ടിംഗ്, എൻ.സി.സി എന്നിവയിൽ പി.ടി.എ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാറില്ല.

അധ്യാപകരുടെ അർപ്പണബോധമില്ലായ്മയും ശാസ്ത്രീയ ബോധനരീതികൾ ഉപയോഗിയ്ക്കാനുള്ള വൈമുഖ്യവും അശാസ്ത്രീയമായ മൂല്യനിർണ്ണയ സമ്പ്രദായങ്ങളും, പാഠ്യേതര പ്രവർത്തനങ്ങളിലുള്ള വിമുഖതയും വിദ്യാഭ്യാസ രംഗത്തെ തകർച്ചയ്ക്ക് കാരണമാകുന്നു.

പ്രൈമറി തലത്തിൽ വേണ്ടത്ര ശ്രദ്ധ ലഭിയ്ക്കാതെ പോകുന്നതാണ് കുട്ടികളുടെ നിലവാരത്തകർച്ചയ്ക്ക് പ്രധാന കാരണം പ്രാഥമിക തലത്തിൽ നിന്ന് അക്ഷരജ്ഞാനമോ, സംഖ്യാബോധമോ നേടാതെ ഹൈസ്ക്കൂളിൽ എത്തുന്നവർ വിരളമല്ല. അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള അനുപാതത്തിലെ വർദ്ധനവും ഓൾ പ്രമോഷൻ രീതിയുമാണ് ഈ ദുർഗ്ഗതിയ്ക്ക് കാരണം.

8-ാം ക്ലാസ്സിലെത്തുന്ന 20% കുട്ടികളും അക്ഷരജ്ഞാനം ഇല്ലാത്തവരാണ്. 45% പേർ ശരാശരിയ്ക്ക് താഴെയാണ്. 25% പേർ ശരാശരിയ്ക്കാരും, 10% പേർ ശരാശരിയ്ക്ക് മുകളിലാണ്.

## വായനാശീലത്തിന്റെ കുറവ്

ഹൈസ്ക്കൂൾ വിദ്യാർത്ഥികളുടെ വായനാശീലത്തിന്റെ നിരക്ക് ഏവരെയും ലജ്ജിപ്പിയ്ക്കുന്നതാണ്. പാഠപുസ്തകങ്ങൾ ഒഴികെ ഒന്നും, എന്തിനേറെ ദിനപ്പത്രങ്ങൾ പോലും വായിയ്ക്കുന്ന ശീലം മഹാഭൂരിപക്ഷത്തിനുമില്ല. ലബോറട്ടറി, ദൃശ്യശ്രവ്യപഠനോപകരണങ്ങൾ എന്നിവയുടെ അപര്യാപ്തതയും വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിയ്ക്കുന്നു. ഇവിടുത്തെ വിദ്യാലയ സൗകര്യങ്ങളുടെ പരിമിതി താഴെ പട്ടികയിൽ കൊടുക്കുന്നു.

## പട്ടിക IV

### വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ

| | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | സ്റ്റോക്ക്ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം | പി.ടി.എ |
|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല | 2 | വേണ്ടത്രയില്ല | 2 | 8 | - | 1 | 1 | - | 10 | 10 |
| ഇല്ലാത്തത് | | 8 | | 3 | 3 | 10 | 10 | 10 | 14 | - | - |

ഭൂരിപക്ഷം സ്കൂളുകളുടെയും ഭൗതിക സാഹചര്യം തൃപ്തികരമല്ല.

കുപ്പാടിത്തറ ജി.യു. പി. എസ്സ്‌ലെ, എൽ.പി. സ്കൂൾ, മഞ്ഞൂറ ജി. എൽ. പി. സ്കൂൾ എന്നിവ പ്രവർത്തിക്കുന്നത് ഓലഷെഡ്ഡുകളിലാണ്.

മൂത്രപ്പുര, കക്കൂസ്സ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത പട്ടിക ചുവടെ (പട്ടിക V) ചേർത്തിരിക്കുന്നു.

## പട്ടിക V

### സ്ക്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ

| സ്ക്കൂളിന്റെ പേര് | വിദ്യാർത്ഥികൾ | അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| ജി.എൽ.പി.സ്ക്കൂൾ പടിഞ്ഞാറത്തറ | 441 | 14 | 2 | 1 | ഇല്ല | ഇല്ല |
| ജി.എൽ.പി.സ്ക്കൂൾ, തെങ്ങുമുണ്ട | 107 | 6 | 3 | 1 | ഉണ്ട് | ഇല്ല |
| വിവേകോദയം എൽ.പി.സ്ക്കൂൾ പുതുശ്ശേരിക്കടവ് | 236 | 8 | 1 | 1 | ഉണ്ട് | ഇല്ല |
| മൂൺലൈറ്റ് എൽ.പി.സ്ക്കൂൾ മുണ്ടക്കുറ്റി | 266 | 9 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| എസ്.എ.എൽ.പി.സ്ക്കൂൾ കുപ്പാടിത്തറ | 175 | 5 | 2 | 1 | ഇല്ല | ഇല്ല |
| ജി.എൽ.പി.സ്ക്കൂൾ മഞ്ഞൂറ | 51 | 3 | 2 | 2 | ഉണ്ട് | ഇല്ല |
| സെന്റ് തോമസ്സ് ഇറാഞ്ചിലിക്കൽ എൽ.പി.സ്ക്കൂൾ പടിഞ്ഞാറത്തറ | 201 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| ഗവ.യു.പി.എസ്.കുപ്പാടിത്തറ | 390 | 12 | 2 | 2 | ഉണ്ട് | ഇല്ല |
| എ.യു.പി.സ്ക്കൂൾ പടിഞ്ഞാറത്തറ | 836 | 23 | 1 | 1 | ഉണ്ട് | ഉണ്ട് |
| ഗവ.ഹൈസ്ക്കൂൾ പടിഞ്ഞാറത്തറ | 974 | 34 | 3 | 2 | ഇല്ല | ഇല്ല |

കക്കൂസില്ലാത്ത രണ്ടു കുടിവെള്ള ലഭ്യതയില്ലാത്ത മൂന്നും വൈദ്യുതിയില്ലാത്തഒന്പതു സ്ക്കൂളുകളാണ് പഞ്ചായത്തിലുള്ളത്

വിദ്യാർത്ഥികളുടെ പഠനനിലവാരം ആശാവഹമല്ല. 1991-92 93-94, അധ്യയന വർഷങ്ങൾ ഒഴികെ എസ്.എൽ.സി. പരീക്ഷാഫലം 25% ത്തിൽ താഴെയാണ്.

### പട്ടിക VI

### പടിഞ്ഞാറത്തറ ഗവ.ഹൈസ്ക്കൂളിലെ വിജയശതമാനം 91-92 മുതൽ 95-96 വരെ

| 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 26% | 18% | 33% | 22% | 24% |

വിദ്യാസമ്പന്നരുണ്ടെങ്കിലും നിരക്ഷരരായ അനേകം ആളുകൾ ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ സാക്ഷരതാ നിരക്ക്, സംസ്ഥാന സാക്ഷരതാ നിരക്കിനേക്കാൾ തുലോം കുറവാണ് (69%)

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ച് വർഷത്തേക്ക് പഞ്ചായത്തിൽ നടപ്പാക്കേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1. രണ്ടാം വാർഡിൽ രണ്ട് പ്രൈമറി സ്ക്കുളുകൾ ആരംഭിക്കണം. ഇത് കൂടാതെ അഞ്ചാം വാർഡിലെ തിരുമംഗലം, ഒമ്പതാം വാർഡിലെ ബപ്നം, നരിപ്പാറ, പത്താം വാർഡിലെ കാപ്പിക്കളം എന്നിവിടങ്ങളിൽ എൽ.പി.സ്ക്കുളുകൾ പുതുതായി അനുവദിക്കണം.

   ആറാം വാർഡിലെ പേരാലിൽ ഇപ്പോൾ അനുവദിച്ച DPEP സ്ക്കൂളിൻെറ പ്രവർത്തി ആരംഭിക്കുകയും കുറുമ്പാല GLP മഞ്ഞൂറ, GLP സ്ക്കൂളുകൾക്ക് സ്ഥിരമായ കെട്ടിടം നിർമ്മിക്കുകയും വേണം.

2. നാലാം വാർഡിലെ മുണ്ടക്കുറ്റി, മൂന്നാം വാർഡിലെ 16-ാം മൈൽ എട്ടാം വാർഡിലെ തെങ്ങുമുണ്ട പത്താം വാർഡിലെ ഇവാഞ്ചലിക്കൽ സ്ക്കൂൾ എന്നീ എൽ.പി.സ്ക്കൂളുകൾ യു.പി.സ്ക്കൂളായി ഉയർത്തുക.

3. ഒന്നാം വാർഡിലെ അരിവയൽ, നാലാം വാർഡിലെ തേർത്തുകുന്ന്, ബേങ്ക് കുന്ന്, വേങ്ങേരിക്കുന്ന്, അഞ്ചാം വാർഡിലെ തിരുമംഗലം ആറാം വാർഡിലെ പിലാച്ചേരിക്കുന്ന്,ഒമ്പതാം വാർഡിലെ ബപ്പനം, നരിപ്പാറ എന്നിവിടങ്ങളിൽ ICDS ലക്ഷ്യം പൂർത്തികരിയ്ക്കത്തക്ക രീതിയിൽ അങ്കൺവാടികൾ ആരംഭിക്കുക.

4. കുപ്പാടിത്തറ വില്ലേജിൽ ഒരു ഹൈസ്ക്കൂൾ ആരംഭിക്കുക.

5. പഞ്ചായത്തിൽ നിലവിലുള്ള ഹൈസ്ക്കൂളിൽ പ്ലസ്ടു കോഴ്സ് ,കമ്പ്യൂട്ടർ കോഴ്സ് എന്നിവ ആരംഭിക്കുക. കളിസ്ഥലം, ചുറ്റുമതിൽ, സ്ക്കൂൾ റോഡ് എന്നിവ അടിയന്തിര പ്രാധാന്യത്തോടെ നിർമ്മിക്കുക.

6. ഒന്നാം വാർഡിലും പത്താം വാർഡിലും ഓരോ ടൈപ്പ്റൈറ്റിഗ് സെൻെറുകൾ നടത്തുക.

7. കുപ്പാടിത്തറയിലും തിരുമംഗലത്തും ട്രൈബൽ റസിഡൻഷ്യൽ സ്ക്കുളുകൾ ആരംഭിക്കുക.

8. എൽ.പി.സ്ക്കൂളോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രി-പ്രൈമറി സ്ക്കുളുകളാരംഭിക്കുക.

9. വാർഡുകൾ തോറും ജനവിദ്യാ കേന്ദ്രങ്ങൾ ആരംഭിച്ച തുടർസാക്ഷരതാ പ്രവർത്തനം മെച്ചപ്പെടുത്തുക.

10. കുപ്പാടിത്തറ, പടിഞ്ഞാറത്തറ എന്നിവിടങ്ങളിൽ യഥാക്രമം ഐ.ടി.ഐ., പോളിടെക്നിക്എന്നിവ ആരംഭിക്കുക.

11. പഞ്ചായത്തിൽ ഒരു ആർട്സ് ആൻറ് സയൻസ് കോളേജ് ആരംഭിക്കുക.

12. അദ്ധ്യാപകർക്ക് വേണ്ടി റിഫ്രഷർ കോഴ്സുകൾ അവധി ദിനങ്ങളിൽ നടത്തുക.

13. വിദ്യാർത്ഥികളുടെ കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

14. പഞ്ചായത്തിലെ ഇതര ജനവിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായ സാംസ്ക്കാരം പുലർത്തുന്ന ആദിവാസി വിദ്യാർത്ഥികൾക്ക് വേണ്ടി പ്രത്യേക സ്ക്കുളുകൾ സ്ഥാപിക്കണം. കോളനി കേന്ദ്രീകരിച്ച് ആരോഗ്യ, ശുചിത്വ, ബോധവൽക്കരണ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടനകളുടെ സഹായത്തോടു കൂടെ നടപ്പാക്കണം.

## *അനുബന്ധപ്രവർത്തനങ്ങൾ*

1. എൻ. സി .സി, സ്ക്കൗട്ട് ജൂനിയർ റെഡ്ക്രോസ് എന്നിവ എല്ലാ വിദ്യലയങ്ങളിലും ആരംഭിക്കുക.
2. വിദ്യാഭ്യാസം സ്വയം പരിയാപ്തമാക്കുക-അനുബന്ധം കാണുക.
3. സ്ക്കുൾ വിദ്യാഭ്യാസ നിലവാരം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനുംസ്ക്കൂൾ വാർഡ് പഞ്ചായത്ത് തല വിദ്യാഭ്യാസ സമതികൾ രൂപീകരിക്കുക.
6. ഏഴാം ക്ളാസ്സിൽ പൊതുപരീക്ഷ എർപ്പെടുത്തുക.
7. ആദിവാസിമേഖലയിലെ എല്ലാ കോളനിയോടനുബന്ധിച്ചും പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനായി ഏകാദ്ധ്യപക വിദ്യാലയങ്ങൾ സ്ഥാപിക്കുക .
8. പഞ്ചായത്ത് തലത്തിൽ വിദ്യാഭ്യാസനിലവാരത്തിൽ മികവ് പ്രദർശിപ്പിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ക്കോളർഷിപ്പ് നൽക്കുക.
9. ഓരോ വർഷവും പഞ്ചയത്തിലെ ഏറ്റവും മികച്ച അദ്ധ്യാപകന് അവാർഡ് നൽക്കുക. ഇതിന് അദ്ധ്യാപന നിലവാരവും ഇതര രംഗങ്ങളിലുള്ള പ്രവർത്തനവും മാനദണ്ഡമാക്കണം.
10. നിർദ്ധന വിദ്യാർത്ഥികൾക്ക് ആവശ്യമായ വസ്ത്രങ്ങളും പഠനോപകരണങ്ങളും സൗജന്യമായി നൽകണം.

സ്ക്കൂളിൽ യഥാസമയം പാഠപുസ്തകങ്ങൾ ലഭിക്കാൻ വേണ്ട സൗകര്യം ചെയ്തുകൊടുക്കണം. അധ്യാപന വർഷത്തിൻെറ പകുതിയിൽ മാത്രമാണ് പല വിദ്യാലയങ്ങളിലും പുസ്തകങ്ങൾ ലഭ്യമാക്കുന്നത്. ഗവസ്ക്കൂളുകളിലെ അധ്യാപക നിയമനത്തിൽ പലപ്പോഴും കാര്യക്ഷമതകാണിക്കാത്തതിനാൽ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചയത്ത് മുൻകൈയ്യെടുക്കണം.

അധ്യാപകർക്ക് ഇൻസർവീസ് കോഴ്സുകൾ പഞ്ചായത്ത് തലത്തിൽ നടത്തണം.

പ്രാഥമികവിദ്യാലയങ്ങൾ മലയാളബോധന മാധ്യമം നിർബന്ധമാക്കാണം. ഹൈസ്ക്കൂൾ ക്ളാസ്സുകളിൽ ഇംഗ്ളീഷ് ഭാഷ പഠിപ്പിക്കാൻ ഇംഗ്ളീഷ് ഐഛികവിഷയമായെടുത്ത BEdകാരെ നിയമിക്കണം.

വിദ്യാലയപ്രവർത്തനങ്ങൾ ഏകോപിപ്പിയക്കുന്നതിനും നിലവാരം ഉയർത്തുന്നതിനും സ്ക്കൂൾ കോംപ്ളസുകളുടെ പ്രവർത്തനം അനിവാര്യമാണ്. ലീഡിംഗ് ഹൈസ്ക്കൂളിൻെറ നേതൃത്വത്തിൽ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളെയും ഏകോപിപ്പിച്ച് കൊണ്ടുള്ളതാണ് കോംപ്ളകസിൻെറ ഘടന.അധ്യാപനനിലവാരം, പഠനനിലവാരം, പാഠ്യേതര പ്രവർത്തനങ്ങൾ,പരീക്ഷ എന്നീമേഖലകളിലെല്ലാം കോംപ്ളക്സിന് അനവധി പ്രവർത്തനങ്ങൾ ചെയ്യാൻസാധിക്കും ഭൗതികസാഹചര്യങ്ങൾ വിദ്യാലയങ്ങൾ തമ്മിൽ കൈമാറൽ , ഉയർന്ന യോഗ്യതയുള്ള അധ്യാപകരുടെ സേവനം എല്ലാ വിദ്യാലയങ്ങൾക്കും പ്രയോജനപ്പെടുത്തൽ, ഫലപ്രദമായ ജനകീയ ഇടപെടലുകൾ സാധ്യമാക്കൽ എന്നിങ്ങനെ കോപ്ളക്സിൻെറ സാധ്യകൾ അനവധിയാണ്.

കോംപ്ലക്സിൻെറ പ്രവർത്തനത്തിനാവശ്യമായ സമിതികൾ.

1. സ്ക്കൂൾ വിദ്യാഭ്യാസ സമിതി
2. വാർഡ് തല വിദ്യാഭ്യാസ സമിതി
3. പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതി
4. പഞ്ചായത്ത് തല അക്കാദമിക്ക് സമിതി.
5. സബ്ജറ്റ് എക്സ് പേർട്ട് കമ്മററി
6. ആദിവാസി വിദ്യാഭ്യാസ സമിതി
7. കായിക കലാ സമതി
8. സ്കൂൾ സ്വയം പര്യാപ്ത സമിതി.

ശിവപുരം കല്ല്യാശ്ശേരി മാതൃകയിൽ കോംപ്ളസുകൾ പടിഞ്ഞാറത്തറ പഞ്ചായത്തിലും വ്യാപിപ്പിരിക്കേണ്ടതാണ്.സ്കൂൾകളുടെ സ്വയം പര്യാപ്തി ഈ റിപ്പോർട്ടിൻെറ മുഖ്യലക്ഷ്യമാകയാൽ അതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വവും ദർശനവും നൽക്കുകയും വിഭവം സമാഹരിക്കുകയുമാണ് എട്ടാമത്തെ സമതിയുടെ ലക്ഷ്യം.

## *വിദ്യാഭ്യാസമേഖലയിലെ സ്വയം പര്യാപ്തത*

പഞ്ചായത്ത് തലത്തിലുള്ള ആസൂത്രിതവും ഉദ്ദേശ്യാധിഷ്ടിതവുമായ പദ്ധതിയിലുടെ ഈ പഞ്ചായത്തിലെ വിദ്യാലയങ്ങളെ സ്വയം പര്യാപ്തമാക്കാൻ കഴിയും. ബാഹ്യമായ ഏതെങ്കിലും ഏജൻ

സികളുടെ ധനസഹായം കൊണ്ടോ വിദ്യാർത്ഥിക ളിൽനിന്നും ഈടാക്കുന്ന ഫീസ്സ് മുലമോ അല്ല സ്വയം പര്യാപ്തത എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

വിദ്യാഭ്യാസത്തോടൊപ്പം തന്നെ കൈത്തൊഴിൽ പരിശീലനവും നടത്തണം. നിലവി ലുള്ള അധ്യയന സമയത്തിൽ ഒരു മണിക്കൂർ ഇതി നായി നീക്കി വെയ്ക്കണം. എല്ലാ വിദ്യാർത്ഥിക ളെയും അദ്ധ്യാപകരെയും ഈ പദ്ധതിയിൽ ഉൾപ്പെ ടുത്തണം

നോട്ട് ബുക്ക്, ബാഗ്, കുട, ചോക്ക്, പനമ്പ് കുട്ടനെയ്ത്ത് എന്നിങ്ങനെ വൈവിധ്യമുള്ള അനവധി ഉത്പന്നങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്താം. ഇവ യുടെ നിർമ്മാണത്തിന് പ്രാദേശിക വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്താം. പഞ്ചായത്തിലെ മുഴുവൻ കുട്ടികളുടെയുംസേവനം ദിവസത്തിൽ ഒരു മണിക്കൂർ വീതം ഉപയോഗപ്പെടുത്തിയാൽ ഉണ്ടാ വുന്ന സാമ്പത്തിക വരുമാനം, സാമ്പത്തികമായി പിന്നോക്കാവസ്ഥയുടെ ദുരിതഫലങ്ങൾ അനുഭ വിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് ഗുണകരമായിരിക്കും.

മെഷിനറി, ടൂൾകിറ്റുകൾ, അസംസ്കൃത പദാർത്ഥങ്ങൾ എന്നിവയ്ക്കാവശ്യമായ സാമ്പത്തിക അടിത്തറ സംഘടിപ്പിയ്ക്കാൻ പ്രത്യേക പദ്ധതികൾ തന്നെ ആവശ്യമാണ്. സ്ക്കൂൾ അടിസ് ഥാനത്തിൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക, പഞ്ചായത്ത് പി.ടി.എ.യുടെ സഹായം സ്വീകരിക്കുക, ബാങ്കുകളിൽ നിന്ന് ലോൺ ലഭ്യമാക്കുക എന്നിവയി ലൂടെ സാമ്പത്തിക സമാഹരണം സാധ്യമാണ്.

ഓരോ വിദ്യാലയത്തിലെയും ഭൗതിക സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയാണ് പദ്ധതി കൾ നിശ്ചയിക്കേണ്ടത്. വർക്ക്ഷോപ്പ് ആവശ്യമായ [നോട്ട്ബുക്ക് നിർമ്മാണം] പദ്ധതികൾ സൗകര്യമുള്ള സ്ക്കൂളുകളിൽ ആരംഭിക്കണം.

എന്നാൽ ഭൂരിപക്ഷം പദ്ധതികൾക്കും ഇത്തരം വർക്ക്ഷോപ്പിൻെറ ആവശ്യമില്ല. ഉദാഃ കുട, അസംബ്ലിംഗ് യൂനിറ്റ് മെഴുകുതിരി, ചോക്ക്.

അധ്യാപകർക്ക് പരിശീലനം നല്കുക യാണ് ഒന്നാം ഘട്ടം തുടർന്ന് വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നു. ഈ വിദ്യാർത്ഥികൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിദ്യാലയങ്ങൾ വഴിതന്നെ വിറ്റഴിക്കാം. കൂടുതൽ ഉല്പന്നങ്ങളുണ്ടെങ്കിൽ പൊതു വിപണിയിലും അസംസ്കൃത വസ്തുക്കൾ സർക്കാർ മിതമായ വിലക്ക് ലഭ്യമാക്കണം. ഇപ്പോൾ കുട്ടിക ളുടെ വിദ്യാഭ്യാസ ചിലവിനായി പുറത്തേക്ക് പോകുന്നു ഭീമമായ സംഖ്യ പഞ്ചായത്തിൽ തന്നെ നിലനിർത്താനും ദാരിദ്ര്യമനുഭവിക്കുന്ന വിദ്യാർത്ഥി കളെ സഹായിക്കാനും സർവ്വോപരി, ഉപജീവനത്തി നാവശ്യമായ തൊഴിൽ നേടാൻ വിദ്യാർത്ഥികളെ സഹായിക്കുന്നതിനും, തൊഴിലിൻെറ മാഹാത് മ്യത്തെക്കുറിച്ച് വിദ്യാർത്ഥിയെ ബോധവാനാക്കുന്ന തിനും ഈ പദ്ധതി സഹായകമാകും.

പടിഞ്ഞാറത്തറ പഞ്ചായത്തിലെ സ്ക്കൂളു കളിൽ ആരംഭിക്കാവുന്ന പദ്ധതികൾ:

നോട്ട് ബുക്ക് നിർമ്മാണം, കുടനിർമ്മാണം, ബാഗ്, ചോക്ക് നിർമ്മാണം, മെഴുക്തിരി, സോപ്പ്, പേപ്പർപൾപ്പ്, കൗതുക വസ്തുക്കൾ, കവർ, ഫയൽ, ചിരട്ട കൗതുക വസ്തുക്കൾ. പഞ്ചായത്ത് കാർഷിക മേഖലയായതിനാൽ ശാസ്ത്രീയമായ കൃഷി, പച്ചക്ക റി, പൂന്തോട്ടം, ഔഷധ തോട്ടം എന്നിവ സ്ക്കൂളുക ളിൽ ആരംഭിക്കുക.

ഗ്രാമപ്രദേശങ്ങളിലെ പ്രതിഭാശാലികളായ കുട്ടികൾ വേണ്ടി കേന്ദ്രഗവൺമെൻറ് ആവിഷ്ക്കരിച്ച നവോദയ വിദ്യാലയം വയനാട്ടിൽ ആരംഭിച്ചിട്ടില്ല മറ്റ് ജില്ലയിലുള്ള നവോദയാ വിദ്യാലയങ്ങളിലേക്ക് അപേക്ഷിക്കാൻ ഇവിടുത്തെ വിദ്യാർത്ഥികൾക്ക് അവകാശമില്ല. ആയതിനാൽ പടിഞ്ഞാറത്തറ പഞ്ചാ യത്തിൽ ഒരു നവോദയ വിദ്യാലയം സ്ഥാപിക്കുന്നത് ഗുണകരമായിരിക്കും.

മേൽപറഞ്ഞ കാര്യങ്ങളിൽ സത്വരമായ ശ്രദ്ധപതിപ്പിച്ച് നടപ്പിലാക്കുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കഴിയുമെന്നതിൽ തർക്കമില്ല. 9-ാം പദ്ധതി അതിനു തകുമാറാകട്ടെ എന്നാശംസിച്ചുകൊണ്ട് വിദ്യാഭ്യാസ റിപ്പോർട്ട് സമർപ്പിക്കുന്നു.




ശുദ്ധമായ വായു, ശുദ്ധമായ ജലം, പോഷകഗുണമുള്ള ആഹാരം ശുചിത്വമുള്ള പാർപ്പിടം എന്നീ അടിസ്ഥാനഘടകങ്ങൾ മനുഷ്യസമൂഹത്തിന്റെ ആരോഗ്യ സംരക്ഷണത്തിന് അത്യന്താപേക്ഷിതമാണ്. ശാസ്ത്രത്തിന്റേയും സാങ്കേതികവിദ്യയുടെയും വളർച്ചയുടെ ഫലമായി മനുഷ്യനിർമ്മിതലോകം പ്രകൃതിപ്രതിഭാസങ്ങളെ തകിടം മറിച്ചുകൊണ്ടിരിക്കുകയാണ്. ജനസംഖ്യാ വർദ്ധനവും പ്രകൃതി വിഭവങ്ങളുടെ അമിതമായ ചൂഷണവും ജീവന്റെ നിലനില്പിന് ആവശ്യമായ ഘടകങ്ങൾക്ക് ക്ഷതമേല്പിച്ചു തുടങ്ങിയിരിക്കുന്നു. നാം ഒരു വീണ്ടു വിചാരത്തിനു തയ്യാറാകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് പരിസ്ഥിതി ശാസ്ത്രജ്ഞർ നിത്യേനയെന്നോണം ഓർമ്മപ്പെടുത്തുന്നു. ക്രമംതെറ്റിയ കാലാവസ്ഥയും, വർഷപാതത്തിന്റെ അളവിലുണ്ടായ ഏറ്റക്കുറച്ചിലും അന്തരീക്ഷ ഊഷ്മാവിന്റെ വർദ്ധനവും ഇന്ന് അവഗണിക്കാൻ വയ്യാത്ത ഘടകങ്ങളായി എവിടെയും ചർച്ചചെയ്യപ്പെടുന്നുണ്ട്.

ഭൂമിയുടെ മൂന്നിൽ രണ്ടുഭാഗം ജലസമ്പത്താണെങ്കിലും ശുദ്ധജലലഭ്യതവെറും 3% മാത്രമാണ്. എറ്റവും ശുദ്ധമായത് മഴവെള്ളമാണ്. ലവണാംശമില്ലാത്ത പുഴകളിലേയും, കിണറുകളിലേയും, നദികളിലേയും ജലസമ്പത്ത് മാത്രമാണ് നമുക്ക് നേരിട്ടുപയോഗിക്കാൻ പറ്റുന്നത്. സമ്പന്നരായ ഗൾഫ്രാജ്യക്കാർ കടൽവെള്ള് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നുണ്ടെങ്കിലും ഇന്ത്യയെപ്പോലെ ദരിദ്രമായ ഒരു രാജ്യത്ത്ഇത്തരം സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക പ്രയാസമാണ്. അതുകൊണ്ട് കാര്യക്ഷമമായ ഒരു ശുദ്ധജല മാനേജ്മെൻറിനെക്കുറിച്ചു നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

നദികൾകൊണ്ട് സമ്പന്നമായ ഒരു സംസ്ഥാനമാണ് കേരളം. 44 നദികൾനമ്മുടെ സംസ്ഥാനത്തിലൂടെ ഒഴുകുന്നു. കൂടാതെ കേരളത്തിലെ ഭൂരിഭാഗം വീടുകളിലും കിണർ ഉണ്ട്. വീടിന്നു സ്ഥാനം കണ്ടാൽ ആദ്യം തന്നെ കിണർ കുഴിക്കുന്ന ഒരു സമ്പ്രദായം കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. പക്ഷെഏതാനും വർഷങ്ങളായി മഴക്കാലം കഴിയുന്നതോടെ കുടിവെള്ളക്ഷാമത്തിന്റെ മുറവിളികൾ കേരളത്തിലെ ഗ്രാമങ്ങളിൽ നിന്നുപോലും കേട്ടുവരുന്നു. മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് ജലലഭ്യ

തയും ഉപയോഗവും കേരളത്തിൽ കൂടുതലാണ്. വസ്ത്രങ്ങൾ അലക്കുന്നതിനും നിത്യവും കുളിക്കുന്നതിനും മലയാളികൾ ശ്രദ്ധാലുക്കളാണ്. ജനസംഖ്യാവർദ്ധനവിന് ആനുപാതികമായി ജലലഭ്യത വർദ്ധിച്ചുവെങ്കിലും ജലസംരക്ഷണ നടപടികൾ കാര്യക്ഷമമല്ല. വനവിസ്തൃതി കുറഞ്ഞുവരികയും ചതുപ്പുപ്രദേശങ്ങൾ കൃഷിയിടങ്ങളായി മാറുകയും പുതിയ കൃഷിരീതികൾ മണ്ണിന്റെ ഘടനയിൽ ഉണ്ടാക്കിയിട്ടുള്ളമാറ്റം ജലസംഭരണശേഷി കുറക്കുകയും ചെയ്തതിനാൽ മണ്ണിൽ സംഭരിക്കപ്പെടുന്ന ജലത്തിന്റെ അളവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കേരളത്തിൽ ലഭിക്കുന്ന മഴവെള്ളത്തിന്റെ 60% പുഴകളിലൂടെ കടലിൽ എത്തിച്ചേരുന്നു. ഏകദേശം 7000 കോടി ഘനമീറ്റർ ! 5000 കോടി ഘനമീറ്റർ ആവിയായി പോകുന്നു. ഒരു കാലത്ത് പുഴകളിലൂടെയും നദികളിലൂടെയും ഒഴുകുന്ന ജലം കുളിക്കുന്നതിനും കന്നുകാലകിളെ കഴുകുന്നതിനും, വസ്ത്രങ്ങൾ അലക്കുന്നതിനും വ്യാപകമായി ഉപയോഗിച്ചിരുന്നു. നദീതീരങ്ങളിലെ വ്യവസായശാലകൾ പുറത്തുവിടുന്ന വിഷപദാർത്ഥങ്ങൾ കാരണം ഇന്ന് മിക്കനദികളും ഉപയോഗശൂന്യമായിരിക്കുകയാണ്. ഓരോ പ്രദേശത്തേയും ജലലഭ്യത ശാസ്ത്രീയമായി വിലയിരുത്തി ആവശ്യമായ ജലമാനേജ്മെൻറ് പ്രാവർത്തികമാക്കുകയാണ് നമുക്കു മുന്നിലുള്ള ഏക പോംവഴി.

പടിഞ്ഞാറത്തറ പഞ്ചായത്തിൽ നിന്നു ലഭിച്ചിട്ടുള്ള വിവരങ്ങൾ അനുസരിച്ച് 4023 വീടുകളുള്ളതിൽ 1655 വീടുകളിൽ മാത്രമെ കിണർ വെള്ളം ലഭിക്കുന്നുള്ളു. കൂടാതെ ശുദ്ധജല വിതരണപദ്ധതി (KWA) വഴി കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും സാങ്കേതിക തകരാറുകൾ കാരണം 92 ടാപ്പുകളിലൂടെയുള്ള ജലവിതരണം മുടങ്ങിയിരിക്കുകയാണ്. ബാക്കിയുള്ളതിൽ 2000ത്തിൽ അധികം കുടുംബങ്ങൾ ശുദ്ധജലത്തിനായി 200 മീറ്ററിൽ കൂടുതൽ ദൂരം സഞ്ചരിക്കുന്നുണ്ടെന്നു കാണാം. ഇതിൽ കൂടുതലും ദരിദ്രരായ ആദിവാസികളാണ്. പല പദ്ധതികളിലൂടെയും നിർമ്മിക്കപ്പെട്ടിട്ടുള്ള പത്തോളം കുഴൽക്കിണറുകളിൽ പലതും ഉപയോഗശൂന്യമായിരിക്കുകയാണ്. 86 പൊതുകിണറുകളിൽ 26 എണ്ണത്തിലും 1652 സ്വകാര്യകിണറുകളിൽ 215 എണ്ണത്തിലും വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല. കേണികൾ അധികവും വയൽക്കരയിലാണ്. കുന്നിൻ മുകളിലേക്ക് വെള്ളം ചുമന്നുകൊണ്ടു പോകുന്നത് സ്ത്രീകളുടെ പ്രധാനജോലിയാണ്. കാരണം കോളനികളും വീടുകളും കുന്നിൻമുകളിലാണ് പണിതിരിക്കുന്നത്. ആവശ്യമായ സ്ഥലങ്ങളിലല്ലാതെ കിണറുകൾ കുഴിക്കുകയും പൈപ്പുകൾ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നതിനാൽ പലതും ഉപയോഗിക്കപ്പെടുന്നില്ല. വേനൽക്കാലങ്ങളിൽ വറ്റിവരളുന്ന കിണറുകൾവീണ്ടും താഴ്ത്തുകയും റിംഗുകൾ സ്ഥാപിക്കുകയും ചെയ്യുന്നത് സാധാരണമായിക്കഴിഞ്ഞു. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ പമ്പുസെറ്റുകൾ സ്ഥാപിക്കാൻ കഴിയാത്തതിനാൽ വീടിനു സമീപം തന്നെആഴം കൂടിയ കിണറുകൾ നിർമ്മിക്കപ്പെടുന്നു. വൻതുക ഇതിനായി ചെലവഴിക്കേണ്ടി വരുന്നു. 8,9,10 വാർഡുകളിൽ വൈദ്യുതി ഉപയോഗിക്കാതെ ശുദ്ധധലവിതരണം നടത്താവുന്ന ഏതാനും പദ്ധതികൾ നിർദ്ദേശിക്കപ്പെടുന്നുണ്ട്. ഉപരിതലത്തിലെ നീരുറവകളെ ആശ്രയിച്ചുള്ളഈ പദ്ധതികൾ ബാണാസുരൻ മലയിലെ ചോലവനങ്ങൾ സംരക്ഷിച്ചില്ലെങ്കിൽ പ്രയോജനകരമല്ലാതായിത്തീരും. കുഴൽ കിണറുകൾ നിർമ്മിച്ച് ഭൂഗർഭജലം ഉപയോഗിക്കുന്നത് വയനാട്ടിൽ വേണ്ടത്ര വിജയപ്രദമല്ലെന്നാണ് കണക്കുകൾ കാണിക്കുന്നത്. വയനാട്ടിലെ ഭൂപ്രകൃതി അനുസരിച്ച് ഭൂഗർഭജലലഭ്യത വളരെ കുറവാണ്.



## പഞ്ചായത്തിലെ ശുദ്ധജല ലഭ്യത (വാർഡ് തിരിച്ച്)

| വാർഡ് നമ്പർ | വീടുകളുടെ എണ്ണം | പൊതുകിണറുകൾ | പൊതു കിണറുകൾ (വെള്ളമില്ലാത്തവ) | പൊതു കേണികൾ | കുഴൽ കിണറുകൾ | വെള്ളമില്ലാത്ത കുഴൽ കിണറുകൾ | സ്വകാര്യ കിണറുകൾ | ജലം ലഭിക്കാത്ത സ്വകാര്യ കിണറുകൾ | കിണറില്ലാത്ത വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| I | 375 | 4 | - | 9 | 4 | 2 | 149 | - | 209 |
| II | 421 | 3 | - | 9 | 1 | 1 | 174 | 16 | 250 |
| III | 370 | 10 | 4 | 13 | 4 | 4 | 130 | 60 | 273 |
| IV | 397 | 11 | 3 | 7 | - | - | 102 | - | 278 |
| V | 298 | 3 | 1 | 8 | 1 | - | 88 | 25 | 198 |
| VI | 497 | 13 | 4 | 2 | - | - | 225 | 41 | 263 |
| VII | 473 | 30 | 5 | 10 | 1 | 1 | 296 | - | 134 |
| VIII | 407 | 9 | 8 | - | - | - | 154 | 50 | 302 |
| IX | 356 | 5 | 4 | 2 | - | - | 256 | 56 | 149 |
| X | 432 | 4 | 1 | 8 | - | - | 78 | 8 | 350 |
| ആകെ | 4023 | 92 | 30 | 68 | 11 | 8 | 1652 | 256 | 2406 |

## ശുദ്ധജലം - പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും (വാർഡ്തിരിച്ച്)
## (ഗ്രാമസഭകളിൽ നിന്ന്)

| | പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|---|
| I | (1) 218 കുടുംബങ്ങൾ സ്വന്തമായി കിണർ ഇല്ലാത്തവരായി ഉണ്ട്<br>(2) പയനമൊട്ടം കുന്ന്, അരിവയൽ കരിയാട്ടു കുന്ന്, മൂരിക്കുന്ന്, SALP സ്കൂൾ എന്നീ സ്ഥലങ്ങളിൽ പൊതുകിണറുകൾ ഇല്ല. | (1) സ്കൂൾ കിണർ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കുക.<br>(2) പഞ്ചായത്തിൻെറ ശുദ്ധജലവിതരണ പദ്ധതി വികസിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.<br>(3) കുന്നിൻ താഴ്‌വാരങ്ങളിൽ കിണറുകൾ കുഴിച്ച് പമ്പുസെറ്റുകളും ടാങ്കും സ്ഥാപിച്ച് ജലവിതരണം നടത്തുക. |
| II | (1) 355 വീടുകളും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നവയാണ് ലക്ഷംവീട് കോളനി, വെങ്ങലേരിക്കുന്ന്, ആലഞ്ചേരിക്കുന്ന്, വക്കേടത്ത്കുന്ന്, കക്കണക്കുന്ന്, എരഞ്ഞാണക്കുന്ന്, കോന്നമംഗലം കോളനി, ചൽക്കാരകോളനി, ചാണനിലം കോളനി എന്നിവിടങ്ങളിൽ കിണറുകളോ കേണികളോ ഇല്ല. | (1) കുറുമണിപുഴയോട് ചേർന്ന് കിണർ നിർമ്മിച്ച് പമ്പിംഗ് നടത്തി ശുദ്ധജലവിതരണം നടത്താം.<br>(2) കേണികളും, കിണറുകളും നിർമ്മിക്കുക |
| III | (1) 217 കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമല്ല.<br>(2) പുതുശ്ശേരിക്കുന്ന്, പുതുക്കോട്ടുകുന്ന്, കണ്ണോത്ത്കുന്ന്, കാട്ടിക്കുനികുന്ന്, കുറവക്കാട്ടുകുന്ന്, വാളണക്കുന്ന് കളരിക്കുന്ന് എന്നിവ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന കേന്ദ്രങ്ങളാണ്. | (1) പുതുശ്ശേരി പുഴക്കരയിൽ കിണറും പമ്പുഹൗസും സ്ഥാപിക്കാവുന്നതാണ്.<br>(2) 16 കുടുംബങ്ങൾ ആശ്രയിക്കുന്ന സ്കൂൾ കിണർ ആഴം വർദ്ധിപ്പിച്ച ജലലഭ്യത ഉറപ്പുവരുത്തുക.<br>(3) ഏതാനും പൊതുകിണറുകൾ/കേണികൾ സ്ഥാപിക്കുക. |

| | | |
|---|---|---|
| IV | (1) 295 കുടുംബങ്ങൾ ശുദ്ധജലക്ഷാമം അനുഭവിക്കുന്നു. | (1) തേറത്ത് കുന്നിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് പുഴക്കരയിൽ കിണർകുഴിച്ച് വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യാവുന്നതാണ്.<br>(2) ഏതാനും കിണറുകൾ നിർമ്മിക്കുക |
| V | (1) വീട്ടിക്കാമൂല, ഞെർലേരി, അരമ്പറ്റക്കുന്ന്, ചെന്നലോട്, വീട്ടിക്കാമൂലകോളനി, കരലോട്ടുകുന്ന്, തിരുമംഗലം കോളനി എന്നിവിടങ്ങളിൽ ശുദ്ധജലക്ഷാമം. | (1) തിരുമംഗലം കോളനിയിൽ ടാങ്ക് നിർമ്മിച്ച് സ്ഥലം വിട്ടുതന്നഭാഗത്ത് കിണർ സ്ഥാപിക്കുക<br>(2) അരമ്പറ്റക്കുന്ന്-ആനപ്പാറ പൈപ്പുലൈൻ വികസിപ്പിക്കുക.<br>(3) വീട്ടിക്കാമൂല ബസ്സ്റ്റോപ്പ്, വൈപ്പിടിജംഗ്ഷൻ, വിളക്കോട്ടുകുന്ന് എന്നിവിടങ്ങളിൽ പൊതു ടാങ്ക് നിർമ്മിച്ച് ശുദ്ധജലവിതരണം നടത്തുക. പൈപ്പ്ലൈൻ ഇല്ലാത്ത ഭാഗങ്ങളിൽ പൈപ്പ്ലൈൻ ഇടുക. |
| VI | (1) 272 കുടുംബങ്ങൾക്ക് കുടിവെള്ളം ആവശ്യമായ അളവിൽ സൗകര്യപ്രദമായ രീതിയിൽ ലഭിക്കുന്നില്ല<br>(2) മഞ്ഞൂറ, കൊറ്റിയോട്ടുകുന്ന്, പാറനിരപ്പുകുന്ന്, ചങ്ങലാംകുന്ന്, തേനമ്മക്കീകോളനി എന്നിവിടങ്ങളിൽ രൂക്ഷമായ ശുദ്ധജലക്ഷാമം. | (1) മഞ്ഞൂറയിൽ നിലവിലുള്ള വാട്ടർടാങ്ക് ഉപയുക്തമാക്കി പൈപ്പ്ലൈൻ നീട്ടുക.<br>(2) കോളനികളിൽ പൊതുകിണറുകൾ നിർമ്മിക്കുകയോ പൈപ്പ്ലൈൻ നീട്ടിക്കൊടുക്കുകയോ ചെയ്യുക. |
| VII | (1) കേഴയാട്ടുകുന്ന്, ആറടിക്കുന്ന്, പാണ്ടങ്കോട്, നായിമൂല, കാപ്പുംകുന്ന്, ചമ്പകമൂല, 16-ാം മൈൽ, മുരിക്കിലാംപറ്റ, ചുള്ളിയാണ എന്നീ സ്ഥലങ്ങളിൽ ശുദ്ധജലം ലഭ്യമല്ല. പുളിക്കൽകുന്ന് എന്ന് സ്ഥലത്തും ശുദ്ധജലക്ഷാമം രൂക്ഷമാണ്. | (1) നിലവിലുള്ള പൈപ്പുലൈൻ കാര്യക്ഷമമാക്കുകയും ദീർഘിപ്പിക്കുകയും ചെയ്യുക.<br>(2) കേഴയാട്ടുകുന്നു കോളനിയിലെ പൊതുകിണർ വേനൽക്കാലത്ത് ഉപയോഗയോഗ്യമല്ലാത്തതിനാൽ കുന്നിൽ ചെരുവിൽ കേണി കുഴിച്ച് വെള്ളം പമ്പുചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുക. |
| VIII | (1) ചിറ്റാലക്കുന്ന്, ചെതലോട്ടുകുന്ന്, കൂവലത്തോട്, കാപ്പുകുന്ന് എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം. | (1) വാർഡിൽ നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതി വിപുലീകരിച്ച് കോളനികളിൽ ശുദ്ധജലം ലഭ്യമാക്കുക.<br>(2) ഏതാനും പൊതുകിണറുകൾ കൂടി സ്ഥാപിക്കുക<br>(3) വേനൽക്കാലത്ത് ജലം ലഭിക്കാത്ത പൊതുകിണറുകളും, സ്വകാര്യകിണറുകളും ആഴം വർദ്ധിപ്പിക്കുക. |
| IX | (1) 50 കുടുംബങ്ങൾ താമസിക്കുന്ന അംബേദ്കർ കോളനിയിൽ ശുദ്ധജലം ലഭ്യമല്ല.<br>(2) ചല്ലിയാംകുന്ന്, ചേരിക്കൊല്ലി ബപ്പനംമല, നരിപ്പാറ, ആലക്കണ്ടിക്കുന്ന്, തുമ്പോട്ടു ഹരിജൻ കോളനി എന്നിവിടങ്ങളിൽ കിണറുകൾ ഇല്ല. | (1) നരിപ്പാറക്കുന്നിൽ വാട്ടർടാങ്ക് സ്ഥാപിക്കുക.<br>(2) മീൻമുട്ടിയിൽ ചെക്ക്ഡാം നിർമ്മിച്ച് ജലലഭ്യത വർദ്ധിപ്പിക്കുക<br>(3) ഏതാനും പൊതുകിണറുകൾ നിർമ്മിക്കുക |

| | | |
|---|---|---|
| X | (1) വാട്ടർടാങ്കിലെ ജലം ശുദ്ധീകരിക്കുന്നില്ല.<br>(2) പൈപ്പുലൈനുകളുടെ ചോർച്ചകാരണം ജലത്തിൻെറ അളവ് അപര്യാപ്തം<br>(3)കാപ്പിക്കളം, മാങ്കോട്ടു കോളണി എന്നിവിടങ്ങളിൽ ശുദ്ധജലക്ഷാമം രൂക്ഷം. | (1) ടാങ്കിലെ ജലം ശുദ്ധീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഒരു ജീവനക്കാരനെ ഏർപ്പെടുത്തുക.<br>(2) മീൻമുട്ടിയിൽ ചെക്ക്ഡാം നിർമ്മിച്ച് പൈപ്പുലൈനുകൾവ്യാപ്തം വർദ്ധിപ്പിച്ച് ജലവിതരണം കാര്യക്ഷമമാക്കുക. |

## *പൊതുവായ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും*

1 8,9,10 വാർഡുകളിലെ ജനങ്ങൾ ബാണാസുരൻ മലയുടെ താഴ്വാരപ്രദേശങ്ങളിൽ താമസിക്കുന്നതിനാൽ കൃഷിക്കും വീട്ടാവശ്യങ്ങൾക്കും പ്രധാനമായു നീർച്ചാലുകളെയാണ് ആശ്രയിക്കുന്നത്. ജലലഭ്യത പരിശോധിച്ചതിനുശേഷം ചെക്കുഡാമുകൾ പണിയുകയും ടാങ്കുകളിൽ സംഭരിക്കപ്പെടുന്ന ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുകയും ചെയ്താൽ ഊർജ്ജത്തെ ആശ്രയിക്കാതെ ഫലപ്രദമായ ഒരു ശുദ്ധ ജലപദ്ധതിയാക്കി നിലവിലുള്ള സംവിധാനത്തെ മാറ്റാൻ കഴിയും.

2 1,2,3,4 വാർഡുകളിൽ പുഴകളെ ആശ്രയിച്ചുകൊണ്ടുള്ള ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. പുഴക്കരയിൽ വലിയ കിണറുകൾ സ്ഥാപിച്ച് ശുദ്ധീകരിച്ച ജലവിതരണം കാര്യക്ഷമമാക്കണം.

3 പടിഞ്ഞാറത്തറ, തരിയോട് പഞ്ചായത്തുകളെ ഉൾപ്പെടുത്തി കേരളാവാട്ടർ അതോറിറ്റി 1989-ൽ ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുക. ഇതിനുവേണ്ടി കാപ്പുംകുന്ന്, പേരാൽ, മഞ്ഞൂറ എന്നിവിടങ്ങളിൽ ടാങ്കുകൾ പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ആവശ്യമായ പൈപ്പുലൈനുകൾ അനുവദിച്ച് പണിപൂർത്തിയാക്കുകയും ചെയ്യേണ്ടതാണ്.

4 9-ാംവാർഡിലെ ആലക്കണ്ടിക്കുന്നിൽ കനറാ ബാങ്കിൻെറ ധനസഹായത്തോടെ നിർമ്മിക്കാൻ തീരുമാനിച്ച ശുദ്ധജലവിതരണപദ്ധതിഉടനെ പൂർത്തിയാക്കുക.

5 ജി.എൽ.പി. പടിഞ്ഞാറത്തറ, ജി.എൽ.പി. തെങ്ങുമുണ്ട, ജി.യു.പി. കുറുമ്പാല, ജി.എച്ച്.എസ്. പടിഞ്ഞാറത്തറ എന്നിവിടങ്ങളിലെ ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കേണ്ടതാണ്.

6 സ്വകാര്യ, പൊതുകിണറുകളിൽ ജനപങ്കാളിത്തതോടെ, ക്ലോറിനേഷൻ നടത്തേണ്ടതാണ്.

7 ജലസംരക്ഷണവും മാനേജ്മെൻറും ഫലപ്രദമാക്കുന്നതിന് വിപുലമായ ബോധവൽക്കരണ സെമിനാറുകൾ ഗ്രാമസഭകളിൽ കൂടെ സംഘടിപ്പിക്കുക.

8 പൊതുസ്ഥലങ്ങളിലും, പുഴക്കരകളിലും, സ്വകാര്യഭൂമികളിലും അനുയോജ്യമായ വൃക്ഷവത്കരണം, പൊതുജനപങ്കാളിത്തത്തോടെ നടത്തുക.

9 ട്രഞ്ചിങ്ങ്, ഗള്ളിപ്ലഗ്ഗിങ്ങ് എന്നീ ജലസംഭരണരീതികൾ കർഷകരെ പരിശീലിപ്പിക്കുക.

10 ഭൂഗർഭജല വകുപ്പിൻെറ വിദഗ്ധോപദേശം സ്വീകരിച്ചുകൊണ്ട് പുതിയ കിണറുകൾ നിർമ്മിക്കുക. പുതിയ ജലസ്രോതസ്സുകൾ ആരായുക.

11 പഞ്ചായത്തിലെ ജലഗുണനിലവാരം പരിശോധിക്കുന്നതിനായിഒരു ജലപരിശോധനാ കിറ്റ് സംഘടിപ്പിക്കുക. ലഘുപരിശീലനത്തിലൂടെ ജനങ്ങളെ ജലത്തിൻെറ ഗുണനിലവാരത്തെക്കുറിച്ച് ബോധവാന്മാരാകുക.

12 നീരുറവകളുടെ സംരക്ഷണചുമതല അതതുപ്രദേശത്തെ ജനങ്ങളെ ഉപയോഗിച്ചു ചെയ്യുക.

13 പഞ്ചായത്ത് ജലസമിതികൾ, വാർഡ്ജലസമിതികൾ എന്നിവ രൂപീകരിക്കുക.

14 കേരള വാട്ടർ അതോറിറ്റിയുടെ അധികാരങ്ങൾ വികേന്ദ്രീകരിച്ച് പഞ്ചായത്ത് ഭരണസമിതികൾക്ക് ശുദ്ധജലവിതരണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുക.

15 ഗ്രാമപഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ജില്ലാ ഗ്രൗണ്ട് വാട്ടർ ഗ്രാമവികസന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, സോഷ്യോ എക്കണോമിക് യൂനിറ്റ് എന്നീ ഏജൻസികൾ മുഖേന കേണികളും കിണറുകളും നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതാണ്.

സംസ്ഥാന സർക്കാരിൻെറ ചുമതലയിൽ കേരളാ വാട്ടർ അതോറിറ്റിയുടെഫണ്ട് ഉപയോഗിച്ച് പത്താം വാർഡിലെയും ഒമ്പതാം വാർഡിലേയും നീരൊഴുക്കുകൾ ടാങ്കുകൾ സ്ഥാപിച്ച് ശുദ്ധീകരിച്ച് 7,8,9, 10 വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്ന രീതിയിൽ വികസിപ്പിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ളത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയിൽപ്പെടുത്തി അംബേദ്കർ കോളനിയിലും മറ്റു ശുദ്ധജലക്ഷാമമുള്ള കോളനികളിലും കിണറുകൾ നിർമ്മിക്കണം.

### ശുദ്ധജലവിതരണ പദ്ധതി

| ആരംഭിച്ച വർഷം | ജലസംഭരണശേഷി | സ്ഥാപിച്ച ടാപ്പുകളുടെ എണ്ണം | വിതരണം ചെയ്യപ്പെടുന്ന വാർഡുകൾ |
|---|---|---|---|
| 1989 | | 92 | 5,6,7,8 |

# പൊതുജനാരോഗ്യം

"രണ്ടായിരാമാണ്ടോടെ എല്ലാവർക്കും ആരോഗ്യം" എന്ന ലോകാരോഗ്യസംഘടനയുടെ മുദ്രാവാക്യം പ്രാവർത്തികമാക്കുന്നതിനുള്ള തീവ്രശ്രമത്തിലാണല്ലോ നാം. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യരംഗത്ത് വളരെ മുൻപന്തിയിലാണ് കേരളം. വിദ്യാഭ്യാസം സൗജന്യവും സാർവത്രികവുമായതിൻെറ ഫലമാണ് ഈ നേട്ടം എന്നാണ് പൊതുവെയുള്ള വിലയിരുത്തലെങ്കിലും പാരമ്പര്യമായി ലഭിച്ച് വന്നിട്ടുള്ള ആരോഗ്യശീലങ്ങളും ഇതിന് കാരണമായിട്ടുണ്ട്. കേരളത്തിലെ സ്വകാര്യ ആശുപത്രികളും, സർക്കാരാശുപത്രികളും ഒരുപോലെ ജനങ്ങൾക്ക് സ്വീകാര്യമാണ്. ശിശുമരണനിരക്കിലും ആയുസ്സിൻെറ ദൈർഘ്യത്തിലും കേരളം ഇന്ത്യൻ ശരാശരിയിൽനിന്നും വളരെ വ്യത്യസ്തത പുലർത്തുന്നതായി കാണാം. 1984ലെ കണക്ക് പ്രകാരം ഇന്ത്യയിൽ 1000ത്തിന് 104 ശിശുക്കൾ മരണപ്പെടുമ്പോൾ കേരളത്തിൽ അതുവെറും 29 മാത്രമാണ്. 1981 ലെ കണക്കുപ്രകാരം ഒരു ഇന്ത്യാക്കാരൻെറ ആയുസ്സ് 51വർഷം മാത്രമായിരുന്നപ്പോൾ കേരളക്കാരൻെറ ആയുസ്സ് 66 വർഷമാണ്.

സ്ത്രീകളുടെ ഉയർന്ന സാക്ഷരതയും ശുചിത്വബോധവും ആരോഗ്യരംഗത്ത് കാര്യമായ ചലനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ആരോഗ്യരക്ഷാസംവിധാനങ്ങൾ വികാസം പ്രാപിച്ചിട്ടില്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജനസംഖ്യാനുപാധികമായി ഡോക്ടർമാരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും പാരാമെഡിക്കൽ ജീവനക്കാരും കെട്ടിടസൗകര്യങ്ങളും വർദ്ധിക്കാത്തത് മെഡിക്കൽ കോളേജുകളിൽപോലും അസൗകര്യം ഉളവാക്കുന്നുണ്ട്. ഇതിൽ നിന്നും മുതലെടുക്കുന്നതിന് വ്യവസായമായി മാറിയ സ്വകാര്യ ആശുപത്രികൾക്ക് സാധ്യമാവുന്ന തരത്തിൽ ആരോഗ്യരംഗം മാറിക

ഴിഞ്ഞിരിക്കുന്നു. രോഗപ്രതിരോധത്തിനോ ആരോഗ്യ സംരക്ഷണത്തിനോ പ്രാധാന്യം നൽകുന്ന പദ്ധതിക ളുടെ അഭാവവും ആസൂത്രണ വൈകല്യങ്ങളും ആരോഗ്യരംഗം അന്യവൽക്കരിക്കപ്പെടുന്നതിന് കാര ണമായിട്ടുണ്ട്. ജീവിതരീതിയിൽവന്ന പാശ്ചാത്യ വൽക്കരണവും മുരടിച്ച് പോയ പാരമ്പര്യചികിൽസാ സമ്പ്രദായങ്ങളും ഗ്രാമീണജനതയെപോലും നഗരങ്ങ ളിലെ കൂറ്റൻ ആശുപത്രികളിലെ സന്ദർശകരാക്കി മാറ്റുന്നു. തൊണ്ണൂറ്ശതമാനം രോഗങ്ങളും ആഹാരം കൊണ്ടും അഞ്ചുശതമാനം രോഗങ്ങൾ ചികിൽസ കൊണ്ടും മാറ്റാവുന്നവയും ബാക്കി അഞ്ചുശതമാനം ഭേദമാക്കാൻ കഴിയാത്തവയും ആണെന്ന സത്യം നാം വിസ്മരിക്കുന്നു. സസ്യാഹാരം കൂടുതൽ രോഗ പ്രതിരോധശക്തി നൽകുന്നുവെന്നാണ് ആധുനിക പഠനങ്ങൾ കാണിക്കുന്നത്.

കൃത്രിമ ആഹാരപദാർത്ഥങ്ങൾ കാൻസർ പോലുള്ള മാരകരോഗങ്ങൾക്ക് കാരണമാകുന്നു. നമ്മുടെ ദൈനംദിന ആഹാരത്തിൽ പഴങ്ങളും പച്ചക്ക റികളും ഗണ്യമായി കുറഞ്ഞിരിക്കുന്നു. വിശേഷദിവ സങ്ങളിൽ മാംസാഹാരം ഉപയോഗിക്കുന്നശീലം കേര ളത്തിൽപൊതുവേ വർദ്ധിച്ചിട്ടുണ്ട്. ഹൃദ്രോഗവും കരൾസംബന്ധമായ അസുഖങ്ങളും ഈയിടെ വർദ്ധിച്ച് വരുന്നതായി കണക്കുകൾ തെളിയിക്കുന്നു. ആഹാരം കഴിഞ്ഞാൽ ശുചിത്വമാണ് ആരോഗ്യത്തെ ബാധിക്കുന്ന ഒരുഘടകം. വായു ജലം എന്നിവ മലി നമാകുന്നത് ധാരാളം രോഗങ്ങൾക്കും കാരണമാ കുന്നു. ഈച്ചയുംകൊതുകും എലിയും വഴി പകരുന്ന രോഗങ്ങൾ വേറെയും. കക്കൂസുകളുടെ അഭാവം ഗ്രാമങ്ങളിലും നഗരങ്ങളിലും മലിനീകരണം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. സ്കൂളുകളിൽ വച്ച് ഇടക്കിടെ വൈദ്യപരിശോധന നടത്താനുള്ള പദ്ധതികൾ ഗവൺമെൻറ് ആവിഷ്കരി ച്ചിട്ടുണ്ടെങ്കിലും ഫലപ്രധമായ രീതിയിൽ ഇനിയും നടപ്പിലായിട്ടില്ല. നിലവിലുള്ള ഐ. പി. പി. സെൻ റുകൾ ജീവനക്കാരില്ലാതെയും മറ്റുപ്രാധമിക സൗക ര്യങ്ങളില്ലാതെയും അരക്ഷിതാവസ്ഥയിലാണ്.

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ 7 ഐ. പി .പി സെൻററുകളും 4-ാം വാർഡിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു പി. എച്ച്. സിയും ഉണ്ട്. പ്രസ്തുത പി. എച്ച്. സി യിൽ സ്ഥിരം ഡോക് ടറില്ല . പടിഞ്ഞാറത്തറടൗണിലെ സ്വകാര്യ ആശുപ ത്രികളിലും മാനന്തവാടിയിലെയും കല്പറ്റയിലെയും ഗവൺമെൻറ് ആശുപത്രികളിലും ചികിൽസക്കായി രോഗികൾ എത്തിചേരുന്നു. ഓരോ വർഷം കഴിയു മ്പോഴും രോഗികളുടെഎണ്ണം വർദ്ധിച്ച് വരുന്നതായി പഞ്ചായത്തിലെ ചികിൽസാ കേന്ദ്രങ്ങളിൽനിന്നുള്ള കണക്കകൾ സൂചിപ്പിക്കുന്നു. ചികിൽസക്കായി പുറത്ത് പോകുന്നവരുടെ സംഖ്യ ഇതിലും കൂടുത ലാണ്. ആദിവാസികളിൽ വർദ്ധിച്ച് വരുന്ന ത്വക്രോ ഗങ്ങളും പകർച്ചവ്യാധികളും സ്വകാര്യ ആശുപത്രി കളിൽ വേണ്ടത്ര ചികിൽസിക്കപ്പെടുന്നില്ല. 1991 ലെ സെൻസസ്പ്രകാരം പഞ്ചായത്തിലെ ജനസം ഖ്യ21398 ആണ്. ആകെ ജനസംഖ്യയിൽ 10820 പുരുഷൻമാരും 10578 സ്ത്രീകളും ഉണ്ട് . ആദിവാ സികളുടെ എണ്ണം 3721ആണ്. അതായത് 17.4% . സ്വകാര്യ ആശുപത്രികളെ സമീപിക്കാനുള്ള സാമ്പത്തിക സ്ഥിതി ഭൂരിഭാഗം കുടുബങ്ങൾക്കുമില്ല. ആസ്തമാചികിൽസ ഹോമിയോയിൽ ഫലപ്രദമായ തുകൊണ്ടായിരിക്കാം കൂടുതൽ ആസ്തമാരോഗികൾ ഹോമിയോ ചികിൽസ തേടിപോകുന്നുണ്ട്. വിഷചി കിൽസക്കും വാതരോഗചികിൽസക്കും ആയുർവേദ ചികിൽസാ രീതിയാണ് ഭൂരിഭാഗം പേരും ആശ്ര യിക്കുന്നതെന്ന്കണക്കുകൾ സൂചിപ്പിക്കുന്നു. സാംക്ര മികരോഗങ്ങൾക്ക് അലോപ്പതി ചികിൽസയെയാണ് ആശ്രയിക്കുന്നത്. കുടാതെ പ്രകൃതിചികിൽസയെയും നാടൻ വൈദ്യത്തെയും ആശ്രയിക്കുന്നവരുണ്ട്.

## പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്
## കുട്ടികളുടെ ആരോഗ്യപോഷണനിലവാരം.

| പ്രായം | നോർമൽ | | 1-ാംഗ്രേഡ് | | 2-ാംഗ്രേഡ് | | 3-ാംഗ്രേഡ് | | ആകെ. |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | |
| 1വയസ്സിൽതാഴെ | 231 | 233 | 12 | 13 | 15 | 14 | 2 | 4 | 524 |
| 1-3വയസ്സ് | 524 | 499 | 70 | 60 | 94 | 49 | 15 | 4 | 1315 |
| 3-6വയസ്സ് | 497 | 514 | 63 | 63 | 37 | 37 | 3 | 3 | 1217 |
| ആകെ | 1252 | 1246 | 145 | 136 | 146 | 100 | 20 | 11 | 3056 |

ഒന്നാം ഗ്രേഡ് : ലഘുവായ പോഷണക്കുറവുള്ളവർ.
രണ്ടാം ഗ്രേഡ് : മിതമായ പോഷണക്കുറവുള്ളവർ.
മൂന്നാം ഗ്രേഡ് : ഗുരുതരമായ പോഷണക്കുറവുള്ളവർ.

## പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്
## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി | ഡി.പിറ്റി | | | | പോളിയോ | | | | ഡി.റ്റി | | | | മീസിൽസ്. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1വയസിൽതാഴെ | 337 | 301 | 291 | 293 | | 304 | 291 | 296 | | | | | | 244 |
| 1-3വയസ്സ് | 665 | 631 | 632 | 630 | 631 | 631 | 632 | 630 | 631 | | | | | 571 |
| 3-6വയസ്സ് | 30 | | | | 15 | | | | 15 | 61 | 63 | | 480 | 13 |
| ആകെ | 1032 | 932 | 923 | 923 | 646 | 935 | 923 | 926 | 646 | 61 | 63 | | 480 | 828 |

## ടെറ്റനസ് ടോക്സോയിഡ്. (T.T)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 279 | 270 | 74 |

## 1996ഏപ്രിൽ മുതൽ ഒക്ടോബർവരെ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുഖേന വിതരണം ചെയ്ത പോഷകങ്ങൾ

| | | |
|---|---|---|
| 1. | ഇരുമ്പ് ഫോളിക്കാസിഡ് ഗുളികകൾ (ഗർഭിണികൾക്ക്) : | 293 |
| 2. | ഇരുമ്പ് ഫോളിക്കാസിഡ് ഗുളികകൾ(കുട്ടികൾ) : | 396 |
| 3 | ജീവകം Aതുള്ളിമരുന്ന് (കുട്ടികൾ) : | 1002 |
| | ആശുപത്രിയിൽ നടന്ന പ്രസവങ്ങൾ : | 211 |
| | വീട്ടിൽ നടന്ന പ്രസവങ്ങൾ : | 39 |

## പഞ്ചായത്തിലെ ദമ്പതിമാരുടെ എണ്ണം (പ്രായാടിസ്ഥാനത്തിൽ)

| | | |
|---|---|---|
| a) | 15മുതൽ 19വരെ | 179 |
| b) | 20മുതൽ 24വരെ | 552 |
| c) | 25മുതൽ 29വരെ | 779 |
| d) | 30മുതൽ 34വരെ | 556 |
| e) | 35മുതൽ 39വരെ | 520 |
| f) | 40മുതൽ 44വരെ | 313 |
| | ആകെ | 2899 |

## പഞ്ചായത്തിലെ ചികിത്സാ സൗകര്യങ്ങൾ

| വാർഡു നമ്പർ | IPP | PHC | സ്വകാര്യ ആശുപത്രികൾ | | | സർക്കാർ ഡിസ്പെൻസറി | മെഡിക്കൽ ഷോപ്പുകൾ | | വിഷ ചികിത്സ |
|---|---|---|---|---|---|---|---|---|---|
| | | | അലോപ്പതി | ഹോമിയോ | ആയുർവ്വേദം | | ആയുർവ്വേദം | അലോപ്പതി | |
| 1 | 1 (F.W.C) | - | - | - | - | - | - | - | - |
| 2 | 1 | - | - | - | - | - | - | - | - |
| 3 | - | - | - | - | - | - | - | - | - |
| 4 | 1 | 1 | - | - | - | - | - | - | 1 |
| 5 | 1 | - | - | - | - | - | 2 | 1 | - |
| 6 | 1(I.C.D.S) | - | 1 | - | - | - | 1 | - | - |
| 7 | 1 | - | - | 1 | - | 1 | 1 | - | - |
| 8 | - | - | - | - | - | - | - | - | - |
| 9 | 1- | - | - | - | 1 | - | - | - | - |
| 10 | - | - | - | - | - | - | - | - | - |
| ആകെ | 7 | 1 | 2 | 1 | 1 | 1 | 4 | 1 | 1 |

ആകെ

## ആരോഗ്യസ്ഥാപനങ്ങളിൽനിന്നും ലഭിച്ച വിവരങ്ങൾ

| | സ്ഥാപനത്തിൻെറ പേര് | വർഷം | ത്വക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | മറ്റുള്ള രോഗങ്ങൾ | വിഷചികിത്സ | ആസ്തമ | ആകെ |
|---|---|---|---|---|---|---|---|---|---|
| 1 | ഗവ.ആയുർവ്വേദ ഡിസ്പെൻസറി | 1992-1993 | 5436 | 9868 | 528 | 1568 | 74 | - | 17474 |
| 2 | കാർമ്മൽ ഹോമിയോ ഡിസ്പെൻസറി | | 2000 | 400 | 800 | 200 | - | 600 | 4000 |
| 3 | പടിഞ്ഞാറത്തറ ക്ലിനിക് | | 750 | 760 | 1500 | 4900 | | - | 8650 |
| 1 | ഗവ.ആയുർവ്വേദ ഡിസ്പെൻസറി | 1993-1994 | 5030 | 8798 | 1645 | 1568 | 327 | - | 19611 |
| 2 | കാർമ്മൽ ഹോമിയോ ഡിസ്പെൻസറി | | 2025 | 450 | 600 | 325 | - | 750 | 4250 |
| 3 | പടിഞ്ഞാറത്തറ ക്ലിനിക് | | 850 | 860 | 1800 | 4740 | - | - | 8950 |
| 1 | ഗവ.ആയുർവ്വേദ ഡിസ്പെൻസറി | 1994-1995 | 4368 | 11275 | 2768 | 2305 | 754 | - | 21470 |
| 2 | കാർമ്മൽ ഹോമിയോ ഡിസ്പെൻസറി | | 1960 | 450 | 950 | 250 | - | 800 | 4410 |
| 3 | പടിഞ്ഞാറത്തറ ക്ലിനിക് | | 900 | 900 | 1600 | 5100 | - | - | 8500 |
| 1 | ഗവ.ആയുർവ്വേദ ഡിസ്പെൻസറി | 1995-1996 | 4520 | 8420 | 3530 | 3270 | 912 | - | 20652 |
| 2 | കാർമ്മൽ ഹോമിയോ ഡിസ്പെൻസറി | | 2015 | 450 | 950 | 250 | - | 800 | 4515 |
| 3 | പടിഞ്ഞാറത്തറ ക്ലിനിക് | | 950 | 1020 | 1650 | 5380 | - | - | 9760 |
| 4. | സരാജ് ഹോസ്പിറ്റൽ | ” | 3000 | 100 | 1250 | 3300 | 3 | | 7653 |

## പഞ്ചായത്തിലെ സാനിറ്ററി സൗകര്യങ്ങൾ - കക്കൂസുകൾ

| വാർഡ് നമ്പർ | കക്കൂസുകൾ ഉള്ള വീടുകൾ | കക്കൂസുകളുള്ള ആദിവാസി വീടുകൾ | | ആകെ | കക്കൂസകൾ ഇല്ലാത്ത വീടുകൾ | കക്കൂസുകൾ ഇല്ലാത്ത ആദിവാസി വീടുകൾ | | ആകെ |
|---|---|---|---|---|---|---|---|---|
| | | പട്ടികവർഗ്ഗം | പട്ടികജാതി | | | പട്ടികജാതി | പട്ടികവർഗ്ഗം | |
| 1 | 160 | 8 | 12 | 180 | 155 | 2 | 38 | 195 |
| 2 | 120 | 3 | 1 | 124 | 135 | 97 | 4 | 236 |
| 3 | 127 | - | 1 | 28 | 156 | 61 | 25 | 242 |
| 4 | 83 | - | 4 | 87 | 275 | 10 | 25 | 242 |
| 5 | 118 | 10 | 2 | 130 | 142 | 11 | 17 | 170 |
| 6 | 212 | - | 71 | 283 | 146 | 56 | 12 | 214 |
| 7 | 175 | 1 | 38 | 214 | 298 | 60 | 8 | 366 |
| 8 | 254 | - | - | 254 | 148 | 4 | 1 | 153 |
| 9 | 175 | - | - | 175 | 128 | - | 53 | 181 |
| 10 | 134 | - | - | 134 | 298 | - | - | 298 |
| ആകെ | 1558 | 12 | 58 | 1628 | 2144 | 253 | 171 | 2568 |

ശുദ്ധജലദൗർല്ലഭ്യം പോലെ തന്നെ സാനിറ്ററി സൗകര്യങ്ങളും അപര്യാപ്തമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 61%ത്തോളം കുടുംബങ്ങൾ കക്കൂസുകൾ ഇല്ലാത്തവരാണ്. ഇവയിൽ ഭൂരിഭാഗവും ആദിവാസികോളനികളാണ്. ചൊറി, ചിരങ്ങ്, മഞ്ഞപ്പിത്തം, ക്ഷയം തുടങ്ങിയ രോഗങ്ങളും മറ്റു പകർച്ചവ്യാധികളും ആദിവാസികളിലാണ് കൂടുതലും കണ്ടുവരുന്നത്. റോഡിനും വൈദ്യുതിക്കും വേണ്ടി മുറവിളി കൂട്ടുന്നവർ കക്കൂസിൻെറ ആവശ്യം ഉന്നയിക്കാത്തത് ശുചിത്വബോധത്തിൻെറയും രോഗ കാരണങ്ങളെക്കുറിച്ചുള്ള അജ്ഞതയാലുമാണ്. കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഐ.പി.പി. സെൻററുകൾ കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധകുത്തിവെയ്പിലും വിറ്റാമിൻ ഗുളികകളുടെ വിതരണത്തിലും ചെയ്യുന്ന സേവനങ്ങൾ സ്തുത്യർഹമാണ്. പഞ്ചായത്തിലെ കുട്ടികളിൽ മിതമായി പോഷണക്കുറവുള്ളവർ 8%വും ലഘുവായ പോഷണക്കുറവുള്ളവർ 9% വും ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 80% കുട്ടികൾക്കും ബി.സി.ജി. കുത്തിവയ്പ് നടത്തുന്നുണ്ട്. ഡി.പി.റ്റി. പോളിയോ, മീസിൽസ് എന്നിവയ്ക്കെതിരേയും 90%ത്തോളം കുട്ടികളും കുത്തിവയ്പിന് വിധേയരാവുന്നുണ്ട്. ഗർഭിണികളിൽ 75%ത്തിലധികവും പ്രസവത്തിന്നായി ആശുപത്രികളിൽ എത്തുന്നു.

വ്യാപാരസ്ഥാപനങ്ങളും, വാഹനങ്ങളും, ജനത്തിരക്കും, വർദ്ധിച്ചുവരുന്ന പടിഞ്ഞാറത്തറ ടൗണിൽ ഓവുചാലുകൾ ഉണ്ടെങ്കിലും ചപ്പുചവറുകൾ കുന്നുകൂടുന്നതും, വെള്ളം കെട്ടിനിൽക്കുന്നതും കാരണം ദുർഗ്ഗന്ധവും, കൊതുക്, ഈച്ച എന്നിവയുടെ ശല്യവും വർദ്ധിച്ചുവരുന്നു. മത്സ്യമാർക്കറ്റ്, മാംസമാർക്കറ്റ് എന്നിവയുടെ പരിസരവും മലീമസമാണ്.പൊതു കക്കൂസുകൾ ഇല്ല.

## പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും

**(ഗ്രാമസഭകളിൽനിന്ന്)**

വാർഡ് I: ഫാമിലി വെൽഫെയർ സെൻറർ സൗകര്യപ്രദമല്ലാത്തതിനാൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ജീവനക്കാർക്ക് താമസിക്കാനുള്ളസൗകര്യം ചെയ്യേണ്ടതാണ്. 195ഓളം വീടുകളിൽ കക്കൂസുകൾ നിർമ്മിക്കണം.

വാർഡ് II: ഐ.പി.പി. സെൻററും നിലവിലുള്ള പി.എച്ച്.ഡിയും പൂർണ്ണമായി പ്രയോജനപ്പെടുന്നില്ല. 236 വീടുകളിൽ കക്കൂസുകൾ നിർമ്മിക്കണം.

വാർഡ്III: പ്രാഥമിക ചികിത്സാസൗകര്യങ്ങൾ പോലും ഇല്ലാത്ത വാർഡാണ് ഇത്. ഐ.പി.പി. സെൻറർ സ്ഥാപിക്കണം. 242 ഓളം കുടുംബങ്ങൾക്ക് കക്കൂസുകൾ

നിർമ്മിക്കണം.

വാർഡ് IV: ഐ.പി.പി. പ്രവർത്തനം ആരംഭിച്ചിട്ടില്ല. പി.എച്ച്.സിക്ക് 1ഏക്കർ സ്ഥലം നാട്ടുകാർ നൽകിയിട്ടുണ്ട്. ആവശ്യമായ കെട്ടിടങ്ങൾ പണിയുകയും സ്ഥിരം ഡോക്ടറേയും മറ്റു ജീവനക്കാരെയും നിയമിക്കേണ്ടതുമാണ്. നാലു വാർഡുകൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ പി.എച്ച്.സി. വികസിപ്പിക്കേണ്ടതാണ്. വിഷചികിത്സാരംഗത്ത് പ്രസിദ്ധനായ കട്ടക്കയം വർഗ്ഗീസിൻെറ സഹായത്തോടെ പാമ്പുവളർത്തു കേന്ദ്രവും വിഷചികിത്സാലയവും ആരംഭിക്കേണ്ടതാണ്. 242 കക്കൂസുകൾ നിർമ്മിക്കണം.

വാർഡ് V: ഐ.പി.പി. സെൻറർ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ജീവനക്കാർക്ക് താമസസൗകര്യം ഏർപ്പെടുത്തണം. 170 കക്കൂസുകൾ വാർഡിൽ പുതുതായി നിർമ്മിക്കണം.

വാർഡ് VI: നിലവിലുള്ള ഐ.സി.ഡി.എസ്. സെൻററിൽ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം 214 ഓളം കക്കൂസുകൾ നിർമ്മിക്കണം.

വാർഡ് VII: നിലവിലുള്ള ആയുർവേദ ഡിസ്പെൻസറി 10 കിടക്കകളുള്ള ആശുപത്രിയായി വികസിപ്പിക്കുകയും സ്ഥിരം ഡോക്ടറെ നിയമിക്കുകയും ചെയ്യുക. സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനത്തിൽ നിയന്ത്രണമേർപ്പെടുത്തുക. പടിഞ്ഞാറെത്തറ ടൗണിൽ നല്ലൊരു സർക്കാർ ആശുപത്രി സ്ഥാപിക്കുക. 366 കുടുംബങ്ങൾക്ക് കക്കൂസുകൾ നിർമ്മിക്കുക.

വാർഡ് VIII: പ്രാഥമിക ആരോഗ്യ സൗകര്യങ്ങൾ ഒന്നുംതന്നെയില്ല. ഐ.പി.പി. സെൻറർ സ്ഥാപിക്കണം. 153 കക്കൂസുകൾ നിർമ്മിക്കണം.

വാർഡ് IX: നിലവിലുള്ള ഐ.പി.പി. കാര്യക്ഷമമായി പ്രവർത്തിക്കണം. 181 കക്കൂസുകൾ നിർമ്മിക്കണം.

വാർഡ് X : പ്രാഥമിക ചികിത്സാസൗകര്യങ്ങളില്ല. യാത്രാക്ലേശങ്ങളുള്ളതിനാൽ ഒരു പി.എച്ച്.സി. സ്ഥാപിക്കുകയും സ്ഥിരം ഡോക്ടറെ നിയമിക്കുകയുംവേണം.

## *പൊതു നിർദ്ദേശങ്ങൾ*

1 പഞ്ചായത്തിലെ ജനസംഖ്യയിൽ 35%വും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. അതുകൊണ്ട് പോഷകഗുണമുള്ള ആഹാരം കഴിക്കാൻ കഴിയുന്നില്ല. ചിലവുകുറഞ്ഞതും പോഷകസമ്പന്നവുമായ ആഹാരപദാർത്ഥങ്ങൾ തെരഞ്ഞെടുക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പദ്ധതികൾ ആവിഷ്ക്കരിക്കുക.

2 കർണ്ണാടക തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളാണ് പഞ്ചായത്തിലെ ജനങ്ങൾ കൂടുതലായും ഉപയോഗിച്ചു വരുന്നത്. കീടനാശിനികളും രാസവളങ്ങളും കൂടുതലായി ഉപയോഗിച്ച് കൃഷിചെയ്യുന്ന ഇത്തരം പച്ചക്കറികൾ ഗുണത്തെക്കാൾ ഏറെദോഷം ചെയ്യുന്നു. ഇതിന്നു പകരം ആവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കാനുള്ള സംവിധാനം പഞ്ചായത്തിലെ കൃഷിയിടങ്ങളിൽതന്നെ ചെയ്യേണ്ടതാണ്. കൃഷിഭവൻ മുഖേന താല്പര്യമുള്ള കൃഷിക്കാർക്ക് പരിശീലനവും നിർദ്ദേശങ്ങളും നൽകേണ്ടതാണ്.

3 പഞ്ചായത്തിൽ വിൽക്കപ്പെടുന്ന മത്സ്യവും മാംസവും പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്താനുള്ള സംവിധാനം ആവശ്യമാണ്.

4 ഗുണനിലവാരം കുറഞ്ഞതും നിരോധിക്കപ്പെട്ട നിറങ്ങൾ ചേർത്തതുമായ മിഠായികൾ, ബേക്കറിസാധനങ്ങൾ എന്നിവ വില്ക്കുന്നത് പൂർണ്ണമായി നിരോധിക്കാനുള്ള നിയമനടപടികൾ സ്വീകരിക്കണം.

5 ത്വക്ക്രോഗങ്ങൾ വർദ്ധിച്ച അളവിലുണ്ടെന്ന് ഡോക്ടർമാരിൽനിന്നും ലഭിച്ച കണക്കുകൾ സൂചിപ്പിക്കുന്നു. ശുചിത്വമില്ലാത്ത പരിസരവും ജീവിതരീതികളും മാറ്റുന്നതിന് ആവശ്യമായ ആരോഗ്യക്ലാസുകൾ കോളനികൾ കേന്ദ്രീകരിച്ച്

നടത്തുക. ഫിലിം പ്രദർശനങ്ങൾ കൂടുതൽ ഫലപ്രദമായിരിക്കും.

6 ജില്ലയിലെ പ്രകൃതി ജീവനകേന്ദ്രങ്ങളുമായി സഹകരിച്ച് പ്രകൃതി ജീവനരീതികൾ പ്രചരിപ്പിക്കാനുള്ള ക്ലാസ്സുകൾ നടത്തുക.

7 മായം ചേർത്ത ആഹാരസാധനങ്ങൾ നിർമ്മിക്കുന്നതും വിൽക്കുന്നതും കർശനമായി നിരോധിക്കുക.

8 ഹോമിയോ ഡയരക്ടറുടെ ഓഫീസുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ ഹോമിയോ ക്ലിനിക്കുകൾ ആരംഭിക്കാനുള്ള ശ്രമങ്ങൾ നടത്തണം.

9 പഞ്ചായത്തിൽ ഒരു പാമ്പുവളർത്തുകേന്ദ്രവും വിഷചികിത്സാകേന്ദ്രവും ആരംഭിക്കണം.

10 നിലവിലുള്ള ആയുർവ്വേദ ഡിസ്പെൻസറി നിലനിർത്തുകയും പുതിയവ ആരംഭിക്കുകയും ചെയ്യുക. 10 കിടക്കകളുള്ള ആശുപത്രിയായി ഡിസ്പെൻസറി കെട്ടിടം പുതുക്കി പണിയണം.

11 സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന ഫീസ്, മരുന്നുകളുടെവില എന്നിവ നിയന്ത്രിക്കാനാവശ്യമായ നിയമ നിർമ്മാണം നടത്തുക.

12 പടിഞ്ഞാറത്തറ ടൗണിൽ ആധുനികസൗകര്യങ്ങളോടു കൂടിയ മത്സ്യമാംസ മാർക്കറ്റു സ്ഥാപിക്കുക.

13 അലഞ്ഞു നടക്കുന്ന പട്ടികളെ നശിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും. വളർത്തു പട്ടികൾക്ക് ലൈസൻസ് നിർബ്ബന്ധമ ാക്കുകയും ചെയ്യുക.

14 സ്കൂളുകളിൽ വൈദ്യപരിശോധനാ ക്യാമ്പുകളും രക്ഷിതാക്കൾക്ക് ആരോഗ്യ ബോധവൽക്കരണക്ലാസുകളും ഉടത്തുക. ഉച്ചഭക്ഷണം കാര്യക്ഷമമാക്കുക.

15 ആദിവാസികളുടെ ആഹാരരീതിയെക്കുറിച്ച് പഠനം നടത്തി അവരുടെ ആരോഗ്യസംരക്ഷണത്തിനായുള്ള നിർദ്ദേശങ്ങൾ നൽകുക.

16 ഹെൽത്ത് വളണ്ടിയർമാരെ നിയമിക്കുകയും നിസ്സാരരോഗങ്ങൾക്കുപോലും ആശുപത്രികളെ സമീപിക്കുന്നതിനും മരുന്നുകൾ ഉപയോഗിക്കുന്നതിനുമുള്ള പ്രവണത നിയന്ത്രിക്കുകയും ചെയ്യുക.

17 പഞ്ചായത്തിൽ 2568 കുടുംബങ്ങൾക്ക് കക്കൂസുകൾ നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ അടിയന്തിരമായി നൽകുക. കക്കൂസുകൾ ഉപയോഗിക്കേണ്ടതിൻെറ ആവശ്യകതയും ഉപയോഗിക്കുന്ന രീതിയും ബോധ്യപ്പെടുത്താൻ ഫിലിം പ്രദർശനങ്ങൾ നടത്തുക.

18 ഐ.പി.പി. സെൻററുകളിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

കുടിവെള്ളം, പൊതുജനാരോഗ്യം എന്നിവ സംബന്ധിച്ച് മുകളിൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് മുൻഗണനാ ക്രമം നിശ്ചയിക്കുകയും വരുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതിയിലൂടെ പൂർത്തിയാക്കുകയും ചെയ്താൽ ഭാവി തലമുറക്കു വേണ്ടി നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും മഹത്തായ ഒരു കാര്യമായിരിക്കും എന്നതിൽ സംശയമില്ല. ഭക്ഷ്യരംഗം കുത്തകകകളുടേതാക്കിമാറ്റുന്ന പരസ്യങ്ങൾ ഗവൺമെൻറ് കർശനമായി നിരോധിച്ചേ പറ്റൂ. സുലഭമായി കുറഞ്ഞവിലക്ക് ലഭിച്ചിരുന്ന ഉപ്പു പോലും അയോഡൈസേഷൻെറ പേരിൽ കുത്തക കമ്പനികൾക്കു നൽകുകയും ഇൻസ്റ്റൻറ് വിഭവങ്ങൾ നിയന്ത്രണാധീനമാവുകയും ചെയ്യുന്നത് ഗ്രാമങ്ങളിലെ പോലും ഭക്ഷ്യസംസ്കാരത്തെ തകിടം മറിക്കുന്നുണ്ട്. കേരളത്തിൻെറ തനതായ ഭക്ഷണരീതികൾ ശാസ്ത്രീയവൽക്കരിച്ച് ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുകയായിരിക്കട്ടെ 9-ാം ജനകീയാസൂത്രണ പദ്ധതിയിലൂടെനമ്മുടെ ലക്ഷ്യം

*"നിൻെറ ആഹാരം നിൻെറ ഔഷധമായിരിക്കട്ടെ"*
*"ആഹാരമല്ലാതെ നിനക്ക് മറ്റൊരു ഔഷധമില്ല"*
*-ഹിപ്പോക്രാറ്റസ്*

*"അവനവൻ അവനവൻെറ ഡോക്ടറാവണം"*
- മഹാത്മാഗാന്ധി




സമൂഹത്തിൽ ഒരു വ്യക്തി എന്ന നിലയിൽ പുരുഷൻ അനുഭവിക്കുന്ന എല്ലാ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും അനുഭവിക്കുവാനുള്ള അർഹത സ്ത്രീകൾക്കുമുണ്ട്. സമൂഹത്തിൽ സ്ത്രീയുടെപദവി ഉയർത്തുവാനും ജനാധിപത്യ പ്രക്രിയയിൽ പുരുഷനോടൊപ്പമുള്ള അവകാശങ്ങൾ ഉറപ്പുവരുത്താനും സ്ത്രീ-പുരുഷ സമത്വത്തോടെ സാമൂഹ്യമാറ്റത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധിക്കുന്ന സാഹചര്യങ്ങൾ നമ്മുടെ നാട്ടിൽ ഇനിയും സംജാതമായിട്ടില്ല.

പടിഞ്ഞാറത്തറ പഞ്ചായത്തിലെ സാമൂഹ്യപ്രവർത്തനമേഖലകളിൽ മുൻകാലങ്ങളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു. പെൺകുട്ടികൾ വിദ്യാഭ്യാസം നേടേണ്ട ആവശ്യമില്ലെന്ന് വിധിയെഴുതുകയും, ചെറുപ്രായത്തിൽ വച്ചുതന്നെ പഠിത്തം നിർത്തി വീട്ടുജോലികളിൽ പ്രവേശിപ്പിക്കുകയും ആൺകുട്ടികളെ മാത്രം സ്ക്കൂളിലയയ്ക്കുകയും ചെയ്തിരുന്ന ഒരു സ്ഥിതിവിശേഷമായിരുന്നു ഏതാണ്ട് 30 വർഷം മുമ്പുവരെ ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഇടയിൽ നിലനിന്നിരുന്നത്. സമീപകാലം വരെ ചില സമുദായങ്ങളിലെ പെൺകുട്ടികളുടെ ഇടയിൽ ഇങ്ങിനെ ഒരു സ്ഥിതി നിലനിന്നിരുന്നു. പഞ്ചായത്തിലെ ആദിവാസി സ്ത്രീകളാണ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽഏറ്റവും പിന്നോക്കം നിന്നിരുന്നത്. എന്നാൽ ഇന്ന് സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പഞ്ചായത്തിലെ ജനങ്ങൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തുല്യത നൽകുന്നു. എങ്കിലുംഉന്നത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസത്തിന്റെ മേഖലകലും സ്ത്രീകൾക്ക് ഇന്നും അപ്രാപ്യമായിത്തന്നെ തുടരുന്നു. സമൂഹത്തിൽ പെൺകുട്ടികൾ സുരക്ഷിതരല്ലെന്ന തോന്നൽഅവരെ ദൂരെയയച്ച് പഠിപ്പിക്കുവാൻ പല മാതാപിതാക്കളെയും വിമുഖരാകുന്നു. പെൺകുട്ടികൾക്ക് ഉന്നത സാങ്കേതിക വിദ്യാഭ്യാസം തന്നെ വേണ്ടെന്ന് വെയ്ക്കാൻ ഇത് പ്രേരിപ്പിക്കുന്നുണ്ട്. അതിനാൽ ഈ പഞ്ചായത്തിൽ പെൺകുട്ടികളുടെ സാങ്കേതിക പരിജ്ഞാനവും തൊഴിലവസരവും വർദ്ധിപ്പിക്കുന്നതിനുതകുന്ന സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.

1991 ലെ സെൻസസ് പ്രകാരം പടിഞ്ഞാറത്തറ പഞ്ചായത്തിൽ ആകെയുള്ള ജനങ്ങളിൽ 49% വും സ്ത്രീകളാണ്. സ്ത്രീ-പുരുഷ അനുപാതം 1000 പുരുഷന് മാർക്ക് 970 സ്ത്രീകൾ എന്ന നിരക്കിലാണ്. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാക്ഷരത നിരക്ക് 69.55% ആകുമ്പോൾ സ്ത്രീകളുടെ സാക്ഷരതാ നിരക്ക്

വെറും 64.15% മാത്രമാണ്.

ജനസംഖ്യയും സ്ത്രീകളുടെ സാക്ഷരതാ നിരക്കും സൂചിപ്പിക്കുന്ന 1991-ലെ സെൻസസ് പട്ടിക താഴെ കൊടുക്കുന്നു.

| | ആകെ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| ജനസംഖ്യ | 21398 | 10820 | 10578 |
| സാക്ഷരർ | 14882 | 8096 | 6786 |
| സാക്ഷരത% | 69.55 | 74.82 | 64.15 |

1930-40 കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നെങ്കിലും ഉന്നത-സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അഭാവം മൂലം സ്ത്രീകൾ അടുക്കള ജോലിയിലൊതുങ്ങി. എന്നാൽ പിന്നീട് വന്ന സാമൂഹ്യ മാറ്റത്തിന്റെ ഫലമായി വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കൂടുകയും പരിമിതമായ തൊഴിൽ മേഖലകളിലെങ്കിലും സ്ത്രീകൾ എത്തിപ്പെടുകയും ചെയ്തു. ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അധ്യാപനരംഗത്ത് പുരുഷൻമാരേക്കാൾ ഒട്ടും പിന്നിലല്ല.

തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾ കടുത്ത വിവേചനത്തിന് വിധേയരാകുന്നുണ്ട്. കാർഷിക മേഖലയിലും കാർഷികേതര മേഖലകളിലും സ്ത്രീകൾ പണിയെടുക്കുന്നുണ്ടെങ്കിലും കൂലിയുടെ കാര്യത്തിൽ പ്രകടമായ വിവേചനം നിലനിൽക്കുന്നുണ്ട്. കാർഷികരംഗത്തെ യന്ത്രവൽക്കരണം സ്ത്രീകളുടെ തൊഴിൽ സാധ്യതകൾ വളരെ കുറയുന്നതിന് കാരണമായിട്ടുണ്ട്. സാങ്കേതിക വൈദഗ്ധ്യം വേണ്ട രംഗങ്ങളിൽ സ്ത്രീകളെ നിയമിക്കുവാൻ തൊഴിലുടമകൾ പൊതുവെ മടി കാണിക്കുന്നു. മറ്റ്രംഗങ്ങളിലെന്നപോലെതൊഴിൽ രംഗത്ത് സ്ത്രീകളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കാതെ അവർക്കെതിരായി നിലനിൽക്കുന്ന സാമൂഹ്യപ്രതിലോമ ശക്തികളെ തടുക്കാനാവില്ല. ചെറുകിട വ്യവസായങ്ങൾ വനിതാ സഹകരണസംഘങ്ങൾ സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവയിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്താനുള്ള തീവ്രയത്നം അത്യാവശ്യമാണ്.

മുൻകാലങ്ങളിൽ മതവിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും സ്ത്രീകളുടെ മേൽ അടിച്ചേൽപ്പിച്ചിരുന്ന വിലക്കുകളും പുരുഷമേധാവിത്വപരമായി ചിന്തിക്കുന്ന സമൂഹം സ്ത്രീകളോട് കാണിച്ചിരുന്ന ക്രൂരമായ അവഗണനയും അവർക്ക് നൽകിയിരുന്ന അധമമായ പദവിയും ഒക്കെ പൊതുരംഗത്ത് ക്രിയാത്മകമായ പങ്ക് വഹിക്കുന്നതിൽനിന്നും സ്ത്രീകളെ മാറ്റി നിർത്തിയിരുന്നു. പൊതുരംഗത്തുള്ള സ്ത്രീകളുടെ പങ്കാളിത്തക്കുറവ് പടിഞ്ഞാറത്തറ പഞ്ചായത്തിൽ ഇന്നും തുടരുകയാണ്. മഹിളാസമാജങ്ങൾ ഫാമിലിവെൽഫെയർ സൊസൈറ്റി എന്നിവപോലുള്ള സന്നദ്ധസംഘടകൾ സ്ത്രീകളെ പൊതുനേതൃത്വരംഗത്ത് എത്തിക്കുന്നതിൽ പ്രശംസനീയമായ പങ്കുവഹിക്കുന്നുണ്ട്. പടിഞ്ഞാറത്തറ പഞ്ചായത്തിൽ ആകെ 16 മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നു. ഇവയിൽ സ്വന്തമായി കെട്ടിടമുള്ളത് 6 മഹിളാസമാജങ്ങൾക്ക് മാത്രമാണ്. പഞ്ചായത്തിലെ III, IV വാർഡുകളിൽ ഒരൊറ്റ മഹിളാസമാജംപോലും ഇല്ലാത്തത് ആ വാർഡുകളിലെ പൊതുരംഗത്തുള്ള സ്ത്രീകളുടെ പങ്കാളിത്തക്കുറവ് എടുത്തുകാണിക്കുന്നു.

മുൻകാലങ്ങളിൽ ആരോഗ്യരംഗത്ത് സ്ത്രീകളുടെ നില വളരെ ശോചനീയമായിരുന്നു. പോഷകാഹാരക്കുറവുകൊണ്ട് ഗർഭിണികളിൽ അധികം പേർക്കും 'അനീമിയ' എന്ന രോഗം ബാധിക്കുകയും 10-20 ശതമാനം ഗർഭിണികളുടേയും മരണത്തിന് ഇതു കാരണമാകുകയും ചെയ്തിരുന്നു. ഇന്ന് മാതൃശിശുസംരക്ഷണത്തിനും ബോധവൽക്കരണത്തിനും പഞ്ചായത്തിലെ അംഗൻവാടികൾ പരമപ്രധാനമായ പങ്കാണ് വഹിക്കുന്നത്. ക്ഷേമ പ്രവർത്തനങ്ങളിലൂടെയും ബോധവൽക്കരണ ക്ലാസുകളിലൂടെയും ഗർഭിണികളുടേയും ശിശുക്കളുടേയും മരണസംഖ്യ ഒരു പരിധിവരെ കുറച്ചുകൊണ്ടുവരാൻ അംഗൺവാടികൾക്ക് കഴിഞ്ഞിട്ടുണ്ട്. പടിഞ്ഞാറത്തറ പഞ്ചായത്തിൽ ആകെ '22' അംഗൺവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ '2' അംഗൺവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല. സ്വന്തമായി കെട്ടിടമുള്ള അംഗൺവാടികളുടെ സ്ഥിതിയും ശോചനീയമാണ്. പുതുക്കിപ്പണിയാതെ ക്ലാസ് തുടരാൻ വിഷമമുള്ളവയാണ് പലതും. ഈ പഞ്ചായത്തിലെ സ്ത്രീകളുടെ ആരോഗ്യത്തെ പൊതുവെ പ്രതികൂലമായി ബാധുക്കുന്ന മറ്റൊരു പ്രശ്നമാണ് ഭക്ഷണം പാകം ചെയ്യുമ്പോഴും മറ്റും അടുപ്പിൽ നിന്നുണ്ടാകുന്ന പുക. പടിഞ്ഞാറത്തറ പഞ്ചായത്തിൽ ശിശുക്കളുടെ സംരക്ഷണത്തിനായി ആകെ ഒരു ക്രഷ് മാത്രമെ ഉള്ളൂ.

പടിഞ്ഞാറത്തറ പഞ്ചായത്തിൽ വനിതകളുടേത് മാത്രമായി രണ്ടു ബേയ്ക്കറി യൂണിറ്റുകളും ഒരുസോപ്പു

നിർമാണ യൂണിറ്റും ഒരു സഹകരണസംഘവും പ്രവർത്തിച്ചുവരുന്നു. പ്രവർത്തനമാരഭിക്കാത്ത സഹകരണസംഘവും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ 5.DWCRA യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ ആദിവാസി കോളനികളെ കേന്ദ്രീകരിച്ച് സ്ത്രീകളുടെ ഇടയിൽ പായനെയ്ത്ത് കുട്ടനെയ്ത്ത് എന്നീ കുടിൽ വ്യവസായങ്ങളും നിലവിലുണ്ട്

പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിലെ അംഗൺവാടികൾ, മഹിളാസമാജങ്ങൾ, വനിത വ്യവസായങ്ങൾ, ക്രഷുകൾ മുതലായവ സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

## പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

| വാർഡ് നമ്പർ | അംഗൺവാടികൾ | | | മഹിളാസമാജങ്ങൾ | | | വനിതാവ്യവസായങ്ങൾ | | | | ക്രഷുകൾ |
|---|---|---|---|---|---|---|---|---|---|---|---|
| | ആകെ | കെട്ടിടമുള്ളത് | ഇല്ലാത്തത് | ആകെ | കെട്ടിടമുള്ളത് | ഇല്ലാത്തത് | D.W.C.RA യൂണിറ്റുകൾ | കുടിൽ വ്യവസായങ്ങൾ | മറ്റ് വ്യവസായങ്ങൾ | സഹകരണ സംഘങ്ങൾ | |
| I | 3 | 1 | 2 | 3 | 1 | 2 | 2(ഡയറി യൂണിറ്റ്) | 1പാനെയ്ത്ത | ഇല്ല | 1 (തയ്യൽ) | ഇല്ല |
| II | - | - | - | - | - | - | - | - | - | - | ഇല്ല |
| III | 5 | 5 | - | 4 | 4 | - | - | - | - | - | ഇല്ല |
| IV | - | - | - | - | - | - | - | - | - | - | ഇല്ല |
| V | 3 | 3 | - | 2 | - | 2 | ഡെയറി യൂണിറ്റ് | - | - | 2 ബുക്ക് ബൈൻഡിഗ് | ഇല്ല |
| VI | 4 | 4 | - | 2 | - | 2 | - | 1പായനെയ്ത്ത് | - | - | ഇല്ല |
| VII | 2 | 2 | - | 1 | 1 | - | - | - | - | ഇല്ല | |
| VIII | 2 | 2 | - | 1 | - | 1 | - | - | - | - | ഇല്ല |
| IX | 2 | 2 | - | 2 | - | 2 | - | 1പായനെയ്ത്ത് കുട്ടനെയ്ത്ത് | - | - | - |
| X | 1 | 1 | - | 1 | - | 1 | 1 | - | 3 2 ബെയ്ക്കറി 1 സോപ്പ് നിർമ്മാണം | - | 1 |
| ആകെ | 22 | 20 | 2 | 16 | 6 | 10 | 4 | 3 | 3 | 2 | 1 |

സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ നമ്മുടെ പഞ്ചായത്തിൽ പൊതുവെ കുറവാണ് എങ്കിലുംസ്ത്രീധന പീഢന കേസുകൾ ഈയിടെയായി ധാരാളം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്

സ്ത്രീകളെ വെറും ഉപഭോഗ വസ്തുക്കളാക്കി പ്രദർശിപ്പിക്കുന്നതിൽ വാർത്താമാധ്യമങ്ങളായ ടെലിവിഷനും പത്രങ്ങളും മാസികകളും മത്സരിക്കുകയാണ്. ഇത്തരം ദൃശ്യശ്രാവ്യമാധ്യമങ്ങളിലൂടെ ജനങ്ങളുടെ മനസിലേക്ക് കടത്തിവിടുന്ന സ്ത്രീകളുടെ പ്രതിരൂപം അവളുടെ സാമൂഹ്യപദവി ഇടിച്ചു താഴ്ത്താൻ ഉതകുന്നതരത്തിലുള്ളതാണ്. ഇതിനെതിരെ സ്ത്രീസമൂഹം ഒറ്റക്കെട്ടായി നിന്ന് പ്രതികരിക്കുകതന്നെ വേണം. സ്ത്രീ

സമൂഹം ഒന്നിച്ച് ശ്രമിച്ചാൽ ഈ മാധ്യമങ്ങളിലൂടെ തന്നെ പുരുഷനോടൊപ്പം അവകാശങ്ങളും സ്വാതന്ത്ര്യവുമുള്ള സ്ത്രീയുടെ പ്രതിരൂപത്തെ ജനങ്ങളുടെ മനസിലേക്ക് കൊണ്ടുവരാൻ സാധിക്കും.

## വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ:

1. കാർഷികമേഖലയിലും കാർഷികേതര മേഖലയിലും സ്ത്രീകൾ പണിയെടുക്കുന്നുണ്ടെങ്കിലും കൂലിയുടെ കാര്യത്തിൽ പ്രകടമായ വിവേചനം നിലനില്ക്കുന്നു.
2. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ നേരിടുന്ന സാമ്പത്തിക ഞെരുക്കം.
3. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തെക്കുറിച്ചുള്ള അജ്ഞത.
4. തൊഴിൽനിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനം ലഭിക്കുന്നില്ല.
5. സ്ത്രീധനവും സ്ത്രീപീഡനങ്ങളും.
6. പുരുഷന്മാർക്കിടയിലെ മദ്യപാനം.
7. ഉന്നത-സാങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്നില്ല.
8. പൊതുരംഗത്ത് പ്രവർത്തിക്കാനുള്ള വിമുഖത.
9. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെ എന്നുള്ള അജ്ഞത.
10. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാട്ടുകയോ സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല.
11. വനിതകൾക്ക് വേണ്ടത്ര നിയമസംരക്ഷണം ലഭിക്കുന്നില്ല.
12. മാധ്യമങ്ങളിലൂടെ സ്ത്രീകളുടെ സാമൂഹ്യപദവി താഴ്ത്തികെട്ടാൻ ശ്രമിക്കുന്നു.
13. സ്ത്രീകൾക്കിടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിൽക്കുന്നു.
14. വനിത സംരക്ഷണ നിയമങ്ങളെക്കുറിച്ച് വ്യക്തമായി അറിവില്ലായ്മ.
15. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തക്കുറവ്.

## പ്രശ്നപരിഹാരങ്ങൾക്കുള്ള നിർദ്ദേശങ്ങൾ:

1. വനിതകൾക്ക് സംഘടിതമായി തുടങ്ങാവുന്ന വ്യവസായങ്ങൾക്ക് ധനസഹായവും പരിശീലനവും നൽകുക.
2. അംഗൺവാടികളും മഹിളാസമാജങ്ങളും ഇല്ലാത്ത വാർഡുകളിൽ തുടങ്ങാനുള്ള ധനസഹായം നൽകുക. നിലവിലുള്ള അംഗൺവാടികൾക്കും മഹിളാസമാജങ്ങൾക്കും സ്വന്തമായി കെട്ടിടവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുക.
3. സ്ത്രീകൾക്ക് സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ജോലികൾക്കും മറ്റും തൊഴിൽ സംരംഭങ്ങൾക്കും 50% സംവരണം ഏർപ്പെടുത്തുക.
4. ഉദ്യോഗസ്ഥരായ അമ്മമാരുടെ സൗകര്യാർത്ഥം ക്രഷുകൾ നിലവിലില്ലാത്ത 9 വാർഡുകളിലും ക്രഷുകൾ രൂപീകരിക്കുന്നതിനുള്ള ധനസഹായയും പരിശീലനവും നൽകുക.
5. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുക.
6. വനിതകൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി ഒരു വനിതാ പോളിടെക്നിക് ആരംഭിക്കുക.
7. വനിതാ ഹോസ്റ്റൽ ആരംഭിക്കുക.
8. സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പഞ്ചായത്ത് തലത്തിൽ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
9. സർക്കാരിന്റെ വനിതാക്ഷേമ പരിപാടികൾ പഞ്ചായത്തുകളുടേയും സന്നദ്ധസംഘടനകളുടേയും പങ്കാളിത്തത്തോടെ നടപ്പാക്കുക.
10. സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യപരിപാലനത്തിനായുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
11. അനാഥമന്ദിരവും വൃദ്ധമന്ദിരവും ആരംഭിക്കുകയും ഇത്തരം സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നതിന് അതാത് പഞ്ചായത്തിലുള്ള വനിതകൾക്ക് നിയമനം നൽകുകയും ചെയ്യുക.
12. സ്ത്രീധനനിരോധനനിയമം കൂടുതൽ കർക്കശമാക്കുകയും സ്ത്രീപീഡനങ്ങൾ നിർത്തലാക്കുന്നതിനും വനിതകൾക്ക് നിയമസംരക്ഷണം നൽകുന്നതിനുമുള്ള സംവിധാനം ഉണ്ടാക്കുക.
13. പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം

ഏർപ്പെടുത്തുക.

14. വിധവകൾക്ക് പ്രായപൂർത്തിയായ ആൺ മക്കളെ കണക്കാക്കാതെ സാമ്പത്തീകാടിസ്ഥാനത്തിൽ പെൻഷൻ ഏർപ്പെടുത്തുക. പെൻഷൻ തുക വർദ്ധിപ്പിക്കുക.

15. മാധ്യമങ്ങളിൽ സ്ത്രീകളെ അശ്ലീലമായി പ്രദർശിപ്പിക്കുന്നത് നിർത്തലാക്കുക.

16. വിവാഹിതരാകാത്ത അമ്മമാരായ സ്ത്രീകളെ പുനരധിവസിപ്പിക്കുക.

17. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള ധനസഹായവും പരിശീലനവും നൽകുക.

18. സ്ത്രീകളുടെ ആരോഗ്യം ഉറപ്പു വരുത്തുന്നതിനു വേണ്ടി പഞ്ചായത്തിലെ മുഴുവൻ വീടുകളിലും പുകയില്ലാത്ത അടുപ്പ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.

19. വനിതകൾക്ക് അടുക്കളത്തോട്ടം നിർമ്മിക്കുന്നതിന് ധനസഹായവും പരിശീലനവും നൽകുക.

20. വനിതകളുടെ ഇടയിലുള്ള കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക കൂടുതൽ വനിതകളിലേക്ക് എത്തിക്കുക.

21. സമൂഹത്തിൽ സ്ത്രീകളുടെ മാന്യതയും നേതൃത്വനിരയിൽ കൂടുതൽ അവസരങ്ങളും നൽകുന്നതിനായി വനിതകൾക്ക് വേണ്ടി മാത്രമായി പ്രത്യേക ബോധവൽക്കരണ പരിപാടി ആരംഭിക്കുക. ഇപ്പോൾ ഈ രംഗത്ത് പ്രവർത്തിക്കുന്ന ഫാമിലി വെൽഫെയർ സൊസൈറ്റിപോലുള്ള സന്നദ്ധസംഘടനകളെ ഇതിനുള്ള പരിപാടികൾ നടത്തുവാൻ സഹകരിപ്പിക്കുക. മഹിളാസമാജങ്ങൾ, മറ്റ് സ്ത്രീ സംഘടനകൾ എന്നിവയിലും പൊതുതെരഞ്ഞെടുപ്പ് വഴിയും നേതൃത്വരംഗത്ത് എത്തിപ്പെടുന്ന സ്ത്രീകൾ ആദ്യമായാണ് ഈ രംഗത്ത് പ്രവേശിക്കുന്നത്. ഭരണമേഖലയിൽ മുൻപരിചയം അവർക്കില്ല. എന്നാൽ പുരുഷപ്രതിനിധികളെ അപേക്ഷിച്ച് കൂടുതൽ വിദ്യാസമ്പന്നരാണ് ഈ രംഗത്ത് എത്തുന്ന സ്ത്രീകൾ. അവർക്കായി പ്രത്യേക പരിശീലന ക്ലാസുകൾ നൽകേണ്ടതാണ്.

22. സ്ത്രീകളുടെ പദവിയേയും അന്തസ്സിനേയും കുറിച്ചുള്ള അവബോധം പുരുഷന്മാരിൽ വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പുരുഷ നേതൃത്വ നിരയ്ക്കായി ബോധവൽക്കരണം നടത്തുക.

23. സ്ത്രീകളുടെ പങ്കാളിത്തം ഫലപ്രധമാകണമെങ്കിൽ പഞ്ചായത്ത് രാജ് മുതലായ സ്ഥാപനങ്ങളുടെ പ്രവർത്തനശൈലിയിൽ മാറ്റം വരുത്തണം. നമ്മുടെ യോഗങ്ങളും മറ്റും. വൈകുന്നേരങ്ങളിലാണ് നടത്താറ്. "വീട്ടുജോലിക്കൊപ്പം സാമൂഹ്യപ്രവർത്തനവും" എന്നആശയം സ്ത്രീകളിലെത്തിക്കാനോ അവരെ പങ്കെടുപ്പിക്കാനോ ഈ യോഗങ്ങൾക്ക് കഴിയാറില്ല. ഇങ്ങനെയുള്ള പാരമ്പര്യ രീതികളിൽ മാറ്റങ്ങൾ വരുത്തണം.

24. സ്ത്രീകൾക്ക് കൂടുതൽ ഉടമസ്ഥാവകാശം നൽകാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തണം.ഉദാ: അവർ സ്വയം സംഘടിക്കുകയും നേട്ടങ്ങളുണ്ടാക്കുകയും ചെയ്യുന്ന രംഗങ്ങളിലെങ്കിലും പൂർണ്ണ ഉടമസ്ഥതയും അവകാശബോധവും അവർക്കുണ്ടായിരിക്കണം

25. സ്ത്രീകളുടെ സ്വകാര്യത പൊതുരംഗത്ത് മാന്യമായ രീതിയിൽ സംരക്ഷിക്കപ്പെടാനാവശ്യമായ പദ്ധതികൾ നടപ്പാക്കണം.

26. കുട്ടനെയ്ത്ത്, പായനെയ്ത്ത് എന്നിവയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ നൽകുകയും സൗജന്യപരിശീലനവും ഉപകരണങ്ങളടങ്ങുന്ന കിറ്റും നൽകി ആദിവാസി സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുക.

*ഒരു പുരുഷനെ പഠിപ്പിക്കുമ്പോൾ നിങ്ങൾ ഒരു വ്യക്തിയെ പഠിപ്പിക്കുന്നു. ഒരു സ്ത്രീയെ പഠിപ്പിക്കുനപോൾ നിങ്ങൾ ഒരു കുടുംബത്തെ പഠിപ്പിക്കുന്നു.*

-മഹാത്മാഗാന്ധി




മനുഷ്യൻെറ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നായ പാർപ്പിടംകേവലം നാല് ചുവരുകളുടേയും അതിൻെറ മേൽകൂരയുടേയും മാത്രം പ്രശ്നങ്ങളല്ല. യഥാർത്ഥത്തിൽ നിരവധി സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക കാര്യങ്ങളടങ്ങിയ സാമൂഹ്യ പ്രശ്നമാണിത്.

8-ാം പദ്ധതിക്കാലത്ത് കേന്ദ്രഗവൺമെൻറ് ആവിഷ്ക്കരിച്ച ദേശീയ പാർപ്പിട നയരേഖ (National Housing Policy) യുടെ പ്രധാന ലക്ഷ്യം 2001ാം ആണ്ടോടുകൂടി എല്ലാവർക്കും പാർപ്പിടം എന്നതായിരുന്നു. ഇത് പ്രകാരം ഓരോ വർഷവും ഒരു ലക്ഷം വീടുകൾ നിർമ്മിക്കേണ്ടതാണ്. എന്നാൽ ഈ ലക്ഷ്യം ഇപ്പോഴും ബഹുദൂരം അകലെയാണെന്ന് കാണാൻ കഴിയും.

സാമൂഹ്യസാമ്പത്തിക മേഖലകളിൽ പിന്നോക്കം നിൽക്കുന്ന വയനാട് ജില്ലയുടെ പ്രത്യേകകൾ മുഴുവൻ ഉൾക്കൊള്ളുന്ന പ്രദേശമാണ് പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്. ജനങ്ങളിൽ ഭൂരിഭാഗം പേരും ചെറുകിട കർഷകരും, കർഷകത്തൊഴിലാളികളുമായത് കൊണ്ട് തന്നെ ഭവനനിർമ്മാണം പഞ്ചായത്ത് നേരിടുന്ന മുഖ്യപ്രതിസന്ധികളിലൊന്നാണ്. ഉയർന്ന വേതനത്തിൻെറയും നിർമ്മാണത്തിൻെറയും ഫലമായി ഭൂമിയുൾപ്പെടെ കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന എല്ലാവിധ വിഭവങ്ങളുടെയും വില കുതിച്ചുകയറി.

1970 മുതൽക്കുള്ള വർഷങ്ങളിൽ വീടുവെയ്ക്കാനുള്ള ഒരു തുണ്ട് ഭൂമിയുടെവില ചില പ്രദേശങ്ങളിൽ 20 ഇരട്ടി വരെ വർദ്ധിച്ചു. പുറമ്പോക്ക് ഭൂമിയുൾപ്പെടെ, കൈക്കലാക്കാവുന്ന ഭൂമി മുഴുവൻ കയ്യേറിയ സാമൂഹ്യ സാഹചര്യത്തിൽ ഒരു സെൻറ് ഭൂമിപോലും വാങ്ങി വീടുവെയ്ക്കാൻ സാധാരണക്കാരന് കഴിയാതായി മാത്രമല്ല ലാഭക്കൊതി പൂണ്ടസ്വകാര്യ ഇടപാടുകാരും സ്ഥാപനങ്ങളും, ദല്ലാളന്മാരും ഭൂമിയുടെ കച്ചവടത്തിൽ ഇടത്തരക്കാരനെയും സാധാരണക്കാരനെയും വീർപ്പ് മുട്ടിച്ചു. ഭൂനിയമം നടപ്പാക്കിയതുകൊണ്ട് കുടികിടപ്പവകാശമായി കിട്ടിയ പത്തുസെൻറ് മാത്രമുണ്ടായിരുന്ന കർഷകത്തൊഴിലാളി കുടുംബങ്ങൾ അംഗസംഖ്യ പെരുകുന്നതനുസരിച്ച് 'പാർക്കാൻ' നിവൃത്തിയില്ലാതെ ഒരു കൂരയ്ക്കുള്ളിൽത്തന്നെ അഭയം തേടാൻ നിർബന്ധ

തരായി.

എന്നാൽ ആദ്യകാലങ്ങളിൽ സ്ഥിതി വ്യത്യസ്ഥമായിരുന്നു. വനവിഭവങ്ങളുടെ സമൃദ്ധി കൊണ്ടനുഗ്രഹീതമായ പടിഞ്ഞാറത്തറ പഞ്ചായത്ത് പാർപ്പിട നിർമ്മാണ രംഗത്തും സ്വയം പര്യാപ്തമായിരുന്നു. വാസയോഗ്യമായ ചെറിയ പുര നിർമ്മിക്കുന്ന തിന്നവശ്യമായ സാധനങ്ങൾ-മുള, കഴകൾ, മരം, പുല്ല്, ഓല, കല്ല് തുടങ്ങിയവ-വലിയ ചെലവില്ലാതെ പരസ്പര സഹായത്തോടും സഹകരണത്തോടും കൂടി സംഭരിക്കാൻ കഴിഞ്ഞിരുന്നു. ഈറ്റകൾ മെടഞ്ഞ് തറയിൽ കുത്തി നിർത്തി, ഇരുവശത്തുനിന്നും കുഴച്ച മണ്ണ് എറിഞ്ഞ് പിടിപ്പിച്ച്, വീടുകൾ വയനാടിന്റെ കാലാവസ്ഥയ്ക്ക് അനുഗുണമായി നിലകൊണ്ടു. ഇത്തരം വീടുകൾ ഉണ്ടാക്കുന്നതിൽ ആദിവാസി വിഭാഗങ്ങൾ വളരെയധികം കലാവിരുത് പ്രകടിപ്പിച്ചു. കാലാന്തരത്തിൽ കേരളത്തിന്റെ ഇതര ജില്ലകളിൽ നിന്നും കുടിയേറിയവരും, വീട് നിർമ്മാണരംഗത്തെ പാശ്ചാത്യവൽക്കരണവും ഭവനനിർമ്മാണരംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചു.

അതോ മുമ്പെ ലഭ്യമായിരുന്ന വസ്തുക്കൾ (വനവിഭവങ്ങൾ) മിക്കതും പൂർണ്ണമായി വാണിജ്യവൽക്കരിക്കപ്പെടുകയും, അവ, മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്തു.

ഇന്ന് പഞ്ചായത്തിൽ കൂടുതലായും ഓട് മേഞ്ഞ വീടുകളാണ് നിർമ്മിച്ച് വരുന്നത്. ആകെ വീടുകളിൽ 61.79% ഇത്തരത്തിൽപ്പെടുന്ന. ആവശ്യമായ തോതിലുള്ള മര ലഭ്യതകൊണ്ടും സാങ്കേതികവും ഘടനാപരവുമായ കാരണങ്ങളാൽ ചെലവ് കുറയ്ക്കാൻ കഴിയുന്നത് കൊണ്ടുമാണ്, ജനങ്ങൾ വീട് നിർമ്മാണത്തിന് പ്രധാനമായും ഓട് ഉപയോഗിയ്ക്കുന്നത്.

പുല്ല് മേഞ്ഞ വീടുകൾ എണ്ണത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നു 30.23 ശതമാനം. പഞ്ചായത്തിൽടെറസ്സ് വീടുകൾ 3.46% മാത്രമാണ് വിരലിലെണ്ണാവുന്ന ഉദ്യോഗസ്ഥരും, ഗൾഫ്കാരും, സാമ്പത്തികമായി ഉയർന്ന കർഷകരും മാത്രമേ കോൺക്രീറ്റ് വീടുകൾ നിർമ്മിയ്ക്കാറുള്ളു.

## വീടുകളുടെ തരം തിരിവ് പട്ടിക വാർഡ് തലത്തിൽ

പട്ടിക ഒന്ന്

| വാർഡ് | ഓട് | പുല്ല് | ടെറസ്സ് | ഷീറ്റ് | കുടിൽ | ആകെ |
|---|---|---|---|---|---|---|
| 1 | 225 | 122 | 28 | - | - | 375 |
| 2 | 221 | 115 | 12 | 2 | - | 360 |
| 3 | 239 | 117 | 2 | 12 | - | 370 |
| 4 | 180 | 155 | 9 | 51 | 2 | 397 |
| 5 | 220 | 45 | 8 | 71 | 20 | 300 |
| 6 | 406 | 84 | 7 | - | - | 497 |
| 7 | 331 | 126 | 37 | 26 | - | 520 |
| 8 | 246 | 83 | 13 | 24 | - | 336 |
| 9 | 136 | 208 | 12 | - | - | 356 |
| 10 | 261 | 151 | 10 | 9 | 18 | 448 |

പഞ്ചായത്തിലെ മിക്ക വീടുകളും 40 ച.മീ. നും 100 ച.മീ നും ഇടയിൽ തറ വിസ്തീർണ്ണമുള്ളവ യാണ്. ആകെയുള്ള 3989 വീടുകളിൽ 2465 വീടു കൾ ഓട് മേഞ്ഞതാണ്. 138 വീടുകൾ ടെറസ്സും, 1206 പുല്ലും, 135 ഷീറ്റ് മേഞ്ഞവയുമാണ്. 32 കുടിലുകൾ ഉള്ള പഞ്ചായത്തിൽകുടിൽ കെട്ടാൻ പോലും നിവൃത്തിയില്ലാത്ത ആളുകൾ നിരവധിയാണ്.

## ഭവനനിർമ്മാണരംഗത്തെ പ്രശ്നങ്ങൾ

### 1. അസംസ്കൃത സാധനങ്ങളുടെ വിലവർദ്ധന

ഭവനനിർമ്മാണത്തിനാവശ്യമായ അസംസ്കൃതസാധനങ്ങളുടെ വിലകയറ്റവും കൂലി നിരക്കിലുണ്ടാകുക വർദ്ധനവും, ഇടത്തരക്കാരെയും കൂലിപ്പണിക്കാരെയും സംബന്ധിച്ചിടത്തോളം 'വീട്' ഒരു സ്വപ്നമായി മാറ്റിയിരിക്കുന്നു.

1991-, 1996 ലെ ഭവന നിർമ്മാണ സാമഗ്രി വിലകളിലുണ്ടായ വില വ്യത്യാസം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

**പട്ടിക രണ്ട്**

| സാധനങ്ങളുടെ ഇനം | യൂണിറ്റ് | 1991ലെ വില | 1996 ലെ വില | വർദ്ധനവ് % ത്തിൽ |
|---|---|---|---|---|
| സിമൻറ് | ചാക്ക് | 85 | 190 | 123% |
| കമ്പി | ക്വിൻെറൽ | 800 | 1500 | 87.50% |
| ബോളർ | ഘ.മീ | 100 | 200 | 100% |
| 20mm മെറ്റൽ | ഘ.മീ | 275 | 450 | 63.60% |
| ഇഷ്ടിക | 1000 എണ്ണം | 400 | 1200 | 200% |

വിലയിലുണ്ടായ വർദ്ധനവിനനുസരിച്ച് സാധനങ്ങളുടെ ഗുണം മെച്ചപ്പെട്ടിട്ടില്ല. കൂലിനിരക്ക് 1990 ൽ വിദഗ്ധ തൊഴിലാളിക്ക് 75 രൂപ ആയി രുന്നത് 1996 ൽ 175 രൂപയായി വർദ്ധിച്ചിട്ടുണ്ട്. 1990 ൽ അവിദഗ്ധ തൊഴിലാളിയുടെത് 40 ഉം സ്ത്രീ തൊഴി ലാളിയുടെത് 30, എന്നീ കൂലി നിരക്കുകൾ 1996 ആയ പ്പോൾ യഥാക്രമം 75, 50 എന്നിങ്ങനെ വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ വൈദഗ്ധ്യം വേണ്ട മേഖലയിൽ പുരുഷന് മാർ ജോലി ചെയ്യുമ്പോൾ സ്ത്രീകൾ ഈ രംഗത്തു നിന്നും പിന്തള്ളപ്പെട്ടിരിയ്ക്കുന്നു.

## II ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

കുന്നുകളും, നെൽപ്പാടങ്ങളു നിറഞ്ഞ താഴ് വരകളുമാണ്. പഞ്ചായത്തിൻെറ ഭൂപ്രകൃതി. കരസ് ഥലങ്ങളുടെ ചെരിവ് **(Sloping Ground)** നികത്താൻ പലപ്പോഴും ഭീമമായ പണം ചെലവഴിക്കേണ്ടിവരാറുണ്ട്.

## III ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ റോഡ് ഗതാഗതം വേണ്ടത്ര വികാസം പ്രാപിച്ചിട്ടില്ല. ഉൾനാടൻ റോഡുകൾ മിക്കവയും വർഷക്കാലത്ത് ഗതാഗത യോഗ്യമല്ല.

തൊട്ടടുത്ത ഗതാഗതയോഗ്യമായ കേന്ദ്രത്തിൽ നിന്നും സാധനങ്ങൾ തലച്ചുമടായി കുറ്റിക്കൊണ്ട് പോകേണ്ടിവരുന്നു. ഇത് ചെലവ് കൂട്ടുന്നു.

സാമ്പത്തികശേഷിയുള്ളവർ വീട് നിർമ്മാണത്തിന് മുന്നോടിയായി റോഡ് വെട്ടുന്ന കാഴ്ചയും പഞ്ചായത്തിൽ അപൂർവ്വമല്ല.

മഴക്കാലത്ത് ഭവന നിർമ്മാണ ഉത്പന്നങ്ങളുടെ വില വർദ്ധിക്കുന്നു. ഉൾനാടൻ റോഡ് ഗതാഗതം പൂർണ്ണമായും തകരാറിലാകുന്നത് കൊണ്ടാണിത്.

അസംസ്കൃത സാമഗ്രികളുടെ കുറവ്: പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ഇഷ്ടികക്കളങ്ങൾ ഉണ്ടെങ്കിലും, ഇഷ്ടികകൾ ശരിയായ അളവിലും ആകൃതിയിലും നിർമ്മിയ്ക്കാത്തതിനാൽ, വീട് നിർമ്മാണവേളയിൽ സിമൻറും മണലും കൂടുതൽ ആവശ്യമായി വരുന്നു.

## IV വായ്പാ സമ്പ്രദായത്തിൻെറ അപര്യാപ്തത

ഭവനനിർമ്മാണ ബോഡിൻെറയും വൈത്തിരി കാർഷിക വികസനബാങ്കിൻെറയും ലോണുകളെയാണ് ജനങ്ങൾ പ്രധാനമായും വീട് നിർമ്മാണത്തിനുപയോഗപ്പെടുത്തുന്നത്. നിരവധി സാങ്കേതികക്കുരുക്കുകളും നിബന്ധനകളും നിറഞ്ഞ പദ്ധതികൾ കാലതാമസം വരുത്തുന്നു. വായ്പ തിരിച്ചയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനെത്തുടർന്ന് കാർഷിക വികസനബാങ്ക് ഈ ധനസഹായം മരവിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ വിളവെടുപ്പിനെ ആശ്രയിച്ച് ഉപജീവനം കഴിയ്ക്കുന്ന ജനങ്ങൾക്ക് ബാങ്കിൻെറയോ ബോർഡിൻെറയോ നിബന്ധന കൾക്കനുസരിച്ച് തുക കൃത്യമായി തിരിച്ചടയ്ക്കാൻ കഴിയുന്നില്ല സാധാരണക്കാരന് കൂടി ലഭ്യമാകുന്ന തരത്തിൽ ഭവന വായ്പാ വ്യവസ്ഥകൾ ഉദാര മാക്കേണ്ടതുണ്ട്.

***അതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗ ണിയ്ക്കാവുന്നതാണ്.***

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
2 പലിശ നിരക്ക് 12% ആയി നിജപ്പെടുത്തുക.
3. വയനാടിൻെറ സാമൂഹ്യ-സാമ്പത്തിക ചുറ്റുപാ ടുകൾക്കനുസരിച്ച് വായ്പാ വ്യവസ്ഥകൾ നവീ കരിക്കുക.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ ഭൂരിഭാഗം വരുന്ന ആദിവാസി വിഭാഗങ്ങൾക്കും, കർ ഷകത്തൊഴിലാളികൾക്കും വീട് ഒരു വിദൂര സ്വപ്ന മാണ്. വീടിന് വേണ്ടി പൂർണ്ണമായും സർക്കാർ ഏജൻ സികളെ ആശ്രയിക്കേണ്ടി വരുന്ന ഈ ബഹുഭൂരി പക്ഷത്തിൻെറ ഭവന പ്രതിസന്ധി പഞ്ചായത്തിൻെറ വികസനത്തിന് മുമ്പിൽ ചോദ്യചിഹ്നമാവുന്നു.

ഈ പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരപ്പട്ടിക താഴെ കൊടുക്കുന്നു

## പട്ടിക മൂന്ന്

ഭവനലഭ്യതാപട്ടിക പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

| വർഷം | IAY | JRY | MWS | അൺടൈഡ് |
|---|---|---|---|---|
| 1989-90 | - | 15 | - | - |
| 1990-91 | - | 18 | 36 | - |
| 1991-92 | 3 | 3 | 22 | - |
| 1992-93 | 2 | 7 | 17 | - |
| 1993-94 | 1 | 17 | 12 | - |
| 1994-95 | 8 | - | 29 | 7 |
| 1995-96 | 14 | 20 | - | 4 |

വിവിധ പദ്ധതികളിലായി രണ്ട് വില്ലേജു കളിലെ 10 വാർഡുകളിലായി 1989 മുതൽ ആകെ 235 വീടുകൾ മാത്രമാണ് നിർമ്മിച്ചതെന്ന് കണക്കു കൾ കാണിക്കുന്നു.

ആദിവാസി-വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം തികച്ചും സങ്കീർണ്ണമാണ്. ഏതെങ്കിലും പദ്ധ തിയിൽ വീട് നിർമ്മിക്കാൻ ഫണ്ട് വകയിരുത്തുന്ന തോടെ തീരുന്ന ഒന്നല്ല ഇവരുടെ ഭവനനിർമ്മാണ പ്രതിസന്ധി. വയനാടൻ വനാന്തരങ്ങളിൽ തനതായ ഒരു പാർപ്പിട സംസ്കാരം നിലനിർത്തിയിരുന്ന ഈ വിഭാഗം ഇന്ന് അന്തിയുറങ്ങാൻ ഒരു സങ്കേതമില്ലാതെ നരകിയ്ക്കുകയാണ്. ഒരു കാലത്ത് വയനാടൻ ഭൂമി യുടെ മുഴുവൻ അധിപരായിരുന്ന ആദിവാസികൾ, ഭൂനിയമം നടപ്പാക്കിയപ്പോൾ ലഭിച്ച പത്തോ ഇരു പതോ സെൻറ് ഭൂമിയിൽ താമസിക്കേണ്ടിവരുന്നു. പ്രകൃതി വിഭവങ്ങളുപയോഗിച്ച്, കരവിരുത്കൊണ്ട് ആകർഷണീയമാക്കിയ കൊച്ച് കൊച്ച് കുടിലുകൾക്ക് പകരം സർക്കാർ എസ്റ്റിമേറ്റ് വീടുകൾ ഉയർന്ന് വന്ന പ്പോൾ ലാഭം കൊയ്തത് ഇടനിലക്കാരാണ്. പുതിയ ഘടനയെക്കുറിച്ചോ, നിർമ്മാണത്തിൻെറ സാങ്കേതി കയെക്കുറിച്ചോ അജ്ഞരായ ആദിവാസികൾ വീടുണ്ടാക്കാൻ മറ്റുള്ളവരെ ആശ്രയിയ്ക്കുന്നത് സ്വാഭാവികം മാത്രമാണ്. സർക്കാർ നിർമ്മിച്ച് കൊടുത്ത ഒന്നോരണ്ടോ വീടുകളിൽ 30 അംഗങ്ങൾ വരെ താമസിക്കുന്ന ആദിവാസി കോളനികൾ ഈ പഞ്ചായത്തിലുണ്ട്.

IAY പോലുള്ള പദ്ധതികളിൽ സ്ത്രീകളുടെ പേരിൽ ഭൂമി വേണമെന്ന നിബന്ധന പ്രശ്നം കൂടു തൽ സങ്കീർണ്ണമാക്കുന്നു.

പട്ടികജാതി സമൂഹം സാമൂഹികമായി പട്ടികവർഗ്ഗത്തിനെ അപേക്ഷിച്ച് മുന്നേറിയിട്ടുണ്ടെങ്കി ലും,ഭൂമി പ്രശ്നം ഈ വിഭാഗത്തിനും ബാധകമാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥ തരണം ചെയ്യാൻ കഴിഞ്ഞാൽ, പട്ടികജാതിക്കാർക്ക് ഇന്നുള്ള തിൽ നിന്നും വ്യത്യസ്തമായ പാർപ്പിടാന്തരീക്ഷം സൃഷ് ടിയ്ക്കാൻ കഴിയും.

ആദിവാസികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് താഴെ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിയ്ക്കാ വുന്നതാണ്.

1. ആദിവാസികൾക്ക് അവരുടെ സാംസ്ക്കാരി കത്തനിമ നിലനിർത്തികൊണ്ടുള്ള വീട് നിർമ്മിക്കാൻ പ്രോത്സാഹനം നല്കണം.
2 വീട് നിർമ്മാണത്തിൽ ഇടനിലക്കാരെ പൂർണ്ണ മായും ഒഴിവാക്കണം.
4. വീടിൻെറ മൂല്യ നിർണ്ണയം നടത്താനുള്ള അധി കാരം ഗ്രാമപഞ്ചായത്തിന് കൈമാറണം. ഉദ്യോ ഗസ്ഥ തലത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ അടി യന്തിരമായി പരിഹരിയ്ക്കണം.
5. വീട് നിർമ്മിക്കാൻ ഭൂമിയില്ലാത്തവർക്ക് പഞ്ചാ യത്ത് സ്ഥലം നൽകണം.

6. സന്നദ്ധസംഘടനകളുടെ സേവനം ഈ രംഗത്ത് ഉറപ്പാക്കാൻ പഞ്ചായത്തു തലത്തിൽ, പ്രവർത്തനം നടത്തണം.
7. ഗിരിജന വിഭാഗങ്ങൾക്ക് വസ്തു സംബന്ധിച്ച രേഖകൾ നിർബന്ധമാക്കരുത്.

റവന്യു വകുപ്പ് വഴി, പ്രകൃതി ക്ഷോഭത്താൽ വീട് നഷ്ടപ്പെടുന്നവർക്കുള്ള പുനരാധിവാസ പദ്ധതിയുടെ ആനുകൂല്യവും നാമമാത്ര മായേ പഞ്ചായത്തിൽ ലഭിയ്ക്കുന്നുള്ളൂ. ഭാഗീകമായ വീട് നശിയ്ക്കുന്നവർക്ക് 500 രൂപയും പൂർണ്ണമായി വീട് നശിക്കുന്നവർക്ക് 1500 രൂപയും വീതമാണ് നല്കിവരുന്നത്. ഈ തുക വർദ്ധിപ്പിക്കുകയും കൂടുതൽ പേർക്ക് ലഭ്യമാക്കുകയും വേണം.

പഞ്ചായത്തിലെ ഭവനരഹിതർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് സർക്കാർ വിവിധ ഏജൻസികളിലുടെ ഇപ്പോൾ ലഭ്യമാകുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾകൊണ്ടും മാത്രം കഴിയുകയില്ലെന്ന് കണക്കുകൾ തെളിയിക്കുന്നു. വാർഡ് തലത്തിൽ ഒരു ബൃഹത്തായ പദ്ധതിഇനിയും രൂപപ്പെടേണ്ടിയിരിക്കുന്നു. ഇതിനായി വാർഡ് തലത്തിൽ ഗുണഭോക്താക്കളുടേയും സന്നദ്ധസംഘടനകളുടേയും യോഗം സംയുക്തമായി വിളിച്ച് ചേർത്ത്, ഗുണഭോക്താക്കൾക്ക്എത്ര രൂപ സമാഹരിക്കുവാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിന് പുറമേ വിഭവങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

പഞ്ചായത്തിൽ ഇന്ന് നിലനില്ക്കുന്ന പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ ലഘൂകരിക്കാൻ ചില നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

I. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിയ്ക്കുക.
- സാങ്കേതിക വിദഗ്ധരെ മുതൽ തൊഴിലാളികളെ വരെ സംഘത്തിലൂടെ വിതരണം ചെയ്യുക. സർക്കാർ പദ്ധതികൾ ജനങ്ങളിലെത്തിയ്ക്കുന്ന ഏജൻസിയായി ഈ സംഘടനയെ പ്രവർത്തിപ്പിക്കുക.
2 കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക (സിമൻറ്,കമ്പി, മുതലായവ)
3. പഞ്ചായത്തിൻെറ ഭൂപ്രകൃതിയ്ക്കനുസരിച്ച് പ്ലാൻ തയ്യാറാക്കുക.
4 ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
5. നിർമ്മാണ ചെലവ് രണ്ട് ലക്ഷം രൂപയിൽ മുകളിൽ വരുന്ന വീടുകൾക്ക് കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക.
6. നിർമ്മാണത്തിനാവശ്യമായ ഇഷ്ടിക സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കുക.
7. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകളുടെ പരിധി വർദ്ധിപ്പിക്കുക
8 വിവിധ പദ്ധതികളിലൂടെ നല്കുന്ന ധനസഹായ പരിധി 30,000 രൂപയായി ഉയർത്തുക.
9. ഗുണഭോക്താക്കളുടെ ആശയാഭിലാഷങ്ങൾക്കോ, പങ്കാളിത്തത്തിനോ വില കല്പിയ്ക്കാതെ കേന്ദ്രീകൃത തലത്തിൽ ആലോചിച്ച് ദുർബ്ബല വിഭാഗങ്ങൾക്ക് വേണ്ടി നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികളിൽ, കലോചിതമായ മാറ്റം വരുത്തുക.

വായ്പാസ്ഥാപനങ്ങൾകൊണ്ടുള്ള പ്രയോജനം വായ്പ തുക തിരിച്ചടയ്ക്കാൻ കഴിവുള്ള സ്ഥിര വരുമാനക്കാർക്കായി പരിമിതപ്പെടുത്തുന്നതോടൊപ്പം, സമ്പന്ന വിഭാഗത്തിൽപ്പെട്ടവരെ അപരവരുടെ സമ്പാദ്യം കൊണ്ടുതന്നെ സ്വന്തം വീട് വയ്ക്കുന്നതിന് പ്രേരിപ്പിയ്ക്കണം.

പഞ്ചായത്തിലെ ഏകദേശം 500 ത്തോളം പേർക്ക് പുല്ലുമേഞ്ഞ അവരുടെ ഇപ്പോഴുള്ള വീടുകൾക്ക് പകരം ഓടുമേയുന്നതിനുള്ള ധനസഹായം ലഭ്യമാക്കണം. കൂടാതെ 900 ഓളംവരുന്ന കുടുംബങ്ങൾക്ക് അവരുടെ കുടിലുകൾ മാറ്റി നല്ല വീടുകൾ നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിക്കേണ്ടതാണ്.

## *പുതിയ പാർപ്പിട സംസ്ക്കാരം*

ആഗോളവൽക്കരണത്തിൻെറയും പുത്തൻ സാമ്പത്തിക നയങ്ങളുടെയും ഭാഗമായി ജനങ്ങളുടെ ജീവിതരീതികളിലുണ്ടാകുന്നമാറ്റം ഏറ്റവും പ്രകടമായി കാണുന്നത് പർപ്പിടത്തിലാണ്. കൂറ്റൻ മണിമാളികകൾ നിർമ്മിച്ചുകൊണ്ട്, സമൂഹത്തിൽ സ്വന്തം അന്തസ്സ് ഉയർത്തിക്കാണിക്കാൻ സാഹസപ്പെടുന്ന കേരളീയർ തങ്ങളുടെ വരുമാനത്തിൻെറ ഏറിയ പങ്കും ചിലവാക്കുന്നത് ഈ മേഖലയിലാണ് ഈ അവസ്ഥ മാറ്റി അവശ്യ സൗകര്യങ്ങളോടുകൂടി, ലളിതവും സുന്ദരവുമായ പാർപ്പിടങ്ങൾ നിർമ്മിക്കാൻ ജനങ്ങളെ ബോധവാൻമാരാക്കണം. ഭൂപ്രകൃതിക്കനുസരിച്ച്, കാലവസ്ഥയ്ക്കുനുയോജ്യമായ ചെലവ് കുറഞ്ഞ ഭവനം എന്നതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം.




സംസ്ക്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല, മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും ആചാരനാചാരങ്ങളും എല്ലാം അതിൽപെടും. സമൂഹത്തെ ചേർത്തു നിർത്തുന്നത് സംസ്ക്കാരത്തിൻെറ കണ്ണികളാണ്. കുടുംബബന്ധങ്ങളായലും ജാതിമത കെട്ടുപാടുകളായാലും അവയെല്ലാം സാംസ്ക്കാരിക നൂലുകളിലാണ്. ബന്ധിതമായിരിക്കുന്നത്. അനാദികാലം മുതൽക്കുതന്നെ മനുഷ്യസമൂഹത്തിൻെറ സംസ്ക്കാരം, പ്രസ്തുത സമൂഹഘടനക്ക് പ്രേരകമായും പോഷണമായും വർത്തിച്ചിരുന്നു. മതത്തിൻെറ പേരിലായാലും, മാനവികതയുടെ പേരിലായാലും ധർമ്മദീക്ഷയുടെ പേരിലായാലും മനുഷ്യരുടെ മനസ്സിൽ മാറ്റംവരുത്തി സാംസ്ക്കാരിക പരിവർത്തനത്തിലൂടെ ലോകത്തെ നന്മയിലേക്കും മേന്മയിലേക്കും നയിക്കാനാണ് ലോകോപകാരികളായ നവോത്ഥാനനായകരും മതപ്രവാചകരും ശ്രമിച്ചുപോന്നിട്ടുള്ളത്.

ഒരു ഗ്രാമ സംസ്ക്കൃതിയുടെ പരിപോഷണത്തിന് ഒട്ടേറെ മേഖലകളുണ്ടെങ്കിലും അവയിൽ പ്രഥമഗണനീയം വിദ്യാവിതരണം തന്നെ. ഗ്രന്ഥശാലാ പ്രസ്ഥാനങ്ങൾ; സാഹിത്യകലാപ്രവർത്തക സംഘങ്ങൾ; കലാസമിതികൾ എന്നിവയാണ് മറ്റൊന്ന് വാർത്താമാദ്ധ്യമങ്ങളുടെ പങ്കും പരിഗണനാർഹം തന്നെ.

വിദ്യാവിതരണത്തിൽ ഔപചാരിക-അനൗപചാരിക-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിമിതി ഈ ഗ്രാമത്തിൻെറ സാംസ്ക്കാരിക വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് പറയാതിരിക്കാൻവയ്യാ. ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനമായി "ഞാറ്റാല" എന്ന വീട്ടിൽ ആരംഭിച്ച എഴുത്തു പള്ളിക്കൂടം ഈ ഗ്രാമത്തിൻെറ വളർച്ചയിൽ ഗണ്യമായ സ്ഥാനം വഹിച്ചിട്ടുണ്ട്. ഇപ്പോൾ ഈ ഗ്രാമപഞ്ചായത്തിൽ പത്ത് വിദ്യാലയങ്ങളും നാലോളം നഴ്സറികളുമുണ്ട്.

മറ്റു സാംസ്ക്കാരിക സങ്കേതങ്ങളാണ് വായനശാലകളും ഗ്രന്ഥശാലകളും. 1940 കളുടെ അവസാനത്തിൽ ഇന്നത്തെ ഗവൺമെൻറ് ആയൂർവ്വേദ ഡിസ്പൻസറിക്കെട്ടിടത്തിൻെറ മുകളിലായി ശ്രീ. എൻ.ടി.നാരായണൻ നായരുടെയും മറ്റും ശ്രമഫലമാ

യാണ് ആദ്യത്തെ ഗ്രാമീണ ഗ്രന്ഥശാല നിലവിൽ വന്നത്. 1952 ൽ തിരുമംഗലം കേന്ദ്രീകരിച്ച്, ഡോ. ജറോം; ശ്രീ. എൻ.ടി. ഗോപാലൻ നായർ; ശ്രീ.എൽ. ടി.രാഘവൻനായർ; ശ്രീ. മൊട്ടമ്മൽ അനന്തൻ നായർ ശ്രീ.സി.പി.കേശവൻനായർ എന്നിവരുടെ നേതൃത്വത്തിൽ നാടകസംഘങ്ങൾ രൂപീകരിക്കുകയും ഗ്രാമത്തിൻെറ പലഭാഗത്തുംനാടകം അവതരിപ്പിക്കുകയും ചെയ്തു. പൊൻകുന്നം വർക്കിയുടെ "പൂജ"; എൽ.പി.ചെല്ലപ്പൻ നായരുടെ "തരംഗങ്ങൾ" എന്നിവ ഇവരുടെ പ്രധാനനാടകങ്ങളായിരുന്നു. ഈ നാടക സംഘത്തിൻെറയും ശ്രീ.തിരുമംഗലത്ത് കണാരൻ നായരുടെയും ശ്രമഫലമായി ഞാറ്റാലകുടുംബം സംഭാവനയായി നല്കിയ സ്ഥലത്ത് ഗ്രാമീണ വായനശാലക്ക് സ്വന്തമായി കെട്ടിടം പണിയുകയുണ്ടായി. ആ കാലഘട്ടത്തിലെ ഏതാനും പുസ്തകങ്ങൾ ഇന്നും ഒരു മുതൽകൂട്ടാണ്. പഞ്ചായത്തിൽ സാംസ്ക്കാരിക വളർച്ചയുടെ വിത്ത് പാകാൻ ഈ പ്രവർത്തനങ്ങൾ സഹായിച്ചു.

ഇപ്പോൾ ഈ പഞ്ചായത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളാണ് പ്രസര ഗ്രന്ഥശാല; 16-ാം മൈൽ; ഗ്രന്ഥശാല മുണ്ടക്കുറ്റി. സംസ്ക്കാര - പടിഞ്ഞാറത്തറ: പ്രതിഭ - പേരാൽ; നവദീപം-അരമ്പറ്റക്കുന്ന് എന്നിവ. നല്ല നിലയിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസര ക്ലബ്ബ് പഞ്ചായത്തിലെന്നല്ല വയനാട് ജില്ലയിൽതന്നെ അംഗീകാരം നേടിയിട്ടുണ്ട്. വയനാട് ജില്ലയിലെ യൂത്ത് ഡവലപ്മെൻറ് സെൻറർ ഈ സ്ഥാപനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പടിഞ്ഞാറത്തറ ടൗണിൻെറ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന സംസ്ക്കാര ഗ്രന്ഥശാല വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നവദീപം, പ്രതിഭ എന്നീ വായനശാലകൾക്ക് സ്വന്തമായ കെട്ടിടങ്ങളുണ്ട്. ഈ രംഗത്ത് സ്വതന്ത്രമായ പ്രവർത്തനം നടത്തുന്ന സംഘടനയാണ് ഫാമിലി വെൽഫെയർ സൊസൈറ്റി. ജനസംഖ്യയിൽ ഹിന്ദു; മുസ്ലിം;കൃസ്ത്യാനി എന്നീ ജനവിഭാഗങ്ങൾ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങളിൽ നിലകൊള്ളുന്നു. ആദിവാസി വിഭാഗങ്ങളിൽ പണിയർ, പുലയർ, കുറിച്യർ, കുശവർ എന്നിവരാണ് ഇവിടെയുള്ളത് ഇവർക്കിടയിലെ പുത്തരി; തുലാപ്പത്ത്; പുലികളി; കോൽക്കളി; കുറത്തിനാടകം; കുളിക്കാവിൽ കയറൽ; തിറ എന്നീ ദൈവീക കലകൾ ഇന്ന് അന്യം വന്നുപോയിരിക്കുന്നു.

ഭാരതത്തിൻെറ സംസ്ക്കാരമായ സഹിഷ്ണുതക്ക് ഏറ്റവും നല്ല ദൃഷ്ടാന്തമാണ് ഈ ഗ്രാമം. പുരാതനകാലം മുതൽ മതപരമോ രാഷ്ട്രീയമോ ആയ സംഘട്ടനങ്ങളിൽ നിന്നും ഈ ഗ്രാമം മോചിതമാണെന്നതിൽ നമുക്ക് അഭിമാനിക്കാം.

## *സാംസ്ക്കാരിക രംഗത്തെ പ്രശ്നങ്ങൾ*

ഇന്ന് സാംസ്ക്കാരിക രംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. പഞ്ചായത്തിലെ ഒന്ന്, രണ്ട്, ഏഴ്, എട്ട്, ഒൻപത് എന്നീ വാർഡുകളിൽ ഗ്രന്ഥശാലകളോ വായനശാലകളോ ഇല്ല. ഉള്ള വാർഡുകളിൽ തന്നെ സ്വന്തമായി കെട്ടിടം, വൈദ്യുതി സൗകര്യം, ടെലിവിഷൻ എന്നിവ ഇല്ല. വേണ്ടത്ര പുസ്തകങ്ങളില്ലായ്മ, വാർത്താമാധ്യമങ്ങളുടെ കുറവ് എന്നിവ അവയുടെ വളർച്ചക്ക് തടസ്സമായി നിൽക്കുന്നു.
2. സ്ക്കൂളുകളിൽ പാഠ്യേതര വായനക്ക് വേണ്ടത്ര പ്രോത്സാഹനമില്ല. സ്ക്കൂൾ ലൈബ്രറികൾ വേണ്ടത്ര കാര്യക്ഷമമല്ല.
3. നവസാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തന രഹിതമായി.
4. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലുള്ള പുരാതന കലകൾ തിറ, കുറത്തിനാടകം, പുത്തരി, പുലികളി, കോൽക്കളി, കാവടിയാട്ടം, അമ്മൻകുടം എന്നിവ അന്യം നിന്നുപോയി.
5. കമ്യൂണിറ്റിഹാളുകൾ കല്ലുവെട്ടുംതാഴ, പുതുശ്ശേരിക്കുന്ന്, കൊറ്റിയോട്ടുകുന്ന്, വീട്ടിക്കാമൂല, തിരുമംഗലം കോളനി എന്നിവിടങ്ങളിൽ ഉണ്ടെങ്കിലും യാതൊരുവിധ പ്രവർത്തനവും നടക്കുന്നില്ല.
6. പഞ്ചായത്തിലെ രണ്ട്, നാല്, എട്ട്, പത്ത്, എന്നീ വാർഡുകളിൽ സ്ത്രീരംഗത്ത് പ്രവർത്തിക്കേണ്ട സംഘടനകളോ, മഹിളാസമാജങ്ങളോ ഇല്ല. നിലവിലുള്ളവതന്നെ വേണ്ടത്ര പ്രോത്സാഹനമോ അംഗീകാരമോ ലഭിക്കാത്തതിനാൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.
7. നാടകസമിതികൾ, കലാവേദികൾ എന്നിവയുടെ അഭാവം. ഒരു കാലത്ത് ഗ്രാമത്തിൽ ഒട്ടനവധി

നാടകങ്ങൾ അരങ്ങേറിയിരിക്കുന്നുവെങ്കിലും ഇന്ന് ഈ രംഗം തീർത്തും നാശോന്മുഖമായിക്കൊണ്ടിരിക്കയാണ്. സ്ക്കൂൾ വാർഷികങ്ങൾ, വായനശാലകളുടെയും ക്ലബ്ബുകളുടെയും മറ്റും വാർഷികങ്ങൾ എന്നിവ സാമ്പത്തിക പ്രശ്നങ്ങൾ കാരണവും ത്യാഗസന്നദ്ധരായവരുടെ അഭാവവും കാരണവും ഇന്ന് ഇല്ലാതായിരിക്കുന്നു.

## *പരിഹാരങ്ങളും, നിർദ്ദേശങ്ങളും*

പഞ്ചായത്തിലെ ഒന്ന്, രണ്ട്, ഏഴ്, എട്ട്, എന്നീ വാർഡുകളിൽ അവിടുത്തെ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ വായനശാലകൾ ആരംഭിക്കുക.. എല്ലാ സാംസ്ക്കാരിക നിലയങ്ങളിലും മൂന്നു പത്രങ്ങളെങ്കിലും നൽകുക, സ്വന്തമായി കെട്ടിടമോ വേണ്ടത്ര പുസ്തകങ്ങളോ, വാർത്താമാധ്യമങ്ങളോ ഇല്ലാത്ത സ്ഥാപനങ്ങളെ പഞ്ചായത്ത് സഹായധനം നൽകി സംരക്ഷിക്കുക. പഞ്ചായത്തിൻെറ ആസ്ഥാനത്ത് ഇന്ന് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംസ്ക്കാര വായനശാലക്ക് പഞ്ചായത്ത് കെട്ടിട സൗകര്യം നൽകിയാൽ, പഞ്ചായത്തിൻെറ പൊതു സംസ്ക്കാരം ഉയർത്താൻ സാധിക്കും. മാത്രമല്ല, പഞ്ചായത്തിലെ എല്ലാ പ്രദേശത്തേയും ആളുകൾക്ക് മെമ്പർമാരാകാൻ സാധിക്കും. ടെലിവിഷൻ സെറ്റും, പുസ്തകങ്ങൾ വാങ്ങാനുള്ള ധനസഹായവും നൽകുക. സെമിനാറുകൾ, ചർച്ചാക്ലാസുകൾ എന്നിവ സംഘടിപ്പിക്കാൻ അവസരം നൽകുക എന്നിവയും ചെയ്യേണ്ടതാണ്.

പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് ഗ്രന്ഥശാല, വായനശാലയാക്കി മുഴുവൻ സമയവും പ്രവർത്തിച്ചാൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ആയത് പ്രയോജനപ്പെടും. സാംസ്ക്കാരിക നിലയം ജനങ്ങൾക്കായി തുറന്നുകൊടുക്കുകയും വേണം.

1940കളിൽ ഏതാനും യുവസുഹൃത്തുക്കൾ ചേർന്ന് ആരംഭിച്ച സാംസ്കാരികപ്രസ്ഥാനമാണം ഗ്രാമീണവായനശാലയായും പിന്നീട് പഞ്ചായത്ത് ഗ്രന്ഥശാലയായുമായി വളർന്നുവന്നത്. നല്ല നിലയിൽ പ്രവർത്തിച്ചുവന്ന ഈ ഗ്രന്ഥശാലക്ക് ഉത്തരവാദിത്തപ്പെട്ടവരുടെ ശ്രദ്ധക്കുറവുമൂലം ധാരാളം പുസ്തകങ്ങൾ നഷ്ടപ്പെടുകയും പ്രവർത്തമം മന്ദീഭവിക്കുകയും ചെയ്തു. ഇപ്പോൾ ഈ സ്ഥാപനം പഞ്ചായത്ത് സാംസ്കാരിക നിലയത്തിലേക്ക് മാറിയെങ്കിലും കാര്യമായ പുരോഗതി പ്രാപിച്ചിട്ടില്ല എന്ന് തന്നെ പറയാം. 1800 പുസ്തകങ്ങളുള്ള ഈ ഗ്രന്ഥശാലയുടെ പുരോഗതിക്കായി പഞ്ചായത്ത് കുടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, പൊതുജനങ്ങൾക്ക് പ്രചോദനംലഭിക്കും വിധം പ്രലർത്തിക്കുകയും ചെയ്താൽ ഈ നാടിൻെറ സാംസ്കാരിക പുരോഗതിക്കൊരു മുതൽകൂട്ടാകും എന്ന കാര്യത്തിൽ തർക്കമില്ല. 9-ാം വാർഡിലുള്ള റജിസ്ട്രേഷൻ ലഭിക്കാത്ത കൈരളി ഗ്രന്ഥശാലക്ക് ആവിശ്യമായ സാമ്പത്തിക സഹായം പഞ്ചായത്ത് നൽകണം.

ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുകയും സ്ക്കൂളുകളിൽ പാഠ്യേതര വായനക്ക് വേണ്ടത്ര പ്രോത്സാഹനം നൽകാൻ വേണ്ട നടപടികൾ ആരംഭിക്കുകയും ചെയ്യുക. പഞ്ചായത്തിലെ പുരാതന കലകൾ പുനരുജ്ജീവിപ്പിക്കാൻ കേരളോത്സവം, പ്രാദേശികോത്സവങ്ങൾ, ഓണാഘോഷം എന്നിവയെ പ്രോത്സാഹിപ്പിക്കുകയും പാരമ്പര്യ കലാകാരന്മാരെ പെൻഷനുംമറ്റും നൽകി പ്രോത്സാഹിപ്പിക്കുകയും വേണം.

നമ്മുടെ നാട്ടിൽ അന്യം നിന്നുപോയ നാടകസമിതികൾ, കലാവേദികൾ എന്നിവയാരംഭിക്കാൻ കലാകാരന്മാരെ കണ്ടെത്തുകയും പഞ്ചായത്ത് തലത്തിൽ നാടകമത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ഒരു ജനകീയാവശ്യംഎന്ന നിലയിൽ നാലോ അഞ്ചോ സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ ആരംഭിക്കുക. സ്ത്രീകളിലും സാധാരണക്കാരിലും വായനാശീലം വളർത്താനും സാക്ഷരതാ പ്രവർത്തനം ശക്തമാക്കാനും ഇവ സഹായിക്കും.

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ, ചെന്നലോട്, ആനപ്പാറ, കുപ്പാടിത്തറ, കുറുമണി, പന്തിപ്പൊയിൽ, കാപ്പിക്കളം, പുതുശ്ശേരിക്കാവ്, ചേര്യംകൊല്ലി, പാണ്ടംകോട്, ഡാംസൈറ്റ് എന്നിവിടങ്ങളിൽ സാംസ്ക്കാരിക നിലയങ്ങൾ ആരംഭിക്കുക. സഞ്ചരിക്കുന്ന ഗ്രന്ഥശാലയുടെ പ്രവർത്തനം ഈ സ്ഥലങ്ങളെ കേന്ദ്രീകരിച്ചായിരിക്കുന്നത് നന്നായിരിക്കും.

സ്ക്കുളുകളിലും മറ്റു സാംസ്ക്കാരിക കേന്ദ്രങ്ങളിലും വാർഷികാഘോഷങ്ങൾ നടത്താൻ വേണ്ടസഹായം ചെയ്യുകയും, സാഹിത്യനായകന്മാരെ പങ്കെടുപ്പിച്ച് ചർച്ചാക്ലാസുകൾ, സെമിനാറുകൾ എന്നിവ നടത്തുകയും ഫീൽഡ് പബ്ലിസിറ്റിയുടെ ആഭിമുഖ്യത്തിൽ ഫിലിംഷോകൾ സംഘടിപ്പിക്കുകയും ചെയ്യണം.

സ്ത്രീകളുടെ സാമൂഹിക പദവിക്കെതിരായി നിലനിൽക്കുന്ന പ്രധാനഘടകങ്ങളിൽ ഒന്ന് സാംസ്ക്കാരികമായ പിന്നോക്കാവസ്ഥയാണ്. വായ

നശാലകൾ ഉണ്ടെങ്കിലും അവിടേക്ക് കടന്നുചെല്ലാനും പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും സ്ത്രീകൾ വളരെ പിന്നിലാണ് സ്ത്രീകൾക്ക് മാത്രമായൊരു വായനശാല, സഞ്ചരിക്കുന്ന വായനശാല, സ്ത്രീകളുടെ കലാസാംസ്ക്കാരിക സംഘടന തുടങ്ങിയ സംരംഭങ്ങൾ സാംസ്ക്കാരിക പ്രവർത്തനങ്ങളിലെ സ്ത്രീകളുടെ അദൃശ്യതക്ക്ഒരു പരിധിവരെ പരിഹാരമാകും. മഹിളാ സമാജങ്ങൾ, വനിതാസഹകരണസംഘങ്ങൾ എന്നിവസ്ത്രീകളെ സംഘടിപ്പിക്കാൻ പറ്റുന്ന വേദികളാണ്. സ്ത്രീകളുടെ സംഘടനകളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും സ്വാധീനത്തെക്കുറിച്ചും ഒരേകദേശ ധാരണ ഉണ്ടാകേണ്ടതത്യാവശ്യമാണ്. പഞ്ചായത്തിലെ വനിതാമെമ്പർമാർ ഇക്കാര്യത്തിൽ കൂടുതൽതാല്പര്യം കാണിക്കണം.

## *കായിക സംസ്ക്കാരം*

ഒരു സമൂഹത്തിലെ വ്യക്തിയുടെ സമഗ്രവും സർവ്വതോമുഖവുമായ പുരോഗതിയായിരിക്കുംആ സമൂഹത്തിൻെറ വളർച്ചയുടെ ചൂണ്ടുപലക. കായിക പരിശീലനവും പ്രവർത്തനവും മനുഷ്യൻെറ സമഗ്രവികസനത്തിൻെറ പ്രധാന ഘടകമാണ്. കായിക പരിശീലനം ജനങ്ങളുടെആരോഗ്യം നിലനിർത്താനും മെച്ചപ്പെടുത്താനും ഉതകുകയും അവരെ കായികശേഷിയും ചുറുചുറുക്കും ഉള്ളവരാക്കാനും ഒഴിവുസമയം സമ്പുഷ്ടമാക്കാനും സഹായിക്കുന്നു.

പടിഞ്ഞാറത്തറ പഞ്ചായത്തിൽ ഈ മേഖലയിൽ വേണ്ടത്ര നേട്ടം കൈവരിക്കാൻ കഴിയാതെ പോയതിൻെറ കാരണങ്ങൾ പലതാണ്. അതിലൊന്ന് വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്ക്കൂൾ തലത്തിൽ നടപ്പിലാക്കുന്നില്ല എന്നത് തന്നെയാണ്. സർക്കാർ തലത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ പലതും വേണ്ട രീതിയിൽ വിനിയോഗിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിയാതെ പോകുന്നു.

### കായികമേഖലയിൽ നേട്ടങ്ങൾ കൊയ്യാനുള്ള സാധ്യതകൾ

അർപ്പണബോധമുള്ള വിദ്യാർത്ഥികളെ കണ്ടെത്താൻ കാര്യമായ ശ്രമം നടത്തുക. കായിക വിദ്യാഭ്യാസവും സ്ക്കൂൾ വിദ്യാഭ്യസവും ഒരുമിച്ചു കൊണ്ടുവരുക. പ്രൈമറി ക്ലാസ്സുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുക. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ കായികമേളകൾ സംഘടിപ്പിക്കുക. അവധിക്കാലത്ത് കോച്ചിങ്ങ് ക്യാമ്പുകൾ പ്രഗത്ഭരെ പങ്കെടുപ്പിച്ച് നടത്തുക.

പഞ്ചായത്തിൽ ഒന്നിലധികം സ്റ്റേഡിയങ്ങൾ 200 മീറ്റർ ട്രാക്ക് ഇടാവുന്ന രീതിയിൽ സ്ഥാപിക്കുക. കായിക സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക. നിലവിലുള്ള കായിക ഏജൻസികളിലെ അഴിമതി തടയുക.

കായകി പ്രവർത്തനത്തിന് പഞ്ചായത്ത് ചുക്കാൻ പിടിക്കണം. കായികാവസ്ഥയും പ്രാദേശികാവസ്ഥയും ബന്ധപ്പെടുത്തി പ്രതിഭകളെ കണ്ടെത്തുക. പഞ്ചായത്തിലെ ഒന്ന്, രണ്ട്,മൂന്ന്, നാല്, ആറ്, ഒൻപതു വാർഡുകളിൽ മിനിസ്റ്റേഡിയം അനുവദിക്കുക. സ്പോർട്സ് സാധനങ്ങൾ ക്ലബ്ബുകൾ വഴി വിതരണം ചെയ്യുക. സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്യുക.

**നിലവിലുള്ള ലൈബ്രറികൾ**

| ലൈബ്രറിയുടെ പേര് | മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം |
|---|---|---|
| പഞ്ചായത്ത് വക ലൈബ്രറി | 650 | 1800 |
| പ്രതിഭ പേരാൽ | 155 | 1000 |
| ഗ്രാമീണവായനശ്ാല മുണ്ടക്കുറ്റി | 212 | 1500 |
| പ്രസര 16ാംമൈൽ | 230 | 3374 |
| സാംസ്കാര പടിഞ്ഞാറത്തറ | 361 | 1265 |
| നവദീപം അരമ്പറ്റക്കുന്ന് | 115 | 1500 |

## *നിലവിലുള്ള ക്ലബ്ബുകൾ*

1. യുവവേദി 16-ാം മൈൽ
2. എസ്.പി.സി.ക്ലബ്ബ്, മഞ്ഞൂറ
3. ബാണാസുര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പന്തിപ്പൊയിൽ.
4. പ്രതിഭാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പേരാൽ.
5. അനുഗ്രഹ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ഡാംസൈറ്റ്.
6. പുലരി ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പന്തിപ്പൊയിൽ.
7. സെൻറ് വിൻസൻറ് സി.പോൾ ക്ലബ്ബ്, കുറ്റ്യാംവയൽ.
8. യംഗ് ഫൈറ്റേഴ്സ് ക്ലബ്ബ്, പുതുശ്ശേരിക്കടവ്.
9. ഉപാസനാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കുപ്പാത്തെറ.
10. പ്രസര ആർട്സ് & സ്പോർട്സ് ക്ലബ്ബ് 16-ാംമൈൽ.
11. സംസ്കാര ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പടിഞ്ഞാറത്തറ.
12. നെഹറു ആർട്സ് &സ്പോർട്സ് ക്ലബ്ബ്, 13-ാംമൈൽ.
13. ഗ്രാമീണ മുണ്ടക്കുറ്റി




ഹിന്ദുമതത്തിൽ നിലനിന്നിരുന്ന ജാതി സമ്പ്രദായത്തിൻെറ പരിണിതഫലമായി സമൂഹത്തിൽ പിൻതള്ളപ്പെട്ടുപോയ വിഭാഗങ്ങൾ അവർണ്ണർ എന്ന പേരിൽ അറിയപ്പെടുകയും ഗാന്ധിജിഇവരെ ഹരിജനങ്ങൾ എന്ന പേർ ചൊല്ലി വിളിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിലുള്ള 100ഓളം സമുദായങ്ങൾ കേരളത്തിൽ ഉണ്ട്. എന്നാൽ 68 സമുദായങ്ങളെ മാത്രമേ ഭരണഘടന ഭേദഗതിയിലൂടെ പട്ടികജാതിക്കാരായി അംഗീകരിച്ച് പ്രത്യേക പരിരക്ഷ നൽകിയിട്ടുള്ളൂ. പട്ടികജാതിക്കാർ ഹിന്ദുമതത്തിലോ സിക്ക് മതത്തിലോ ഉൾപ്പെട്ടവരായിരിക്കണമെന്ന് ഭരണഘടന വ്യവസ്ഥ ചെയ്യുന്നു. മതംമാറിയാൽ ഈ സമുദായങ്ങൾക്ക് പട്ടികജാതിക്കാരുടെ പദവി നഷ്ടപ്പെടുന്നു. വയനാട് ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽ പട്ടികജാതി വിഭാഗത്തിൽ പുലയൻ, ചെറുമൻ എന്നീ സമുദായങ്ങളാണ് കൂടുതലായി കാണപ്പെടുന്നത്. ഇതിൽ ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ അധിവസിക്കുന്ന ഒരു പഞ്ചായത്താണ് പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്. ഇവിടെ പുലയ വിഭാഗത്തിലുള്ളവരാണ് ഏറ്റവും കൂടുതൽ. ഇവരെ 1975 വരെ ഹിൽപുലയ എന്ന പേരിൻെറ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗക്കാരായി അംഗീകരിച്ചു ആനുകൂല്യങ്ങൾ നൽകിയിരുന്നു. എന്നാൽ 1975-76ൽ നരവംശ ശാസ്ത്രപഠനത്തിൻെറ (മാത്തൂർ കമ്മീഷൻ റിപ്പോർട്ടിൻെറ) അടിസ്ഥാനത്തിൽ ഈ വിഭാഗത്തിൽപ്പെട്ടവരെ പട്ടികവർഗ്ഗ ലിസ്റ്റിൽ നിന്നും ഒഴിവാക്കി പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുകയാണ് ഉണ്ടായത്. എന്നാൽ കേരളത്തിൽ വയനാട് ജില്ലയിൽ കൽപ്പറ്റ മാനന്തവാടി ബ്ലോക്കുകളിൽ മാത്രം കാണപ്പെടുന്ന ഇവർ വിദ്യാഭ്യാസ രംഗം മുതൽ മറ്റു സാമൂഹ്യ രാഷ്ട്രീയരംഗങ്ങളിലും വളരെയേറെ പിന്നോക്കം നില്ക്കുന്നവരാണ്. ഇവർക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ തീർത്തും ലഭിക്കാറില്ല എന്നുള്ളത് ശ്രദ്ധേയമാണ്. സാമുദായികപരമായും ഇവർമറ്റെല്ലാ സമുദായങ്ങളിൽ നിന്നും ഭിന്നമാണ്. മണ്ഡപങ്ങൾ-വാതക്കാവുകൾ എന്നറിയപ്പെടുന്ന ആരാധനാലയങ്ങളിൽ മലദൈവങ്ങളേയും കുലദൈവങ്ങളേയും ആരാധിക്കുന്നു. കന്നിമാസം 1 (ഒന്ന്) മുതൽ കന്നിപ്പാട്ട് എന്നറിയപ്പെടുന്ന (ചാളപ്പാട്ട്) ആരാധനകൾ ആരം

ഭിക്കുന്നു. തുടർന്ന്പുത്തരി ഉത്സവാധികൾ നടത്തി വരുന്നു. ഇതിനെല്ലാം നേതൃത്വം വഹിക്കുന്നത് 2 (രണ്ട്) മരുത്തൻഎന്ന പേരിലറിയപ്പെടുന്നവരും, കോളനിമൂപ്പൻമാരുമാണ്. ഭാഷാപരമായി ഇവർ തെലുങ്കും മലയാളവും കലർന്ന ലിപിയില്ലാത്ത ഭാഷ സംസാരിക്കുന്നു. കാർഷിക രംഗത്ത് നാമമാത്രകൃഷിക്കാരും, ഭൂരിഭാഗവും കർഷകതൊഴിലാളികളുമാണ്. നെൽപ്പാടങ്ങളിൽ സ്ത്രീകളും പുരുഷൻമാരും സംഘടിതമായി ജോലി ചെയ്യുന്നു. ഈ ജോലിക്ക് പ്രത്യേകതകളുണ്ട്. കബളം എന്നപേരിലാണ് അറിയപ്പെടുന്നത്. നാടൻ ചികിത്സാരംഗത്തും ഇവർ പിന്നോക്കാവസ്ഥയിലാണ്. പ്രസ്തുത പുലയരെ പട്ടികജാതി ലിസ്റ്റിൽ നിന്നും പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിൽ 28 കോളനികളിലായി 500 ഓളം കുടുംബങ്ങൾ തിങ്ങിതാമസിക്കുന്നു. ഇതിൽ 10 കോളനികൾ സർക്കാർ അംഗീകൃതമാണ്. (1) കൊറ്റിയോട് കുന്ന് (2) വിളക്കോട്ട് കുന്ന്, (3) കൊറ്റുകുളം എന്നീ കോളനികൾ IHDP യും കല്ലുവെട്ടും താഴെ അംബേദ്കർ ഗ്രാമവുമാണ്.

## പ്രശ്നങ്ങൾ

**നിരക്ഷരത:** ബഹുഭൂരിപക്ഷം ആളുകളും നിരക്ഷരരാണ്. സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. അഭ്യസ്തവിദ്യരായ പട്ടികജാതി യുവാക്കളെ തിരഞ്ഞെടുത്ത് പരിശീലനം നൽകി സാക്ഷരതാ പ്രവർത്തകരായി നിയമിക്കണം. ഈ പ്രവർത്തകർ മുഖേന വിദ്യാലയത്തിൽ പോകാത്ത കുട്ടികളെ വിദ്യാലയത്തിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**കുടിവെള്ളം :** കാട്ടുപാലിയാണക്കുന്ന്, കൊറ്റിയോട് കുന്ന്, തേർത്തുകുന്ന് എന്നിവിടങ്ങളിൽ 8 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കുടിവെള്ളം ലഭ്യമല്ല. മേൽപ്പറഞ്ഞ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം.

**ഊർജ്ജം :** പഞ്ചായത്തിലെ 7 കോളനികളിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ. ഈ ആവശ്യത്തിലേക്കായി അനുവദിക്കുന്ന തുകയിൽ ഭൂരിപക്ഷം ലാപ്സാകുന്നതായിട്ടാണ് അറിയുന്നത്. ജില്ലയിൽ ഏറ്റവും അധികം പട്ടികജാതിക്കാരുള്ള ഈ പഞ്ചായത്തിലെ എല്ലാ കോളനികളും അടുത്ത 5 വർഷത്തിനുള്ളിൽ വൈദ്യുതീകരിക്കേണ്ടതാണ്. പട്ടിജാതി വികസനവകുപ്പ് വീട് വയറിംഗ് ചെയ്യുന്നതിനുള്ള ധനസഹായം നൽകേണ്ടതാണ്. ഓരോ ഗുണഭോക്താവിനും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനും സാമ്പത്തികസഹായം ലഭ്യമാക്കേണ്ടതാണ്. കോളനികളിൽ സ്ട്രീറ്റ് ലൈറ്റുകളും സ്ഥാപിക്കണം.

**ആരോഗ്യം :** പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ ഉള്ളത് പ്രവർത്തിക്കുന്നത് കുപ്പാടിത്തറയിലാണ്. വളരെ അധികം അകലെ നിന്നും ഈ സെൻററിൽ എത്തുന്നതിന് പ്രയാസം നേരിടുന്നു. ആയതിനാൽ പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് മൊബൈൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതും ഒരു ആരോഗ്യ സർവ്വെ നടത്തേണ്ടതുമാണ്. കോളനികളിലെ കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതുമാണ്. കക്കൂസുകൾ ലഭ്യമല്ലാത്ത എല്ലാഗുണഭോക്താക്കൾക്കും കക്കൂസ് സൗകര്യം ലഭ്യമാക്കണം.

**റോഡുകൾ :** താഴെ പറയുന്ന റോഡുകൾ S.C.P യിൽപ്പെടുത്തി അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്. ചിറവൻ കൊല്ലി ചെതലോട്ട് കുന്ന് കോളനി റോഡ്, പാറനിരപ്പുകുന്ന് കോളനിറോഡ്, തേറുമ്മൽപ്പടി കാട്ടുപാലിയാണക്കുന്ന് കോളനിറോഡ്, പുതുശ്ശേരിക്കടവ്-തേർത്തുകുന്ന് റോഡ്, കൊറ്റിയോട്ടുകുന്ന് കോളനി റോഡ്, വിളക്കോട്ടു കുന്ന് കോളനിറോഡ്, ചെമ്പകമൂല കോളനിറോഡ് എന്നീ റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടതാണ്. പാറനിരപ്പുകുന്ന് കോളനിയിൽ നടപ്പാത നിർമ്മിക്കേണ്ടതാണ്.

**കമ്മ്യൂണിറ്റിഹാൾ :** പാറനിരപ്പ്കുന്ന്-ചെതലോട്ട് കുന്ന്-മാക്കോട്ട് കുന്ന്, കാട്ടുപാലിയാണകുന്ന്,കൊറ്റുകുളം എന്നീ കോളനികളിൽ കമ്മ്യൂണിറ്റിഹാൾ നിർമ്മിക്കേണ്ടതും, ഇവിടങ്ങളിൽ വായനശാലകൾ ആരംഭിക്കേണ്ടതും ടി.വി. സൗകര്യം ലഭ്യമാക്കേണ്ടതുമാണ്. കൽപ്പറ്റയിൽ പ്രവർത്തിക്കുന്ന താലൂക്ക് പട്ടികജാതി ഓഫീസ് പടിഞ്ഞാറത്തറയിലേക്ക് മാറ്റി പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്. നിലവിൽ പട്ടി

കജാതി വികസന വകുപ്പിൽ നിന്നും നൽകിവരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിച്ച് തുടർന്നും ലഭ്യമാക്കേണ്ടതാണ് പടിഞ്ഞാറത്തറ കേന്ദ്രമായി പട്ടികജാതി വികസന വകുപ്പിൻെറ കീഴിൽ ഒരു ഹോസ്റ്റൽ സ്ഥാപിക്കേണ്ടതുമാണ് കാട്ടു പാലിയാണക്കുന്ന് കോളനിയിൽ ഒരു കിൻറർ ഗാർട്ടൻ ആരംഭിക്കേണ്ടതാണ്.

**കൃഷി :** കാർഷീക തൊഴിലാളികളായ ഭൂരിപക്ഷം പട്ടികജാതിക്കാർക്കും സ്വന്തമായി കൃഷിഭൂമി ഇല്ലാത്തവരാണ്. സ്വന്തമായി കൃഷിഭൂമി ഉള്ളവർക്ക് ഉഴവുമാടുകളെ വാങ്ങുന്നതിനും വിത്ത്, വളം മുതലായവ ലഭ്യമാക്കുന്നതിനും ധനസഹായം അനുവദിക്കേണ്ടതാണ്. കോളനികളിൽ പച്ചക്കറി വിത്തുക്കൾ, കവുങ്ങിൻ തൈകൾ മുതലായ നടീൽ വസ്തുക്കൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യേണ്ടതാണ്. പട്ടികജാതിക്കാരുടെ എല്ലാ കൃഷികളും ഇൻഷ്യൂർ ചെയ്യുന്നതിനുള്ള ചിലവ്സ്പെഷ്യൽ കംപോണൻറ് പ്ലാനിൽ ഉൾപ്പെടുത്തി ഡിപ്പാർട്ട്മെൻറ് വഹിക്കേണ്ടതാണ്.

**തൊഴിൽ :** പഞ്ചായത്തിലെ പട്ടികജാതിക്കാർ കർഷകതൊഴിലാളികളാണ്. ഉപതൊഴിലുകളായ കുട്ടമെടച്ചിൽ, പായനെയ്ത്ത് മുതലായവ അഭിവൃദ്ധിപ്പെടുത്തുന്നതിന് സഹകരണസംഘം രൂപീകരിച്ച് സാമ്പത്തീക സഹായം നൽകണം. അസംസ്കൃത വിഭവങ്ങൾ (തഴ, ഈറ്റ ) പഞ്ചായത്തിൻെറ പുറംപോക്ക് ഭൂമികളിൽ കൃഷി ചെയ്ത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാരേയും ഉൾപ്പെടുത്തി വിവിധോദ്ദേശ്യ സഹകരണ സംഘം രൂപീകരിച്ച് സഹകരണ സ്റ്റോർ, വായ്പ ലഭ്യമാക്കൽ എന്നിവ നടത്താവുന്നതാണ്. കൊറ്റുകുളം കോളനിയിൽ ആരംഭിച്ച നെയ്ത്ത് സഹകരണ സംഘത്തിന് മഗ്ഗം വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കേണ്ടതാണ്.

**പാർപ്പിടം :** പട്ടികജാതി വികസനവകുപ്പ് കോളനിയായി അംഗീരിക്കുന്ന രീതി ഈ പ്രദേശത്തെ പട്ടികജാതിക്കാർക്ക് ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിന് ഇടവരുത്തുന്നു. നിലവിലുള്ള നിയമപ്രകാരം ഏറ്റവും ചുരുങ്ങിയത് 10 കുടുംബങ്ങൾ ഉണ്ടെങ്കിൽ മാത്രമേ കോളനിയായി അംഗീകരിക്കുകയുള്ളൂ. ഈ പഞ്ചായത്തിൽ 10 കോളനികൾ മാത്രമേ അംഗീകരിച്ചവയായിട്ടുള്ളൂ. തൻമൂലം 18 ഓളം കോളനികളിൽ ആവശ്യാനുസരണം ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നു. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും വീട് അനുവദിക്കുകയും നിലവിൽ അനുവദിച്ച വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ധനസഹായം ലഭ്യമാക്കേണ്ടതുമാണ്. ഇനി അനുവദിക്കുന്ന വീടുകൾ കെട്ടുറപ്പുള്ള കോൺക്രീറ്റ് വീടുകൾ ആയി നൽകേണ്ടതാണ്.. പഞ്ചായത്തിലെ കാട്ടുപാലിയാണക്കുന്ന്, മാക്കോട്ട് കുന്ന്, പാറനിരപ്പു കുന്ന് എന്നീ കോളനികളെ ഐ.എച്ച്.ഡി.പി. കോളനിയായി അംഗീകരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്. എല്ലാ പട്ടികജാതി കോളനികളിലും മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലകൾ നിർമ്മിക്കേണ്ടതാണ്. ശ്മശാനഭൂമികൾ ചുടല എന്നറിയപ്പെടുന്നവ ചുറ്റുമതിൽകെട്ടി സംരക്ഷിക്കപ്പെടേണ്ടതാണ്.



## പട്ടികജാതി

| ക്രമ നമ്പർ | കോളനിയുടെ പേർ | ആകെ കുടുംബങ്ങൾ | സ്ത്രീ | പുരുഷൻ | ജനസംഖ്യ | വീടുകൾ | | കക്കൂസ് | | വൈദ്യുതി | കുടിവെള്ളം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | ഉള്ളവർ | ഇല്ലാത്തവർ | ഉള്ളവർ | ഇല്ലാത്തവർ | | |
| 1 | പൂക്കിലോട്ടുകുന്നുകോളനി | 13 | 31 | 37 | 68 | 5 | 8 | - | 13 | ഇല്ല | ഉണ്ട് |
| 2 | കല്ലുവെട്ടുംതാഴ അംബേദ്കർ കോളനി | 28 | 73 | 72 | 145 | 23 | 5 | 5 | 23 | ഉണ്ട് | ഉണ്ട് |
| 3 | കരിയാട്ടുകുന്ന് കോളനി | 4 | 9 | 14 | 23 | 2 | 2 | - | 4 | ഇല്ല | ഇല്ല |
| 4 | പനിയ്യേടത്ത്കുന്ന് കോളനി | 44 | 103 | 115 | 218 | 37 | 7 | - | 44 | ഇല്ല | ഉണ്ട് |
| 5 | വരട്ട്യാർകുന്ന് കോളനി | 23 | 49 | 59 | 108 | 17 | 6 | - | 23 | ഇല്ല | ഉണ്ട് |
| 6 | ജാതിയോട്ടുകുന്ന് കോളനി | 7 | 9 | 13 | 22 | 5 | 2 | 1 | 6 | ഇല്ല | ഉണ്ട് |
| 7 | കോന്തമംഗലം കോളനി | 1 | 1 | 2 | 3 | - | 1 | - | 1 | ഇല്ല | ഇല്ല |
| 8 | മക്കോട്ടുകുന്ന് കോളനി | 22 | 45 | 40 | 85 | 16 | 6 | - | 22 | ഇല്ല | ഉണ്ട് |
| 9 | കാട്ടിക്കുനിക്കുന്ന് കോളനി | 10 | 15 | 13 | 28 | 6 | 4 | - | 10 | ഇല്ല | ഇല്ല |
| 10 | കാട്ടുപാലയാണക്കുന്നു കോളനി | 17 | 26 | 31 | 57 | 13 | 4 | 2 | 15 | ഉണ്ട് | ഉണ്ട് |
| 11 | തേറത്ത്കുന്ന് കോളനി | 7 | 7 | 11 | 18 | 5 | 2 | - | 7 | ഇല്ല | ഉണ്ട് |
| 12 | ബേങ്ക്കുന്ന് കോളനി | 7 | 6 | 8 | 14 | 1 | 6 | 2 | 5 | ഇല്ല | ഉണ്ട് |
| 13 | വിളക്കോട്ടുകുന്ന് IHDPകോളനി | 24 | 56 | 64 | 120 | 19 | 5 | 6 | 18 | ഇല്ല | ഇല്ല |
| 14 | പാറനിരപ്പുകുന്ന് കോളനി | 57 | 145 | 140 | 285 | 45 | 12 | 40 | 17 | ഉണ്ട് | ഇല്ല |
| 15 | കൊറ്റിയോട്ടുകുന്ന് IHDPകോളനി | 70 | 177 | 171 | 348 | 55 | 15 | 51 | 19 | - | ഭാഗികം |
| 16 | ചെമ്പകമൂല കോളനി | 38 | 97 | 100 | 197 | 34 | 4 | 22 | 16 | ഉണ്ട് | ഉണ്ട് |
| 17 | പാട്ടവയൽ (ആറടിക്കുന്നു കോളനി) | 7 | 18 | 20 | 38 | 5 | 2 | - | 7 | ഇല്ല | ഉണ്ട് |
| 18 | പാണ്ടൻ കോടു കോളനി | 12 | 17 | 13 | 307 | 5 | 4 | 8 | ഇല്ല | ഉണ്ട് | |
| 19 | ചെതലോട്ടുകുന്നു കോളനി | 16 | 39 | 43 | 82 | 13 | 3 | 3 | 13 | ഉണ്ട് | ഇല്ല |
| 20 | കൊറ്റുകുളം കോളനി | 45 | 79 | 99 | 1783? | | 13 | - | 45 | ഇല്ല | ഉണ്ട് |





# പട്ടികവർഗ്ഗം

പരിഷ്കൃതലോകത്തിൽ നിന്നും അകലെ കേരളത്തിലെ വനാന്തരങ്ങളിലും മലയിടുക്കുകളിലും കുന്നിൻചെരുവുകളിലും കഴിഞ്ഞുകൂടിയിരുന്ന ഒരുജനവിഭാഗമാണ് ആദിമ നിവാസികൾ. സമതലങ്ങളിൽ കൃഷിയും കന്നുകാലി വളർത്തലും നായാട്ടുമായി കഴിഞ്ഞ്പോന്ന ഗോത്രവർഗ്ഗക്കാരായ ഇവർ പരിഷ്കൃതലോകത്തിന്റെ കടന്ന് കയറ്റത്തെ നേരിടാനാകാതെ കാടുകളിലേക്ക് പിൻമാറിയതായിരിക്കാം. എന്നാൽ ഈ കാടുകൾപോലും അധികകാലം അവർക്ക് അഭയം നൽകില്ല കഴിഞ്ഞമൂന്ന് നാല് നൂറ്റാണ്ടുകളായി അവിടെനിന്നുപോലും അവർ തുരത്തപ്പെട്ടുകൊണ്ടിരിക്കയാണ്. ഏകദേശം 40ഓളം ആദിവാസി ഗിരിജന വിഭാഗങ്ങളാണ് കേരളത്തിതുള്ളത് . ഇന്ത്യൻ ഭരണഘടനയുടെ 341- ഷെഡ്യൂളിൽപെടുത്തി ഈ വിഭാഗത്തിന് പ്രത്യേക പരിരക്ഷണവും സംരക്ഷയും ആനുകുല്യങ്ങളും നൽകിവരുന്നു. ആയതിനാൽ ഈ വിഭാഗങ്ങളെ പട്ടികവർഗ്ഗക്കാർ എന്ന പേരിൽ അറിയപ്പെടുന്നു.

1976ലെ പട്ടികവർഗ്ഗലിസ്റ്റ് ഭേദഗതി അനുസരിച്ച് കേരളത്തിൽ 35 സമുദായങ്ങളെ പട്ടിക വർഗ്ഗലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വയനാട്ജില്ലയിൽ കാണപ്പെടുന്ന പണിയർ, കാട്ട്നായ്ക്കർ, കുറിച്യർ, കുറുമർ, അടിയാൻ, ഊരാളികുറുമർ, എന്നിവർ പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നു.

തച്ചനാടൻമുപ്പൻ, കുണ്ടുവടിയൻ, കളനാടി, പതിയൻ, വയനാട്കാടർ, എന്നീ സമുദായങ്ങളെ പട്ടികവർഗ്ഗലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല ഇവർക്ക് മററർഹ - (ഓ. ഇ. സി) സമുദായത്തിൽപെടുത്തി ആനുകൂല്യങ്ങൾ നൽകിവരുന്നു.

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ പണിയർ, കുറിച്യർ, കാട്ടുനായ്ക്കർ, എന്നീ വിഭാഗക്കാരും വയനാട് കാടർ വിഭാഗത്തിൽപെട്ട സമുദായക്കാരും താമസിക്കുന്നു.

## *പണിയർ*

കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ ജനസംഖ്യയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന വിഭാഗമാണ് പണിയർ. വയനാട് ഉൾപ്പെട്ട പശ്ചിമഘട്ട നിരകളിലാണ് പണിയർ ആദികാലം തൊട്ടേ ജീവിച്ച്പോന്നത് അവരുടെ പുലപ്പാട്ടിൽ പറയുന്നതുപോലെ കാട്ടിൻ കിഴങ്ങും തേനും കഴിച്ച് കഴിഞ്ഞവരേ ഏതോ ചരിത്രഘട്ടത്തിൽ ഇപ്പിമലയിൽ വച്ച് കൗണ്ടർ കെണിവച്ച് പിടിച്ച് അടിമയാക്കിയതാവാം. കഴിഞ്ഞമൂന്ന് നൂറ്റാണ്ടുകളിൽ വയനാട്ടിലെ നായർ

,ചെട്ടി, ഗൗഡ ജന്മിമാരുടെകീഴിൽ അടിമപ്പണി ചെയ്ത്പോരുകയായിരുന്നു പണിയർ എന്നും നിസ്സംശയം പറയാം 1960 കളുടെ അന്ത്യത്തിലാണ് ഈനിലക്ക് പ്രകടമായ മാറ്റം വന്നത്. ദീർഘാകാലം അടിമകളായി കഴിഞ്ഞതുകൊണ്ടുതന്നെ പരിഷ്കൃത ലോകത്തോട് ഭയവും വെറുപ്പുമാണ് പണിയ സമുദായത്തിന് സാമൂഹിക വിദ്യാഭ്യാസമേഖലയിൽ ഏറ്റവും പിൻനിരയിൽ കഴിയുന്ന പണിയർ ഭൂരിഭാഗവും കർഷ തൊഴിലാളികളാണ്. കുന്നിൻ ചെരുവുകളിൽ ജന്മിമാരുടെ ഔദാര്യത്തിൽ കിട്ടിയ സ്ഥലങ്ങളിൽ ചെറുകുടിലുകൾ കെട്ടി താമസിച്ചിരുന്ന ഇവർ മേല്പറഞ്ഞ ജന്മിമാരുടെ വീട്ടിൽ അടിമ ജോലിക്കാരായി കഴിഞ്ഞുകൂടിയിരുന്നു. ഇവർ തീർത്തും നിരക്ഷരരും മറ്റുപരിഷ്കൃതരായ ആളുകളിൽ നിന്നും അകന്ന് ജീവിക്കാൻ ആഗ്രഹിച്ചിരുന്നവരുമാണ്. യഥാർത്ഥത്തിൽ ആദിവാസികളുടെ പ്രശ്നമെന്നാൽ പണിയ സമുദായക്കാരുടെ പ്രശ്നംഎന്നായി മാറിയിട്ടുണ്ട്.

## കുറിച്യർ

ഇവർ വയനാട്ടിൽ കുടിയേറിപ്പാർത്ത ഒരു വിഭാഗമാണെന്നു കരുതപ്പെടുന്നു. കുടുമ നീട്ടിയും അമ്പും വില്ലും ധരിച്ചും നടന്നിരുന്നു ഇവർ കരിനായൻമാർ എന്നപേരിൽ മുൻപു അറിയപ്പെട്ടിരുന്നു. കൂട്ടമായി താസിച്ചിരുന്ന ഇവർ ഒരു മൂപ്പൻെ [പിട്ടൻ] നേതൃത്വം അംഗീകരിച്ചിരുന്നു. മരുമക്കത്തായ സമ്പ്രദായം ആചരിച്ചു ജീവിച്ചിരുന്നവരാണ് ഇവർ. പഴശ്ശി രാജാവിൻെറ കാലത്ത് പടയാളികളായി സേവനം അനുഷ്ഠിച്ചിരുന്ന ഇവർക്ക്രാജാവും ജന്മിമാരും ധാരാളം ഭൂസ്വത്തുക്കൾ പാട്ടമായി നൽകിയിരുന്നു. ഒന്നിച്ചു കൃഷിചെയ്ത് കുലാചാരങ്ങൾ പാലിച്ച് ജീവിച്ചിരുന്നവരായിരുന്നു ഇവർ. സ്വന്തം സമുദായക്കാരുടേതല്ലാതെ മറ്റാരുടെയും ഭക്ഷണം ഇവർ കഴിച്ചിരുന്നില്ല. പണിയർ തുടങ്ങിയ താഴ്ന്ന ജാതിക്കാരുമായും, നായൻമാർ തുടങ്ങിയ ഉയർന്ന ജാതിക്കാരുമായും ഇവർ അയിത്തം പുലർത്തിയിരുന്നു. വീടു വിട്ടിറങ്ങിയാൽ തിരിച്ചു വീട്ടിൽ എത്തി കുളികഴിഞ്ഞതിനു ശേഷമെ ഇവർ ഭക്ഷണം കഴിച്ചിരുന്നുള്ളു. ഇവർ മലക്കാരി [ശിവൻ] ദേവനെ ആരാധിച്ചു പോരുന്നു. തങ്ങളുടെ കുടുബത്തിൽ വളരെ പണ്ട് മരണപ്പെട്ടുപോയ കാരണവരുടെ പ്രേതം വൃതാനുഷ്ഠാനം എടുത്തുള്ള ഒരു വ്യക്തിയിലൂടെ ഉറഞ്ഞു തുള്ളി കല്പിക്കുന്നതിനനുസരിച്ചും കാര്യങ്ങൾ നടത്തിയിരുന്നു. പണ്ടു കാലത്ത് ഇവർ കാടുകൾ വെട്ടിത്തെളിച്ച് മുത്താറി, തിന, ചാമ മുതലായവ കൃഷിചെയ്തിരുന്നു. അരോഗദൃഢഗാത്രരായ ഇവർ എല്ലാവരും തന്നെ തങ്ങളുടെ സ്ഥലങ്ങളിൽ അധ്വാനിച്ചിരുന്നു. ഇവർ മാംസഭുക്കുകളായിരുന്നു. പണിയർ മുതലായ സമുദായങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന സാമൂഹ്യബോധം ഇവർക്കുണ്ടായിരുന്നു.

## കാട്ടുനായ്ക്കർ

വനത്തിൽ ഗുഹകളിലും മറ്റും താമസിച്ചം വനവിഭവങ്ങൾ ശേഖരിച്ച് ജീവിച്ചിരുന്നു ഇവർ കാർഷികവൃത്തിയുമായി ഇന്നും ബന്ധപ്പെട്ടിട്ടില്ല. വംശനാശം വന്നുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തെ സർക്കാർ പ്രാക്തനാഗോത്രവർഗ്ഗത്തിൽപെടുത്തി പ്രത്യേക സംരക്ഷണം നൽകിവരുന്നുണ്ട്. തീർത്തും നിരക്ഷരരും വനവാസികളുമായ ഇവരെ മറ്റു പരിഷ്കൃത ജനസമൂഹവുമായി ബന്ധപ്പെടുത്തുന്നതിന് സാമൂഹിക വിദ്യാഭ്യാസ രംഗത്ത് ഇവരെ കൊണ്ടുവരുന്നതിന് തീവശ്രമം ആവശ്യമാണ്.

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ ആകെ 52 പട്ടികവർഗ്ഗ സങ്കേതങ്ങൾ നിലവിലുണ്ട്. ഇതിൽഒരു അംബേദ്കർ കോളനിയും മൂന്നു ഐ.എച്ച്.സീ.പി. കോളനികളും ഉൾപെടുന്നു. ആകെ ഈ പഞ്ചായത്തിൽ 556 പട്ടികവർഗ്ഗ കുടുംബങ്ങളാണ് ഉള്ളത്. 1120 സ്ത്രീകളും 1010 പുരുഷന്മാരും ഉൾപെടെ ഇവരുടെ മൊത്തം അംഗസംഖ്യ 2130 ആണ്. ഈവിഭാഗങ്ങളുടെ ഉന്നമനത്തിന് വിഘാതമായി നിൽക്കുന്നത് അവരുടെ സാമൂഹിക രീതിയും നിരക്ഷരതയുമാണ്. സർക്കാർ നടപ്പിലാക്കിയിട്ടുള്ള തുടർ സാക്ഷരതാ പരിപാടി ഫലപ്രദമായി നടപ്പിലാക്കാത്തതിനാൽഇവർ സർക്കാർ പദ്ധതികളെക്കുറിച്ചോ നാം നേടിയിട്ടുള്ള സാമൂഹിക വിദ്യാഭ്യാസ പുരോഗതിയെക്കുറിച്ചോ അജ്ഞരാണ്. ആയതിനാൽ ഓരോ കോളനി കേന്ദ്രീകരിച്ചും സാക്ഷരതാ ക്ലാസ്സുകൾ ആരംഭിക്കേണ്ടതും അവ നിർത്താതെ നടത്തിപ്പോരേണ്ടതുമാണ്.

## *വിദ്യാഭ്യാസം.*

ഈ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർ വിദ്യാഭ്യാസപരമായി വളരെ പിന്നിലാണ്. തങ്ങളുടെ കുട്ടികളെ വിദ്യാലയത്തിൽ പറഞ്ഞുവിടുന്നതിന് വിമുഖരായ ഇവർ ആരുടെയെങ്കിലും സമ്മർദത്തിന്നു വഴങ്ങിയാണ് കുട്ടികളെ വിദ്യാലയങ്ങളിൽ ചേർക്കുന്നത്. സമ്മർദത്തിന്നു അയവുവരുമ്പോൾ കുട്ടികൾ പഠനം നിർത്തുന്നു. പഞ്ചായത്തിലെ അംഗൻവാടി പ്രവർത്തകർ, രാഷ്ട്രീയ സാമൂഹ്യപ്രവർത്തകർ, എന്നിവരുടെ പരിശ്രമഫലമായി 5 വയസ്സ് പൂർത്തിയായ എല്ലാ പട്ടിക വർഗ്ഗ വിദ്യാർത്ഥികളെയും വിദ്യാലയത്തിൽ ചേർക്കേണ്ടതുണ്ട്. അദ്ധ്യാപകർ രക്ഷിതാക്കളുമായി നിരന്തരം ബന്ധപ്പെട്ട് കുട്ടികൾ തുടർച്ചയായി ക്ലാസിൽ വരുന്നുഎന്ന് ഉറപ്പുവരുത്തണം. പട്ടിക വർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തിക പരാധീനത ഇവരുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. കുടുംബബാധ്യത ഏറ്റെടുക്കേണ്ടി വരുന്നതിനാൽ പല കുട്ടികളും പഠനം നിർത്തുന്നു. നിലവിൽ പട്ടിക വർഗ്ഗക്കാരിൽ 10 പേർ മാത്രമാണ് S.S.L.C പാസ്സായവരായിട്ടുള്ളത് 38 പേർ S.S.L.C വരെ പഠിച്ചവരും. വിദ്യാഭ്യാസം നിരന്തരമായ ഒരു ബോധവൽക്കരണ പ്രക്രിയ ആണല്ലൊ. ആയതിനാൽ ആദിവാസി വിദ്യാഭ്യാസവും നിരന്തരമായ ഒരു ബോധവൽക്കരണ പ്രക്രിയയാക്കി മാറ്റണം. പത്താം ക്ലാസ് പാസ്സായ പട്ടികവർഗ്ഗയുവാക്കളുടെ സേവനം ഉപയോഗപ്പെടുത്തി അദ്ധ്യയന വർഷാരംഭങ്ങളിൽ കുട്ടികളെ വിദ്യാലയങ്ങളിൽ ചേർക്കുന്നതിന് ശ്രമം നടത്തണം. ഇതിനു വേണ്ടി അവർക്ക് പ്രത്യേക പരിശീലനവും വേതനവും നൽകണം. അദ്ധ്യയന വർഷാരംഭത്തിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ആദിവാസി രക്ഷാകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തണം. ഇതിനുള്ള മുഴുവൻചിലവും പട്ടികവർഗ്ഗ വികസന വകുപ്പ് വഹിക്കണം. ഇതിൻെറ നടത്തിപ്പ് ചുമതല അതതു വിദ്യാലയങ്ങളുടെ പ്രധാനാദ്ധ്യാപകർക്കായിരിക്കണം. 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യുഷൻ നടപ്പിലാക്കണം. S.S.L.C, P.D.C തുടങ്ങിയ പരീക്ഷകളിൽ പരാജിതരാകുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ പദ്ധതി ട്യൂട്ടോറിയൽ കോളേജ് മുഖേന നടപ്പിലാക്കണം. ഇതിന്നു നിലവിലുള്ള ഫീസു നിരക്ക് വർദ്ധിപ്പിക്കണം.

ആദിവാസികളുടെ തനതായ സംസ്ക്കാരം നിലനിർത്തുന്നനിന്ന് അവരുടെ യുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് കലാസാംസ്ക്കാരി സമിതികൾ രൂപികരിക്കേണ്ടതാണ്. ഇത്തരം സമിതികൾക്ക് ആവശ്യമായ സഹായം പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നും ലഭ്യമാക്കണം. പഞ്ചായത്തിലെ താഴെപറയുന്ന സ്ഥലങ്ങളിൽ ഇത്തരം സമിതികൾ രൂപീകരിക്കാവുന്നതാണ്.

(1) പുതുശ്ശേരി IHDP കോളനി (2) ആനപ്പാറകോളനി (3) വെങ്ങിലേരി മുറ്റം കോളനി (4) കുന്നത്തുംകര കോളനി (5) പെരിങ്ങോട്ടുകുന്നു കോളനി (6) ചര്യംകൊല്ലി കോളനി (7) പുഞ്ചവയൽ കോളനി (8) കുവലത്തോടു കോളനി (9) അരീക്കളം കോളനി (10) കരയച്ചാൽ കോളനി

## *തൊഴിൽ*

ഈ പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന പണിയർ അധികവും കാർഷികത്തൊഴിലാളികളാണ്. പ്രായപൂർത്തിയായി എല്ലാവർക്കും തൊഴിൽ സാധ്യത ഈ പഞ്ചായത്തിലുണ്ട്. നെൽകൃഷിക്കുപകരം വാഴക്കൃഷി വ്യാപകമായതോടുകൂടി പുരുഷ തൊഴിലാളികൾക്ക് ദിനംപ്രതി 60 രൂപത്തോതിലും

സ്ത്രീതൊഴിലാളിക്ക് 45 രുപ തോതിലും നിലവിൽ കൂലിയുണ്ട്. വാഴക്കൃഷിയുടെ വർദ്ധനവോടുകൂടി സ്ത്രീതൊഴിലാളികൾക്ക് തൊഴിൽ സാധ്യത കുറഞ്ഞിട്ടുണ്ട് ആയതിൽ അവരിൽപലരും അയൽ സംസ്ഥാനത്തെ കുടക്, ഷിമോഗ മുതലായ സ്ഥലങ്ങളിൽ ജോലി തേടിപ്പോയിട്ടുണ്ട്. കാർഷിക മേഖല വിശിഷ്യാ, നെൽക്ക്യഷി വിപുലീകരിച്ചാൽ മാത്രമേ ആദിവാസികളുടെ തൊഴിൽ സാധ്യത വർദ്ധിക്കുകയുള്ളൂ. നെൽപ്പാടങ്ങൾ നാണ്യവിളകൾക്കായി വഴിമാറ്റുന്ന പ്രവണത നിരുത്സാഹപ്പെടുത്തുകയും വേണം.

കുറിച്യർ പരമ്പരാഗതമായി തന്നെ കൃഷിത്തൊഴിൽ ചെയ്തുവരുന്നതിനാൽ സ്വന്തം സ്ഥലത്ത് അധ്വാനിച്ച് ജീവിതം കഴിക്കുന്നു. കൂട്ടു

കുടുംബ വ്യവസ്ഥ ആയതിനാൽ അധ്വാനത്തിൽ നിന്നുള്ള വരുമാനം കുടുംബത്തിൻെറ മൊത്തം ആവശ്യങ്ങൾക്കു വേണ്ടി ചെലവഴിക്കുന്നതിനാൽ, പ്രസ്തുത സമുദായത്തിലെ പലരു ഒറ്റപ്പെട്ടു താമസിക്കുന്നതിനു താല്പര്യം കാണിക്കുന്നു. പാരമ്പര്യ കൃഷി രീതിയിൽ അവലംബിക്കുന്ന ഇവർ ശാസ്ത്രീയ കൃഷിരീതിയുമായി പൊരുത്തപ്പെട്ടിട്ടില്ല. ജലസേചന സൗകര്യം വർദ്ധിപ്പിച്ചും ശാസ്ത്രീയ കൃഷിരീതികൾ അഭ്യസിപ്പിച്ചും ഒരുപ്പൂനിലങ്ങൾ ഇരുപ്പൂനിലങ്ങളാക്കി മാറ്റിയാൽ ഇവരുടെ ഇടയിലുള്ള തൊഴിൽ സാദ്ധ്യത വളരെ വർദ്ധിപ്പിക്കുന്നതിനും ഒരു പരിധി വരെ ദാരിദ്ര്യം അകറ്റുന്നതിനും കഴിയും.

ഈ പഞ്ചായത്തിലെ കാട്ടുനായ്ക്കർ മിക്കവരും സ്വന്തമായി കൃഷിഭൂമി ഉള്ളവരാണ്. ബപ്പനം മല അംബേദ്കർ കോളനിയിലെ 14 കാട്ടുനായ്ക്ക കുടുംബങ്ങൾക്കും സർക്കാർ 50 സെൻറു ഭൂമിവീതം പതിച്ചു നൽകിയിട്ടുണ്ട്. കുറ്റിയാം വയൽ കോളനിയിലെ 2 കുടുംബങ്ങൾക്ക് ഒരു ഏക്കർഭൂമി സ്വന്തമായുണ്ട്. എന്നാൽ ഈ സ്ഥലത്ത് കൃഷികളൊന്നും തന്നെ ചെയ്തു വരുന്നതായി കാണുന്നില്ല. പഞ്ചായത്തു കൃഷിഭവൻെറ ആഭിമുഖ്യത്തിൽ നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും ഇവർക്കായി പ്രത്യേക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതാണ്. ആധുനികകൃഷി രീതികളുമായി ഈ സമൂഹത്തെ ബന്ധപ്പെടുത്തിയേ മതിയാകൂ. മേൽ പറഞ്ഞ രീതിയിൽ ഇവരുടെ തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കാവുന്നതാണ്.

## പാർപ്പിടം

ഈ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരായ 556 കുടുംബങ്ങളിൽ 125 പേർ ഭൂരഹിതരും ഭവനരഹിതരുമാണ്. ഈ ഭൂരഹിതർക്ക് ഭവനം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനും പട്ടിക വർഗ്ഗ വികസന വകുപ്പും ഗ്രാമപഞ്ചായത്തും ചേർന്ന് 12.5 ഏക്കർ സ്ഥലം വിലയ്ക്ക് വാങ്ങണം. ഓരോ കുടുംബത്തിനും 10 സെൻറ് ഭൂമി വീതമെങ്കിലും പതിച്ചു നൽകണം. 179 കുടുംബങ്ങൾ ഭൂമി ഉള്ളവരാണെങ്കിലും ഭവനരഹിതരാണ്. ഈ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനുള്ള സഹായം അനുവദിക്കണം. മൊത്തം 304 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ അനുവദിക്കേണ്ടതായുണ്ട്. നിലവിലുള്ള ഭവനനിർമ്മാണ ഗ്രാൻറ് 30000-00 രൂപയെങ്കിലും ആയി വർദ്ധിപ്പിക്കണം. നിലവിലുള്ള 556 കുടുംബങ്ങളിൽ 104 കുടുംബങ്ങൾക്ക് മാത്രമെ കക്കൂസു സൗകര്യം ഉള്ളൂ. ബാക്കിയുള്ള 452 കുടുംബങ്ങൾക്കും കക്കൂസ് അത്യാവശ്യമാണ്. പുതിയതായി നിർമ്മിക്കേണ്ട 304 വീടുകളോടു ചേർന്ന് കക്കൂസു നിർമ്മാണത്തിനും കൂടിയുള്ള ധനസഹായം ഉള്ളതിനാൽ ബാക്കിയുള്ള 148 കുടുംബങ്ങൾക്ക് കക്കൂസു നിർമ്മാണത്തിനുള്ള പ്രത്യേക ധനസഹായവും അത്യാവശ്യമാണ്.

## ആരോഗ്യം

പണ്ടുകാലങ്ങളിൽ പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് ജീവിച്ചിരുന്ന ആദിവാസികൾ രോഗവിമുക്തരായിരുന്നു. ഇന്ന് പരിഷ്ക്കാരത്തിൻെറ അതിപ്രസരം മൂലം ഹോട്ടൽ ഭക്ഷണംശീലിച്ചു തുടങ്ങിയ ഇവർ പലവിധ രോഗങ്ങൾക്ക് അടിമപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ക്ഷയം, സിക്കിൾസെൽ അനീമിയ, ക്യാൻസർ മുതലായ രോഗങ്ങൾ ആദിവാസി മേഖലയിൽ ധാരാളമായി കാണപ്പെടുന്നു. ഈ രോഗങ്ങൾക്കെതിരെ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ അത്യന്താപേക്ഷിതമാണ്. പ്രൈമറി ഹെൽത്ത് സെൻററുകൾ മുഖേനയും അംഗൺവാടികൾ മുഖേനയും പ്രതിരോധ കുത്തിവെപ്പുകളും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിക്കേണ്ടതാണ്. പട്ടിക വർഗ്ഗയുവാക്കളെ ആവശ്യമായ പരിശീലനം നൽകി ഹെൽത്ത് ഗൈഡുകളായി പഞ്ചായത്തിൽ നിയമിക്കുകയും വേണം. ഇതിനുള്ള സത്വര നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിക്കേതാണ്. കുപ്പാടിത്തറയിൽ നിലവിലുള്ള പ്രൈമറി ഹെൽത്ത് സെൻറർ വിപുലീകരിക്കേണ്ടതും പടിഞ്ഞാറത്തറയിലുള്ള ആയുർവ്വേദ ആശുപത്രി 10 കിടക്കകൾ എങ്കിലുമുള്ള ആശുപത്രിയായി ഉയർത്തേണ്ടതും അത്യന്താപേക്ഷിതമാണ്.

## പ്രശ്നങ്ങൾ, സാധ്യതകൾ, പരിഹാരങ്ങൾ

### 1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.

ഇതിനായി താഴെപറയുന്ന കാര്യങ്ങൾ നടപ്പിലാക്കേണ്ടതാണ്. തുടർ സാക്ഷരതാ പരിപാടി നിലനിർത്തുക, എൽ.പി.സ്ക്കൂളുകളിൽ പഠിക്കുന്ന എല്ലാ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു ജോലി വസ്ത്രം വീതം ലഭ്യമാക്കുക. നിലവിലുള്ള ലംപ്സം

ഗ്രാൻറ് നിരക്ക് വർദ്ധിപ്പിക്കുക. എൽ.പി,യു.പി വിഭാഗങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് രാവിലെയും ഉച്ചക്കും സൗജന്യ ഭക്ഷണം വിദ്യാലയങ്ങളിൽ നിന്നും നൽകുക. പടിഞ്ഞാറത്തറയിൽ ട്രൈബൽ ഹോസ്റ്റൽ ആരംഭിക്കുക. വൈത്തിരി താലൂക്കിൽ അനുവദിച്ച മോഡൽ റസിഡൻഷ്യൽ സ്ക്കൂൾ പടിഞ്ഞാറത്തറയിൽ ആരംഭിക്കുക. പടിഞ്ഞാറത്തറക്ക് അനുവദിച്ച V.E.O ഓഫീസ് പടിഞ്ഞാറത്തറയിൽ തന്നെ പ്രവർത്തനം ആരംഭിക്കുക. പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കാര്യത്തിൽ തല്പരരായ അദ്ധ്യാപകർക്ക് പ്രോത്സാഹന അവാർഡുകൾ നൽകുക.

## 2. കൃഷി

ആദിവാസി പാടശേഖര സമിതികൾ രൂപീകരിക്കുക. പുതുശ്ശേറിക്കുന്ന്, ആനപ്പാറ, വെങ്ങലേരിമുറ്റം, ആലക്കാമുറ്റം, ആലക്കണ്ടി ക്കുന്ന്, അരീക്കളം എന്നിവടങ്ങളിൽ പാടശേഖര സമിതികൾ റജിസ്റ്റർ ചെയ്യുക. ഈ സമിതികൾക്ക് പവർ ടില്ലറുകൾ സൗജന്യമായി നൽകുക. വളം നടീൽ വസ്തുക്കൾ, പണിആയുധങ്ങൾ മുതലായവയും ലഭ്യമാക്കണം. പട്ടിക വർഗ്ഗക്കാരായ കർഷകരെ പ്രത്യേകമായി തെരഞ്ഞെടുത്തു ആദരിക്കുകയും പ്രോത്സാഹനം നൽകേണ്ടതുമാണ്.

## 3. കുടിവെള്ളം:

നിലവിലുള്ള 52 സങ്കേതങ്ങളിൽ 25 സങ്കേതങ്ങളിൽ മാത്രമെ ശുദ്ധജല കിണറുകൾ ഉള്ളു. ബാക്കി 27 കോളനികളിൽ കിണറുകൾ ആവശ്യമുണ്ടം. ഇതിന് ഗ്രാമവികസന വകുപ്പ്; പട്ടികവർഗ്ഗ വികസന വകുപ്പ്; ഗ്രാമപഞ്ചായത്ത് എന്നിവ മുൻകൈ എടുക്കണം. തിരുമംഗലം IHDP കോളനിയിലും ബപ്പനം മല അംബേദ്കർ കോളനിയിലും പ്രത്യേക ജലവിതരണ പദ്ധതി നടപ്പിലാക്കുകയും വേണം.

## 4. പാർപ്പിടം:

ഈ പഞ്ചായത്തിലെ 304 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകേണ്ടതും നിലവിലുള്ള വീടുകൾ റിപ്പയർ ചെയ്യേണ്ടതുമാണ്.

## 5. വൈദ്യുതി:

ഈപഞ്ചായത്തിലെ 532 സങ്കേതങ്ങളിൽ 8 എണ്ണം മാത്രമെ വൈദ്യുതീകരിച്ചിട്ടുള്ളു. ബാക്കിയുള്ള എല്ലാ കോളനികളിലും വൈദ്യുതി സമയബന്ധിതമായി എത്തിക്കണം. ബപ്പനംമല അംബേദ്കർ കോളനിയിലെ 25 വീടുകളും റീവയറിംഗ് നടത്തുക. പുതുശ്ശേരിക്കുന്ന്, തേനംമാക്കി; കക്കണംകുന്ന് എന്നീ കോളനികളിൽ വൈദ്യുതി എത്തിക്കുക. കൂവലത്തോട്, കാവര എന്നീ വയറിംഗ് പൂർത്തിയായ കോളനികളിൽ വൈദ്യുത എത്തിക്കുക എന്നീ പ്രവൃത്തികൾ അടിയന്തിരമായി നടത്തേണ്ടതാണ്. സൗരോർജ്ജ വിളക്കുകളും സ്ഥാപിക്കേണ്ടതാണ്.

## 6. സാമൂഹ്യക്ഷേമം:

പഞ്ചായത്തിലെ അർഹതയുള്ളവരിൽ അമ്പതു ശതമാനം പേർക്കും കർഷകത്തൊഴിലാളി പെൻഷൻ; വിധവാ പെൻഷൻ; അഗതി പെൻഷൻ; വികലാംഗപെൻഷൻഎന്നിവ ലഭിക്കുന്നില്ല. ഇത്തരം ആളുകളെ ഗ്രാമസഭകൾ മുഖേന കണ്ടെത്തി പഞ്ചായത്തു വഴിയായി പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളേയും IRDP ഗുണഭോക്താക്കളായി അംഗീകരിക്കേണ്ടതും ധനസഹായം ലഭ്യമാക്കേണ്ടതുമാണ്. ആദിവാസികൾക്കായി പ്രത്യേക ശ്മശാനങ്ങൾ ഏർപ്പെടുത്തേണ്ടതും നിലവിലുള്ളവ സംരക്ഷിക്കേണ്ടതുമാണ്.

## 7. സഹകരണം:

ഈ പഞ്ചായത്തിൽ പട്ടികവർഗ്ഗസഹകരണ സംഘങ്ങൾ ഒന്നും തന്നെയില്ല. ഇവിടത്തെ മുഴുവൻ പട്ടിക വർഗ്ഗക്കാരേയും ഉൾപ്പെടുത്തി ഒരു വിവിധോദ്ദേശ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങേണ്ടതാണ്. ഈ സംഘത്തിൻെറ കീഴിൽ സഹകരണ സ്റ്റോർ, ടൈലറിംഗ് യൂനിറ്റ്, ബുക്ക് ബൈൻറിംഗ് യൂനിറ്റ് എന്നിവ ആരംഭിക്കേണ്ടതാണ്. സംഘത്തിനു കീഴിൽ ഒരു ആംബുലൻസു സൗകര്യവും ആവശ്യമാണ്.

## 8. ഗതാഗതം:

പല പട്ടികവർഗ്ഗകോളനികളിലേക്കും ഗതാ

ഗതയോഗ്യമായ റോഡുകളോ നടപ്പാതകളോ ഇല്ല. താഴെ പറയുന്ന കോളനികളെ ബന്ധിപ്പിക്കുന്ന റോഡുകൾ ട്രൈബൽ സബ്പ്ലാനിൽപെടുത്തി നിർമ്മിക്കേണ്ടതാണ്.

1. പന്തിപ്പൊയിൽ-ബപ്പനംമല കോളനി റോഡ് 2. പന്തിപ്പൊയിൽ - അരിക്കളം കുറിച്യാ കോളനിറോഡ് 3. 13-ാം മൈൽ - തേനമ്മാക്കിൽ പണിയക്കോളനി റോഡ് 4. ഡാംസൈറ്റ് -മാടത്തും പാറകോളനി റോഡ് 5. ചിറവൻകൊലി - പുഞ്ചവയൽ കോളനി റോഡ് 6. പുതുശ്ശേരിക്കുന്ന് - ഉക്കിനികോളനി റോഡ് 7. മുറിപ്പുഴ - കക്കണക്കുന്ന് കോളനി റോഡ് 8. തിരുമംഗലം കോളനി റോഡ്.

നടപ്പാതകൾ: 1 പുഞ്ചവയൽ കോളനി 2. ചെറോംകുന്നു കോളനി 3. തേനംമാക്കി കോളനി

**9. ഊർജ്ജം:**

വിറകിന് ക്ഷാമം നേരിടുന്ന ഇക്കാലത്ത് ആദിവാസികോളനികളിൽ പുകയില്ലാത്ത അടുപ്പുകളും സ്റ്റൗ മുതലായവയും സ്ഥാപിക്കേണ്ടതും ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കേണ്ടതുമാണ്. കുറിച്യ കോളനികളിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് കൃഷിവകുപ്പും പട്ടികവർഗ്ഗവികസവകുപ്പും മുൻകൈ എടുക്കേണ്ടതാണ്. മേൽപറഞ്ഞ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും പ്രത്യേക പരിഗണന നൽക്കേണ്ടതാണ്.

## അനുബന്ധം പട്ടിക ഒന്ന്

| ക്രമനമ്പർ | വാർഡുനമ്പർ | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | I | കൊറ്റുകുളം പണിയകോളനി | 5 | 19 |
| 2 | I | ചേരിയാകൊല്ലിപണിയക്കോളനി | 8 | 60 |
| 3 | II | കുന്നേരിക്കുന്ന് പണിയകോളനി | 4 | 24 |
| 4 | II | ആലക്കാംമിറ്റം കുറിച്യകോളനി | 8 | 65 |
| 5 | II | കുന്നതുംകര കുറിച്യകോളനി | 5 | 46 |
| 6 | II | എരഞ്ഞാണകുന്ന് (ചാലിൽ) പണിയകോളനി | 3 | 22 |
| 7 | III | കല്ലുംമൊട്ടമ്മൽ കുറിച്യകോളനി | 2 | 8 |
| 8 | II | അത്തിക്കൽ കുറിച്യകോളനി | 2 | 16 |
| 9 | III | പുതുക്കോട്ടുകുന്നുകുറിച്യകോളനി | 6 | 25 |
| 10 | II | കോന്തമംഗലംപണിയകോളനി | 11 | 69 |
| 11 | II | വെങ്ങിലേരിമുറ്റം കുറിച്യക്കോളനി | 8 | 57 |
| 12 | I | തേറുമൽ പയനമൊട്ടംകുന്ന് പണിയകോളനി | 5 | 35 |
| 13 | II | വെങ്ങലേരിക്കുന്ന് പണിയക്കോളനി | 5 | 24 |
| 14 | III | നെല്ലിക്കൽകുന്ന് പണിയക്കോളനി | 3 | 14 |
| 15 | II | ചൽക്കാരകുന്ന് പണിയക്കോളനി | 6 | 33 |
| 16 | III | പുതുശ്ശേരികുന്ന് പണിയക്കോളനി | 2 | 16 |
| 17 | III | അമ്പലക്കണ്ടി പണിയക്കോളനി | 2 | 18 |
| 18 | I | മുറിപ്പുഴ പണിയക്കോളനി | 2 | 14 |
| 19 | III | പുത്തൻമിറ്റം കുറിച്യക്കോളനി | 7 | 29 |

| | | | | |
|---|---|---|---|---|
| 20 | III | പൂളക്കുഴികുറിച്യക്കോളനി | 5 | 35 |
| 21 | II | കക്കണക്കുന്ന് പണിയക്കോളനി | 9 | 114 |
| 22 | III | ചാണാലത്ത് പണിയക്കോളനി | 12 | 65 |
| 23 | III | കണ്ണോത്ത് കുന്ന് പണിയക്കോളനി | 5 | 46 |
| 24 | III | ഉക്കിനിപുതുശ്ശേരിക്കുന്ന് കുറിച്യകോളനി | 6 | 43 |
| 25 | III | ചുണ്ടക്കണ്ടി കുറിച്യകോളനി | 13 | 71 |
| 26 | VII | ചേറോംകുന്ന് പണിയകോളനി | 10 | 59 |
| 27 | V | തിരുമംഗലം പണിയകോളനി | 19 | 70 |
| 28 | V | ചോരക്കണ്ടി പണിയകോളനി | 2 | 10 |
| 29 | V | കട്ടയാട്ടുകുന്ന് പണിയകോളനി | 1 | 6 |
| 30 | VI | തേനമാക്കി പണിയകോളനി | 12 | 66 |
| 31 | VII | പുഞ്ചവയൽ പണിയകോളനി | 6 | 45 |
| 32 | VII | പിലാത്തോട്ടം പണിയകോളനി | 5 | 23 |
| 33 | VII | കേഴയാട് കുന്ന് പണിയകോളനി | 12 | 71 |
| 34 | VII | ആനപ്പാറ കുറിച്യകോളനി | 13 | 58 |
| 35 | VII | മൊട്ടമ്മൽ കുറിച്യകോളനി | 11 | 42 |
| 36 | VII | പുഞ്ചമൂട്ടിൽ കുറിച്യകോളനി | 2 | 11 |
| 37 | VII | മുട്ടാല കുറിച്യകോളനി | 1 | 3 |
| 38 | VII | മാക്കുന്നി കുറിച്യകോളനി | 2 | 10 |
| 39 | VIII | അരിക്കളം കുറിച്യകോളനി | 8 | 64 |
| 40 | VIII | ചേക്കോത്ത് പണിയകോളനി | 2 | 9 |
| 41 | VIII | മാടത്തുംപാറ പണിയകോളനി | 6 | 39 |
| 42 | VIII | കൂവലത്തോട് പണിയകോളനി | 12 | 100 |
| 43 | VIII | കോട്ടാലക്കുന്ന് പണിയകോളനി | 7 | 45 |
| 44 | VIII | കാവരപണിയകോളനി | 11 | 53 |
| 45 | IX | ബപ്പനംമല കാട്ടുനായ്ക്കകോളനി | 25 | 72 |
| 46 | IX | പെരിങ്ങോട്ട്കുന്ന് പണിയകോളനി | 25 | 135 |
| 47 | IX | ചീരപ്പൊയിൽ പണിയകോളനി | 10 | 50 |
| 48 | IX | നരിപ്പാറ പണിയകോളനി | 9 | 67 |
| 49 | IX | തൂമ്പോട്ട് പണിയകോളനി | 3 | 23 |
| 50 | IX | ചല്യംകുന്ന് പണിയകോളനി | 4 | 29 |
| 51 | IX | കരയച്ചാൽ പണിയകോളനി | 3 | 24 |
| 52 | IX | താനിയോട്ടു കുറിച്യകോളനി | 7 | 31 |
| | | ആകെവീടുകൾ,അംഗങ്ങൾ | 377 | 2066 |

## അനുബന്ധം പട്ടിക രണ്ട്

| ക്രമ നമ്പർ | കോളനിയുടെ പേര് | വീട്ടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | കക്കൂസ് ഉള്ളവർ (വീടുകൾ) | കക്കൂസ് ഇല്ലാത്ത വീടുകൾ |
|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | | |
| 1 | കൊറ്റുകുളം പണിയകോളനി | - | 5 | - | 2 | 4 | 3 |
| 2 | ചേരിയംകൊല്ലി - Do- | - | 2 | 6 | 4 | - | 10 |
| 3 | കുന്നേരിക്കുന്ന് -Do- | - | 4 | - | 2 | - | 6 |
| 4 | കുന്നത്തുംകര കുറിച്യകോളനി | - | 3 | 2 | 4 | - | 9 |
| 5 | ആലക്കാമിറ്റം -Do- | - | 4 | 4 | 3 | - | 11 |
| 6 | എരഞ്ഞാണക്കുന്നു പണിയകോളനി | - | 2 | 1 | 4 | - | 7 |
| 7 | കല്ലുമൊട്ടമ്മൽ കുറിച്യകോളനി | - | 1 | 1 | 1 | - | 3 |
| 8 | അത്തിക്കൽ -Do- | - | - | 2 | 2 | - | 4 |
| 9 | പുതുക്കോട്ടുകുന്ന് പണിയകോളനി | - | 5 | 1 | 3 | | 9 |
| 10 | കോന്തമംഗലംകുന്ന് -Do- | - | 3 | 8 | 3 | - | 14 |
| 11 | വെങ്ങലേരിമുറ്റം കുറിച്യകോളനി | - | 3 | 5 | 5 | - | 13 |
| 12 | തേറുമ്മൽ പണിയകോളനി | - | - | 2 | 3 | 3 | 3 |
| 13 | വെങ്ങലേരിക്കുന്ന് -Do- | - | - | 5 | 2 | - | 7 |
| 14 | നെല്ലിക്കൽകുന്ന് -Do- | - | 1 | 2 | 1 | - | 4 |
| 15 | ചൽക്കാരക്കുന്ന് -Do- | - | 4 | 2 | 4 | - | 10 |
| 16 | പുതുശ്ശേരിക്കുന്ന് -Do- | - | - | 2 | 3 | - | 5 |
| 17 | അമ്പലക്കണ്ടി -Do- | - | 2 | - | 2 | - | 4 |
| 18 | മുറിപ്പുഴ -Do- | - | 2 | - | 3 | - | 5 |
| 19 | പുത്തൻമിറ്റം കുറിച്യകോളനി | - | 5 | 2 | 2 | - | 9 |
| 20 | പൂളക്കുഴി - -Do- | - | 3 | 2 | 4 | - | 9 |
| 21 | കക്കണം കുന്നു പണിയകോളനി | - | 7 | 2 | 1 | - | 9 |
| 22 | ചാണാലത്ത് -Do- | - | 10 | 2 | 2 | - | 14 |
| 23 | കണ്ണോത്ത്കുന്ന് -Do- | - | 2 | 3 | 7 | 1 | 11 |
| 24 | ഉക്കിനി (പുതുശ്ശേരിക്കുന്ന്) കുറിച്യകോളനി | - | 4 | 2 | 2 | | 8 |
| 25 | ചുണ്ടക്കണ്ടി -Do- | - | 9 | 4 | 6 | - | 19 |
| 26 | ചേറോംകുന്നു പണിയ കോളനി | - | 8 | - | - | 1 | 7 |
| 27 | തിരുമംഗലം -Do- | - | 19 | - | - | 10 | 9 |
| 28 | ചോരക്കണ്ടി -Do- | - | - | 2 | 1 | - | 3 |
| 29 | കൊട്ടയാട്ടുകുന്ന് -Do- | - | 1 | - | 1 | - | 2 |
| 30 | തേനംമാക്കി -Do | - | 6 | 1 | 9 | - | 16 |
| 31 | പുഞ്ചവയൽ -Do- | - | 6 | | 6 | - | 12 |
| 32 | പിലാത്തോട്ടം -Do- | - | 6 | - | 3 | - | 9 |
| 33 | കേഴയാട്ടുകുന്ന് -Do- | - | 12 | - | 4 | - | 16 |
| 34 | ആനപ്പാറ കുറിച്യകോളനി | - | 10 | 3 | 1 | - | 14 |
| 35 | മൊട്ടമ്മൽ -Do- | - | 6 | 5 | 2 | - | 13 |
| 36 | പുഞ്ചമട്ടിൽ -Do- | - | 2 | - | - | - | 2 |
| 37 | മുട്ടാല -Do- | - | 1 | - | - | - | 1 |
| 38 | മാക്കുനി -Do- | - | 1 | - | - | - | 1 |
| 39 | അരീക്കുളം -Do- | - | 8 | - | 2 | - | 10 |

| | | | | | | | |
|---|---|---|---|---|---|---|---|
| 40 | ചക്കോത്തും പണിയകോളനി | - | 1 | 1 | 1 | - | 3 |
| 41 | മൂടത്തുംപാറ -Do- | - | 4 | 2 | 6 | - | 12 |
| 42 | കൂവലത്തോട് -Do- | - | 15 | 3 | 6 | - | 24 |
| 43 | കോട്ടാലക്കുന്ന് -Do- | - | 4 | 3 | - | - | 7 |
| 44 | കാവര -Do- | - | 10 | - | 3 | - | 13 |
| 45 | ബപ്പനംമല കാട്ടുനായ്ക്കകോളനി | - | 25 | - | - | 25 | - |
| 46 | പെരിങ്ങോട്ടുകുന്ന് പണിയകോളനി | - | 14 | 11 | 5 | - | 30 |
| 47 | ചീറപ്പൊയിൽ -Do- | - | 9 | 1 | 5 | - | 15 |
| 48 | നരിപ്പാറ -Do- | - | 1 | 8 | - | - | 9 |
| 49 | തുമ്പോട്ടു -Do- | - | 1 | 2 | 3 | - | 8 |
| 50 | ചല്യാംകുന്ന് -Do- | - | 2 | 2 | 4 | - | 8 |
| 51 | കരയച്ചാൽ കുറിച്യകോളനി | - | 3 | 1 | 1 | - | 5 |
| 52 | താന്നിയോട്ടുകുന്ന് -Do- | - | 5 | 2 | - | - | 7 |

## അനുബന്ധം - പട്ടിക മൂന്ന്

| ക്രമ നമ്പർ | കോളനിയുടെ പേര് | റോഡുകൾ | | വൈദ്യുതി | | കുടിവെള്ളം | | പൊതു കക്കൂസ് |
|---|---|---|---|---|---|---|---|---|
| | | ഗതാഗതയോഗ്യമായത് | ഗതാഗതയോഗ്യമല്ലാത്തവ | ഇല്ലാത്തവ | വൈദ്യുതീകരണം തുടങ്ങിയവ | കിണർ | ടാപ്പ് | |
| 1 | കൊറുകുളം പണിയക്കോളനി | - | ഇല്ല | ഇല്ല | - | ഉണ്ട് | - | ഇല്ല |
| 2 | ചേരീയംകൊല്ലി - Do- | ഉണ്ട് | - | ഇല്ല | - | ഉണ്ട് | - | ഇല്ല |
| 3 | കുന്നേരിക്കുന്ന് -Do- | - | - | ഇല്ല | - | ഇല്ല | - | - |
| 4 | ആലക്കമിറ്റം -Do- | - | - | - | ഉണ്ട് | ഉണ്ട് | - | - |
| 5 | കുന്നത്തുംകര -Do | - | - | - | - | - | - | - |
| 6 | അരഞ്ഞാണക്കുന്ന് Do- | - | - | - | - | - | - | - |
| 7 | കല്ലുമൊട്ടമ്മൽ | ഉണ്ട് | - | - | - | - | - | - |
| 8 | അത്തിക്കൽ | ഉണ്ട് | - | - | - | - | - | - |
| 9 | പുതുക്കോട്ടുകുന്ന് | - | - | - | - | ഉണ്ട് | - | - |
| 10 | കോന്തമംഗലം | - | - | - | - | ഉണ്ട് | - | - |
| 11 | വെങ്ങിലേരി മുറ്റം | - | - | - | - | ഉണ്ട് | - | - |
| 12 | തേറുമ്മൽ | - | - | - | - | ഉണ്ട് | - | - |
| 13 | വെങ്ങലേരിക്കുന്ന് | - | - | - | - | - | - | - |
| 14 | തെല്ലിക്കൽകുന്ന് | | - | - | - | - | - | - |
| 15 | അമ്പലക്കണ്ടി | | - | - | - | - | - | - |
| 16 | പുതുശ്ശേരിക്കുന്ന് | | - | - | - | - | - | - |
| 17 | അമ്പലക്കണ്ടി | | - | - | - | - | - | - |
| 18 | മൂറിപ്പുഴ | - | - | - | | - | - | - |
| 19 | പുത്തൻമിറ്റം | | - | - | | ഉണ്ട് | - | - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 20 | പൂളക്കുഴി | | - | - | - | - | - | - |
| 21 | കക്കണംകുന്ന് | ഉണ്ട് | - | - | - | ഉണ്ട് | - | - |
| 22 | ചാണാലത്ത് | - | - | - | - | ഉണ്ട് | - | - |
| 23 | കണ്ണോത്ത്കുന്ന് | - | - | - | - | ഉണ്ട് | - | - |
| 24 | ഉക്കിനി | - | ഉണ്ട് | - | - | ഉണ്ട് | - | ഉണ്ട് |
| 25 | മുണ്ടക്കണ്ടി | - | ഉണ്ട് | - | - | - | - | - |
| 26 | തിരുമംഗലം | - | ഉണ്ട് | - | ഉണ്ട് | | - | ഉണ്ട് |
| 27 | ചെറോംകുന്ന് | ഉണ്ട് | - | - | ഉണ്ട് | ഉണ്ട് | - | ഉണ്ട് |
| 28 | ചോരക്കണ്ടി | - | - | - | - | - | - | - |
| 29 | കൊട്ടയാട്ടുകുന്ന് | - | - | - | - | - | - | - |
| 30 | തേനംമാക്കി | ഉണ്ട് | - | - | - | - | - | - |
| 31 | പുഞ്ചവയൽ | - | - | - | - | ഉണ്ട് | - | - |
| 32 | പിലാത്തോട്ടം | ഉണ്ട് | - | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 33 | കേഴയാട്ടുകുന്ന് | - | - | - | ഉണ്ട് | - | - | - |
| 34 | ആനപ്പാഴ | - | ഉണ്ട് | - | ഉണ്ട് | ഉണ്ട് | - | - |
| 35 | മൊട്ടമ്മൽ | - | ഉണ്ട് | - | - | ഉണ്ട് | - | - |
| 36 | പുഞ്ചമൂട്ടിൽ | - | ഉണ്ട് | - | - | - | - | - |
| 37 | മൂട്ടാല | - | - | - | - | - | - | - |
| 38 | മാക്കുനി | - | - | - | - | ഉണ്ട് | - | - |
| 39 | അരീക്കുളം | - | ഉണ്ട് | - | ഉണ്ട് | ഉണ്ട് | - | - |
| 40 | ചെക്കോത്ത് | - | ഉണ്ട് | - | ഉണ്ട് | ഉണ്ട് | - | - |
| 41 | മാടത്തുംപാറ | - | ഉണ്ട് | - | - | - | - | - |
| 42 | കൂവലത്തോട് | - | - | - | - | - | ഉണ്ട് | - |
| 43 | കോട്ടാലക്കുന്ന് | - | - | - | - | - | - | - |
| 44 | കാവര | - | - | - | - | ഉണ്ട് | - | - |
| 45 | ബപ്പനംമല | - | ഉണ്ട് | - | ഉണ്ട് | - | ഉണ്ട് | ഉണ്ട് |
| 46 | പെരിങ്ങോട്ടുകുന്ന് | - | - | - | - | ഉണ്ട് | - | - |
| 47 | ചീരപ്പൊയിൽ | - | - | - | - | - | - | - |
| 48 | നരിപ്പാറ | - | - | - | - | ഉണ്ട് | - | - |
| 49 | തുമ്പോട്ട് | - | - | - | - | - | - | - |
| 50 | ചെല്യാംകുന്ന് | - | - | - | - | ഉണ്ട് | - | - |
| 51 | കരയച്ചാൽ | - | - | - | - | - | - | - |
| 52 | താനിയോടുകുന്ന് | - | - | - | - | - | - | - |




വികസ്വരരാജ്യമായ ഇന്ത്യയിലെ ഭൂരിഭാഗം ഗ്രാമങ്ങളും ഗതാഗത സൗകര്യങ്ങൾ വേണ്ടത്രയില്ലാത്തവയാണ്. യാത്രചെയ്യേണ്ടത് അനിവാര്യമായതിനാൽ ഓരോ വർഷവും റോഡുകൾ നിർമ്മിക്കുന്നതിന് കോടികൾ നമ്മുടെ രാജ്യത്ത് ചിലവഴിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ വികസനവും എത്തിച്ചേരുന്നത് റോഡുകളിലൂടെയാണെന്ന ഒരു മിഥ്യാധാരണയിൽപോലും നാം എത്തിച്ചേർന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. വീടുകളിൽ എത്തിച്ചേരുന്നതിന് വാഹനസൗകര്യമുള്ള റോഡുകൾ സ്വപ്നം കാണുന്നവരാണ് ഓരോ കേരളീയനും അതുകൊണ്ടായിരിക്കാം 55.18 ചതുരശ്ര കി.മീ. മാത്രം വിസ്തീർണ്ണമുള്ള പടിഞ്ഞാറത്തറ പഞ്ചായത്തിൽപോലും 94. കീ.മീറ്ററോളം റോഡുകൾ നിർമ്മിക്കപ്പെട്ടതും 44.4 കി.മീ. റോഡുകളും 19.4 കി. മീറ്ററോളം നടപ്പാതകളും 21 പാലങ്ങളും നിർമ്മിക്കാൻ ഗ്രാമസഭകളിലൂടെ ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടതും സ്വാതന്ത്ര്യത്തിനുമുമ്പ് പഞ്ചായത്തിൽ റോഡെന്ന് വിശേഷിപ്പിക്കാവുന്നത് ഇന്ന് കല്പറ്റ-മാനന്തവാടി റോഡായിമാറിയ കുതിരപാണ്ടി റോഡുമാത്രമായിരുന്നു. കാളവണ്ടികളും വേനൽക്കാലങ്ങളിൽ മാത്രം അപൂർവ്വം ജീപ്പും ലോറിയും സഞ്ചരിച്ചിരുന്ന ഈ മൺപാത ഇന്ന് വാഹനതിരക്കേറിയ (1996 ഒക്ടോബറിലെ കണക്കുപ്രകാരം 50 വാഹനങ്ങൾ ഒരു മണിക്കൂറിൽ) ഒരു പ്രധാന റോഡായി മാറിക്കഴിഞ്ഞു. വളരെക്കാലത്തെ മുറവിളികൾക്കുശേഷം 1970-ൽ തരുവണയിൽനിന്നും പടിഞ്ഞാറത്തറവരെ റോഡ് ടാർ ചെയ്യുകയും പുതുശ്ശേരി കടവിൽ പാലം നിർമ്മിക്കുകയും ചെയ്തു. വിദ്യാഭ്യാസത്തിനും സാധനങ്ങൾ വാങ്ങിക്കുന്നതിനും ആഫീസുകാര്യങ്ങൾക്കും കിലോമീറ്ററോളം നടന്ന് വൈത്തിരി മാനന്തവാടി എന്നീ കേന്ദ്രങ്ങളിലേക്ക് യാത്രചെയ്തിരുന്നവർക്ക് ഇത് വലിയൊരുശ്വാസമായി. തരിയോട് വഴി വൈത്തിരിയിലേക്കും തരുവമവഴി മാനന്തവാടിയിലേക്കും ബസ്സുകൾ ആരംഭിച്ചതും ജീപ്പുകൾ, ലോറികൾ എന്നിവ യഥേഷ്ടം ഓടിത്തുടങ്ങിയതും യാത്രക്കാർക്ക് ഗുണകരമായി. 1982-ൽ കല്പറ്റ വാരാമ്പറ്ററോഡ് ടാർചെയ്യുകയും 1985-ൽ എടത്തറ കടവിന് പാലം വന്നതോടെ കല്പറ്റയിലേക്ക് ബസ്സുകൾ ഓടിത്തുടങ്ങിയതും പടിഞ്ഞാറത്തറപഞ്ചായത്തിൽ ഉണർവ്വും ചലനവും ഉണ്ടാക്കുകയും വികസനത്തിന് വഴിയൊരുക്കുകയും ചെയ്തു. ദേശസാൽക്കരണം നിർത്തലാക്കിയതോടെ ധാരാളം പ്രൈവറ്റ് ബസുകൾ സർവ്വീസ് ആരംഭിച്ചു. ഇന്ന് 22 സ്വകാര്യബസുകളും കോഴിക്കോട്ടേക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസും സർവ്വീസ് നടത്തുന്നുണ്ട്. വിദ്യാർത്ഥികളും വ്യാപാരികളും തൊഴിലാളികളും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു വലിയ ജനാവലി



നിത്യവും ഈ റൂട്ടിൽ യാത്രചെയ്യുന്നു. പടിഞ്ഞാറത്തറയിലെ വ്യാപാരവളർച്ചക്കും കാർഷികാഭിവൃദ്ധിക്കും ഈ റോഡ് നിർണ്ണായകമായ പങ്കുവഹിക്കുന്നു. 10-ാം വാർഡുകളുള്ള പഞ്ചായത്തിലെ മറ്റുറോഡുകളിൽ ഒന്നുംതന്നെ ബസ് സർവ്വീസ് ആരംഭിച്ചിട്ടില്ല. റോഡുകളുടെ ശോച്യാവസ്ഥ തന്നെയാണ് കാരണം. കാപ്പിക്കളം(x-ാം വാർഡ്ചേര്യംകൊല്ലി മുണ്ടക്കുറ്റി (1-ാം വാർഡ്) എന്നീ പ്രദേശങ്ങൾ ഇന്നും ഗതാഗതസൗകര്യം ലഭിക്കാത്തവയാണ്. നിലവിലുള്ള 66ഓളം റോഡുകൾ പഞ്ചായത്തിൻേറയും പിഡബ്ല്യുഡിയുടെയും കാരുണ്യം കാത്ത് താറുമാറായി കിടക്കുകയാണ്. ആവശ്യമായ അറ്റകുറ്റപണികൾപോലും നടക്കുന്നില്ല. വിദ്യാർത്ഥികളും ജോലിക്കാരും കച്ചവടക്കാരും രോഗികളും നിത്യവും യാത്രാക്ലേശമനുഭവിക്കുന്നവരാണ്. കൃത്യനിഷ്ഠപാലിക്കേണ്ട ഒരു ജീവിതവൃത്തത്തിലാണല്ലോ നാം. അതുകൊണ്ട് തന്നെ വാഹനങ്ങൾ എല്ലാവരുടെയും അത്യാവശ്യമായ മാറിയിരിക്കയാണ്. കല്പറ്റ-മാനന്തവാടി റോഡ് പലസ്ഥലങ്ങളിലും പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതായിരിക്കയാണ്. കാലവർഷം കൂടുതൽ ലഭിക്കുന്ന വയനാട്ടിൽ റോഡുകൾ എല്ലാവർഷവും അറ്റകുറ്റപ്പണികൾ തീർക്കേണ്ടത് അനിവാര്യമാണ്. കുന്നുകളും താഴ്വാരങ്ങളുമായുള്ള ഭൂപ്രകൃതി റോഡുകളുടെ നിർമ്മാണം എളുപ്പമല്ലാതാക്കുന്നു. കാളവണ്ടികൾ പൂർണ്ണമായും അപ്രത്യക്ഷമാവുകയും ജീപ്പുകളും ഓട്ടോറിക്ഷകളും ദിനംപ്രതി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡ് കോഴിക്കോട്ടേക്കുള്ളഒരു ബദൽ റോഡാണ്. വാഹനത്തിരക്കുകാരണം തകർന്നു തുടങ്ങിയ ചുരംറോഡിന് പകരമായുള്ള ഈ റോഡ് സാങ്കേതിക തടസ്സങ്ങളിൽ നിന്നും മോചിതമായിട്ടില്ല.

## പഞ്ചായത്തിലെ പ്രധാനറോഡുകളും പ്രശ്നങ്ങളും

1 കല്പറ്റ-മാനന്തവാടി റോഡ്: 36 Km വരുന്നതും കല്പറ്റ-മാനന്തവാടി എന്നീ പട്ടണങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ ഏറ്റവും പ്രാധന്യമർഹിക്കുന്ന റോഡാണിത്. പടിഞ്ഞാറത്തറ, പുതുശ്ശേരിക്കടവ് എന്നീ കേന്ദ്രങ്ങളിലൂടെ കടന്നുപോകുന്ന ഈറോഡ് അറ്റകുറ്റപ്പണികൾ യഥാസമയം നടക്കാത്തതിനാൽ ഭാഗീകമായി ഗതാഗതയോഗ്യമല്ലാതായി തീർന്നിരിക്കയാണ്.

2 ചെന്നലോട്ചേര്യം കൊല്ലിറോഡ്: കുപ്പാടിത്തറ വില്ലേജിലെ ജനങ്ങളുടെ ഏക ആശ്രയമായ റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് ചേര്യംകൊല്ലിയിൽ പാലം നിർമ്മിച്ചുകൊണ്ടിരിക്കയാണ്. പാലം പണി ആരംഭിച്ചുവെങ്കിലും റോഡ് പ്രവർത്തി ആരംഭിക്കാത്തത് ജനങ്ങളുടെ പ്രതിഷേധത്തിന് കാരണമായിട്ടുണ്ട്. റോഡിൻെറ പ്രാധാന്യം കണക്കിലെടുത്ത് പ്രവർത്തി അടിയന്തിരമായി ആരംഭിക്കേണ്ടതാണ്. റോഡിൻെറ നീളം 11 (പതിനൊന്ന്) കിലോമീറ്ററാണ്.

3 16-ാംമൈൽ കുന്നേരിക്കുന്ന് റോഡ്: ടാർ ചെയ്തിട്ടുണ്ടെങ്കിലും ബസ് സർവ്വീസ് ആരംഭിച്ചിട്ടില്ല. റോഡിൻെറ നീളം 2.500 കി.മീറ്ററാണ്. പഞ്ചായത്തിൻെറ ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യണം.

4 പടിഞ്ഞാറത്തറ - കുപ്പാടിത്തറ റോഡ്:ടാർ ചെയ്തതാണെങ്കിലും പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടില്ല. വർഷങ്ങളായി റീടാർ ചെയ്യുകയോ മറ്റ് അറ്റകുറ്റപ്പണികൾ ചെയ്യുകയോ ഉണ്ടായിട്ടില്ല. ജീപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്. ബസ് സർവ്വീസ് ആരംഭിച്ചിരുന്നുവെങ്കിലും റോഡിൻെറ ശോചനീയാവസ്ഥ കാരണം ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല. റോഡിൻെറ നീളം 2.900 കി.മീറ്ററാണ്.

5 പടിഞ്ഞാറത്തറ തെങ്ങുംമുണ്ട റോഡ് : വെള്ളമുണ്ട പഞ്ചായത്തിലേക്കുള്ള ഏറ്റവും ദൈർഘ്യം കുറഞ്ഞ റോഡാണിത്. ജീപ്പുകൾ സർവ്വീസ് നടത്തിയിരുന്നെങ്കിലും പൂഴിത്തോട് റോഡിൻെറ നിർമ്മാണം നടക്കുന്നതിനാൽ നിർത്തിവെച്ചു. ദൂരം 3.00 കി.മീറ്ററാണ്.

6 പടിഞ്ഞാറത്തറ - കാപ്പിക്കളം റോഡ് : പത്താം വാർഡിലേയും ഒമ്പതാം വാർഡിലേയും ജനങ്ങളുടെ ഏക ആശ്രമായമാണീ റോഡ്. ടാർ ചെയ്തിട്ടുണ്ടെങ്കിലും ബസ് സർവ്വീസ് ആരംഭിച്ചിട്ടില്ല. ജീപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട് നീളം 4 കീമി.

7 കാപ്പുണ്ടിക്കൽ-പേരാൽ റോഡ്: ടാർ ചെയ്തതും

ജീപ്പുകൾ സഞ്ചരിക്കുന്നതുമായ റോഡാണ്. അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ഗതാഗതയോഗ്യമല്ല. ബസ് സർവ്വീസ് ഇല്ല. സൈഡ് ഭിത്തി നിർമ്മിച്ച് ഗതാഗതയോഗ്യമാക്കണം. നീളം 2.500 കി.മീറ്ററാണ്.

8 13-ാം മൈൽ റീപ്ലെയ്സ്മെൻറ് റോഡ്: ടാർ ചെയ്തതും കോഴിക്കോട്ടേക്ക്ഇപ്പോൾ ആരംഭിച്ച കെ. എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതുമായ റോഡാണിത്. മഞ്ഞൂറ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പടിഞ്ഞാറത്തറയിലും തരിയോടും എത്തിച്ചേരാനുള്ള സൗകര്യം ഉണ്ട്. നീളം 3.000 കി.മീറ്ററാണ്.

9 മില്ലുമുക്ക്-തിരുമംഗലം റോഡ് : പകുതി ടാർ ചെയ്തിട്ടുണ്ട്. ജീപ്പുകൾ സർവ്വീസ് നടത്തുന്നു. പഞ്ചായത്ത് റോഡാണ്. അരമ്പറ്റ പ്രദേശങ്ങളിലേക്ക് ഈ റോഡിലൂടെ എത്തിച്ചേരാം.നീളം 1.500 കി.മീറ്റർ ബാക്കിവരുന്ന ഭാഗം ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

10 16-ാംമൈൽ-പെരിങ്ങണക്കുന്ന് റോഡ് : ടാർ ചെയ്ത പഞ്ചായത്ത് റോഡ്. നീളം 1.500 കി.മീറ്ററാണ്.

ടാർ ചെയ്യാത്തതും ചെറിയവാഹനങ്ങൾക്ക് ഗതാഗതയോഗ്യവുമായ മറ്റനേകം റോഡുകൾ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. ഓരോ വർഷവും വൻതുകകൾ റോഡു നിർമ്മാണത്തിനുവേണ്ടി പഞ്ചായത്ത് ചിലവഴിക്കുന്നുണ്ട്. നടപ്പാതകൾ, പാലങ്ങൾഎന്നിവ നിർമ്മിക്കുന്നതിനും ഫണ്ട് ചിലവഴിക്കുന്നു.

## പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ

1 തരുവണ പടിഞ്ഞാറത്തറ കല്പറ്റ റോഡിൻെറ റീടാറിംഗ്നടത്തുകയും മഴവെള്ളം ഒഴുകുന്നതിന് വശങ്ങളിൽ ചാലുകൾ നിർമ്മിക്കുകയും ചെയ്യുക. വാഹനത്തിരക്കു വർദ്ധിച്ചതിനാൽ മാനന്തവാടി-പടിഞ്ഞാറത്തറ-കല്പറ്റ റോഡ് സ്റ്റേറ്റ് ഹൈവേ ആയി പ്രഖ്യാപിക്കുകയും കൂടുതൽ സംരക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

2 കാപ്പിക്കളം, വാരമ്പറ്റ, ചേര്യംകൊല്ലി, അരമ്പറ്റ, പേരാൽ, മഞ്ഞൂറ എന്നീ പ്രദേശങ്ങളിൽനിന്നും പടിഞ്ഞാറത്തറയിൽ എത്തിച്ചേരാനുള്ള ടാർ റോഡുകൾ അറ്റകുറ്റപ്പണികൾ തീർത്തു ഗതാഗതയോഗ്യമാക്കണം. കുപ്പാടിത്തറ റോഡിൽ കുപ്പാടിത്തറ വരെയെങ്കിലും ബസ് സർവ്വീസ് ആരംഭിക്കണം.

3 ആവശ്യമായ സ്ഥലങ്ങളിൽ റോഡു നിർമ്മിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുകയും റോഡ് എത്രമാത്രം പ്രയോജനകരമാണെന്ന് പരിശോധിച്ചശേഷംമാത്രം അനുമതി നൽകുകയും ചെയ്യണം.

4 റോഡ് നിർമ്മിക്കുമ്പോൾ നല്ല കൃഷിഭൂമികൾ നഷ്ടപ്പെടാതെയും ഏറ്റവും ചുരുങ്ങിയ ദൈർഘ്യത്തിൽ പൂർത്തിയാക്കുകയും ചെയ്യുന്നതിന് ആവശ്യമായ പ്ലാനിംഗ് ഉണ്ടായിരിക്കണം.

5 പടിഞ്ഞാറത്തറ ടൗണിൽ കുട്ടികൾക്കും സ്ത്രീകൾക്കും ബസ് കാത്തു നിൽക്കാൻ സൗകര്യപ്രദമായ ബസ് വെയ്റ്റിംഗ് ഷെഡ് നിർമ്മിക്കണം.

6 പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡിൻെറ ഗുണം ലഭിക്കുന്ന ജനങ്ങളുടെ ശ്രമദാനം ഉപയോഗപ്പെടുത്തുകയും റോഡിൻെറ സംരക്ഷണത്തിൽ അവരുടെ ശ്രദ്ധപതിപ്പിക്കേണ്ടതുമാണ്.

7 പരിസ്ഥിതി പ്രശ്നങ്ങൾ കൂടി കണക്കിലെടുത്തു റോഡുകൾ നിർമ്മിക്കാൻ പാടുള്ളു.

8 അതാതു പ്രദേശത്തെ ജനങ്ങളെ ഉൾപ്പെടുത്തി റോഡ്സംരക്ഷണസമിതികൾക്ക്രൂപം കൊടുക്കണം

9 വാഹനവേഗത നിയന്ത്രിക്കുകയും സ്കൂൾ ജംഗ്ഷനുകളിൽ സിഗ്നൽ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യണം.

10 മുൻപ് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ. ടി.സി. ബസ്സുകൾ പുനരാരംഭിക്കുകയും രാത്രിയിൽ കല്പറ്റ നിന്നും മാനന്തവാടിയിൽനിന്നും പടിഞ്ഞാറത്തറയിലേക്ക് വന്നിരുന്ന സർവ്വീസു

കൾ തുടരുകയും വേണം. ദൂരസ്ഥലങ്ങളിൽ നിന്നും രാത്രിയിൽ പ്രസ്തുത പട്ടണങ്ങളിൽ എത്തിച്ചേരുന്നവർ ടാക്സി ഉപയോഗിക്കേണ്ട തായി വരുന്നു.

11 രാവിലെയും വൈകുന്നേരത്തും കൂടുതൽ ബസു കൾ സർവ്വീസ് നടത്തുകയും വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുകയും ചെയ്യേണ്ട താണ്.

12 പടിഞ്ഞാറത്തറ ടൗണിൽ ബസ്സ്റ്റാഡ്, ടാക് സിസ്റ്റാൻഡ്എന്നിവ വളരെ ആവശ്യമായിരിക്ക യാണ്. ഓട്ടോറിക്ഷകൾക്കും ടൗണിൽ പാർക്കിംഗ്സൗകര്യം ഏർപ്പെടുത്തണം.

13 ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുകയും ട്രാഫിക് നിയമങ്ങൾ കർശനമാക്കുകയും ചെയ്യ ണം.

14 വാഹനങ്ങൾ അനാവശ്യമായ ഉപയോ ഗിക്കുന്നത് തടയുന്നതിനായി ബോധവൽക്ക രണം നടത്തുക.

15 വാഹനങ്ങളിൽനിന്നും പുറത്തുവിടുന്ന പുക യില മലിനവസ്തുക്കളുടെ അളവ് നിയന്ത്രിക്കാ നുള്ള സ്മോക്ക് ടെസ്റ്റിംഗ് സംവിധാനം ഏർപ്പെ ടുത്തുകയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തു കയും ചെയ്യണം.

16 പെട്രോളും ഡീസലും ലഭിക്കാനുള്ള പമ്പുകൾ പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടെ എണ്ണം പരിഗണിച്ച് സ്ഥാപിക്കണം.

17 പടിഞ്ഞാറത്തറയിൽ പ്രവർത്തിക്കുന്ന പി.ഡ ബ്ല്യൂ.ഡി ഓഫീസിലെ അസി.എഞ്ചിനീയർക്ക് പഞ്ചായത്തിലെ അത്യാവശ്യജോലികൾക്കാവ ശ്യമായ ഫണ്ട് അനുവദിക്കാനുള്ള അധികാരം നൽകണം.

## *സാധ്യതകൾ*

1 1994-ൽ ആരംഭിച്ച പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡിൻെറ പണി വളരെ മന്ദഗതിയിലാണ്. വയ നാട്ടിൽനിന്നും താമരശ്ശേരിചുരം റോഡിലൂടെ യാത്രചെയ്യുന്നതിനേക്കാൾ സൗകര്യപ്രദവും ദൂരം ലാഭിക്കാവുന്നതുമായ ഈ റോഡ് കോഴിക്കോട് ജില്ലയെ ചക്കിട്ടപ്പാറ പഞ്ചായത്തി ലൂടെ പൂഴിത്തോടേയ്ക്ക് 27.50 കി.മീ.ദൂരം ഉള്ള താണ്. ഇതിൽ 16.കി.മീ.വനത്തിൽ കൂടെ കടന്നു പോകുമ്പോൾ 52 ഏക്രവനം നഷ്ടപ്പെടു മെന്നാണ് വനംവകുപ്പിൻെറ കണക്ക്. ഇതിന് പകരമായി 104ഏക്ര ഭൂമി ഇരുപഞ്ചായത്തു കളും നൽകാൻ തയ്യാറാണെങ്കിലും കേന്ദ്ര പരിസ് ഥിതി മന്ത്രാലയത്തിൻെറ അനുമതി ലഭിച്ചിട്ടി ല്ലാത്തതിനാൽ നിർമ്മാണം മുടങ്ങിയിരിക്ക യാണ്.വയനാടിൻെറ പ്രത്യേകത കണക്കിലെ ടുത്ത് വനഭൂമി വിട്ടുകൊടുക്കുന്നതിനും താമസം കൂടാതെ റോഡ് പൂർത്തിയാക്കുന്നതിനും ആവ ശ്യമായ നിയമനടപടികൾ ഗവൺമെണ്ടിൻെറ ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. പടിഞ്ഞാറത്തറ പഞ്ചായത്തിൻെറ വികസ നത്തിന് ഇതുവരെ വലിയ മുതൽകൂട്ടായി തീരുന്ന ഒന്നാണ്. റോഡു നിർമ്മാണം നടക്കുമ്പോൾനഷ്ടം സംഭവിക്കുന്ന കെട്ടിടമുട മകൾക്ക് മതിയായ നഷ്ടപരിഹാരം നൽകു വാനും ഗവ.തയ്യാറാകേണ്ടതാണ്.

2 നഞ്ചൻകോട്-വടകര റയിൽവെ ലൈൻ പടിഞ്ഞാറത്തറ വഴി കടന്നുപോകുന്നത് യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ദൂരയാത്ര സൗകര്യപ്രദമാക്കുന്നതിനും സാധ്യതയുള്ള ഒന്നാണ്.

3 താമരശ്ശേരി ചുരം ഡിവിഷൻ ഓഫീസ് കല്പറ്റ യിലേക്ക് മാറ്റിസ്ഥാപിക്കേണ്ടത് ചുരംസം രക്ഷണം കാര്യക്ഷമമാക്കാൻ ആവശ്യമാണ്.

4 പടിഞ്ഞാറത്തറ-കുപ്പാടിത്തറ റോഡ് പി.ഡബ്ല്യു. ഡി.ഏറ്റെടുക്കുകയും ഉടൻ റീടാർചെയ്ത് ഗതാഗ തയോഗ്യമാക്കേണ്ടതുമാണ്.

5 പുതിയറോഡുകൾ നിർമ്മിക്കുന്നതിനേക്കാൾ നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യ മാക്കുന്നതും നല്ലരീതിയിൽ സംരക്ഷിക്കാൻ ശ്രമിക്കുന്നതുമായിരിക്കും കൂടുതൽ പ്രയോജ നകരം.

ഗതാഗതയോഗ്യമാക്കണമെന്ന് നിർദ്ദേശിക്ക പ്പെട്ടിട്ടുള്ള റോഡുകൾ, നടപ്പാതകൾ, പാലങ്ങൾ എന്നി വയുടെ പട്ടിക നൽകുന്നു. അവയുടെ പ്രാധാന്യം ചർച്ച

ചെയ്ത് മുൻഗണനാക്രമം നിശ്ചയിക്കുകയും ജനങ്ങളുടെ കൂട്ടായ ശ്രമദാനവും സർക്കാറിൻെറ ഫണ്ടും ഉപയോഗിച്ച് അടുത്ത പഞ്ചവത്സര പദ്ധതിയിലൂടെ പൂർത്തീകരിക്കുകയും നിലവിലുള്ള സാധ്യതകളും ഗ്രാമസഭകളുടെ നിർദ്ദേശങ്ങളുംമാനിച്ച് ദീർഘവീക്ഷണമുള്ള നല്ല പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുകയും ചെയ്താൽ ജനങ്ങളുടെ ജീവിതനിലവാരവും വരുമാനവും വർദ്ധിപ്പിക്കാവുന്നതാണ്.

## പുതുതായി നിർമ്മിക്കേണ്ട നടപ്പാതകൾ

### വാർഡ്-I

| | | |
|---|---|---|
| (1) | ബാങ്ക് കുന്നിൽനിന്നും അരിവയലിലേക്കുള്ള നടപ്പാത - | 500 M |
| (2) | വലിയജറലാട്ട് കുന്നിൽനിന്നും താഴെ റോഡുമായി ബന്ധപ്പെടാൻ നടപ്പാത - | 300 M |
| (3) | കൊറ്റുകുളം എസ്എഎൽപി സ്കൂളിൽനിന്ന് കരിമ്പിൻമൂലവരെ നടപ്പാത | 600 M |
| (4) | മുറിപുഴയിൽ നിന്നും മാങ്കോട്ടുപള്ളിപാടത്തിലേക്ക് നടപ്പാത - | 500 M |
| (5) | ചുള്ളിയാണ റോഡിൽനിന്നും കല്ലുവെട്ടുംതാഴ ഭാഗത്തേക്ക് നടപ്പാത | 300 M |
| (6) | മുണ്ടക്കുറ്റി പള്ളി - താളിപ്പാറ | 1കി.മീ |
| (7) | കൊട്ടാരംകുന്ന് അരിവയൽ മുണ്ടക്കുറ്റി - | 200 മീ |

### വാർഡ്-II

| | | |
|---|---|---|
| (1) | കൊടുവള്ളിക്കുന്നിലേക്ക് നടപ്പാത | 500മീ |
| (2) | വെങ്ങലേരിക്കുന്ന് - കുറിച്യകോളനി | 1കി.മീ |
| (3) | മാതോത്തുകൊല്ലി ജംഗ്ഷനിൽനിന്ന് | -500മീ |
| (4) | മുണ്ടക്കൽ തോമസ് - പന്നിയോടൻ അമ്മത് അതിർത്തിയിൽ ഇടവഴി - | 500 മീ |
| (5) | നെല്ലിക്കാനത്ത് മത്തായി - കുന്നത്തും കര | -100 മീ |
| (6) | കുപ്പാടിത്തറ വില്ലേജ് - ചൽക്കാരവയലിലേക്ക് | -300മീ |
| (7) | കക്കണക്കുന്നിൽനിന്നും - മാനിയിൽ വയലിലേക്ക് | -300മീ |

### വാർഡ്-III

| | | |
|---|---|---|
| (1) | ചാണാലത്ത് - ചൽക്കാര അങ്കൺവാടി അമ്പലക്കണ്ടിക്കുന്ന് | കി.മീ |
| (2) | കുറുമ്പാല സ്കൂൾ ഒതയോത്തുനടപ്പാത | - 150മീ |
| (3) | നടമ്മൽ മുണ്ടക്കുറ്റി റോഡിൽനിന്നും ശ്മശാനം വരെ- 1 | 50 മീ |
| (4) | ബാങ്ക്കുന്ന്തേർമ്മൽ വയൽ | - 150മീ |
| (5) | കുപ്പാടിത്തറ - ചെറുവേരി വയൽ | |

### വാർഡ്-IV

| | | |
|---|---|---|
| (1) | ബാങ്ക്കുന്ന് അരിവയൽ നടപ്പാത | - 200മീ |
| (2) | പയനമൊട്ടംകുന്ന് നടപ്പാത | -250 മീ |
| (3) | മുണ്ടക്കുറ്റി എൽ.പി. സ്കൂൾ പള്ളിത്താഴ | - 200മീ |
| (4) | വെളിയർത്തുകുന്ന് നടപ്പാത | - 500മീ |
| (5) | വെങ്ങേരിക്കുന്ന്-പുഴക്കടവ് | |

## വാർഡ് - V

| | | |
|---|---|---|
| (1) | ചെന്നലോട്‌വീട്ടിക്കാമൂല ബന്ധപ്പെടുന്ന ഇടവഴി | 500മീ |
| (2) | തിരുമംഗലം കോളനിനടപ്പാത | - 300മീ |

## വാർഡ് - VI

| | | |
|---|---|---|
| (1) | ചെന്ദലോട് Gup സ്കൂളിലേക്കുള്ള നടവഴി | - 150മീ |
| (2) | തേനംമാക്കി കോളനിയിലേക്ക് | - 400മീ |
| (3) | പിലാച്ചേരി കുന്ന് - കൊങ്ങലോട് കുന്ന് | - 500മീ |
| (4) | ചെന്ദലോട് കൊറ്റിയോട്ട്കുന്ന് | - 700മീ |
| (5) | കടവണ്ടി റേഷൻകട | -300 മീ |
| (6) | പാറനിരപ്പുകുന്ന് കോളനി | - 300മീ |

## വാർഡ് - VII

| | | |
|---|---|---|
| (1) | നായ്മൂല കാഞ്ഞിരംപാറ ജോസഫിൻെറ വീടുവരെ | |
| (2) | കൈക്കളക്കുനികുന്ന് - മുരിക്കിലാംപറ്റ | |
| (3) | ചെമ്പകമൂല ഭജനമഠം മുതൽ ചന്ദ്രശേഖരൻവീട് വരെ | |
| (4) | ആനപ്പാറ കുറുവക്കാട് | |
| (5) | പ്ലാക്കിൽ ഫിലിപ്പോസിൻെറ വീടുമുതൽ കേഴയാട്ട് ലക്ഷംവീട് കോളനിവരെ | |
| (6) | 16-ാംമൈൽ കോൺവെൻറ് മുതൽ പൂഞ്ചമൂട്ടിൽവരെ | |
| (7) | പൊൻകുന്ന് നടപ്പാത | - 800 മീ |

## വാർഡ് - VIII

| | | |
|---|---|---|
| (1) | തെങ്ങുമുണ്ട ചിറ്റാലക്കുന്ന് മാടത്തുംപാറ | 1 കി.മീ |
| (2) | വെള്ളച്ചാൽ കാവുംകുന്ന് | - 800മീ |

## വാർഡ് - IX

| | | |
|---|---|---|
| (1) | പുഴക്കൽപീടിക വാരമ്പറ്റ | - 500മീ |
| (2) | വലിയാണ്ടി മേക്കോത്ത് വീട്‌വരെ | - 500മീ |
| (3) | ഓണിമേൽ മുതൽ അണക്കെട്ട്‌വരെ | - 500മീ |
| (4) | മന്ദത്ത്കുന്ന് പുഴവരെ | - 500 മീ |
| (5) | ബപ്പനംതോട് മുതൽ കുപ്പാടിത്തോടുവരെ | 1കിമീ |
| (6) | മുള്ളൻകണ്ടി യത്തീംഖാന-മുള്ളൻകണ്ടി കടവ് | - 300മീ |

## വാർഡ് - X

| | | |
|---|---|---|
| (1) | കാപ്പിക്കളം കട്ടിയമ്പിൽ നടപ്പാത | - 600മീ |
| (2) | കാപ്പിക്കളം വേളയിൽ നടപ്പാത | - 500മീ |
| (3) | കുറ്റിയാംവയൽ പൊൻപാറകാരിയമ്മാൽ നടപ്പാത | - 1കി.മീ |

## പുതുതായി നിർമ്മിക്കേണ്ട നടപ്പാലങ്ങൾ

### വാർഡ് - I

(1) കൊറ്റുകുളം പുഴക്കടവിൽ നടപ്പാലം

(2) മലങ്കരക്കടവിൽ നടപ്പാലം

### വാർഡ് - II

(1) ഒതയോട് പടിതോട്

(2) വെളുത്തറമ്മൽ തോടിന്

(3) കല്ലോട്ട്കുന്ന് തോട്

(4) കാട്ടിക്കുനി തോട്

(5) വലിയാണ്ടിതോട്

(6) ഉക്കിനിതോട്

(7) പുതുക്കോട്ട് തോട്

(8) കളരിക്കുന്ന് തോട്

### വാർഡ് - IV

(1) തേറത്ത് തോടിന് 3 നടപ്പാലങ്ങൾ

(2) കൊല്ലിപടിതോട്

### വാർഡ് - V

(1) ആനപ്പാറ ഞാറ്റല - നടപ്പാലം

(2) പട്ടർമഠം പടിക്കൽ

(3) വീട്ടിക്കാമൂല തോടിന്

### വാർഡ് - IX

(1) കപ്യാർകുന്ന് മാടത്തുംപാറ

### വാർഡ് - X

(1) വേളയിൽ നടപ്പാലം

(2) കാലാപ്പിള്ളി നടപ്പാലം

(3) തോട്ടിൻപുറം

(4) പൊൻപാറ

### വാർഡ് - VI

(1) പേരാൽ തോടിന് നടപ്പാലം - 2 (രണ്ട്)

### വാർഡ് - II

(1) കുറുമണിക്കടവിൽ കടത്തുവള്ളം ആരംഭിക്കാൻ നടപടി സ്വീകരിക്കുക

### വാർഡ് - VI1

(1) പടിഞ്ഞാറത്തറ വെള്ളമുണ്ട പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചോലയിൽക്കടവ് പാലം

## പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ

### വാർഡ് - I

(1) തളിപ്പാറക്കടവിന് പാലം

### വാർഡ് - II

(1) മണ്ണാർകുണ്ട് പുഴക്ക് പെണ്ണിയോടുമായി ബന്ധിപ്പിക്കാൻ

### വാർഡ് - IV

(1) വെളിയർണ്ണ-പാലിയാണക്കടവ്-വെള്ളമുണ്ട പഞ്ചായത്തുമായി ബന്ധിപ്പിക്കാൻ (മിനിപ്പാലം)

(2) കക്കടവ് കടവിൽ വലിയപാലം-വെള്ളമുണ്ട പഞ്ചായത്തതിർത്തി

### വാർഡ് - VIII

(1) നാരകക്കടവിൽ പാലം

(2) കാവരതോടിന് പാലം

### വാർഡ് - IX

(1) ബപ്പനംതോടിന് ചീരപള്ളിയിൽ പാലം

(2) നരിപ്പാറ കാടൻതോടിന് പാലം

(3) ഓണിന്മേൽ മലയിൽ പീടിക റോഡ് രണ്ടുപാലങ്ങൾ

(4) ആലക്കണ്ടിതോടിന് പാലം

## കലുങ്കുകൾ:

### വാർഡ് - I

1 മയങ്ങലോടി തോടിന് കലുങ്ക്

### വാർഡ് - II

(1) ചെമ്പകച്ചാൽ റോഡിൽ രണ്ടു കലുങ്കുകൾ

(2) കുറുമണി റോഡിൽ രണ്ടു കലുങ്കുകൾ

### വാർഡ് - III

(1) മക്കോട്ട് കുന്ന് കോളനി റോഡിൽ രണ്ടു കലുങ്കുകൾ

### വാർഡ് - IV

(1) ചുള്ളിയാണ വയലിൽ കലുങ്ക്

(2) തേർത്ത് തോടിന് കലുങ്ക്

(3) കാട്ടുപാലായണക്കുന്ന് കോളനി റോഡിന്

### വാർഡ് - V

(1) തിരുമംഗലം റോഡിൽ ഒരു കലുങ്ക്

### വാർഡ് - X

(1) ഒഴക്കാനക്കുഴി ചാലാപള്ളി റോഡിന് മൂന്ന് (3) കലുങ്കുകൾ

### വാർഡ് - VII

(1) പുഞ്ചവയൽ കോളനിയിലേക്കുള്ള വഴി മധ്യേ

### വാർഡ് - VI

(1) കാപ്പുനടീയ്ക്കൽ പേരാൽ റോഡിൽ പള്ളിയ്ക്കു സമീപം

(2) മഞ്ഞൂറ ഗവ.എൽ.പി.സ്ക്കൂൾ റീപ്ലെയ്സ്മെൻറ് റോഡിന് ഒരു കലുങ്ക്

## ഗതാഗതയോഗ്യമാക്കേണ്ട റോഡുകൾ

| | | |
|---|---|---|
| 1 | കൊറ്റുകുളം-ബാങ്ക്കുന്ന് റോഡ് | |
| 2 | കൊറ്റുകുളം-താളിപ്പാറ-കല്ലുവെട്ടുതാഴെ റോഡ്(ഒന്നാംവാർഡ്) | 2.500കി.മീ |
| 3 | കുപ്പാടിത്തറ-വെങ്ങലേരിക്കുന്ന് റോഡ് (രണ്ടാം വാർഡ്) | 0.500കി.മീ |
| 4 | ചെമ്പകച്ചാൽ റോഡിൽനിന്ന് മാനിയിൽ പള്ളിയിലേക്ക് (രണ്ടാംവാർഡ്) | 0.500 കി.മീ |
| 5 | കുന്നംകുളം പള്ളിറോഡ്(രണ്ടാം വാർഡ്) | 0.300കി.മീ |
| 6 | വെങ്ങലേരിക്കുന്ന്-ലക്ഷംവീടുകോളനിറോഡ് (രണ്ടാം വാർഡ്) | 0.100കി.മീ |
| 7 | അരമ്പറ്റക്കുന്ന്-നാഗത്തിങ്കൽ (രണ്ടാം വാർഡ്) | 1.000കി.മീ |
| 8 | ചെമ്പകച്ചാൽ-വട്ടിയോട്ടുകുന്ന് റോഡ് (രണ്ടാം വാർഡ്) | 0.500കി.മീ |
| 9 | വെങ്ങലേരിക്കുന്ന്-ചമ്പകച്ചാൽ റോഡ് (രണ്ടാം വാർഡ്) | 0.500കി.മീ |
| 10 | കുറുമണി-നെല്ലിക്കൽകുന്ന് ചെമ്പകച്ചാൽ റോഡ് (രണ്ടാംവാർഡ്) | 1.000 കി.മീ |
| 11 | മില്ലുമുക്ക്-കുറുമ്പാല ജി.യു.പി സ്കൂൾറോഡ് (മൂന്നാംവാർഡ്) | 1.500 കി.മീ |
| 12 | പുതുക്കോട്ടുകുന്നു കോളനി-പുതുശ്ശേരിക്കടവ് റോഡ് (മൂന്നാംവാർഡ്) | 1.500 കി.മീ |
| 13 | ചെറുവേരിപള്ളി-ഉപാസന ക്ലബ്ബ് റോഡ് (മൂന്നാംവാർഡ്) 0.500 കി.മീ | |
| 14 | ചാണനിലത്ത് അംഗൻവാടി-മില്ലുമുക്ക് റോഡ് (മൂന്നാംവാർഡ്) | 1.000 കി.മീ |
| 15 | കാട്ടിക്കുനികോളനി-കുറുവക്കാട്ടുപടി റോഡ് (മൂന്നാംവാർഡ്) | 1.000 കി.മീ |
| 16 | പുലക്കുന്ന്-മുണ്ടക്കുറ്റി റോഡ് (നാലാംവാർഡ്) | 2.500കി.മീ |
| 17 | ചുള്ളിയാണ-വെങ്ങേരിക്കുന്ന്-കക്കടവ് റോഡ് (നാലാംവാർഡ്) | 2.500കി.മീ |
| 18 | മുണ്ടക്കുറ്റി-കക്കടവ് റോഡ് (നാലാംവാർഡ്) | 1.500 |
| 19 | വെളിയർണ-പാലയാണക്കുന്ന് റോഡ് (നാലാംവാർഡ്) | 1.500കി.മീ |
| 20 | കാട്ടുപാലയാണക്കുന്ന് Scകോളനി റോഡ് (നാലാംവാർഡ്) | 0.300കി.മീ |
| 21 | തേറത്ത്കുന്ന്-എടത്തറക്കടവ് റോഡ് (നാലാംവാർഡ്) | 0.000കി.മീ |
| 22 | ആനപ്പാറ-നെടുമ്പടി-മില്ലുമുക്ക് റോഡ് (അഞ്ചാം വാർഡ്) | 1.500 കി.മി |
| 23 | സ്റ്റേഡിയം ഞാറ്റാലപ്പടി റോഡ് (അഞ്ചാം വാർഡ്) | 1.150 കി.മീ |
| 24 | വീട്ടിക്കാമൂല-കോളനി റോഡ് (അഞ്ചാം വാർഡ്) | 1.000 കി.മി |
| 25 | പടിഞ്ഞാറത്തറ യു.പി. സ്കൂൾ-ഹൈസ്കൂൾ റോഡ് (അഞ്ചാം വാർഡ്) | 0.500 കി.മി |
| 26 | ഞർളേരി-അരമ്പറ്റക്കുന്നു റോഡ് (അഞ്ചാം വാർഡ്) | 1.000 കി.മി |
| 27 | മാത്തോട്ടം-അരമ്പറ്റക്കുന്നു റോഡ് (അഞ്ചാം വാർഡ്) | 1.000 കി.മി |
| 28 | ഊട്ടുപാറ-വൈപ്പിടി-അരമ്പറ്റക്കുന്നു റോഡ് (അഞ്ചാം വാർഡ്) | 0.800 കി.മി |
| 29 | മഞ്ഞൂറ-13-ാംമൈൽ റോഡ് (ആറാം വാർഡ്) | 2.000 കി.മി |
| 30 | മില്ലുമുക്ക്-കാപ്പുണ്ടിക്കൽ റോഡ് (ആറാം വാർഡ്) | 1.500 കി.മി |
| 31 | മഞ്ഞൂറ-പനങ്കുഴി റോഡ് (ആറാം വാർഡ്) | 1.000 കി.മി |
| 32 | കൊറ്റിയോട്ടുകുന്ന്-ചെന്നലോട് റോഡ് (ആറാം വാർഡ്) | 0.500 കി.മി |
| 33 | പെരാൽ അംഗൺവാടി-മഞ്ഞൂറ റോഡ് (ആറാം വാർഡ്) | 1.000 കി.മി |
| 34 | മഞ്ഞൂറ ഗവ.യു.പി. സ്കൂൾ - റീപ്ലെയ്സമെൻറ് റോഡ് (ആറാം വാർഡ്) | 0.700 കി.മി |
| 35 | പേരാൽ-വീട്ടിക്കാമൂല റോഡ് (ആറാം വാർഡ്) | 1.000 കി.മി |

| | | |
|---|---|---|
| 36 | മഞ്ഞൂറ-13-ാംമൈൽ കാൽവരിറോഡ് (ആറാം വാർഡ്) | 1.500 കി.മി |
| 37 | മഞ്ഞൂറ-പേരാൽ-ആലക്കുന്ന് റോഡ് (ആറാം വാർഡ്) | 1.000 കി.മി |
| 38 | ഗവ.ആയുർവ്വേദ ഡിസ്പെൻസറി-തച്ചംവെട്ടിറോഡ് (ഏഴാംവാർഡ്) | 1.500 കി.മി |
| 39 | കേഴയാട്ടുകുന്ന് ലക്ഷംവീട്-ആയുർവ്വേദ ഡിസ്പെൻസറി (ഏഴാംവാർഡ്) | 1.000 കി.മി |
| 40 | മുരിക്കിലാമ്പറെ നാലുസെൻറ്-മാടത്തുംകുനി റോഡ് (ഏഴാംവാർഡ്) | 1.000 കി.മി |
| 41 | 16-ാംമൈൽ-പാണ്ടങ്കോട് റോഡ് (ഏഴാംവാർഡ്) | 1.000 കി.മി |
| 42 | 16-ാംമൈൽ-ചുള്ളിയാണക്കുന്ന് റോഡ് (ഏഴാംവാർഡ്) | 2.000 കി.മി |
| 43 | പാട്ടവയൽ-പൂളക്കുഴികോളനി റോഡ് (ഏഴാംവാർഡ്) | 1.000 കി.മി |
| 44 | പുഞ്ചവയൽ-ചെതലോട്ടുകുന്ന്-ചിറവൻകൊല്ലിറോഡ്(എട്ടാം വാർഡ്) | 2.500 കി.മി |
| 45 | പാണ്ടങ്കോട്ടു കോളനി-പാലുകുന്ന് റോഡ് (എട്ടാം വാർഡ്) | 1.000 കി.മി |
| 46 | പനക്കാക്കഴനി-തെങ്ങുമുണ്ട റോഡ് (എട്ടാം വാർഡ്) | 1.000കി.മി |
| 47 | പുലിക്കാട്ടുപടി - കാപ്പുമ്മൽ റോഡ് (എട്ടാം വാർഡ്) | 1.000 കി.മി |
| 48 | ചിറ്റാലക്കുന്ന് മാടത്തുംപാററോഡ് (എട്ടാം വാർഡ്) | 1.000 കി.മി |
| 49 | ബപ്പനംപള്ളി-നരിപ്പാറക്കുന്ന് റോഡ് (ഒമ്പതാം വാർഡ്) | 0.400 കി.മി |
| 50 | ബപ്പനംപള്ളി-നരിക്കൊല്ലിവഴി-നരിപ്പാറക്കുന്ന് റോഡ് (ഒമ്പതാം വാർഡ്) | 2.000 കി.മി |
| 51 | വാരമ്പറ്റ-മുള്ളൻകണ്ടി റോഡ് (ഒമ്പതാം വാർഡ്) | 1.000 കി.മി |
| 52 | ബപ്പനം ചല്യാംകുന്ന്-വാരമ്പറ്ററോഡ് (ഒമ്പതാം വാർഡ്) | 1.500 കി.മി |
| 53 | പുളിഞ്ഞാൽ-ആലക്കണ്ടി-പന്തിപ്പൊയിൽ റോഡ് (ഒമ്പതാം വാർഡ്) | 4.000 കി.മി |
| 54 | നരിക്കൊല്ലി അംബേദ്കർ കോളനി-കാപ്പിക്കളം വഴി (ഒമ്പതാം വാർഡ്) | 2.000 കി.മി |
| 55 | എടക്കാടൻമുക്ക്-ഏലപ്പിടികവഴി-പന്തിപ്പൊയിൽ (ഒമ്പതാം വാർഡ്) | 1.000 കി.മി |
| 56 | വാരമ്പറ്റ-കോട്ടിക്കടവ് റോഡ് (ഒമ്പതാം വാർഡ്) | 1.000 കി.മി |
| 57 | ആലക്കണ്ടി-അണക്കെട്ട് റോഡ് (ഒമ്പതാം വാർഡ്) | 1.500 കി.മി |
| 58 | നരിപ്പാറ-കൊയറ്റുപാറ റോഡ് (ഒമ്പതാം വാർഡ്) | 2.500 കി.മി |
| 59 | ബപ്പനം തുമ്പോട്ടുകോളനി-നരിപ്പാററോഡ് (ഒമ്പതാം വാർഡ്) | 2.000 കി.മി |
| 60 | പന്തിപ്പൊയിൽ-മാടത്തുംപാറ<br>-പെരിങ്ങോട്ടുകുന്ന്-നരിക്കളം-കോളനി റോഡ് (പത്താം വാർഡ്) | 1.500 കി.മി |
| 61 | ഒഴക്കാനക്കുഴി-കലാപ്പള്ളി റോഡ് (പത്താം വാർഡ്) | 1.000കി.മി |
| 62 | മാങ്കോട്ടുകുന്ന്-മുരിക്കുംകുന്ന്-തൊണ്ണൻകുഴി റോഡ് (പത്താം വാർഡ്) | 1.000 കി.മി |
| 63 | കാപ്പിക്കളം-വലിയപറമ്പ് റോഡ് (പത്താം വാർഡ്) | 1.000കി.മി |
| 64 | പന്തിപ്പൊയിൽ-മാളക്കൊല്ലി റോഡ് (പത്താം വാർഡ്) | 1.500 കി.മി |
| 65 | മുകുളേൽ-മാന്നാറ്റുമൂല റോഡ് (പത്താം വാർഡ്) | 0.700 കി.മി |
| 66 | കുറ്റിയാംവയൽ-മംഗളംകുന്ന് റോഡ് (പത്താം വാർഡ്) | 0.600 കി.മി |
| 67 | കാപ്പിക്കളം-മുരുക്കുംകുന്ന് റോഡ് (പത്താം വാർഡ്) | 1.000 കി.മി |
| 68 | കരിയച്ചാൽ-കോളനി റോഡ് (പത്താം വാർഡ്) | 1.000കി.മി |
| 69 | ചിരപ്പൊയിൽ-കോളനിറോഡ് (പത്താം വാർഡ്) | 0.500കി.മി |
| 70 | 16-ാംമൈൽ-പുതുശ്ശേരിക്കുന്നു കോളനി റോഡ് (മൂന്നാം വാർഡ്) | 2.000 കി.മി |
| 71 | കൂടൽകുന്ന് ചേരിയംകൊല്ലി റോഡ് (നാലാം വാർഡ്) | 2.000 കി.മി |

# ഊർജ്ജം

1978-ൽ ആണ് പടിഞ്ഞാറത്തറപഞ്ചായത്തിൽ വൈദ്യുതി ആദ്യമായി ലഭിച്ചത്. ഊർജ്ജം എന്നു പറയുമ്പോൾ പ്രധാനമായും പരാമർശിക്കപ്പെടുന്നത് വൈദ്യുതിയാണല്ലോ. ഗാർഹിക ആവശ്യങ്ങൾക്കാണ് പഞ്ചായത്തിൽ വൈദ്യുതിയുടെ 90% വിനിയോഗിക്കപ്പെടുന്നത്. മേപ്പാടിക്കടുത്തുള്ള കൂട്ടുമുണ്ട 110KV സബ്സ്റ്റേഷനിൽനിന്നും വിതരണം ചെയ്യുന്ന വൈദ്യുതിയാണ് പഞ്ചായത്തിൽ മുഖ്യമായും ഉപയോഗിക്കുന്നത്. മാനന്തവാടിയിൽനിന്നുള്ള വൈദ്യുതലൈനുകളും പനമരം പഞ്ചായത്തിൽനിന്നുള്ള വൈദ്യുതലൈനുകളും നിലവിലുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും 50%-ഓളം വീടുകൾ ഇനിയും വൈദ്യുതീകരിച്ചിട്ടില്ല. രണ്ട് തടിവ്യവസായ യൂണിറ്റുകളും റൈസുമില്ലുകളും മാത്രമാണ് വൈദ്യുതി ഉപയോഗിക്കുന്ന വ്യവസായങ്ങൾ. പടിഞ്ഞാറത്തറയിൽ നിർമ്മണത്തിലിരിക്കുന്നകുറ്റ്യാടി ഓഗ്മെൻേറഷൻ പദ്ധതിയ്ക്കും നല്ല അളവിൽ വൈദ്യുതി ഉപയോഗിക്കപ്പെടുന്നുണ്ട്. വീടുകൾ കൂടാതെ വ്യാപാര സ്ഥാപനങ്ങളും വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. ആദ്യകാലങ്ങളിൽ നല്ല വോൾട്ടേജ് ലഭിച്ചിരുന്നുവെങ്കിലും ഗാർഹികകണക്ഷൻ വർദ്ധിക്കുകയും ട്രാൻസ്ഫോർമറുകളുടെ എണ്ണം വർദ്ധിക്കാതിരിക്കുകയും ചെയ്തതിനാൽ പീക്ക്ലോഡ് സമയത്ത് വോൾട്ടേജ് ക്രമാതീതമായി കുറയുന്നു. 90 - 120 v വൈദ്യുതി മാത്രമേ ഈ സമയങ്ങളിൽ ലഭിക്കുന്നുള്ളൂ. പടിഞ്ഞാറത്തറ ടൗണിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ ആണ് ഏറ്റവും കൂടുതൽ അളവ് വൈദ്യുതി വിതരണം ചെയ്യുന്നത്. പവർകട്ട് കൂടാതെ മിക്കസമയത്തും വൈദ്യുതി ഇല്ലാതാവുന്നത് പഞ്ചായത്തിലെ നിത്യസംഭവമാണ്.ഒരു സബ് എഞ്ചിനീയർ ഓഫീസ് അനുവദിച്ചിട്ടുണ്ടെങ്കിലും ഉപയോഗപ്രദമായരീതിയിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടില്ല. വൈദ്യുതി വിതരണം വേണ്ടത്ര കാര്യക്ഷമമല്ല. വൈദ്യുതി കൂടാതെയുള്ള ഊർജ്ജസ്രോതസ്സുകൾ വിറക്, മണ്ണെണ്ണ,ഗ്യാസ് എന്നിവയാണ്. മണ്ണെണ്ണ ലഭിക്കുന്നതിനുമുമ്പ് മരോട്ടി എണ്ണ (മരോട്ടിക്കായിൽ നിന്നും എടുക്കുന്നത്) വിളക്കുകൾ തെളിയിക്കുന്നതിന് ഉപയോഗിച്ചിരുന്നു. മണ്ണെണ്ണ സുലഭമായി ലഭിക്കാത്തതും വൈദ്യുതി ഇല്ലാത്ത വീടുകളിൽ രാത്രികളുടെ ദൈർഘ്യം വർദ്ധിപ്പിക്കുന്നു. സുലഭമായി ലഭിച്ചിരുന്ന വിറകിനും ക്ഷാമം തുടങ്ങിയിരിക്കുന്നു. ഭൂമി തുണ്ടങ്ങളാവുകയും ഏകവിളതോട്ടങ്ങളായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലത്ത് വിറകിന്റെ ദൗർലഭ്യംകാരണം ഗ്യാസടുപ്പുകളും മണ്ണെണ്ണസ്റ്റൗവുകളും മിക്കവീടുകളിലും സ്ഥാനം പിടിച്ചിട്ടുണ്ട്. കന്നുകാലിവളർത്തൽ പ്രയാസകരമായി മാറിയതിനാൽ ബയോഗ്യാസ് പ്ലാൻറുകളും അപ്രായോഗികമായിട്ടുണ്ട്. പഴഞ്ചൻ രീതിയിലുള്ള വിറകടുപ്പുകൾ തന്നെയാണ് മിക്ക വീടുകളിലും ഇന്നും ഉപയോഗിച്ചു വരുന്നത്. ഇതിന് 5% മുതൽ 8%വരെ കാര്യക്ഷമതയേ ഉള്ളൂ. അതിനാൽ കൂടുതൽ വിറക് ഉപയോഗിക്കേണ്ടതായി വരുന്നു. കൂടാതെ പഴങ്ങൾപോലും വേവിച്ചു മാത്രം കഴിക്കുന്നഒരു ശീലം വിറകിന്റെയും മറ്റ് ഇന്ധനങ്ങളുടെയും ഉപഭോഗം വർദ്ധിപ്പിച്ചിട്ടുണ്ട്.മറ്റുസംസ്ഥാനങ്ങളിലെപോലെ ചപ്പുചവറുകളും ജൈവശിഷ്ടങ്ങളും ഇന്ധനമായി ഉപയോഗിക്കുന്ന രീതി പ്രചാരത്തിലില്ല.

## പ്രശ്നങ്ങൾ

(1) പഞ്ചായത്തിലെ മുഴുവൻ വാർഡിലും വൈദ്യുതി ലഭിച്ചിട്ടില്ല

(2) വൈദ്യുതി ബോർഡിന്റെ ബന്ധപ്പെട്ട ഓഫീസുകൾ കല്പറ്റയിലും വൈത്തിരിയിലുമായതിനാൽ പരാതികൾ ബോധിപ്പിക്കുന്നതിനും കറൻറ് ചാർജ്ജ് അടയ്ക്കുന്നതിനും ഒരു ദിവസത്തെ യാത്ര ആവശ്യമാണ്.

(3) അനുവദനീയമായതിലും കൂടിയ കണക്ഷനുകളും നീളം കൂടിയ ലൈനുകളും പ്രേഷണനഷ്ടം വർദ്ധിപ്പിക്കാനിടയാക്കുന്നു. ലൈനിൽ തട്ടിനിൽക്കുന്ന മരച്ചില്ലകൾ മാറ്റുന്നതിനും

വീട്ടിലെ വൈദ്യുത ഉപയോഗം കുറയ്ക്കുന്നതിലും ആരും ശ്രദ്ധിക്കാറില്ല.

(4) വൈദ്യുതി ലഭിക്കാത്തവരിൽ നല്ലൊരുഭാഗം ആദിവാസികളാണ്.

5 സ്ട്രീറ്റു ലൈറ്റുകൾ ആവശ്യത്തിനില്ല. ഉള്ളവ തന്നെ ഫ്യൂസായാൽ യഥാസമയം മാറ്റിസ്ഥാപിക്കുന്നില്ല.

6 ദക്ഷതകൂടിയ അടുപ്പുകൾ പ്രചരിക്കപ്പെടുന്നില്ല.

7 റേഷൻഷാപ്പുകൾ വഴി ആവശ്യത്തിനുള്ള മണ്ണെണ്ണ ലഭിക്കുന്നില്ല.

8 സ്പോട്ട് ബില്ലിംഗ് നടപ്പിലാക്കാത്തതുകൊണ്ട് വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് ജനങ്ങൾ ശ്രദ്ധിക്കുന്നില്ല.

9 വിറകിനുപകരം മറ്റു ഇന്ധനങ്ങൾ ലഭിക്കാനുള്ള കാലതാമസവും പ്രയാസവും

10 ഗ്യാസ് കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസവും പ്രയാസവും

11 ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാത്തതുകാരണം വോൾട്ടേജ്ക്ഷാമം പരിഹരിക്കപ്പെടുന്നില്ല.

12 പഞ്ചായത്തിലെ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധ്യതയുള്ള മിനി വൈദ്യുത കേന്ദ്രങ്ങൾ സ്ഥാപിക്കാത്തത്.

## *സാധ്യതകൾ:*

**"പടിഞ്ഞാറത്തറ സമ്പൂർണ്ണ ഊർജ്ജാസൂത്രണപദ്ധതി" നടപ്പിലാക്കുന്നതിന് നാലുമേഖലകളായി തിരിക്കണം.**

1 പവർ മാനേജ്മെൻറ്

2 വിതരണശൃംഖലയുടെ മാനേജ്മെൻറ്

3 ലഭ്യമായിട്ടുള്ള ജൈവവസ്തുക്കളിലൂടെ ഊർജ്ജം കണ്ടെത്താനുള്ള ബോധവൽക്കരണം

4 സോളാർ പവ്വർ ഉല്പാദനവും ഉപയോഗവും

ഒന്നും രണ്ടും മേഖലകളിൽ ഇപ്പോഴുള്ള പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കെ.എസ്.ഇ.ബി.യും പഞ്ചായത്തും യോജിച്ച് പ്രവർത്തിക്കണം. ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള ലൈനുകൾ പ്രേഷണനഷ്ടം വരാത്ത രീതിയിൽ സംവിധാനം ചെയ്യുക എന്നിവ മേൽപ്പറഞ്ഞതുപ്രകാരം ചെയ്യാം. പഞ്ചായത്തിൽ ഒരു പവർ ലൈൻ മാപ്പ് നിർമ്മിക്കുക. കൂടാതെ ലൈനുകൾ ജനപങ്കാളിത്തത്തോടെ സംരക്ഷിക്കാവുന്നതുമാണ്. നിലവിലുള്ള ബൾബുകൾക്ക് പകരം ദക്ഷതകൂടിയ സി.എഫ്.എൽ.ബൾബുകൾ ലഭിക്കാനുള്ള സംവിധാനം ആരായുക. അനർട്ടിൻെറ സഹായത്തോടെ പഞ്ചായത്തിലെ വിറകു ഉപയോഗിക്കുന്ന എല്ലാ വീടുകളിലും ദക്ഷതകൂടിയ അടുപ്പുകൾ സ്ഥാപിക്കാനുള്ള മാർഗ്ഗങ്ങൾ ആരായുക. കോളനികളിൽ സൗരോർജ്ജം ഉപയോഗിച്ചുകൊണ്ടുള്ള വിളക്കുകൾ ടെലിവിഷൻ, പമ്പുസെറ്റുകൾ എന്നിവ പ്രായോഗികമാണോ എന്ന് പഠിക്കുക.

വൈദ്യുതരംഗത്ത് പഞ്ചായത്തിൽ ആകെ 17 L.T ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട് ആയതിൻെറ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | പടിഞ്ഞാറത്തറ | 160 KWA |
| 2 | കാപ്പുണ്ടിക്കൽ | 100 " |
| 3 | അരമ്പറ്റക്കുന്ന് | 100 " |
| 4 | കുപ്പാടിത്തറ | 250 " |
| 5 | അയിരൂർ | 63 " |
| 6 | പാറനിരപ്പുകുന്ന് | 100 " |
| 7 | കാപ്പിക്കളം | 63 " |
| 8 | തെങ്ങുമുണ്ട | 63 " |
| 9 | വാരാമ്പറ്റ | 100 " |
| 10 | ചമ്പകമൂല | 63 " |
| 11 | ചെതലോട്ടുകുന്ന് | 100 " |
| 12 | 16-ാംമൈൽ | 100 " |
| 13 | ആനപ്പാറ | 63 " |
| 14 | പുതുശ്ശേരി | " |
| 15 | തേറത്ത് കുന്ന് | " |
| 16 | ചേരിയംകൊല്ലി | " |
| 17 | മുണ്ടക്കുറ്റി | " |

ലഭ്യമായ കണക്കുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള വൈദ്യുതി കണക്ഷനുകളുടെ വിവരം.

| | | |
|---|---|---|
| 1 | ഗാർഹിക ഉപയോഗം | 1731കണക്ഷനുകൾ |
| 2 | വ്യാപാരം | 260 " |
| 3 | വ്യവസായം | 18 " |
| 4 | കൃഷി | 9 " |

**ഈ വർഷം നൽകിയ കണക്ഷനുകൾ**

| | | |
|---|---|---|
| 1 | ഓർഡിനറി | 150 |
| 2 | OTP | 15 |
| 3 | OYEC | 55 |

**അപേക്ഷിച്ചവരിൽ കണക്ഷൻ നൽകാൻ ബാക്കിയുള്ളവർ**

| | | |
|---|---|---|
| 1 | ഓർഡിനറി | 110 |
| 2 | OYEC | 72 |

**നിലവിലുള്ള സ്ട്രീറ്റ്ലൈറ്റുകളുടെ എണ്ണം 37**

## *നിർദ്ദേശങ്ങൾ*

1 പഞ്ചായത്തിൽ നിലവിലുള്ള വൈദ്യുതി വിതരണം ആവശ്യമായ ജീവനക്കാരെയും നിയമിച്ച് കുറ്റമറ്റതാക്കുക.

2 വൈദ്യുതിസ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കുക

3 ദക്ഷതകൂടിയ അടുപ്പുകൾ ജനപങ്കാളിത്തത്തോടെ എല്ലാ വീടുകളിലും സ്ഥാപിക്കുക

4 കന്നുകാലികളെ വളർത്തുന്ന വീടുകളിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാനുള്ള സാങ്കേതിക സാമ്പത്തികസഹായം നൽകുക

5 കറൻറ് ചാർജ് അടയ്ക്കുന്നതിന് എല്ലാ പ്രവർത്തി ദിവസങ്ങളിലും ജീവനക്കാരെ ഏർപ്പെടുത്തുക. ഒരു സബ്ബ് എൻജിനീയർ ഓഫീസ് പഞ്ചായത്തിന് അനുവദിയ്ക്കുക.

6 ദീർഘദൂര വൈദ്യുതി വിതരണലൈനുകളിൽ ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

7 കോളനികളിൽ അനർട്ട് മുഖേന സൗരോർജ് ജവിളക്കുകൾ സ്ഥാപിക്കുക. സൗരോർജ്ജ അടുപ്പുകൾ പ്രചരിപ്പിക്കുക.

8 കുറ്റ്യാടി ഓഗ്മെൻേറഷൻ പദ്ധതിയിൽ നിന്നും വൈദ്യുതി ഉല്പാദനം ആരംഭിക്കുമ്പോൾ പടിഞ്ഞാറത്തറ പഞ്ചായത്തിന് ആവശ്യമുള്ള വൈദ്യുതി ലഭ്യമാക്കണം.

9 പഞ്ചായത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന മിനിപ്രോജക്ടുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കണം. 9,10 വാർഡുകളിലെ സാധ്യതകൾ ആരായണം.

10 അടുക്കളയിലെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് സ്ത്രീകൾക്ക് ബോധവൽക്കരണക്ലാസുകൾ നൽകണം.

11 നടപ്പാതകളിൽ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുക.

12 LPG ഗ്യാസ് കണക്ഷനുകൾ എളുപ്പത്തിൽ ലഭിക്കാനുള്ള വിതരണയൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കണം.

13 വൈദ്യുതിബോർഡിലെ അഴിമതി അവസാനിപ്പിക്കാനുള്ള നടപടികൾ കൈക്കൊള്ളുക. ബോർഡിൻെറ പ്രവർത്തനം ജനകീയപരിശോധനയ്ക്ക് വിധേയമാക്കാനുള്ള സംവിധാനമേർപ്പെടുത്തുക.

14 തദ്ദേശസ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലയിൽ അതത് തലങ്ങളിൽ നിയന്ത്രണം ഉണ്ടായിരിക്കുക തുടങ്ങിയ ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ ചർച്ചചെയ്യപ്പെടേണ്ടതാണ്.

15 വിറകിൻെറ ആവശ്യങ്ങൾക്കായി വനവൽക്കരണം പ്രോത്സാഹിപ്പിക്കുക. പൊതുസ്ഥലങ്ങളിലും പുഴക്കരകളിലും തരിശുസ്ഥലങ്ങളിലും വിറകിന് പറ്റിയ മരങ്ങൾ ജനപങ്കാളിത്തത്തോടെ നട്ടുവളർത്തണം. സഹകരണാടിസ്ഥാനത്തിൽ വിറക് ഡിപ്പോകളും ആരംഭിക്കണം.




പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് ആഭ്യന്തര വിപണിയില്ലാത്തതിനാൽ ഉപഭോക്താക്കൾക്ക് അമിതവില കൊടുത്ത് ഗുണമേൻമ കുറഞ്ഞ സാധനങ്ങൾ വാങ്ങേണ്ടിവരുന്നു. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ വിൽക്കാൻ ഒരു പ്രത്യേകചന്ത സൗകര്യം ഏർപ്പെടുത്തി ഉല്പാദകർക്കും ഉപഭോക്താക്കൾക്കും ഇതുവഴി നല്ല ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും വാങ്ങുന്നതിന്നും ഗ്രാമീണചന്ത സംസ്കാരം വളർത്തുന്നതിനും കഴിയും. ഈ സംവിധാനം സഹകരണാടിസ്ഥാനത്തിൽ പിന്നീട് വിപുലപ്പെടുത്താവുന്നതാണ്. പച്ചക്കറി, പഴവർഗ്ഗങ്ങൾ, നേന്ത്രക്കായ, കിഴങ്ങുവർഗ്ഗങ്ങൾ, ചേന, തുടങ്ങി പായ, കുട്ട, വീട്ടാവശ്യത്തിനുള്ള ഉപകരണങ്ങൾ കാർഷിക ഉപകരണങ്ങൾ എന്നിവയും മാർക്കറ്റിൽ വില്ക്കാൻ കഴിയും. ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും ഉല്പാദകനും ഉപഭോക്താവിനും ലാഭം ലഭിക്കുന്നതിനും ഈ സമ്പ്രദായം ഫലപ്രദമായിരിക്കും. സ്വകാര്യവ്യക്തികൾ നടത്തുന്ന കടകളിൽ പരിശോധന നടത്തുന്നതിനും ഉല്പന്നങ്ങളുടെ വിലനിലവാരവും ഗുണനിലവാരവും പരിശോധിക്കുന്നതിനും പരിശോധനാസ്ക്വാഡുകൾ രൂപീകരിക്കണം. മത്സ്യമാർക്കറ്റ് ടൗണിൻെറ ഹൃദയഭാഗത്തുനിന്നും മാറ്റി മറ്റൊരുസ്ഥലത്ത് സ്ഥാപിക്കണം. ടൗൺ വൃത്തിയായി സൂക്ഷിക്കുന്നതിനും കച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പഞ്ചായത്ത് പ്രതിനിധികളും വ്യാപാരിവ്യവസായി പ്രതിനിധികളും ഉൾപ്പെടുന്ന കമ്മറ്റികൾ രൂപീകരിക്കണം. പഞ്ചായത്തിൽ നിലവിലുള്ള ഉപഭോക്തൃഫോറത്തിൻെറ പ്രവർത്തനം സജീവമാക്കുകയും മായത്തിനെതിരായും മറ്റുമുള്ള ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയും ചെയ്യുക.

*എളിയ ജീവിതം നയിക്കാൻ പ്രാപ്തരാവുക*
*മനുഷ്യരാശിക്ക് മുന്നിൽ മറ്റൊരു മാർഗ്ഗവുമില്ല.*
*-മഹാത്മാഗാന്ധി-*




കടത്തിൻ നടുവിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടം മക്കൾക്ക് പങ്കിട്ടുകൊടുത്ത് കടത്തിൽ മരിക്കുന്ന പാവപ്പെട്ട കൃഷിക്കാരെ സഹായിക്കുന്നതിനും കടകെണിയിൽനിന്നും രക്ഷപ്പെടുത്തുന്നതിനുംവേണ്ടി ബ്രിട്ടീഷ് ഭരണാധികാരികൾ മുൻകൈഎടുത്ത് സ്ഥാപിച്ചവയാണ് നമ്മുടെ നാട്ടിലെ ആദ്യകാല സഹകരണസംഘങ്ങൾ.

സഹകരണത്തിലൂടെ സ്വാശ്രയ സമ്പദ്ഘടന നേടിയെടുക്കുക എന്നത് ആധുനികമനുഷ്യ സമൂഹത്തിന്റെ മുഖമുദ്രയാണ്. കാർഷിക വൃത്തിയിലൂടെ ഉപജീവനം തേടുന്ന കോടാനുകോടി ദരിദ്ര ഗ്രാമീണരിലൂടെ ജീവസ്പന്ദനം ഏറ്റുവാങ്ങുന്ന ഇന്ത്യാമഹാരാജ്യത്തിന് പ്രത്യേകിച്ചും, സഹകരണ മേഖല ജീവവായു സമമാണ്.കൊള്ള പലിശയ്ക്ക് പണം കൊടുക്കുന്നവരുടെയും ഹുണ്ടികക്കാരുടെയും ചൂഷണക്കുരുക്കിൽ ഇരയാകാൻ വിധിക്കപ്പെട്ടിരുന്ന കർഷകസമൂഹം,പ്രകൃതി കനിഞ്ഞുനൽകിയ തങ്ങളുടെ കൃഷിയിടങ്ങളിൽ കൃഷി ഇറക്കാൻ ആവശ്യമായവിത്തിനും വളത്തിനും വേണ്ട ധനം കണ്ടെത്താൻ കഴിയാതെ ഉഴലുമ്പോൾ സഹായഹസ്തവുമായി രംഗത്തെത്തിയത് സഹകരണപ്രസ്ഥാനമാണ്. ആദ്യകാലങ്ങളിൽ കാർഷിക മേഖലയിൽ മാത്രം ശ്രദ്ധിച്ചിരുന്ന ഈ പ്രസ്ഥാനം ഇന്ന് വളർന്ന് വികസിച്ച് ജനജീവിതത്തിന്റെ നാനാതുറകളിൽ പ്രവർത്തിക്കുന്ന സാമ്പത്തിക ഏജൻസിയായി മാറിയിട്ടുണ്ട്.

കേരളത്തിന്റെ ഗ്രാമഗ്രാമാന്തരങ്ങളിലും പട്ടണങ്ങളിലും സഹകരണപ്രസ്ഥാനത്തിന്റെ സന്ദേശം എത്തിയിട്ടുണ്ടെങ്കിൽപോലും ഓരോ പൗരന്റെയും ജീവിത പുരോഗതിയെ ത്വരിതപ്പെടുത്തുന്ന നിർണ്ണായക ഘടകമായിഈ പ്രസ്ഥാനം ഇനിയുംമാറേണ്ടതുണ്ട്. വയനാട് ജില്ലയും, നമ്മുടെ പഞ്ചായത്തും ഇതിന്നൊരപവാദമല്ല. ഗ്രാമീമതലങ്ങളിലെ സഹകരണസംഘങ്ങളിലൂടെ നൽകപ്പെടുന്ന, ഹൃസ്വ,ദീർഘകാലധനവായ്പകൾ ഗ്രാമീണരെ വിവിധ സംരംഭങ്ങളിലേക്ക് നീങ്ങുവാനും രാജ്യത്തിന്റെ ഉൽപാദനപ്രക്രിയയിൽ മുതൽകൂട്ടാവുന്നതിനും സഹായിക്കും-ഭാരതം ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്നു കണ്ടെത്തിയ രാഷ്ട്രപിതാവിന്റെ സ്വപ്നങ്ങളെ സാക്ഷാത്കരിക്കുന്നതിന് അധികാരത്തെ ഗ്രാമീണരിലേക്ക് എത്തിക്കുന്നതോടൊപ്പം സാമ്പത്തികാടിമത്വത്തിൽനിന്നും അവരെ വിമോചിപ്പിക്കുക കൂടി വേണം. ഇതിനുള്ള ഏറ്റവും ഫലപ്രദമായമാർഗ്ഗം സഹകരണസംഘങ്ങളുടെ വ്യാപ

നവും കാര്യക്ഷമമായ പ്രവർത്തനവുമാണ്.

വയനാട്ടിൽ ഇന്ന് നിലവിലുള്ള പല സംഘങ്ങളുടെയും കൂട്ടത്തിൽ 1923-ൽ ആരംഭിച്ച ഒരു സഹകരണസ്ഥാപനമാണ് കുപ്പാടിത്തറ സർവ്വീസ് സഹകരണബാങ്ക്.

ഇന്നത്തെ പടിഞ്ഞാറത്തറ പഞ്ചായത്ത് എന്ന പേരിൽ അറിയപ്പെടുന്ന പ്രദേശം ബ്രിട്ടീഷ് ഗവർമെൻറിൻെറ കാലത്ത് കുറുമ്പാല അംശത്തിലെ പടിഞ്ഞാറത്തറദേശം അറിയപ്പെട്ടിരുന്നത് അതിൽ കുപ്പാടിത്തറദേശത്ത് മാത്രം പ്രവർത്തനം നടത്തിയിരുന്നഏതാനും ആളുകളുടെ കൈപിടിയിൽ ഒതുക്കിയിരുന്നു, കടലാസിൽമാത്രം സഹകരണസംഘം എന്നപേരിലുള്ള കുറുമ്പാല ഐക്യനാണയസംഘം ആയിരുന്നു അത്. അന്ന് അങ്ങിനെ ഒരു സ്ഥാപനം ഉണ്ടെന്ന വിവരം അതിൻെറ കൈകാര്യകർത്താക്കൾക്ക് മാത്രം അറിയാമായിരുന്ന രഹസ്യമായിരുന്നു. 1923ലാണ് പ്രസ്തുതസംഘം രജിസ്ട്രർ ചെയ്യപ്പെട്ടിട്ടുള്ളതാണെന്നാണ് അറിവ്. (രേഖകൾ കിട്ടാൻ പ്രയാസമായതിനാൽ പൂർവ്വചരിത്രം ഇത്രമാത്രമേ ലഭിച്ചിട്ടുള്ളൂ. ഗതിമുട്ടി അന്നാട്ടിലെ പാവപ്പെട്ട കൃഷിക്കാർ കടത്തിന് കൈനീട്ടുന്നത് അന്നത്തെ കാര്യസ്ഥതാറിനോട് ആയിരുന്നു. ആയതിന് രേഖയായി പാട്ടശീട്ട്, ഉണ്ടറുതി തുടങ്ങിയ രജിസ്ട്രർ ആധാരങ്ങൾ കക്ഷികളിൽനിന്ന് വാങ്ങുമായിരുന്നത്രെ. പണ്ടം പണയത്തിന്മേലും കടം നൽകിയിരുന്നു.)

എന്നാൽ കാലക്രമേണ പ്രസ്തുതസംഘം വിവിധോദ്ദേശ ഐക്യനാണയ സംഘമായും സർവ്വീസ് സഹകരണബാങ്ക് ആയും പുനപരിവർത്തനം വരുത്തി പ്രവർത്തനം പുനസംഘടിപ്പിച്ചു. പരേതനായ N.T. നാരായണൻ നായർ, എടാട്ടേൽജോൺ തുടങ്ങിയവരും N.T കുഞ്ഞിരാമൻ നായർ, K.P. അബൂബക്കർ എന്നിവരും പിന്നീട് പ്രസ്തുത സഹകരണസംഘത്തിൻെറ പ്രസിഡണ്ട്മാരായി പ്രവർത്തിച്ചിട്ടുണ്ട്.

എന്നാൽ ഇപ്പോൾ പ്രസ്തുത സ്ഥാപനം കഴിഞ്ഞ ഏഴുവർഷക്കാലമായി സ്തംഭനാവസ്ഥയിലാണ്. പത്ത് ലക്ഷം രൂപയോളം മെമ്പർമാരിൽനിന്ന് പിരിഞ്ഞ് കിട്ടാനുള്ളപ്പോൾ 20 ലക്ഷത്തിൽപ്പരം രൂപ ജില്ലാബാങ്കിലേക്ക് അവധി ബാക്കിയാണ്. 1300 മെമ്പർമാരാണ് ഈ സ്ഥാപനത്തിൽ ഇപ്പോൾ ഉള്ളത്.

ഈ ബാങ്ക് പ്രവർത്തനക്ഷമമാക്കേണ്ടത് വളരെ അത്യാവശ്യമാണ്. മെമ്പർമാരോ ഇപ്പോൾ കടലാസിൽ ഒതുങ്ങിനിൽക്കുന്ന ഭരണസമിതിയോ ജില്ലാ സഹകരണബാങ്ക്, സഹകരണഡിപ്പാർട്ട്മെൻറ് എന്നിവയിലെ ഉദ്യോഗസ്ഥൻമാരോ ഫലപ്രദമായ നടപടികൾ സ്വീകരിച്ച് പ്രസ്തുത സംഘം പുനരുദ്ധികരിക്കാൻ ശ്രമിക്കേണ്ടതാണ്.

കുറുമ്പാല അംശത്തിൽപ്പെട്ട പടിഞ്ഞാറത്തറദേശത്ത് 1957 വരെ സഹകരണസംഘം ഉണ്ടായിരുന്നില്ല. ഈ പ്രദേശത്തെ ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ട കൃഷിക്കാരും മറ്റും കൊള്ളലാഭക്കൊതിയൻമാരായ നാടൻ മുതലാളിമാരുടെ നിർദ്ദയമായ ചൂഷണത്തിന് വിധേയമായി നരകയാതനകൾ അനുഭവിക്കുകയായിരുന്നു. അഞ്ചുംപത്തും വർഷത്തേക്ക് പാട്ടശീട്ട്, ഉണ്ടറുതി തുടങ്ങിയ രേഖകൾ രജിസ്റ്റർ ചെയ്ത്കൊടുത്ത് നിസ്സാരമായ തുക വാങ്ങി കടം തിരിച്ചടക്കാൻ കഴിയാതെ വീടുംപറമ്പും നഷ്ടപ്പെട്ട നിരവധി കുടുംബങ്ങൾ ഉണ്ടായിരുന്നു എന്നത് അന്നത്തെ ഒരുദു:ഖ സത്യമാണ്. ഈ സ്ഥിക്കൊരു പരിഹാരമുണ്ടാക്കാൻ 1957ൽ ഒരു പ്രമോട്ടിങ്ങ്കമ്മറ്റി രൂപീകരിച്ച് സംഘം രജിസ്റ്റർ ചെയ്യുന്നതിന് ജനസ്നേഹികളായ കുറച്ചാളുകൾ ശ്രമം നടത്തിയതിൻെറ ഫലമായി 1958 ജൂലായ് 13-ാം തിയ്യതി പരേതനായ തിരുമംഗലത്ത് കരുണാകരൻ നായർ പ്രസിഡണ്ടും N.T. രാഘവൻനായർ സെക്രട്ടറിയും V.K. യുസഫ് ഹാജി, പരേതനായ B.C. അഹമ്മദ്കുട്ടി ഹാജി 'K.T. കുഞ്ഞിരാമൻനായർ, N. കൃഷ്ണൻ നായർ, P. നാരായണൻ നമ്പ്യാർ എന്നിവർ ഡയറക്ടർമാരായും പ്രാഥമിക കമ്മറ്റിയെ തിരഞ്ഞെടുത്ത് പ്രവർത്തനം ആരംഭിച്ചു. ആരംഭത്തിൽ 25 രൂപ മുതൽ 1000 രൂപവരെയാണ് കടം കൊടുത്തിരുന്നത്. എങ്കിലും ആ കാലഘട്ടത്തിൽ അത് ഒരു മഹാസംഭവമായിരുന്നു.

ആരംഭത്തിൽ വിവിധോദ്ദേശ്യ ഐക്യനാണയസംഘം എന്ന പേരിലാണ് പ്രവർത്തനം തുടങ്ങിയത്. പിന്നീട് സർവ്വീസ് സഹകരണസംഘം, സർവ്വീസ് സഹകരമബാങ്ക് എന്നിങ്ങനെ രൂപാന്തരപ്പെടുക

യുണ്ടായി. ഇപ്പോൾ ഈ ബാങ്കിൽ 2428- A ക്ലാസ് മെമ്പർമാരും 6830 രൂപ ഓഹരിമൂലധനമായും 72 ലക്ഷം രൂപ ഡിപ്പോസിറ്റായും 62 ലക്ഷം രൂപ മെമ്പർ ലോണായും 1 കോടി 19 ലക്ഷം രൂപ പ്രവർത്തന മൂലധനമായും ഉണ്ട്. സ്ഥിര ജീവനക്കാരായ് ഏഴു പേരാണ് ഉള്ളത്. എങ്കിലും ഇപ്പോൾ ബാങ്ക് നഷ്ടത്തി ലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടകാര്യമാണ്. ഭരണസമിതിക ളുടെയും മറ്റും അലസതയും രാഷ്ട്രീയതാല്പ ര്യങ്ങൾക്കുവേണ്ടിയുള്ള വടംവലിയും ജീവനക്കാർ തമ്മിൽയോജിച്ച പ്രവർത്തനമില്ലായ്മയും ഡിപ്പാർട്ട് മെൻറ് ഉദ്യോഗസ്ഥൻമാരുടെയുംബാങ്ക് അധികാരി കളുടെയും, അലസനയങ്ങളും, മെമ്പർമാരിലുള്ള ഉത്തരവാദിത്വബോധകുറവും കൊണ്ടുണ്ടാകുന്ന ഭര ണപരമായും മറ്റുമുള്ള പ്രവർത്തന വൈകല്യങ്ങളും ബാങ്കിൻെറ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സങ്ങൾ ഉണ്ടാക്കുന്ന കാരണങ്ങളാണ്. ഇപ്പോൾ ഈ ബാങ്ക് അഡ്മിനിസ്ട്രേറ്റർ ഭരണത്തിൻെറ കീഴിലാണ്.

**പട്ടിക - 1**

**സഹകരണ ബാങ്കുകളുടെ വിശദവിവരങ്ങൾ**

**(30-6-1996 വരെയുള്ള വിവരങ്ങൾ)**

| സ്ഥാപനത്തിൻെറ പേര് | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം രൂപ | നിക്ഷേപ സംഖ്യ രൂപ | പ്രവർത്തന മൂലധനം രൂപരൂപ | ബിസിനസ്സ് സംഖ്യ രൂപ | ലാഭം | നഷ്ടം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 1. കുപ്പാടിത്തറ സർവ്വീസ് സഹകരണ ബാങ്ക്No.7921 | 433 | 221633 | 262729 | 2531538 | 1982.54 | - | 1698745 | 4 |
| 2. പടിഞ്ഞാറത്തറ സർവ്വീസ് സഹകരണബാങ്ക് | 2430 | 688908 | 7949000 | 18572000 | - | - | - | 7 |

ബാങ്ക് No.F1664

## *ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ*

ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നത് മൂന്ന് ക്ഷീരോത്പാദക സഹകരണസംഘങ്ങൾ ആണ്.

1 പടിഞ്ഞാറത്തറ ക്ഷീരോത്പാദക സഹകരണസംഘം
2 കുപ്പാടിത്തറി ക്ഷീരോത്പാദക സഹകരണസംഘം
3 കാപ്പിക്കളം ക്ഷീരോത്പാദക സഹകരണസംഘം



| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | കടം | നിക്ഷേപം (1000) | പ്രവർത്തന മൂലധനം | വ്യാപാര ഇടപാട് | ലാഭം | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | സ്ഥിരം | മറ്റുള്ളവ |
| പടിഞ്ഞാറത്തറ ക്ഷീരോത്പാദക സഹകരണസംഘം | 1983 | പഞ്ചായത്ത് 5,6,7,8 വാർഡുകൾ | 513 | 5280 | | | 3,9000 | 50ലക്ഷം | 9,000 | 2 | 4 |
| കാപ്പിക്കളം ക്ഷീരോത്പാദക സഹകരണ സംഘം | 1990 | 9,10 വാർഡുകൾ | 82 | 2980 | ഇല്ല | 11500 | 5862 | 51 ലക്ഷം | 47,400 | 3 | ഇല്ല |
| കുപ്പാടിത്തറ ക്ഷീരോദ്പാദക സഹകരണ സംഘം | 1983 | കുപ്പാടിത്തറ വില്ലേജ് | 369 | 3610 | - | - | 2060/37 | – | 13036 | 2 | 1 |

## *ഹരിജൻ ഗിരിജൻ സഹകരണസംഘങ്ങൾ*

സമൂഹത്തിലെ അവശ സമുദായങ്ങളെ പ്രത്യേകിച്ച് ഹരിജൻ ഗിരിജൻ വിഭാഗങ്ങളെ തൊഴിൽ പരമായും മറ്റും സഹായിക്കുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുംസാമൂഹ്യ പിന്നോക്ക അവസ്ഥയും മറ്റും പരിഹരിക്കുന്നതിനും വേണ്ടിയാണല്ലോ ഹരിജൻ ഗിരിജൻ സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. എന്നാൽ ഈ പഞ്ചായത്തിലെ എല്ലാ ഹരിജൻ ഗിരിജൻ സഹകരണ സ്ഥാപനങ്ങളും സർക്കാരിൽനിന്നുള്ള ആനുകൂല്യങ്ങൾ വാങ്ങിഎല്ലാം നഷ്ടപ്പെട്ട് പ്രവർത്തനം അവസാനിപ്പിച്ച നിലയിലാണ് ഇന്ന് നിലകൊള്ളുന്നത്.

1-ാം വാർഡിൽ കൊറ്റുകുളം ഹരിജൻ ഹാൻറ്ലൂം വീവേഴ്സ് ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ്സൊസൈറ്റി എന്ന പേരിൽ 1986-ൽ രജിസ്റ്റർ ചെയ്യപ്പെടുകയും 6 ലക്ഷം രൂപ സർക്കാരിൽനിന്നും ഓഹരി മൂലധനമായി ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് അറിയുന്നത്. എന്നാൽപിന്നീട് പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടന്നിട്ടില്ല. ഏതാനും നിക്ഷിപ്ത താല്പര്യക്കാർ മുൻകൈഎടുത്ത് സംഘടിപ്പിച്ച ഈ സ്ഥാപനത്തിന്റെ സ്ഥിതിയെക്കുറിച്ച് ഒരു വിശദമായ അന്വേഷണം നടത്താൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് മുൻകൈ എടുക്കേണ്ടിയിരിക്കുന്നു. 1/2ഏക്കർ സ്ഥലം ഈ സ്ഥാപനത്തിന്റെ പേരിൽ ഉള്ളതായിട്ടാണ് അറിയുന്നത്. ഈ സംഘത്തിന്റെ പ്രസിഡന്റ് പൂക്കുലോട്ട് കുന്നിൽ പത്മനാഭൻ എന്നയാളാണെന്ന് അന്വേഷണത്തിൽ അറിയാൻ കഴിയുന്നു.

1-ാം വാർഡിൽ കൊറ്റുകുളം തഴപ്പായ നെയ്ത്ത്, ഹരിജൻ സഹകരമസംഘം രജിസ്റ്റർ ചെയ്ത് സർക്കാരിൽനിന്ന് ധനസഹായം കൈപറ്റിയെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നാണ് അറിയുന്നത്. വ്യക്തമായ രേഖകൾ ലഭിക്കാൻ സാധിച്ചിട്ടില്ല.

1-ാം വാർഡിൽ ഒരു ടെയ്ലറിങ്ങ് സെന്റർ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല.

1-ാം വാർഡിൽ പൊടിമിൽ സ്ഥാപനവും റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

5-ാം വാർഡിൽ വീട്ടിക്കാമൂല ഹരിജൻ സഹകരമസംഘം എന്ന പേരിൽ ഒരു സഹകരണസ്ഥാപനം കുറച്ചുകാലം പ്രവർത്തിച്ചുവന്നിരുന്നു. കുട്ട, മുറം, മുതലായ നിർമ്മിച്ച് വില്പന നടത്തുകയും ചെയ്തിരുന്നു. ഇപ്പോൾ പ്രസ്തുത സ്ഥാപനം പ്രവർത്തനം അവസാനിപ്പിച്ച നിലയിലാണ് സർക്കാർ ധനസഹായം ലഭിച്ച ഒരു സഹകരണസ്ഥാപനമാണിത്.

## ഉപഭോക്തൃ സഹകരമസംഘം

അരമ്പറ്റകുന്ന് കേന്ദ്രമായി പ്രവർത്തിച്ചു വന്നിരുന്ന അരമ്പറ്റകുന്ന് ഉപഭോക്തൃ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചത് 1984 ലാണ്. ഇപ്പോൾ പടിഞ്ഞാറത്തറ ടൗണിലാണ് ഈ സ്റ്റോർ പ്രവർത്തിച്ചുവരുന്നത്. 123 മെമ്പർമാരും ഒരു ലക്ഷം രൂപ പ്രവർത്തനമൂലധനവും പ്രതിവർഷം 5 ലക്ഷം രൂപ വില്പനയും നടക്കുന്നുണ്ട്. നല്ല നിലയിൽ പുന സംഘടിപ്പിച്ച് പ്രവർത്തിച്ചാൽ ഈ സ്ഥാപനത്തിന് വിലകയറ്റംകൊണ്ട് പൊറുതിമുട്ടിയ ജനങ്ങൾക്ക് ആശ്വാസം കൊടുക്കാൻ സാധിക്കും.

## ഹാൻടെക്സ് ശാഖ

പടിഞ്ഞാറത്തറ അങ്ങാടിയിൽ പ്രവർത്തിച്ചിരുന്ന ഹാൻടെക്സിൻെറ ശാഖ ഇപ്പോൾ പൂട്ടി ഇട്ടിരിക്കയാണ്. ആയത് ഏതാനും ഉദ്യോഗസ്ഥൻമാരുടെ തന്നിഷ്ടത്തിന് വിധേയമായി നിർത്തലാക്കാനുള്ള ഗൂഢശ്രമമാണെന്നാണ് അറിയാൻ കഴിയുന്നത്. പ്രസ്തുത സ്ഥാപനം ഈനാട്ടിൽ തന്നെ നിലനിർത്താനുള്ള നടപടികൾ അത്യാവശ്യമാണ്.

## സ്കൂൾ സഹകരണസംഘങ്ങൾ

പടിഞ്ഞാറത്തറ U.P. സ്കൂൾ കേന്ദ്രമാക്കി സ്കൂൾ സഹകരണസംഘം പ്രവർത്തിച്ചുവരുന്നുണ്ട്. യു.പി. സ്കൂളിൽ പുസ്തകനിർമ്മാണം സ്കൂൾ സഹകരണസംഘത്തിൻെറ കീഴിൽ സംഘടിപ്പിക്കുന്നതിന് സാധ്യതകൾ ഉണ്ട്. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ പടിഞ്ഞാറത്തറ ഗവ.ഹൈസ്കൂൾ കേന്ദ്രമായി ഒരു സഹകരണ സംഘം പ്രവർത്തിച്ചുവരുന്നുണ്ട്. സ്കൂൾ കുട്ടികൾക്കായി നോട്ടുബുക്കുകളും, പുസ്തകങ്ങളും വിതരണം ചെയ്യുന്നത് ഈ സഹകരണ സംഘം വഴിയാണ്. എന്നാൽ സ്കൂളിലേക്ക് എത്തിച്ചേരുന്നതിന് മെറ്റൽറോഡ് ഇല്ലാത്തതിനാൽ സഹകരണസംഘത്തിലേക്ക് തല ചുമടായ് ആണ് പുസ്തകങ്ങളും മറ്റും എത്തിക്കുന്നത്.

## വാർഡുതല നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ കമ്മറ്റികൾ ആ വാർഡുകളിൽ നടത്താൻ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1 കുപ്പാടിത്തറ സർവ്വീസ് സഹകരണ ബാങ്ക് പിരിച്ചുവിട്ട് പുതിയ സഹകരണ ബാങ്ക് റജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കണം.

2 ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത കൈത്തറി സഹകരണസംഘവും തഴപ്പായ സഹകരണസംഘവും, ടൈലറിങ്ങ് സെൻറർ, പൊടിമില്ല്, എന്നിവയും പുനരുദ്ധരിക്കണം.

3 യാത്രാപ്രശ്നം പരിഹരിക്കാൻ സഹകരണ സംഘം രൂപീകരിക്കണം.

4 കോഴിവളർത്തൽ സഹകരണസംഘം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണശാല, കൊട്ട, പായ നെയ്ത്ത്, ഇഷ്ടികവ്യവസായം, ഹോളോ ബ്രിക്സ് നിർമ്മാണം എന്നിവ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.

5 ഖാദി സഹകരണസംഘം രൂപീകരിക്കണം (ഇതിന് 1/2 ഏക്കർ സ്ഥലം 3-ാം വാർഡിൽ ലഭിച്ചിട്ടുണ്ട്).

6 9-ാം വാർഡിൽ ഗൾഫ് റീട്ടേൺഡ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ആയത് ഉപയോഗിച്ച് വ്യവസായസംരംഭങ്ങൾ തുടങ്ങണം.

7 വനിതാ ടെയ്ലറിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

8 മൺപാത്രനിർമ്മാണ സഹകരണസംഘം രൂപീകരിക്കണം

9 10-ാം വാർഡിൽ കരിങ്കൽക്വാറി സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കണം.

മൊത്തത്തിൽ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള സഹകരണ സ്ഥാപനങ്ങൾ രൂപീകരണത്തിനു ശേഷം കാര്യക്ഷമമായി പ്രവർത്തിക്കാത്തതിനാലും സാമ്പത്തിക ക്രമക്കേടുകൾ നടന്നതിനാലും കാലക്രമേണ പൂട്ടിപോകുന്ന പ്രവണതയുമാണ് കാണുന്നത്. സാമ്പത്തികമായും സാമൂഹികമായും പിന്നിലായികിടക്കുന്ന ഈ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനം താങ്ങും തണലുമായ് പ്രവർത്തിക്കാൻ കഴിയണം. അതിനായ്

കാര്യക്ഷമമായി പ്രവർത്തിക്കാൻ താല്പര്യവും ആത്മാർത്ഥതയും കൈമുതലായുള്ള വ്യക്തികളെ കണ്ടു പിടിച്ച് ആവശ്യമായ പരിശീലനം നൽകാൻ സാഹചര്യം ഉണ്ടാക്കണം. പ്രവർത്തനവൈകല്യങ്ങൾ യഥാസമയം കണ്ടുപിടിക്കാനും ക്രമക്കേടുകൾ നടത്തുന്നവരെ തക്കസമയത്ത് നീക്കംചെയ്ത് പ്രവർത്തിപ്പിക്കാനും കഴിയണം.

ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ ചുവടെ ചേർത്ത പ്രവർത്തികൾ സഹകരണസംഘങ്ങൾമുഖേന നടത്താവുന്നതാണ്.

1,2,4,9 വാർഡുകളിൽ ഇഷ്ടിക നിർമ്മാണ സഹകരമ സംഘം, കുപ്പാടിത്തറ ഭാഗത്ത് യാത്രാ പ്രശ്നം പരിഹരിക്കാൻ മോട്ടോർ വാഹനസഹകരണസംഘം രണ്ടു വില്ലേജുകളിലുമായി2 വനിതാ സഹകരമസംഘങ്ങൾ, പഞ്ചായത്ത് അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണ തൊഴിലാളി സഹകരണ സംഘം പടിഞ്ഞാറെത്തറ അങ്ങാടിയിൽ വനിതാ സഹകരണസംഘം (ഭക്ഷണശാല), പഞ്ചായത്തിൽ എല്ലാ വാർഡുകളിൽനിന്നും വനിതകളേ സംഘടിപ്പിച്ച് ഒന്നോ രണ്ടോ കോഴിവളർത്തു സഹകരണസംഘങ്ങൾ (മുട്ട ഉദ്പാദനം) ഹരിജനങ്ങൾ തിങ്ങി പാർക്കുന്ന വാർഡുകളിൽ കൊട്ട, തഴപ്പായ എന്നിവ നിർമ്മിക്കുന്ന ഹരിജൻ സഹകരണസംഘം എന്നിവ ആരംഭിക്കണം,

നിലവിലുള്ള 3 ക്ഷീര സഹകരണസംഘങ്ങൾ ശക്തിപ്പെടുത്താനും നല്ലയിനം കറവപശുക്കളെ വളർത്താൻ താല്പര്യമുള്ള ആളുകൾക്ക് വിതരണം ചെയ്യാനും നിലവിലുള്ള കറവമാടുകൾക്ക് കൃത്രിമ ബീജസങ്കലനം നടത്തി മെച്ചപ്പെട്ട ഇനം കറവമാടുകളെ സൃഷ്ടിക്കുന്നതിനും കഴിയണം. കാലിത്തൊഴുത്ത് നിർമ്മാണത്തിന് ആവശ്യമായ ധനസഹായം (ലോണും, ഗ്രാൻറും) ലഭ്യമാക്കണം, കാലിത്തീറ്റ സൂക്ഷിക്കാൻ (ഗോഡൗൺ) നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കണം. കാലിത്തീറ്റ പൊതുമേഖലയിൽ നിർമ്മിച്ച് വില കുറച്ച് കിട്ടാനുള്ള അവസരം സംജാതമാക്കണം.





# വിഭവസമാഹരണം

കാർഷിക വൃത്തി മുഖ്യ തൊഴിലായി സ്വീകരിച്ചിരിക്കുന്ന ജനങ്ങളാണ് പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിൽ അധിവസിക്കുന്നത്. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഈ ഗ്രാമ പഞ്ചായത്തിൽ ഇല്ല. കാർഷികോല്പന്നങ്ങൾ ഉപയോഗിച്ചുള്ള ചെറുകിട വ്യാവസായങ്ങളാണ്ഈ ഗ്രാമ പഞ്ചായത്തിൽ അഭികാമ്യമായിട്ടുള്ളത്. ഗ്രാമനിവാസികളുടെ വരുമാനത്തിലുള്ളകുറവ് പഞ്ചായത്തിൻെറ സാമ്പത്തിക രംഗത്തും കാണാവുന്നതാണ്.

പഞ്ചായത്തിൻെറ പ്രധാനപ്പെട്ട വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, മണൽ ലേലം എന്നിവ കൂടാതെ കാലാകാലങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഗ്രാൻറുകളും ചേർന്നതാണ്.

## *കെട്ടിടനികുതി*

കഴിഞ്ഞ മൂന്നു വർഷത്തെ കെട്ടിട നികുതി സംബന്ധിച്ച കണക്കുകൾ പരിശോധിച്ചാൽ വളരെയേറെ ഏറ്റക്കുറച്ചിലുകൾ ഉള്ളതായികാണാം. 1995 - 96 വർഷത്തിൽ കെട്ടിട നികുതി ഇനത്തിൽ പഞ്ചായത്തിന്നു ലഭിച്ചത് 2,12,690-00 രൂപയാണെന്നുകാണാം. വാടകയുടെ 10% നികുതി ചുമത്തുന്ന ഈ പഞ്ചായത്തിൽ 2000 രൂപവരെ വില വരുന്ന (നിർമ്മാണച്ചെലവ് കണക്കാക്കുന്ന) കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. നില വിലുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതിന്ന് ഒരു ശാസ്ത്രീയമായ സമീപനം ഉണ്ടാവേണ്ടിയിരിക്കുന്നു.കെട്ടിടങ്ങൾക്ക് അവയുടെ സ്വഭാവവും വീട്ടുടമ ഉപയോഗിക്കുന്ന ആധുനിക സുഖ സൗകര്യങ്ങളും അടിസ്ഥാനമാക്കി നികുതിചുമത്തുമ്പോൾ പഞ്ചായത്തിൻെറ ആ ഇനത്തിലുള്ള വരുമാനം കൂട്ടാവുന്നതാണ്.

## *തൊഴിൽ നികുതി*

പഞ്ചായത്തിൻെറ അതിർത്തിക്കുള്ളിൽ ജോലിചെയ്യുന്ന ജനങ്ങളിൽ നിന്നും ഈടാക്കുന്ന തൊഴിൽനികുതി ഒരു സാമ്പത്തിക വർഷത്തിൽ ഏതാണ്ട് ഒരു ലക്ഷം രൂപയോളമേ വരൂ. മുഖ്യമായും സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരും, കച്ചവടക്കാരും, സാമ്പത്തികമായി മെച്ചപ്പെട്ട കൃഷിക്കാരും നൽകുന്ന തൊഴിൽ നികുതിയാണ്

ഈയിനത്തിൽ പഞ്ചായത്തിന്നു ലഭിക്കുന്നത്. കാർഷിക പ്രാധാന്യമുള്ള ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയെടുത്താൽ അതുവഴിതൊഴിൽ നികുതിയിനത്തിൽ നല്ലൊരു സംഖ്യ പഞ്ചായത്തിന്ന് ലഭിക്കുന്നതാണ്. നിലവിലുള്ള കൃഷിഭൂമികൾ തുണ്ടുതുണ്ടായിപ്പോവുന്നതാണ് ഈ രംഗത്തുള്ള പരാജയം നല്ല സാമ്പത്തികാടിത്തറയുള്ള കൃഷിക്കാരെകൂടി നികുതിദായകശൃംഖലയിൽ കൊണ്ടുവന്നാൽ അതുവഴിയും പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗ്ഗമാകും. മേല്പറഞ്ഞതു കൂടാതെ പഞ്ചായത്തതൃത്തിയിൽ ജോലി ചെയ്യുന്ന വിവിധ മേഖലകളിലുള്ള തൊഴിലാളികളിൽ നിന്നും അവരുടെ വേതനത്തിൻെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്.

## *വിനോദനികുതി.*

വല്ലപ്പോഴും അരങ്ങേറുന്ന ഒരു സിനിമാ പ്രദർശനമോ, ഒരു സർക്കസ്സോ മാത്രമാണ് ഈ ഗ്രാമ പഞ്ചായത്തിലെ വിനോദ നികുതിയിനത്തിലുള്ള വരുമാനം. ആയതം തീരെ തുച്ഛമാണുതാനും. ഒരോറ്റ സിനിമാ ടാക്കീസും '96 വരെ പഞ്ചായത്തിൽ നിർമ്മിക്കപ്പെട്ടിട്ടില്ല. ഒരു പക്ഷെ '97 മാർച്ചു മാസത്തോടു കൂടി ഒരു സിനിമാടാക്കീസ് - പഞ്ചായത്തിൻെറ ഹൃദയഭാഗമായ പടിഞ്ഞാറത്തറയിൽ തുടങ്ങാൻ സാദ്ധ്യതയുണ്ട്. അതുവഴി മേല്പ്പറഞ്ഞ ഇനത്തിൽ ഗണ്യമായ വരുമാനം പഞ്ചായത്ത് പ്രതീക്ഷിക്കുന്നുണ്ട്.

## *ഷോപ്പിംഗ് മുറികളുടെ വാടക*

പഞ്ചായത്തിൽ നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ലേലത്തിൽ കൊടുത്തതുവഴി 60000 രൂപയോളം ഒരു വർഷത്തിൽ വരുമാനമായി ലഭിക്കുന്നുണ്ട്. റൂറൽ ഡവലപ്മെൻറ്ബോർഡു മുഖേന പുതിയതായി 12 ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ പണിതു കിട്ടിയിട്ടുണ്ട്. ആയതു ലേലം ചെയ്ത ഇനത്തിലും നല്ലൊരു തുക വരുമാനമായി പ്രതീക്ഷിക്കുന്നുണ്ട്.

## *മണൽ ലേലം.*

പഞ്ചായത്തിൻെറ അതിരുകളിൽ കൂടി ഒഴുകുന്ന കരമാൻതോട് (പുതശ്ശേരിപുഴ); വെണ്ണിയോടൻ പുഴ എന്നിവയിൽ അടിഞ്ഞുകൂടുന്ന മണൽ ഓരോ സാമ്പത്തിക വർഷത്തിലും പഞ്ചായത്ത് ലേലം ചെയ്തു നൽകുന്നുണ്ട്. അതുവഴിയും പഞ്ചായത്തിന് ഒരുതുക വരുമാനമായി ലഭിക്കുന്നുണ്ട്.

## *ലൈസൻസ് ഫീസ്*

പഞ്ചായത്തിലെ പ്രധാനപ്പെട്ട ടൗണാണ് പടിഞ്ഞാറത്തറ ടൗൺ. പ്രസ്തുത ടൗൺ കേന്ദ്രീകരിച്ചും ഉൾനാടുകൾ കേന്ദ്രീകരിച്ചും വളരെയധികം കച്ചവടസ്ഥാപനങ്ങൾ ഉയർന്ന വരുന്നുണ്ട്. 1995-96ൽ ഈയിനത്തിൽ ലൈസൻസ് ഫീസായി 10,355-75 രൂപ പഞ്ചായത്തിന് ലഭിച്ചിരുന്നു. കച്ചവടക്കാരുടെ ലൈസൻസ് ഫീസ് നിരക്ക് അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. പഞ്ചായത്തതൃത്തിയുള്ള എല്ലാ കച്ചവടക്കാരെയും ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്. വളരെ ആത്മാർത്ഥമായ ശ്രമം നടത്തിയാൽ ഈരംഗത്തും വരുമാനം കൂട്ടാവുന്നതാണ്.

## *സർക്കാർ ഗ്രാൻറുകൾ*

സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്, ഗ്രാമീണ റോഡുകൾ റിപ്പയർ ചെയ്യുന്നതിന് അനുവദിക്കുന്ന വി.ആർ.എം.ഗ്രാൻറ്, ചെറുകിട ജലസേചന ഗ്രാൻറും, സ്റ്റാമ്പ് ഡ്യൂട്ടി, വി.റ്റി.സി.ഗ്രാൻറ് എന്നീ ഗ്രാൻറുകളും ജവഹർ തൊഴിൽ ദാന പദ്ധതി, ഉപാധീരഹിതഫണ്ട്, സ്വാശ്രയഗ്രാമപദ്ധതി എന്നീ ഫണ്ടുകളുമാണ് പഞ്ചായത്തിൻെറ മറ്റൊരു വരുമാനം. പ്രസ്തുത ഗ്രാൻറുകളും ഫണ്ടുകളും ഉപയോഗിച്ച് പഞ്ചായത്തിൻെറ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തിവരികയാണ്. പഞ്ചായത്തിൻെറ വിവിധ വികസന പ്രവർത്തനങ്ങളിൽ ഗ്രാമസഭകളുടെ പങ്ക് വളരെ വലുതാണം. പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്ന ഓരോ രൂപയും ഉദ്ദേശലക്ഷ്യങ്ങൾക്കായി ചെലവഴിക്കപ്പെടണം. ഉദാഹരണമായി വർഷക്കാലത്തിൽ നിറഞ്ഞൊഴുകുന്ന നിരവധി തോടുകൾ ഈ ഗ്രാമ പഞ്ചായത്തിലുണ്ട്. ഏകദേശം 43 ഓളം താല്ക്കാലിക മരപ്പാലങ്ങൾ പ്രസ്തുത കാലത്ത് നിർമ്മിക്കപ്പെടുന്നു. വേനൽക്കാലമാവുമ്പോൾ ആയവ ഉപയോഗശൂന്യമായി പ്പോവുന്നതുനിമിത്തം അടുത്തവർഷം

വീണ്ടും പുനർ നിർമ്മിക്കപ്പെടുന്നു. പ്രസ്തുത സ്ഥലങ്ങളിൽ കോൺക്രീറ്റു സ്ലാബുകൾ സ്ഥാപിച്ചാൽ ഈ ഇനത്തിൽ പഞ്ചായത്തിനു നല്ലൊരു തുക ലാഭിക്കാവുന്നതാണ്.

മാനവശേഷി ഉപയോഗപ്പെടുത്താലാണ് മറ്റൊരു മാർഗ്ഗം. ഓരോ പ്രവൃത്തിയും നടപ്പിലാക്കപ്പെട്ടുമ്പോൾ സാധനങ്ങളുടെ വില ഒഴിച്ച്, പ്രവൃത്തി ചെയ്യുന്നതിൻെറ ഇനത്തിൽവരുന്ന തുക, അതതു ഗ്രാമ നിവാസികളെക്കൊണ്ട് ശ്രമദാനമായി ചെയ്യിക്കാവുന്ന സംവിധാനത്തെ കുറിച്ചു ചിന്തിക്കേണ്ടതുണ്ട്. സാധനങ്ങൾ വാങ്ങുന്നതുതന്നെ കഴിവതും പ്രാദേശികമായതു തന്നെയാവണം. അങ്ങനെവരുമ്പോൾ കടത്തുകൂലിയിനത്തിലും മറ്റും വളരെ തുക മെച്ചപ്പെടുത്താം.

ചുരുക്കത്തിൽ വരുമാന കൂട്ടിയും ചെലവു കഴിവിൻെറ പരമാവധി നിയന്ത്രിച്ചും പ്രവർത്തിക്കുന്നതുവഴി പഞ്ചായത്തിൻെറ സാമ്പത്തിക നില മെച്ചപ്പെടുത്താവുന്നതാണ്.

## *നിർദ്ദേശങ്ങൾ*

1. കെട്ടിട നികുതി ചുമത്തുന്നത് കുറെകൂടി ശാസ്ത്രീയമാക്കുക.
2. തൊഴിൽ നികുതിദായകരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുക.
3. നിലവിലുള്ള എല്ലാ കച്ചവടക്കാരെക്കൊണ്ടും ലൈസൻസ് എടുപ്പിക്കുക.
4. പഞ്ചായത്ത് ബസ്റ്റാൻറ് നിലവിൽ വരുമ്പോൾ പാർക്കിംഗ് ഫീസ് ചുമത്തിവരുമാനം വർദ്ധിപ്പിക്കുക.
5. പ്രാദേശിക വിഭവങ്ങളുടെ പരമാവധി ഉപയോഗം.
6. കാർഷിക വിളകളെ അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായങ്ങൾ നടപ്പിലാക്കുക.
7. ദേശീയ സമ്പാദ്യപദ്ധതിയിൽ ധനം നിക്ഷേപിക്കുന്നതിന് എല്ലാവരെയും പ്രോത്സാഹിപ്പിക്കുക.
8. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിച്ച കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യമായ ശ്രമം നടത്തണം.
9. പഞ്ചായത്തിലെ ഒരു തുണ്ടു ഭൂമിപോലും തരിശായി ഇടാൻ അനുവദിക്കരുത്.
10. വികസന പ്രവർത്തനങ്ങളിൽ ഗ്രാമത്തിലെ മുഴുവൻ ജനങ്ങളെയും പങ്കാളികളാക്കണം.

**പഞ്ചായത്തിൻെറ കഴിഞ്ഞ 6 വർഷക്കാലത്തെ ആകെ വരവു ചെലവ് - ഒരു താരതമ്യപഠനം.**

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1990-91 | 7,62,000.81 | 7,95,653-24 |
| 1990-92 | 1,291,738.38 | 8,66,326-58 |
| 1992-93 | 11,30,816.45 | 13,29,259-10 |
| 1993-94 | 15,51,433.02 | 16,72,161-35 |
| 1994-95 | 15,28,993.25 | 10,33,532-70 |
| 1995-96 | 18,83,879.13 | 9,58,460-18 |

**കഴിഞ്ഞ 3 വർഷങ്ങളിലെ തനത് വരുമാനം**

| വർഷം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| കെട്ടിടനികുതി | 1,79,129-00 | 3,04,667-50 | 2,12,690-00 |
| തൊഴിൽ നികുതി | 88,095-00 | 1,32,195-00 | 97,970-00 |
| ലൈസൻസ്ഫീസ് | 11,062-50 | 10203-50 | 10355-75 |
| ഡിപ്പോസിറ്റുകൾ | 31,486-50 | 87186-00 | 35068-00 |
| പലവക വരവുകൾ | 10,70,408-52 | 45,991-25 | 3,23,957-38 |

**കഴിഞ്ഞ 3 വർഷങ്ങളിലെ ചെലവ്**

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| എസ്റ്റാബ്ലിഷ്മെൻറ് | 2,37,881-40 | 2,23,173-60 | 206262-50 |
| പൊതുപ്രവൃത്തികൾ | 1,27,807-50 | 92,381-00 | 2,29,477-08 |
| തെരുവുവിളക്കുകൾ | 6,052-00 | 5,112-00 | 15817-00 |






പ്രകൃതിയുടെ വരദാനമായ കാനനഭംഗി ആസ്വദിക്കുന്നവർക്ക് ഈ പഞ്ചായത്ത് ഒരു അനുഗ്രഹമാണ്. ഗ്രാമ പഞ്ചായത്തിൻെറ തെക്കും പടിഞ്ഞാറും അതിർത്തികളിൽ നയന സുന്ദരമായ ബാണസുരൻ മലനിരകളാണ്. മിതശീതോഷ്ണമായ കാലാവസ്ഥയിൽ ഈ പ്രദേശത്ത് ഉഷ്ണമേഖലാ വൃക്ഷങ്ങൾ ധാരാളമായി വളരുന്നുണ്ട്. ചെറിയ നീരുറവകളും പുൽമേടുകളും വൃക്ഷങ്ങളും ഉള്ള ഈ പ്രദേശത്തുകൂടിയുള്ള യാത്ര മാനസികമായും ശാരീരികമായും ആരോഗ്യപ്രദമാണ്. പഞ്ചായത്തിൻെറ അതിരുകളിൽ കുടി വെണ്ണിയോടൻപുഴയും കരമാൻ തോട് എന്ന പുതുശ്ശേറി പുഴയും ഒഴുകുന്നുണ്ട്. തസ്സൂലം ഇതിൻെറ ഇരു കരകളിലും ഉള്ള ഭൂമി എന്നും പച്ചപ്പട്ടാർന്നതാണ്. പഞ്ചായത്തിൻെറ വടക്കുഭാഗത്തുള്ള കുപ്പാടിത്തറ എന്ന സ്ഥലത്ത് വിശാലമായ നെൽപ്പാടങ്ങളാണുള്ളത്. ചെറിയ കുന്നുകളും വയലുകളും നിറഞ്ഞ ഈ പ്രദേശം നയനാനന്ദകരമായ അനുഭൂതി ഉളവാക്കുന്നു.

കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ പോഷക അണക്കെട്ടായ ബാണാസുരസാഗർ അണക്കെട്ട്, പഞ്ചായത്തിൻെറ എട്ടാം വാർഡിൻെറയും പത്താം വാർഡിൻെറയും മദ്ധ്യത്തിലായാണ് നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. പ്രസ്തുത അണക്കെട്ടിൻെറ സമീപ പ്രദേശങ്ങളിൽ ഒരു പൂന്തോട്ടം നിർമ്മിക്കുകയാണെങ്കിൽ ടൂറിസ്റ്റുകൾക്കു മാത്രമല്ല പരിസര വാസികൾക്കു കൂടി ആരോഗ്യപ്രദമായ ഒരു അന്തരീക്ഷമാണ് അതു നൽകുക. പ്രസ്തുത അണക്കെട്ടിൻെറ സമീപത്തു കൂടിയാണ് നിർമ്മാണത്തിലിരിക്കുന്ന - പടിഞ്ഞാറത്തറ - പൂഴിത്തോടു റോഡ് കടന്നു പോകുന്നത്. പ്രസ്തുത റോഡിൻെറ അധിക ഭാഗവും മേല്പറഞ്ഞ വനമേഖലയിലൂടെയാണ് നിർമ്മിക്കുന്നത്. 27 കി.മീറ്ററോളം വരുന്ന പ്രസ്തുത റോഡിൽകൂടെയുള്ള യാത്ര അനുഭൂതിദായകമായിരിക്കും. ബാണാസുര മലനിരകളിൽ ഒരു വന്യ ജീവി സങ്കേതം ആരംഭിച്ചാൽ അത് ടൂറിസം മേഖലയിലേക്കുള്ള വമ്പിച്ച കാൽവെപ്പായിരിക്കും.

കഴിഞ്ഞ വർഷം യൂത്ത് ഹോസ്റ്റൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ബാണാസുരൻ മലയിലേക്ക് ഒരു സാഹസിക യാത്ര നടത്തിയിരുന്നു. സാഹസീക പ്രിയരായ യുവജനങ്ങൾക്ക് പ്രസ്തുത സാഹസിക യാത്ര അനുഭവപൂർണ്ണവും അനുഭൂതിദായകവുമായിത്തീർന്നു. വാസ്ക്കോ-ഡി-ഗാമ ആദ്യമായി ഇന്ത്യയിലെത്തിയ കാപ്പാടു ബീച്ചുമുതൽ കക്കയം അണക്കെട്ടു പ്രദേശം ബന്ധിപ്പിച്ചുകൊണ്ട് ബാണാസുരൻ മലയിലേക്ക് ഒരു ടൂറിസം ശൃംഗല വികസിപ്പിക്കേണ്ടതാണ്.

### *നിർദ്ദേശങ്ങൾ*

1. ബാണാസുര അണക്കെട്ടിൻെറ സമീപ പ്രദേശം ഏറ്റെടുത്ത് പൂന്തോട്ടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.
2 കാപ്പാട് - കക്കയം ബാണാസുരൻ മല എന്ന രീതിയിൽ ഒരു ടൂറിസം ശൃംഗല വികസിപ്പിക്കുക.
3. ബാണാസുരസാഗർ റിസർവ്വോയറിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുക.
4. പടിഞ്ഞാറത്തറയിൽ ഒരു മലകയറ്റ പരിശീലന കേന്ദ്രം ആരംഭിക്കുക.
5. റിസർവ്വോയറിൽ ഒറ്റപ്പെട്ടുപോകുന്ന തുരുത്തുകൾ ആകർഷണീയമാക്കാൻ പൂവാകകൾ പോലുള്ള സസ്യജാലങ്ങൾ വെച്ചു പിടിപ്പിക്കുക.
6. പടിഞ്ഞാറത്തറയിൽ നിർമ്മിക്കുന്ന അണക്കെട്ടിൻെറ ക്യാച്ച്മെൻറ് ഏറിയയും അതോടനുബന്ധിച്ച മലമ്പ്രദേശങ്ങളും വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുക.
7. പടിഞ്ഞാറത്തറയിൽ ഒരു പാമ്പുവളർത്തു കേന്ദ്രം ആരംഭിക്കുക.

# പടിഞ്ഞാറത്തറ സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്

**No. F1664**

പി.ഒ. പടിഞ്ഞാറത്തറ. 673575-

വയനാട് ജില്ല.

***നിക്ഷേപങ്ങൾക്ക് 15.5 % വരെ പലിശ നൽകുന്നു. കാർഷിക, കാർഷികേതര വായ്പകൾ നൽകുന്നു. വളം കീടനാശിനി എന്നിവ വിതരണം ചെയ്യുന്നു.ലോക്കർ സൗകര്യം ലഭ്യമാണ്.***

എം.കെ. രവി
യൂണിറ്റ് ഇൻസ്പെക്ടർ,
വൈത്തിരി
അഡ്മിനിസ്ട്രേറ്റർ,

പി.എം. സെബാസ്റ്റ്യൻ
സിക്രട്ടറി.
ഫോൺ. 60441.

## വികസനരംഗത്ത് കുതിച്ച്കയറ്റത്തിന് തയ്യാറെടുക്കുന്ന പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന് ആശംസകൾ




# ശാന്തി ഹോസ്പിറ്റൽ

പടിഞ്ഞാറത്തറ, വയനാട്-673575, ഫോൺ : 04936-60481

കഴിഞ്ഞ പതിനഞ്ച് വർഷമായി പടിഞ്ഞാറത്തറ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തി[illegible] വരുന്നതും, ആതുരശുശ്രൂഷാരംഗത്ത് സ്തുത്യർഹമായ സേവനമനുഷ്ഠിച്ചുവരുന്നതുമായ പടിഞ്ഞാറത്തറ ക്ലിനിക്ക് 1997 ജനുവരിമാസത്തോടെ കൂടുതൽ സൗകര്യപ്രദമായ [illegible] ആധുനിക സജ്ജീകരണങ്ങളോടെ പുതിയ പേരിൽ (ശാന്തി ഹോസ്പിറ്റൽ) പ്രവർത്തനമാരംഭിക്കുന്നു.

- ഡോ. ടി ഇബ്രായി (MBBS)യുടെ നേതൃത്വത്തിൽ വിദഗ്ധരായ ഡോക്ടർമാരുടെ സേവനം.
- ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം.
- എല്ലാമാസവും അവസാനത്തെ വെള്ളിയാഴ്ച രാവിലെ പത്തുമണിമുതൽ പന്ത്രണ്ടുമണിവരെ തരിയോട് CHCയുടെ ആഭിമുഖ്യത്തിൽ സൗജന്യ രോഗപ്രതിരോധ ചികിൽസാ ക്യാമ്പ് (പോളിയോ, ട്രിപ്പിൾ, ബി.സി.ജി, മീസിൽസ്, ടെറ്റനസ് വാക്സിനുകൾ നൽകുന്നു)
- അർഹരായ രോഗികൾക്ക് സൗജന്യചികിത്സ.

*ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ നിർല്ലോപമായ സഹായ സഹകരണങ്ങൾ [illegible] നന്ദിരേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നും എല്ലാവിധ സഹായ സഹകരണങ്ങളും അഭ്യർത്ഥിക്കുന്നു*

മാനേജ്മെന്റ് & സ്റ്റാഫ്

ശാന്തി ഹോസ്പിറ്റൽ.



Printed at MANGALAM offset press Kallai, Calicut, Ph. 366063

# സാമൂഹ്യക്ഷേമം

അവശ വിഭാഗങ്ങളുടെ ഉന്നതിക്കായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും ഏറെ മുന്നേറിയിട്ടുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ദുർബല വിഭാഗത്തിൽപ്പെട്ട ആളുകളെ സാമൂഹിക ജീവിതത്തിന്റെ പൊതുധാരയുമായി കൂട്ടിയിണക്കുക എന്നതാണ് ഈ പദ്ധതികളുടെയെല്ലാം പ്രധാന ലക്ഷ്യം.

വികസന പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കൾ ആത്യന്തികമായി ജനങ്ങളാണെങ്കിലും അവ ലഭ്യമാകുന്ന രീതിയിൽ വ്യത്യാസങ്ങളുണ്ട്. വ്യക്തികൾക്ക് നേരിട്ട് ലഭ്യമാകുന്ന പദ്ധതികളും സമൂഹത്തിന് മൊത്തത്തിൽ പ്രയോജനപ്പെടുന്ന പദ്ധതികളുമുണ്ട്. പഞ്ചായത്തതിർത്തിയിൽപ്പെട്ട പ്രദേശങ്ങളിൽ ജനക്ഷേമം ലക്ഷ്യമാക്കി നടപ്പാക്കികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളാണ് ഇവയെല്ലാമെങ്കിലും പദ്ധതികളുടെ നടത്തിപ്പിൽ ഇതുവരെയും പഞ്ചായത്ത് ഭരണസമിതിക്ക് കാര്യമായ പങ്കൊന്നും ഉണ്ടായിരുന്നില്ല വികസന ബ്ലോക്ക് വഴി തികച്ചും ഉദ്യോഗസ്ഥ മനോഭാവമനുസരിച്ച് ഈ പദ്ധതികൾ നടപ്പിലാക്കപ്പെട്ടു. ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ബോംബേ പ്ലാൻ മുതൽ തന്നെ ദാരിദ്രനിർമ്മാർജന പദ്ധതികൾക്കായിരുന്നു പ്രാധാന്യം കൊടുത്തത്. എന്നാൽ, പദ്ധതി നടത്തിപ്പിന്റെ പോരായ്മയും ഇടത്തട്ടുകാരുടെ ചൂഷണവും കാരണം ഈ ലക്ഷ്യം പൂർണ്ണമായും നിറവേറ്റപ്പെട്ടില്ല. ഇപ്പോഴും ഗ്രാമങ്ങളും നഗരങ്ങളും പരസ്പര ബന്ധമില്ലാതെ അറകളായി തന്നെ തുടരുന്നു.

ഇടത്തരം കർഷകരുടെയും കർഷകതൊഴിലാളികളുടെയും ബാഹുല്യം പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു. ഇത് കൂടാതെ ദാരിദ്ര്യവും ദുരിതങ്ങളും പട്ടിക വർഗ്ഗ തുരുത്തുകളും സാമൂഹ്യക്ഷേമ പ്രവർത്തനത്തിൽ പഞ്ചായത്ത് ഇനിയും ബഹുദൂരം മുന്നേറാനുണ്ടെന്ന് ചൂണ്ടികാണിക്കുന്നു.

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ ദാരിദ്ര്യമനുഭവിക്കുന്ന ഈ വിഭാഗത്തിനെ ഉയർത്തികൊണ്ട് വരാൻ, സമഗ്രമായ ജനകീയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടിയിരിക്കുന്നു ഇടത്തട്ടുകാരുടെയും ബ്യൂറോക്രസിയുടെയും ചൂക്ഷണത്തിൽ നിന്ന് മോചനം ലഭിക്കാതെ ഈ വിഭാഗത്തിന്റെ പുനരുദ്ധാനം അസാധ്യമാണ്. പട്ടിക വർഗ്ഗ സ്ത്രീകളാണ് പ്രധാനമായും കാർഷികരംഗങ്ങളിൽ പണിയെടുക്കുന്നത്. ഇവരിലെ അപൂർവ്വം പുരുഷന്മാർ മറ്റ് മേഖലകളിലും തൊഴിൽ ചെയ്യുന്നുണ്ട്.

പട്ടികജാതിയിൽപ്പെട്ട ആളുകൾ കാർഷിക മേഖലയെ കൂടാതെ ഇഷ്ടികകളങ്ങളിലും, റോഡ്, കെട്ടിടനിർമ്മാണരംഗങ്ങളിലും ജോലി ചെയ്യുന്നു.

പുരുഷൻമാരുടെ കൂലി നിരക്ക് സ്ത്രീകളുടെ കൂലി നിരക്കിനെക്കാൾ കൂടുതലാണ്. കഠിനമായഅധ്വാനം കൊണ്ട് ഈ ആളുകൾ പട്ടിണിയിൽ നിന്നും ഏറെക്കുറെ മുക്തരായിട്ടുണ്ട്. സ്വന്തമായ ആസ്തികളൊന്നുമില്ലാതെ മനുഷ്യ വിഭവശേഷിയെ മാത്രം ആശ്രയിച്ച് കഴിയുന്ന ഇക്കൂട്ടരിൽ അരക്ഷിതത്ത്വബോധം വർദ്ധിച്ച് വരുന്നു. അദ്ധ്വാനത്തിനനുസരിച്ച് ലഭ്യമാകാത്ത പോഷകാഹാരത്തിന്റെ കുറവും ആരോഗ്യരംഗത്ത് വെല്ലുവിളികളുയർത്തുന്നു പട്ടികജാതി പട്ടികവർഗ്ഗ ഡിപ്പാർട്ട്മെന്റുകൾക്ക് രോഗംമൂലം വിഷമിക്കുന്നവരെ ചികിൽസിക്കാൻ പദ്ധതികൾ ഉണ്ടെങ്കിലും അവ തികച്ചും അപര്യാപ്തമാണ്. പട്ടികജാതിക്കാർക്ക് 1000 രൂപ മാത്രം ധനസഹായം കിട്ടുമ്പോൾ ഗുരുതരമായ രോഗങ്ങൾക്ക് സംസ്ഥാന പട്ടികജാതി വികസന ഡയറക്റേറ്റിനെ ആശ്രയിക്കേണ്ടിവരുന്നു.

സാധാരണക്കാർക്കാകട്ടെ സർക്കാർ നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങളെകുറിച്ച് യാതൊരറിവുമില്ല. പദ്ധതികൾ പലതും നടപ്പിലാക്കുന്നതും പ്രയോജനപ്പെടുന്നതും ഇടനിലക്കാർക്കാണ് അന്നന്നത്തെ അധ്വാനത്തിനനുസരിച്ച് ജീവിതം തള്ളിനീക്കുന്ന ഇവരെ സംബന്ധിച്ചിടത്തോളം നിയമങ്ങളുടെയും നിബന്ധനകളുടെയും ഊരാക്കുരുക്കഴിക്കാൻ പണമോ, സമയമോ, സൗകര്യമോ ലഭിക്കുന്നില്ല. ഈ രംഗത്ത് കാര്യക്ഷമമായ പ്രവർത്തികളാൽ മാത്രമേ ദാരിദ്ര്യം നിർമ്മാർജന പദ്ധതികൾ വിജയിക്കയുള്ളു.

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി, തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കുന്നവയുമായി ഇവയെ രണ്ടായി തിരിക്കാം. ഇവയ്ക്ക് പുറമേ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനുകളും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട് എന്നാൽ ഈ കോർപ്പറേഷന്റെ ആസ്ഥാനം തിരുവനന്തപുരത്തായതുകൊണ്ട് വനിതകൾക്ക് ഇതിന്റെ സഹായം കിട്ടുന്നില്ല. പഞ്ചായത്തിലെ വനിതകൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഈ കോർപ്പറേഷൻ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിലേക്ക് കൂടി വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു.

ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ

(1) സംയോജിത ഗ്രാമവികസന പരിപാടി (ഐ ആർ ഡി പി)

സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തുകൊണ്ട് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസിന് കീഴിലുള്ള പടിഞ്ഞാറത്തറ, കുപ്പാടിത്തറ, എന്നീ രണ്ട് വില്ലേജ് സർക്കിളുകൾ വഴിയാണ് സഹായപദ്ധതികൾ പഞ്ചായത്തിൽ നടപ്പാക്കുന്നത്.

## 1995 ലെ IRDP സർവ്വേ പ്രകാരം

ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം പട്ടികയായി കൊടുക്കുന്നു..

| വില്ലേജ് സർക്കിൾ | സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം | ഇതിൽsc/st കുടുംബങ്ങളുടെ എണ്ണം | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചത് വഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയവർ | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|---|
| പടിഞ്ഞാറത്തറ | 972 | 174 | 127 | 55 | 107 | 865 |
| കുപ്പാടിത്തറ | 788 | 135 | 80 | 40 | 40 | 788 |

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1653 ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു എന്നാൽ ഈ സർവ്വേ വസ്തുനിഷ്ടമല്ല.

ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാറിന്റെ നിർവ്വചനം കാലോചിതമായി മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. അതിന്

(1) ദാരിദ്ര്യരേഖയുടെ പരിധി 25000 രൂപയെങ്കിലും ആക്കി ഉയർത്തണം

(2) പഞ്ചായത്തിലെ പ്രത്യേക കാർഷികസമ്പദ്ഘടനയിൽ കുടുംബത്തിന്റെ യഥാർത്ഥ വരുമാനം വസ്തുനിഷ്ടമായി തിട്ടപ്പെടുത്താനുള്ള ശാസ്ത്രീയ രീതികൾ ആവിഷ്കരിക്കണം അതായത് ഇപ്പോഴുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം .

(3) കേരളത്തിലെ ഇതരജില്ലകളിൽ നിന്നും വരുന്ന ഉദ്യോഗസ്ഥർക്ക് ഈ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികസാമൂഹിക ചുറ്റുപാടുകൾ ഉൾക്കൊള്ളാൻ കഴിയാറില്ല.അതിന് വേണ്ട പരിശീലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണം.

(4) ദേശസാൽകൃതബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. .സഹകരണമേഖലക്ക് പരമാവധി ഫണ്ട് അനുവധിച്ചുകൊണ്ട്സഹകരണബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താകൾക്കളെ സഹായിക്കാൻ ജില്ലാസംസ്ഥാനസഹകരണബാങ്കുകൾ വഴി നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശസാൽകൃതബാങ്കുകൾ കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം.

(5) ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷംതോറും സർവ്വേ നടത്തണം.

## *ഗുണനിലവാരം മെച്ചപ്പെടുത്താൻ ചില നിർദ്ദേശങ്ങൾ.*

a. വസ്തുനിഷ്ടമായും നിഷ്പക്ഷമായും ഗുണഭോക്തക്കളെ തെരഞ്ഞെടുത്ത് വായ്പാ ക്യാമ്പുകൾ പഞ്ചായത്തിൽ സംഘടിപ്പിക്കാം. ഇതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും പങ്കെടുപ്പിക്കണം.

b. പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ പശ്ചാത്തല സൗകര്യങ്ങൾ, തൊഴിൽ അഭിരുചി അസംസ്കൃത സാധനങ്ങളുടെ ലഭ്യത, വിപണന സാധ്യത തുടങ്ങിയവ വിലയിരുത്തണം.

c. ശാസ്ത്രസാമൂഹികരംഗത്തെ പുരോഗതിക്കനുസരിച്ച് ബന്ധപെട്ട മേഖലയിൽ വന്നിട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ച യഥാർത്ഥ ബോധവൽക്കരണം തൊഴിലന്വേഷകർക്ക് നൽകണം.

d. പഞ്ചായത്തു തലത്തിൽ ബാങ്ക് മാനേജർമാരുടെ യോഗം വിളിച്ച് ചേർത്ത് പദ്ധതി അവലോകനം ക്രമമായി നടത്താം.

e. വായ്പാ തിരിച്ചടവിനായി റിക്കവറി ക്യാമ്പുകൾ സംഘടിപ്പിക്കാം.

## *ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (DWCRA)*

ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി പത്തോ, അതിലധികമോ വനിതകൾ ചേർന്ന് നടത്തുന്ന സാമ്പത്തിക പ്രവർത്തനമാണിത്. ഒറ്റക്ക് ചെയ്യുന്ന പല ജോലികളുടെയും കാര്യക്ഷമത(efficiency) കൂട്ടായ സംരംഭത്തിലൂടെ ഉയർത്താൻ ഈ പദ്ധതികൊണ്ട് കഴിയേണ്ടതാണ്. കുപ്പാടിത്തറ വില്ലേജിലാണ് DWCRA യൂണിറ്റുകൾ കൂടുതലായുള്ളത്. അതിൽ 1-ാം വാർഡിൽ 3 യൂണിറ്റുകളുണ്ട് 1992-93 വർഷങ്ങളിലാരംഭിച്ച രണ്ട് ഡയറി യൂണിറ്റുകളായി 20 ആളുകൾ ജോലിചെയ്യുന്നു. ഈ വാർഡിൽ ഡയറി വ്യവസായത്തിന് അനുയോജ്യമായ ഘടകങ്ങൾ ഏറെയുണ്ട്. 1995-96 വർഷത്തിലാരംഭിച്ച മറ്റൊരു ഡയറിഫാമും വാർഡിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. പത്ത് ആളുകൾ ചേർന്നാണ് ഈ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്.

ഇതേ വാർഡിൽ തന്നെ 1993-94 വർഷങ്ങളിലാരംഭിച്ച ഇഷ്ടിക നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഇതും ലാഭകരമായിട്ടാണ് തുടർന്ന് പോകുന്നത്.

കുപ്പാടിത്തറ വില്ലേജിൽപ്പെട്ട 2-ാം വാർഡിലും 3-ാം വാർഡിലും 91-92 വർഷത്തിൽ ആരംഭിച്ച ഓരോ ഡയറി യൂണിറ്റുകൾ വീതമുണ്ട്. ഇതിലോരോന്നിലും 14 ആളുകൾ വീതമാണ്തൊഴിൽ ചെയ്യുന്നത്. 4-ാം വാർഡിൽ ഇത്തരത്തിലുള്ള സംരംഭങ്ങളൊന്നുമില്ല.

പടിഞ്ഞാറത്തറ വില്ലേജിൽ 5-ാം വാർഡിൽ DWCRA ഡയറി യൂണിറ്റ് 1994-95 വർഷത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 8 അംഗങ്ങളുള്ള യൂണിറ്റ് കാര്യക്ഷമമായിട്ടാണ് പ്രവർത്തിക്കുന്നത്.

9-ാം വാർഡിൽ 15 അംഗങ്ങൾ ചേർന്ന് 1992-93 വർഷത്തിൽ ഡയറിഫാം ആരംഭിച്ചു. ഇതും കാര്യക്ഷമമാണെന്ന് സൂചിപ്പിക്കപ്പെടുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വയംതൊഴിൽ സംരംഭങ്ങളെല്ലാം പാലിനെയോ പാലുല്പന്നങ്ങളെയോ ആധാർമാക്കിയുള്ളതാണ്. ഇവ തന്നെ പുത്തൻ രീതികളോ ശാസ്ത്രീയമാറ്റങ്ങളോ ഉൾകൊണ്ടിട്ടില്ല. ആധുനിക രീതിയിൽ ഇവയെ പുനക്രമീകരിക്കേണ്ടതുണ്ട്. കൂടുതൽ ശാസ്ത്രീയമായ രീതിയിൽ, പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഈ രംഗത്ത് വളരെയേറെ മുന്നേറാൻ കഴിയും. അതിന് വിദഗ്ദരുടെ സഹായത്തോടുകൂടി കൃത്യമായ പഠനങ്ങൾ നടത്തുകയും, ശാസ്ത്രസാങ്കേതിക വിദ്യയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് പരിഷ്കാരങ്ങൾ ഈ തൊഴിൽ സംരംഭങ്ങളിൽ വളർത്തേണ്ടത് ആവശ്യമാണ്.

അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതയും വിഭവസമൃദ്ധിയും കൊണ്ടനുഗ്രഹീതമായ പഞ്ചായത്തിൽ ഈ രംഗത്ത് ഇനിയും നൂതന സംരംഭങ്ങൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. പകലന്തിയോളം അടുക്കളയുടെ നാലു ചുമരുകൾക്കിടയിൽ കുരുങ്ങി ജീവിക്കുന്ന നിർധനരായഗ്രാമീണ വനിതകളിൽ സ്വാശ്രയബോധം ഉണ്ടാക്കി, ആത്മവിശ്വാസം വീണ്ടെടുക്കാൻ ഇത്തരം സംരംഭങ്ങൾക്ക് കഴിയും. അതിന് വേണ്ട പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെ വിദഗ്ദരുടെയും അറിവുള്ളവരുടെയും സേവനം പ്രയോജനപ്പെടുത്തിയും ശക്തമായ ബോധവൽക്കരണപ്രവർത്തനം നടത്തിയും കാര്യക്ഷമമാക്കണം. അങ്ങനെ ഈ രംഗത്ത് ഇന്നുള്ള മുരടിപ്പ് മാറ്റിയെടുത്ത് ഈ മേഖലയെ സജീവമാക്കാം.

## *ട്രൈസം*

ഗ്രാമീണ യുവതിയുവാക്കൾക്ക് ചെറുകിട കുടിൽ വ്യവസായ സർവ്വീസ് മേഖലകളിൽ സ്വയംതൊഴിൽ പരിശീലനം നൽകി IRDP പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് വേണ്ടിയുള്ളIRDP ലിസ്റ്റിൽ സഹായം നൽകുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളിൽ 18 നും 35നും മധ്യേ പ്രായമുള്ളവരാണ് ഗുണഭോക്താക്കൾ.

1990 മുതൽ 96 വരെ ബുക്ക് ബയൻറിംഗ്, ഹെയർഡ്രസിംഗ്, ടൈലറിംഗ്, എംബ്രോയിഡറി, ഫോർവീൽ റിപ്പയർ, ഓട്ടോറിക്ഷാ ഡ്രൈവിംഗ് തുടങ്ങിയ മേഖലകളിൽ 12 പേർക്ക് മാത്രമാണ് പടിഞ്ഞാറത്തറ വില്ലേജ് സർക്കിളിൽ പരിശീലനം ലഭിച്ചത്. കുപ്പാടിത്തറ വില്ലേജ് സർക്കിളിൽ 36പേർക്ക് പരിശീലനം ലഭിച്ചു. എന്നാൽ ഈ പരിശീലനം ലഭിച്ച ആർക്കും തന്നെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് ശ്രദ്ധേയമാണ്. കുപ്പാടിത്തറ വില്ലേജ് സർക്കിളിൽ 34 പേർ ഇതര മേഖലകളിൽ ജോലിചെയ്യുന്നു. രണ്ട് പേർ പ്രത്യേകിച്ച് ഒരുതൊഴിലും ചെയ്യാത്തവരാണ്. ബുക്ക് ബയൻറിംഗിലും, ടൈലറിംഗിലും, ടൈലറിംഗ് ആൻറ് എംബ്രോയിഡറിയിലുമാണ് കൂടുതൽ പേർക്കും പരിശീലനം സിദ്ധിച്ചത്.

5-ാം വാർഡിൽ ആരംഭിച്ച് പ്രവർത്തിക്കുന്ന ബുക്ക് ബയൻറിംഗ് യൂണിറ്റ് ഇന്ന് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആരംഭത്തിലുണ്ടായിരുന്ന മെഷിനറി കാലഹരണപ്പെട്ടതിന് പകരം പുതിയ ഉപകരണങ്ങൾ വാങ്ങാനുള്ള സാമ്പത്തികശേഷി നഷ്ടപ്പെട്ട ഇത്തരം യൂണിറ്റുകൾ കൂടുതൽ നഷ്ടത്തിലേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്നു.

ഇതിൽ താഴെ പറയുന്ന പരിഹാര മാർഗ്ഗങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പുത്തൻ സാങ്കേതിക വിദ്യയുടെ പ്രയോജനം ലഭിക്കത്തക്ക രീതിയിൽ വായ്പാസമ്പ്രദായ

ത്തിൽമാറ്റം വരുത്തുകയും, ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുകയും ചെയ്യുക.

2. പരിശീലകരെ തെരഞ്ഞെടുക്കുന്ന സമിതിയിൽ ബാങ്കിൻെറയും പരിശീലന സ്ഥാപനങ്ങളുടെയും പ്രതിനിധി ഉണ്ടായിരിക്കണം.

3. പരിശീലനം പൂർത്തിയാകുമ്പോൾ Proficiency test നടത്തണം

4. പരിശീലനം പൂർത്തിയാക്കിയാലുടൻ തൊഴിൽ സംരംഭം ആരംഭിക്കണം.

## *ടൂൾകിറ്റ്*

ഗ്രാമീണ കൈത്തൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

### ടൂൾകിറ്റ് ലഭ്യത പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്

| വില്ലേജ് സർക്കിൾ | IRDPസർവ്വേ പ്രകാരം കൈത്തൊഴിലാളികളുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനിസഹായത്തിന് അർഹതയുള്ളവരുടെഎണ്ണം. |
|---|---|---|---|
| പടിഞ്ഞാറത്തറ | 21 | 11 | 10 |
| കുപ്പാടിത്തറ | 16 | 06 | 10 |

ഈ പദ്ധതിപ്രകാരം ആധുനികകൈത്തൊഴിൽ ഉപകരണങ്ങൾ ലഭിക്കാൻ അർഹരായവർ പഞ്ചായത്തിൽ വേറെയുമുണ്ട്.

ഈ പദ്ധതിപ്രയോജനപ്രദമല്ലെന്ന പരാതിയും നിലവിലുണ്ട്. വസ്തുനിഷ്ടമായി തെരഞ്ഞെടുപ്പ് നടത്തി, അർഹരായ എല്ലാ ആളുകൾക്കും ഈ സഹായം ലഭ്യമാക്കണം. അതിന് വേണ്ടി ഈ പദ്ധതിപൂർണ്ണമായും ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കണം.

## *കക്കൂസുകളുടെ ലഭ്യത*

1992 നുശേഷം വിവിധ പദ്ധതികളിലായി പടിഞ്ഞാറത്തറ വില്ലേജിൽ 52 കക്കൂസുകളാണ് ആകെ അനുവദിക്കപ്പെട്ടിട്ടുള്ളത്. അവയിൽ 8 എണ്ണത്തിൻെറ നിർമ്മാണം ഇനിയും പൂർത്തീകരിക്കണം.470 വീടുകളിൽ സാനിട്ടറിസൗകര്യങ്ങൾ തീരെയില്ലാത്തവയാണ്.

കുപ്പാടിത്തറ വില്ലേജിൽ 355 വീടുകളിൽ കക്കൂസില്ല.53 കക്കൂസുകൾ ആരംഭിച്ചവയിൽ 42എണ്ണം മാത്രമാണ് പൂർത്തീകരിച്ചത്. 302 കുടുംബങ്ങളിൽ ഇനിയും കക്കൂസുകൾ ലഭ്യമാക്കേണ്ടതുണ്ട്.

ഇപ്പോൾ ഇതിന് വേണ്ടി നൽകുന്ന തുക വളരെ പരിമിതമാണ് വയനാടിൻെറ പ്രത്യേക ഭൂമിശാസ്ത്രപ്രത്യേകതകളും ഗതാഗതസൗകര്യങ്ങളും അനുസരിച്ച് ഈ തുക 5000 രൂപ ആക്കി വർദ്ധിപ്പിക്കണം ഗുണഭോക്താവിൻെറ സ്ഥലസൗകര്യവും സാമ്പത്തിക ചുറ്റുപാടുകൾക്കും അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയണം.

### വിവിധ പദ്ധതികളിലായി പഞ്ചായത്തിൽ അനുവദിക്കപ്പെട്ട കക്കൂസുകൾ സംബന്ധിക്കുന്ന വിവരങ്ങൾ.

| വില്ലേജ് | സാനിട്ടറികക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധപദ്ധതികളിലായി ഇതുവരെ അനുവദിച്ചകക്കൂസുകളുടെ എണ്ണം 1992 നുശേഷം | പൂർത്തിയാക്കിയവയുടെ എണ്ണം | ഇനികക്കൂസുകൾ വേണ്ട കുടുംബങ്ങളുടെഎണ്ണം |
|---|---|---|---|---|
| *പടിഞ്ഞാറത്തറ* | *470* | *52* | *40* | *418* |
| *കുപ്പാടിത്തറ* | *355* | *53* | *42* | *302* |

പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ വഴി പണം സ്വരൂപിച്ചും മറ്റും സാനിറ്റേഷൻ രംഗത്തെപ്രശ്നങ്ങൾ അടിയന്തിരമായി പരിഗണിക്കേണ്ടിയിരിക്കുന്നു.

## *വില്ലേജ്ഓഫീസ്വഴിയുള്ള ക്ഷേമപദ്ധതികൾ*

വിവിധ തരം പെൻഷനുകളും വിധവകളുടെ പെൺമക്കൾക്കായുള്ള വിവാഹധനസഹായവുമാണ് റവന്യൂവകുപ്പ് വഴി കൈകാര്യം ചെയ്യപ്പെടുന്നത്.

അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹമായ പലരും ഈ ആനുകൂല്യം കൈപറ്റുന്നതായും ഈ ക്ഷേമപദ്ധതികളെ വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.

പെൻഷൻ അനുവദിച്ച് കിട്ടുന്നതിൽ വളരെയധികം കാലതാമസം ഉണ്ടാവുന്നു. സാമ്പത്തികപരിധി ഉയർത്തേണ്ടത് ഈ കാലഘട്ടത്തിൽ അനിവാര്യമാണ്. ഇത്തരം പെൻഷനുകളും ആനുകൂല്യങ്ങളും ലഭിക്കുന്നതിനെപറ്റിജനങ്ങളെ ബോധ്യപെടുത്തണം.

## *പെൻഷനുകൾ*

### (a)വിധവാ പെൻഷനുകൾ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും അധ്വാനശേഷിയില്ലാത്തതുമായ വിധവകളെ സാമ്പത്തികമായി സഹായിക്കുന്നതിനുള്ള പദ്ധതിയാണിത്. പഞ്ചായത്തിൽ 34 വിധവകൾക്കാണിപ്പോൾ പെൻഷൻ ലഭിക്കുന്നത്. അപേക്ഷ കൊടുത്തവരിൽ ഭൂരിപക്ഷത്തിനുംഈ ആനുകൂല്യം ലഭിക്കുന്നില്ല.

ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല ഈ നിബന്ധനയിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

### (b) വികലാംഗപെൻഷൻ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അംഗവൈകല്യമുള്ളവർക്ക് സാമ്പത്തികസഹായം ലഭ്യമാക്കുന്ന പരിപാടിയാണിത്. പഞ്ചായത്തിൽ 41 പേർക്ക് മാത്രമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

പഞ്ചായത്തിലെ വികലാംഗരുടെ എണ്ണം സർവ്വെ നടത്തിയതിനുശേഷം, എല്ലാ വികലാംഗർക്കുംഈ പെൻഷൻ ലഭിക്കാനുള്ള അടിയന്തര പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് ചെയ്യണം.

ഈ പെൻഷൻ തുക ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു

### (c) വാർധക്യപെൻഷൻ

സാമ്പത്തികദുരിതമനുഭവിക്കുന്ന വൃദ്ധൻമാർക്കും വൃദ്ധകൾക്കും സാമ്പത്തിക സഹായം നൽകുന്നു. പഞ്ചായത്തിൽ 14 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്.

കർഷകതൊഴിലാളിപെൻഷൻ കർഷകതൊഴിലാളികൾക്ക് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള കർഷകതഴിലാളിപെൻഷൻ കൂടുതലും ലഭിക്കുന്നത് അനർഹരായ ആളുകൾക്കാണെന്ന പരാതിയുണ്ട്. വാർഷികവരുമാനം 1500 രൂപ ആയിരിക്കണമെന്ന നിബന്ധനയിൽ മാറ്റം വരുത്തണം.

അഗതിപെൻഷൻ ക്ഷയരോഗ കുഷ്ഠരോഗ കാൻസർരോഗ പെൻഷനുകൾ ലഭിക്കുന്നവരായി പഞ്ചായത്തിൽ ആരുമില്ല.

## *മഹിളാസമാജങ്ങൾ*

പടിഞ്ഞാറത്തറ പഞ്ചായത്തിൽ എഴുപതുകളുടെ ആരംഭത്തിൽ കണ്ട രാഷ്ട്രീയ സാമൂഹ്യ നവോത്ഥാനം 90 കളുടെ അവസാനമാകുമ്പോഴേക്കും നിർജ്ജീവമായിക്കൊണ്ടിരിക്കുന്നു. രാഷ്ട്രീയത്തിലും മറ്റ് സാമൂഹ്യസംഘടനകളിലും ആരോഗ്യപരമായ മത്സരം അക്കാലങ്ങളിൽ നടത്തിയിരുന്നു. കുടുംബവ്യവസ്ഥകളിൽ മാറ്റങ്ങൾ ഉണ്ടായി. കൂട്ടുകുടുംബവ്യവസ്ഥ അണുകുടുംബ വ്യവസ്ഥയിലെത്തി. ശാസ്ത്രസാങ്കേതികരംഗം മുന്നോട്ടുള്ള പ്രയാണത്തിന്റെ ഏറ്റവുംവേഗത കൂടിയ നിമിഷത്തിൽ എത്തിയിരിക്കുന്ന ഇന്ന് മഹിളാസമാജങ്ങളുടെ പ്രവർത്തനം ചർച്ച ചെയ്യേണ്ടതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന്വേണ്ടി രൂപീകരിയ്ക്കപ്പെട്ട സമാജങ്ങൾ ആദ്യകാലങ്ങളിലെ ഊർജ്ജ

സ്വലത നഷ്ടപ്പെട്ട് നിർജ്ജീവാവസ്ഥയിലാണിന്നുള്ളത്.

വിദ്യാഭ്യാസപരമായും സാമൂഹികമായും അന്നത്തെ സ്ത്രീകൾ ഇന്നുള്ളവരെ അപേക്ഷിച്ച് വളരെ പിന്നിലായിരുന്നു. എന്നിട്ടും തുന്നൽ പരിശീലന ക്ളാസ്സുകളും ബ്ലോക്ക് വഴി വിതരണം ചെയ്യപ്പെടുന്ന ധനസഹായ യൂണിറ്റുകളും മഹിളാസമാജങ്ങൾക്ക് ജീവൻ നൽകി. ഒന്നിച്ച് കൂടിയിരിക്കാനുള്ള അപൂർവ്വഅവസരങ്ങൾ പരമാവധി ഉപയോഗിക്കപ്പെട്ടു. 1969 ലാണ് ഝാൻസി മഹിളസമാജം എന്ന പേരിൽ ആദ്യമായി വനിതകളുടെ സംഘടന രൂപീകരിച്ചത്.

ഇന്ന് ലിംഗവിവേചനത്തിനെതിരെ ലോകത്തെമ്പാടും ചർച്ചകൾ ഉയരുമ്പോൾ , നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ, മുമ്പ് ജീവിച്ചിരുന്നവരെക്കാൾ മോശമായ സാമൂഹ്യ ബോധത്തിലാണ് ജീവിക്കുന്നത്. സ്ത്രീയെ അടുക്കളയുടെ നാലു ചുവരുകൾക്കുള്ളിൽ തളച്ചിടുന്ന മധ്യവർഗ്ഗബോധം സാമൂഹ്യ ഇടപെടലുകൾ നടത്തുന്നതിൽ നിന്നും അവളെ പിന്തിരിപ്പിക്കുന്നു.

വർഷങ്ങളായിട്ടുള്ള ആസൂത്രണ പ്രക്രിയയുടെ പ്രധാനന്യൂനതകളിലൊന്ന് സ്ത്രീകളുടെ അദൃശ്യതയാണെന്ന്വിലയിരുത്തപ്പെട്ടിട്ടുണ്ട്അതിനുവേണ്ടി മൂല്യനിർണയം നടത്തിയിട്ടില്ലാത്ത അധ്വാനഭാരത്തിൽ നിന്നും ഉൽപാദനമേഖലകളിൽ കേന്ദ്രീകരിക്കുന്നു ഒരു സ്ത്രീശക്തി ഉയർന്നുവരേണ്ടത് ഗ്രാമവികസനത്തിന്ആവശ്യമായ ഘടകങ്ങളിൽ ഒന്നാണ് ഇവിടെ മഹിളാസമാജങ്ങൾക്ക് പ്രസക്തി വർദ്ധിക്കുന്നു.

പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മഹിളാസമാജങ്ങളിൽ നാമമാത്രമായ പ്രവർത്തനം കാഴ്ച്ചവെയ്ക്കുന്നുത് ഒന്നോ രണ്ടോ മഹിളാസമാജങ്ങൾ മാത്രമാണ്. സമഗ്രമായ ശിശു വികസനപദ്ധതി നിലവിൽ വന്നപ്പോൾ ബ്ലോക്കും I C D S തമ്മിലുള്ള അധികാര വടംവലിയാൽ പല മഹിളാസമാജങ്ങളും അംഗനവാടികളും വീർപ്പുമുട്ടുകയാണ് ഏതാനും ഉദ്യോഗസ്ഥരുടെയോ ചില വ്യക്തികളുടെയോ സ്ഥാപിത താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നാടിൻെറ വികസന സ്വപ്നങ്ങൾ ബലികഴിക്കപ്പെടുകയാണ്. ഈ രംഗത്തെ മുരടിപ്പ് മാറ്റുന്നതിന് മഹിളാസമാജങ്ങൾ പ്രാപ്തരാകേണ്ടിയിരിക്കുന്നു.

1. പച്ചക്കറിതോട്ടം മുതലയാരംഗങ്ങളിൽ ആരോഗ്യകരമായ മത്സരം ഉണ്ടാകണം.
2. സ്വയം തൊഴിൽ മേഖലയിലെ പദ്ധതികളെ പ്രയോജനപ്പെടുത്തിക്കൊണ്ട് കൂട്ടായ്മയിലൂടെ നാടിൻെറ സമ്പദ്ഘടനയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകുവാൻ കഴിയും.
3. സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങൾ ഗ്രാമപ്രദേശങ്ങളിൽ കൂടുതലുണ്ട് എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. അക്രമങ്ങളിൽ നിന്നും രക്ഷനേടാനുള്ള നിയമങ്ങളെക്കുറിച്ച് സ്ത്രീകളിൽ ബോധവത്കരണ പ്രവർത്തനം നടത്തുക.
4. സ്വായശ്രയബോധമുള്ള ഒരു പുതിയ തലമുറയെ സൃഷ്ടിക്കുക വഴി വികസനപ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യം ഉറപ്പുവരുത്തുക.

## *അങ്കൺവാടികൾ.*

സാമൂഹ്യപ്രവർത്തന രംഗത്ത് അങ്കൺവാടികളുടെ പ്രവർത്തനങ്ങൾ നാടിൻെറ വികസനത്തിൻെറ നാഴികക്കല്ലുകളാണ് ആറുവയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങളുടെ ആരോഗ്യപോഷണരംഗത്തെ പരിപോഷിപ്പിക്കാനും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ക്ഷേമപ്രവർത്തനം നടത്തുന്നതിനും സമഗ്രമായ ശിശുസംരക്ഷണ കേന്ദ്രങ്ങൾ നിർണ്ണായഘടകങ്ങളാകുന്നു. ഒരു ഗ്രാമത്തിൻെറ സാമൂഹ്യ പ്രവർത്തന മേഖലയിലെ സുപ്രധാനഘടകമാണ് ഇവയെന്ന് പറയാം.

പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിൽ 10 വാർഡുകളിലായി 23 അങ്കനവാടികൾ പ്രവർത്തിക്കുന്നുണ്ട്. 1000 ആളുകൾക്ക് ഒരു അങ്കനവാടി എന്നതാണ് ICDS ൻെറ ലക്ഷ്യം ചില വാർഡുകളിൽ ഈ ലക്ഷ്യം തീരെയും നിറവേറ്റപ്പെട്ടിട്ടില്ല. കുപ്പാടിത്തറ വില്ലേജിൽപ്പെട്ട രണ്ട്,നാല് വാർഡുകൾ അങ്കനവാടികൾ ഇല്ലാത്തവയാണ്.

പല അങ്കനവാടികളിലും കുട്ടികളുടെ കുറവ് ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. പുത്തൻ സംസ്കാരത്തിൻെറ കടന്നുകയറ്റം ഗ്രാമപ്രദേശങ്ങളെയും

സ്വാധീനിച്ചതുകൊണ്ടാണിത്. പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിൽ ഏഴാം വാർഡിൽ വിവിധ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്നമൂന്ന് സ്വാകാര്യ നഴ്സറികളുണ്ട് ഇവയിൽ രണ്ടെണ്ണം ഇംഗ്ലീഷ് മീഡിയമാണ്. മുപ്പത് നാല്പത് രൂപ പ്രതിമാസം ഫീസ്സും, യൂണിഫോമും വാർഷികാഘോഷ ചിലവുമൊക്കെ ഈ നഴ്സറിയിൽപ്പോകുന്ന കുട്ടികൾക്ക് ആവശ്യമായിട്ടും ഇടത്തരക്കാരും ഉദ്യോഗസ്ഥരും മാത്രമല്ല, കൂലിപ്പണിക്കാരും തങ്ങളുടെ കുട്ടികളെ ഇത്തരം നഴ്സറികളിൽ അയച്ച് പഠിപ്പിക്കാൻ താൽപര്യം കാണിക്കുന്നു.

ഇത്തരം നഴ്സറി സ്ക്കൂളുകൾക്ക് സമാന്തരമായി അങ്കൺവാടികളെ പുനർജ്ജീവിപ്പിക്കേണ്ടതുണ്ട്.

നിലവിലുള്ള അങ്കൺവാടികളിൽ പ്രാഥമിക സൗകര്യത്തിൻെറ അഭാവം ഒരു പ്രധാന ന്യൂനതയാണ്. കുട്ടികളുടെ മാനസികോല്ലാസത്തിന് കളിപ്പാട്ടങ്ങൾ പ്രധാനഘടകങ്ങളാണ്. ഇവ അങ്കൺവാടികളിൽ ലഭ്യമാകുന്നില്ല. സ്വന്തമായ കെട്ടിടം ഇല്ലാത്തതും കളിസ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്താത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു.

അങ്കൺവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപ്പർഎന്നീ രണ്ടു തസ്തികളാണ് ഇതിലുള്ളത് രാവിലെ 9 മുതൽ 3 വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം വരെ നടത്തേണ്ടതായും വരുന്നുണ്ട്. വളരെ തുച്ഛമായ വേതനനിരക്കിൽ കഠിനമായി അധ്വാനിക്കുന്ന ഈ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

## *നിർദ്ദേശങ്ങൾ*

1. അങ്കൺവാടി ഇല്ലാത്ത വാർഡുകളിൽ അങ്കനവാടികൾ പണിയുക.

   ഒന്നാം വാർഡിലെ അരിവയൽ, കല്ലുവെട്ടും താഴെ എന്നീ സ്ഥലങ്ങളിൽ അങ്കൺവാടികൾ പണിയണം.

2 കെട്ടിടം മോശമായവയിൽ അറ്റകുറ്റപണികൾ നടത്തുക ICDS ലക്ഷ്യ പ്രകാരം ജനസംഖ്യാനുപാതികമായി അങ്കൺവാടികൾക്ക് കെട്ടിടം ഉണ്ടാക്കുക.

3 7-ാം വാർഡിലെ ഝാൻസി മഹിളാസമാജം വക സ്ഥലത്ത് അങ്കൺവാടി നിർമ്മിക്കണം.

4. കുട്ടികളെയും രക്ഷിതാക്കളെയും ആകർഷിക്കാൻ കുഞ്ഞുങ്ങളുടെയും കലാപരിപാടികൾ സംഘടിപ്പിക്കുക.

5 ഓരോ ആദിവാസി കോളനിയോടും ചേർന്ന് അങ്കൺവാടികൾ സ്ഥാപിക്കുക.

6. ആദിവാസി കോളനികളിൽ പ്രീ സ്ക്കൂളിൻെറ പ്രധാന്യത്തെകുറിച്ച് ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

7. ആരോഗ്യ പരിപാലനത്തിൻെറ ഭാഗമായി എല്ലാം അങ്കനവാടികൾക്കും കക്കൂസുകൾ നിർമ്മിച്ച് നൽക്കുക.

8. D W C R A യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിൻെറ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.

9. അനർട്ട് അടുപ്പുകൾ അങ്കനവാടികളിൽ വ്യാപകമാക്കുക.

10. അങ്കൺവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

11. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് രാഷ്ട്രപിതാവ് ഉത്ബോധിപ്പിച്ചിട്ടുണ്ട്. ഗ്രാമീണജനങ്ങളുടെ ജീവിത നിലവാരം മെച്ചപെടുത്തുന്നതിലൂടെ മാത്രമേ, ക്ഷേമരാഷ്ട്രമെന്ന സ്വപ്നത്തിലേക്ക് എത്തിചേരാൻ കഴിയൂ. അതിന് വേണ്ടി പഞ്ചായത്ത് തലത്തിൽ ബൃഹത്തായ ഒരു ജനകീയ പദ്ധതിക്ക് രൂപം നൽകണം. വിവിധ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരെയും റിട്ടയർചെയ്ത ഉദ്യോഗസ്ഥൻമാരെയും ഉൾപ്പെടുത്തി സാമൂഹ്യക്ഷേമ പ്രവർത്തനം നടത്താൻ നിയുക്തരായിട്ടുള്ള ഉദ്യോഗസ്ഥരെ

ചേർത്തുകൊണ്ട് ഒരു കമ്മറ്റി രൂപീകരിക്കുകയും പദ്ധതി നടത്തിപ്പിൽ നിരന്തരം ഇടപെട്ടുകൊണ്ട് ഗുണനിലവാരം മെച്ചപ്പെടുത്താൻ ഈ കമ്മറ്റിക്ക് അധികാരം നൽകുകയും വേണം.

ഭരണഘടന ഉറപ്പാക്കുന്ന മൗലീകാവകാശങ്ങൾ സംരക്ഷിക്കാനാണ് പോലീസിൻെറസേവനം ഓരോ പഞ്ചായത്തിലും ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ ഈ ഏജൻസിയുടെ പ്രവർത്തനം വിമർശനപരമായി വിലയിരുത്തപ്പെടേണ്ടിയിരിക്കുന്നു. കൈക്കൂലിക്കും സ്വാധീനത്തിനും വശംവദരാകുന്ന ഉദ്യോഗസ്ഥർ നീതി പരിപാലനരംഗത്ത് വരുത്തിയ വീഴ്ച ഗുരുതരമാണ്. പടിഞ്ഞാറത്തറയിൽ നിലവിലുള്ള പോലീസ് സ്റ്റേഷന് സ്ഥിരമായകെട്ടിടം നിർമ്മിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം.

ഏഴാംവാർഡിൻെറയും മൂന്നാംവാർഡിൻെറയും ജംഗ്ഷനായ 16-ാംമൈൽ അങ്ങാടിയിൽ രാത്രി കാലത്ത് സാമൂഹ്യവിരുദ്ധരുടെ പ്രവർത്തനകേന്ദ്രമായിരിക്കയാണ്.

ചാരായനിരോധനത്തെ തുടർന്നുണ്ടായ വ്യാജചാരായ വില്പന ഈ ഭാഗങ്ങളിൽ കേന്ദ്രീകരിച്ചാണ് നടക്കുന്നത്. ഈ പ്രദേശത്തെ ജനങ്ങൾക്ക് അസഹ്യമായിത്തീരുന്നു.

നിലവിലുള്ള പ്രശ്നങ്ങൾ പരിഗണിച്ച് കൊണ്ട് സമഗ്രവും ബൃഹത്തുമായ ഒരുപുത്തൻ സംസ്കാരം ഗ്രാമങ്ങളിൽ ഉയർന്ന് വരേണ്ടത് കാലഘട്ടത്തിൻെറ അനിവാര്യതയാണ്.

പഞ്ചായത്തിൽ അടിയന്തിരമായി നടപ്പാക്കേണ്ടിയിരുന്ന സാമൂഹ്യക്ഷേമപദ്ധതികൾ നിലവിലുള്ള ക്ഷേമപദ്ധതികളിൽ സമഗ്രമായ അഴിച്ച്പണി നടത്തികൊണ്ട് പരിഷ്ക്കരിച്ച സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ പഞ്ചായത്തിൽ അടിയന്തിരമായി നടപ്പിലാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ മുഴുവൻ ആളുകളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരായതുകൊണ്ട് തൊഴിലില്ലാത്ത ആളുകൾ (Jobless People) ഇവിടെ ഇല്ല ജോലി എടുക്കാൻ എല്ലാവരും തന്നെ സന്നദ്ധമാണെന്നിരിക്കെ ആവശ്യത്തിന് തൊഴിലുകൾ ലഭ്യമല്ല എന്നതാണ് യാഥാർത്ഥ്യം.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് വൃദ്ധൻമാരാണ്. കൂലിപ്പണിചെയ്ത് ജീവിച്ചിരുന്ന ഇക്കൂട്ടർക്ക് ആൺമക്കളുണ്ടെന്ന കാരണത്താൽ പെൻഷൻ ലഭിക്കുന്നില്ല ആദിവാസി ഹരിജന വിഭാഗങ്ങളുടെ ഇടയിലാണ് വൃദ്ധൻമാർ ഏറ്റവും ദുരിതമനുഭവിക്കുന്നത്.

ഈ പ്രശ്നം പരിഹരിക്കുന്നതിനായി

1. സാമ്പത്തിക പരാധീനത അനുഭവിക്കുന്ന വൃദ്ധൻമാരെയും വൃദ്ധകളെയും സംരക്ഷിക്കുന്നതിന് വേണ്ടി വൃദ്ധമന്ദിരം സ്ഥാപിക്കണം.
2. സ്ത്രീധനം ഒരു സാമൂഹ്യവിപത്തായി മാറിക്കൊണ്ടിരിക്കുന്നു.സ്ത്രീധനത്തിനെതിരെ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തണം. പെൺകുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാകുന്നതിന് സ്വയംതൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കണം.
3. അംഗവൈകല്യം ബാധിച്ചവരെ ഉത്പാദനപ്രക്രിയയിൽ പങ്കാളികളാക്കി അവരെ ജീവിതത്തിലേക്ക് തിരിച്ച്കൊണ്ടുവരുന്നതിന് വേണ്ട വികലാംഗമന്ദിരങ്ങൾ സ്ഥാപിക്കണം.

## പൊതുവിതരണം

പൊതുവിതരണകേന്ദ്രങ്ങൾ സാധാരണക്കാരൻെറ ജീവിതത്തിലെ അവിഭാജ്യഘടകമായി മാറിയിട്ടുണ്ട്. നിത്യോപയോഗസാധനങ്ങളുടെ വില മാർക്കറ്റിൽ കുതിച്ചുയരുമ്പോൾ പൊതുവിതരണ കേന്ദ്രമാണ് ജനങ്ങൾക്ക്ആശ്വാസം നൽകുന്നത്. ഇവയുടെ പ്രാധാന്യം കണക്കിലെടുത്ത് അവശ്യസാധനങ്ങൾ എല്ലാംതന്നെ പൊതുവിതരണകേന്ദ്രങ്ങൾ വഴി വിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് പാചകാവശ്യത്തിനുള്ള മണ്ണെണ്ണ പൊതുവിതരണകേന്ദ്രങ്ങൾവഴി കാർഡുടമകൾക്ക് ലഭ്യമാക്കണം. പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം നടത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതോടൊപ്പം സാധാരണക്കാരന് റേഷൻകാർഡ് ലഭിക്കുന്നതിനുള്ള നിയമ നടപടികൾ ലഘൂകരിക്കേണ്ടതാണ്. റേഷൻ സാധ

നങ്ങളുടെ സുഗമമായ വിതരണത്തിന് വയനാട്ടിൽ ഒരു എഫ്.സി.ഐ.ഗോഡൗൺ ആരംഭിക്കേണ്ടതാണ്. റേഷൻ വിതരണരംഗം കാര്യക്ഷമമാകുന്നതിന് നിലവിലുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുകയും പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പടിഞ്ഞാറത്തറയിൽ പ്രവർത്തിക്കുന്ന മാവേലിസ്റ്റോർ ജനങ്ങൾക്കാവശ്യമുള്ള എല്ലാ നിത്യോപയോഗസാധനങ്ങളും ലഭിക്കുന്ന രീതിയിൽ വികസിപ്പിയ്ക്കേണ്ടതാണ്. കുപ്പാടിത്തറ വില്ലേജിൽ ഒരു മാവേലിസ്റ്റോർ ആരംഭിക്കേണ്ടതുമാണ്.

## പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ 10 പൊതുവിതരണ കേന്ദ്രങ്ങളില്ലൂടെകഴിഞ്ഞ സാമ്പത്തികവർഷം വിതരണം ചെയ്ത റേഷൻ സാധനങ്ങളുടെ സ്ഥിതി വിവരക്കണക്ക്

| അരി Qtl | ഗോതമ്പ് Qtl | മണ്ണെണ്ണ Barrel | പഞ്ചസാര Qtl | മൈദ Qtl | റവ Qtl | ആകെ റേഷൻ കാർഡുകൾ Nos. |
|---|---|---|---|---|---|---|
| 24000 | 3560 | 750 | 1289 | 630 | 180 | 3823 |